032:3N15:11 J1 GOLKONDA NIRODHAM MENON.

032:3N15:11
J1

MUL
165373

**Madras University Library.**

DOCTRINA VIM PROMOVET INSITAM

Call Number

Accession Number

Available for loan from

This book should be returned on or before the date last marked below.

16 NOV 1988

O. 61

# ഗോൽക്കൊണ്ട നിരോധം

UNIVERSITY LIBRARY
- 8 MAR 1956
MADRAS

ഗ്രന്ഥകർത്താവു:

മാണിക്കത്ത് ശേഖരമേനോൻ.

*Publishers:*

The Educational Supplies Depot,

PALGHAT.

1951

*Rights Reserved.*]

[*Price* Rupee One.

165373
38301
O32;3N15:11
J1

# ഗോൽക്കൊണ്ടനിരോധം

UNIVERSITY LIBRARY
- 8 MAR 1956
MADRAS

## ഒന്നാം അദ്ധ്യായം.

നേരം നല്ലവണ്ണം പുലർന്നിട്ടില്ല. ആശാമുഖങ്ങളിൽ അഭിനന്ദനീയമാംവണ്ണം വെൺകളിച്ചാർത്തും വിളഞ്ഞിട്ടില്ല. എങ്കിലും, പ്രകൃതിയെ ഏതാണ്ടു ദൃഷ്ടിഗോചരമാക്കുന്ന ഒരു നേരിയ പ്രഭാപടലം അവനിതൊട്ടാകാശം വരെ നിറഞ്ഞു നില്ക്കുന്നുണ്ടു്. പോരാട്ടം കഴിഞ്ഞ ഒരു പോർക്കളം കണക്കെ അലങ്കോലപ്പെട്ടുകൊണ്ടാണു് നഭഃസ്ഥലം കിടക്കുന്നതു്. തണുപ്പും കാററും കുറച്ചൊന്നുമല്ല. ക്ഷോഭിച്ചുവശായ വായുമണ്ഡലത്തിൽ വിലയം കൊള്ളുന്ന ഏകാന്തത മനുഷ്യലോകത്തിന്റെ മനോഭിത്തിയെ ഇടിച്ചുതകർക്കുന്ന പൈശാചികക്കളിയിൽ ഏർപ്പെട്ടിരിക്കുകയും ചെയ്യുന്നു. ജനങ്ങളിൽ അധികം പേരും ഉറക്കം തന്നെ. ദുർല്ലഭം ചിലർ ഉണർന്നിട്ടുണ്ടു്. എങ്കിലും, മുക്കിമൂളിപ്പുതച്ചുകിടക്കുകയല്ലാതെ അവർ പുറത്തിറങ്ങുന്നില്ല.

ഉണ്ടു്; ഒരു ഗംഭീരപുരുഷൻ പുറത്തിറങ്ങി നില്ക്കുന്നുണ്ടു്.

അതാ—ഔറംഗബാദിലുള്ള മുഗൾ രാജധാനിയിലെ ഉയർന്നൊരു വെൺമാടത്തിന്റെ വക്കത്തു അദ്ദേഹം—ഷാജഹാൻ ചക്രവർത്തിയുടെ തൃതീയ പുത്രൻ, ഔറംഗസീബ്—നില്ക്കുന്നു. ഉന്മൂലനാർത്ഥം ഭയങ്കരവേഷം ധരിച്ചു പ്രത്യക്ഷപ്പെട്ട വിഘ്നങ്ങളെ തൃണവൽ ഗണിച്ചുകൊണ്ടു വിജയിക്കുന്ന ആ മുഗൾ രാജകുമാരന്റെ അത്യാഗ്രഹം മൂർത്തികരിച്ചു നില്ക്കുകയാണെന്നു തോന്നും കണ്ടാൽ. കുലുക്കം കൂടാത്ത ആ നില്പിന്നു ചൊടിയും

ചുണയും അത്രയ്ക്കുമാത്രമുണ്ട്. വാറംപ്പിടിയിൽ വലംകൈയും വാളുറയിൽ ഇടം കൈയും വിശ്രമിക്കുന്നു. ആരുംതന്നെ അടുത്തെങ്ങുമില്ല എന്നുവെച്ച്, അദ്ദേഹത്തിന്റെ നേത്രങ്ങൾ അനുചരന്മാരെ അന്വേഷിച്ചുകൊണ്ട് അങ്ങുമിങ്ങും അലഞ്ഞു തിരിയുന്നുണ്ടോ ? അതൊട്ടില്ലതാനും. എന്നുമാത്രമല്ല, ശരീരത്തിന്നു പറയത്തക്ക ചലനമൊന്നും കാണുന്നതുമില്ല. ഏതു സമ്രാട്ടിനേയും ദുരാഗ്രഹിയാക്കിത്തീർത്തുകൊണ്ട് അതിദൂരെക്കിടന്നു ജ്വലിക്കുന്ന ഒരു രാജ്യത്തു സ്വച്ഛന്ദം വിഹരിക്കുവാൻ പോയിരിക്കുകയാണ് അദ്ദേഹത്തിന്റെ കണ്ണും കരളും. അതാ, നോക്കു ! അതിധവളമായ ഒരു പൂമ്പട്ടു മൂടുപടംകൊണ്ടു മുഖം മറച്ച് പൂമററത്തു പൂവിട്ടുകളിക്കുന്ന പുലർകാലശ്രീയെ ആ പുരുഷസിംഹൻ തിരിഞ്ഞുനോക്കുകപോലും ചെയ്യുന്നില്ല. മംഗല്യമാല്യമണിയിച്ച മനോരമണന്റെ കരത്തിൽ കരം കടുങ്ങിയ കാമിനിയെപ്പോലെ പുളകിതഗാത്രിയായി സീൽക്കാരസമേതം വന്നണഞ്ഞ പുലരിപ്പൂമങ്ക അദ്ദേഹത്തെ നോക്കി നാണം കുണുങ്ങിക്കൊണ്ടു ചന്ദ്രപ്രദീപത്തിന്റെ തിരിതാഴ്ത്തിയ കഥയും ആ ചിന്താമഗ്നൻ അറിയുന്നില്ല. അരുണൻ മന്ദം മന്ദം സ്വർഗ്ഗവാതിൽ തുറന്നുവന്ന് ദിനാംഗനയുടെ പാണ്ഡുരകപോലങ്ങളെ രാഗശ്രീമയമാക്കിയ മനോഹരകാഴ്ചയും ആ കർമ്മശൂരൻ കാണുന്നില്ല. അദ്ദേഹം ഇങ്ങനെ വിചാരസാഗരത്തിൽ തുടിയടിച്ചുകളിച്ചുകൊണ്ടിരിക്കയാണ്.

"ഗോൽക്കൊണ്ട ! ഒന്നുകണ്ടുകഴിയു. കാണുകമാത്രം പോരാ. സർവ്വസമ്പത്സമൃദ്ധമായ ആ രാജ്യത്ത് ഈ ഔറംഗസീബിന്റെ വിജയപാതക എന്നെന്നും പാറിപ്പറന്നു കളിക്കുകതന്നെ വേണം. എന്നാൽ മാത്രമെ നമ്മുടെ ജീവിതോദ്ദേശ്യം സഫലമായെന്നു കരുതി നാം കൃതാർത്ഥനാകയുള്ളൂ. ഗോൽക്കൊണ്ടമണാളനാകുവാൻ അത്രകണ്ട് അത്യാഗ്രഹം നമുക്കുണ്ട്. ഈ രത്നഗർഭയെ അനാഥനാമ്നിയാക്കിത്തീർക്കുന്ന ഗോൽക്കൊണ്ട കൈവശപ്പെടുത്തുവാൻ ഏതു സാമ്രാജ്യപതിതന്നെ കാംക്ഷിക്കയില്ലാ ?.........................

.....................................................

……എത്രയോ ദൂരകലെയാണ് ആ രാജ്യം കിടക്കുന്നതു്. ഒരു കണ്ണു കാണുവാൻ ശ്രമിച്ചാൽക്കൂടെ അവിടെ കണ്ണെത്തുന്ന കാൎയ്യം തീരെ അസംഭാവ്യം. എന്നിട്ടുകൂടെ, അങ്ങോട്ടു പാഞ്ഞു ചെല്ലുന്ന കണ്ണുകളെ പിടിച്ചുനിൎത്തുവാൻ നാം നന്നെ കുഴങ്ങുന്നുണ്ടു്. അതിൽ അത്ഭുതപ്പെടുവാനില്ല. ഈ മുഗൾ സാമ്രാജ്യം മുഴുവനും തിരഞ്ഞാൽക്കൂടെ ഗോൽക്കൊണ്ടയെപ്പോലെ മുതലെടുപ്പുള്ള ഒരു രാജ്യം കാണുകയില്ല. മീർജൂംലയെപ്പോലെ ധനാഢ്യനായ ഒരു പ്രജയെ കിട്ടുകയുമില്ല. എന്തു സാഹസംതന്നെ പ്രവൎത്തിക്കേണ്ടിവന്നാലും വേണ്ടില്ല: ജീവകാലം മുഴുവനും അതിന്നായി പ്രയത്നിക്കേണ്ടിവന്നാലും വേണ്ടില്ല: നാം ഗോൽക്കൊണ്ട പിടിച്ചടക്കുകതന്നെ ചെയ്യും.
…………………………………………………………………………
…………………………………………………………………………

……പടയോടുകൂടെച്ചെന്നു ആ സുൽത്താൻ അബ്ദുള്ളയെപ്പിടിച്ചു തടവിലിട്ടു് ഗോൽക്കൊണ്ട കൈവശപ്പെടുത്തിയാലെന്താ? ആരുണ്ടു നമ്മെത്തടുക്കുവാൻ ? ആരുണ്ടു നമ്മോടെതിൎക്കുവാൻ?
…………………………………………………………………………
…………………………………………………………………………

……അതു പാടില്ല. കാരണം കൂടാതെ ചെന്നു് ആ രാജ്യം പിടിച്ചടക്കിയാൽ വൈഷമ്യങ്ങൾ പലതും വന്നു ചേരുന്നതാണു്. നാം ഒരു അക്രമിയാണെന്നു പ്രജകൾ പറഞ്ഞു നടക്കും. അവരുടെ അപ്രീതി ഈ ഘട്ടത്തിൽ സമ്പാദിച്ചുകൂടാ……………………………………………………
…………………………………………………………………………

……എന്നാലെന്താ ? പ്രജകളെ ഭയപ്പെട്ടു് അടങ്ങിയിരുന്നാൽ ഇരുന്നു എന്നേ വരുള്ളു. ആഗ്രഹം സഫലമായെന്നു വരില്ല. അതിന്നു ആരേയും ഗൗനിക്കാതെ മുന്നോട്ടു കടന്നു് പ്രവൎത്തിക്കുകതന്നെ വേണം. സൈന്യസമേതം ചെന്നു ഗോൽക്കൊണ്ട പിടിച്ചടക്കുകതന്നെ……………………………………
…………………………………………………………………………

……പാടില്ല. ആ ജഹാനറയും ദാറയും നമ്മുടെ പരമശത്രുക്കളാണു്. നമ്മുടെ അഭ്യുദയത്തിൽ അസൂയാലുക്കളുമാണു്. നാം

കാരണം കൂടാതെ ചെന്നു ഗോൽക്കൊണ്ട കൈവശപ്പെട്ടത്തിയാൽ അവർ അതിന്നു പല കാരണങ്ങളും കണ്ടുപിടിക്കും. പൊടിപ്പും തൊങ്ങലും വെച്ചു് അതെല്ലാം ചക്രവത്തിയോടു പറഞ്ഞു് അദ്ദേഹത്തെക്കൊണ്ടു് നമുക്കു പ്രതികൂലമായി പലതും പ്രവത്തിപ്പിക്കും. അവക്കു അതിന്നു സൗകയ്യവുമുണ്ടു്. ചക്രവത്തിയുടെ ഒന്നിച്ചാണല്ലോ അവർ പാക്കുന്നതു്..........

.................................................................................

......നമ്മുടെ ദൃഷ്ടി ഏതൊരു അമൂല്യവസ്തുവിലാണു് പതിഞ്ഞിരിക്കുന്നതെന്നും അതു കരസ്ഥമാക്കുവാൻ നാം ഗൂഢമായി പ്രവത്തിക്കുന്നതെന്തെല്ലാമാണെന്നും ആ ദാറയും ജഹാനറയും ഏതാണ്ടു മനസ്സിലാക്കിയിട്ടുണ്ടു്. എങ്കിലും, ദൃഷ്ടാന്തസഹിതം കണ്ടറിയുവാനും എടുത്തു ചൂണ്ടിക്കാണിച്ചു പറഞ്ഞു് ചക്രവത്തിയേയും പ്രജകളേയും നമ്മുടെ നേക്കു ഇളക്കിവിടുവാനും ഇതുവരെ അവക്കു് സന്ദർഭം കിട്ടിയിട്ടില്ല. നാം ഗോൽക്കൊണ്ട പിടിച്ചടക്കിയാൽ അവക്കു് അതിന്നു അവസരം കിട്ടുന്നതാണു്..........................................................................

......ദാറ ഒരു കാഫറാണു്. അവനെ സമ്രാട്ടാക്കേണമെന്നാണു് ചക്രവത്തിയുടെ ആഗ്രഹം. ആ മതദ്വേഷിയുടെ തലയിൽ നിന്നു് മയൂരസിംഹാസനം തട്ടിപ്പറിക്കുവാൻ വേണ്ടി നാം ഗൂഢമായി യുദ്ധത്തിന്നൊരുങ്ങുന്നുണ്ടെന്നും അതിന്നു വേണ്ടുന്ന ധനം നേടുവാനാണു് നാം ഗോൽക്കൊണ്ട പിടിച്ചടക്കിയതെന്നും ആ കാഫർശ്ശുനകൻ മടികൂടാതെ ചക്രവത്തിയെ അറിയിക്കും. അദ്ദേഹം ആ സംഗതി അറിഞ്ഞുവശായാൽ—നമ്മുടെ മററുള്ള സഹോദരന്മാർ അറിഞ്ഞുവശായാൽ—അതോടുകൂടെ—നമ്മുടെ ആഗ്രഹം സഫലമാക്കുവാനുള്ള മാർഗ്ഗങ്ങളൊക്കെയും അടഞ്ഞുപോകുന്നതാണു്. അതിന്നിടവരുത്തിക്കൂടാ, മെല്ലെത്തിന്നാൽ മുള്ളും തിന്നാം..................

... ... ... ... ... ... ”

സൈന്യങ്ങളെ വിളിച്ചുണത്തുന്ന കണ്ണാനന്ദകരമായ കാഹളദ്ധ്വനി ആ തൃതീയ മുഗൾ രാജകുമാരനെ വിചാരഗത്തത്തിൽനിന്നു് വിമുക്തനാക്കി.

---

# രണ്ടാം അദ്ധ്യായം.

---

ഗോൽക്കൊണ്ട?

ജാഫർഖാൻ—അലാവുദീൻ ഹസ്സൻ ഗംഗു ഭാമൻഷാ—ക്രിസ്ത്വബ്ദം 1347ൽ സ്ഥാപിച്ച ഭാമിനിരാജ്യം, ഏതാണ്ടു പതിനഞ്ചാം നൂററാണ്ടിൻെറ അവസാനത്തിൽ അന്തഃഛിദ്രത്തിന്നു പാത്രമായിത്തീൎന്നു. എന്നിരിക്കിലും, ഭരണനിപുണനും പരാക്രമശാലിയുമായിരുന്ന പ്രധാനമന്ത്രി—മുഹമ്മദ്ഗവാൻ—പറയത്തക്ക അനിഷ്ടസംഭവങ്ങളൊന്നും കൂടാതെ രാജ്യകാൎയ്യങ്ങൾ നിൎവ്വഹിച്ചുവന്നിരുന്നു. അങ്ങിനെയിരിക്കെ, 1481ൽ ശത്രുക്കൾ ആ വീരപുരുഷനെ ചതിച്ചുകൊന്നു. അതോടുകൂടെ അന്ത്യശ്വാസം വലിച്ചു ഭാമിനിരാജാക്കന്മാരുടെ വീൎയ്യശ്രീയും. പിന്നീട്, ബലശാലികളായ ആ രാജ്യത്തിലെ സംസ്ഥാനഭരണാധികാരികൾ മേല്ക്കോയ്മയുടെ അധികാരത്തിൻ കീഴിൽ അടങ്ങിനിന്നുകൊണ്ട് ഭരണം നടത്തുവാൻ തുനിയുകയുണ്ടായില്ല. അവർ ഓരോരുത്തരും സ്വച്ഛാനുസരണം രാജ്യംഭരിച്ചുതുടങ്ങി. ഭാമിനിരാജ്യം ക്രമേണ അഞ്ചു ചെറിയ സ്വതന്ത്രരാജ്യങ്ങളായിപ്പരിണമിച്ചു. അവയിൽ ഒന്നുകൊണ്ടും അപ്രധാനമല്ലാത്ത ഒന്നാണു് ഗോൽക്കൊണ്ട.

സുൽത്താൻ ക്വലികുത്തബ്ബ്ഷാ എന്ന ഒരു പാരസീകവീരനാണു് ഗോൽക്കൊണ്ടരാജ്യം സ്ഥാപിച്ചതു്. ഉപജീവനാൎത്ഥം പേൎസ്യയിൽനിന്നു് അക്കാലത്തെ ഭാമിനി രാജാവായ മുഹമ്മദ്ഷാവിൻെറ രാജധാനിയിൽ വന്നു ചേൎന്നവനാണു് ആ പാൎസിപ്രമാണി. അദ്ദേഹം അധികം താമസിക്കാതെ രാജസേവകന്മാരിൽ ഒരു പ്രധാനനായിത്തീൎന്നു. ഭരണനൈപുണ്യം കണക്കിലേറെയുള്ള ഒരു വിശ്വസ്തസേവകനാണു് കുത്തബ്ബ്ഷാ എന്നു കണ്ടപ്പോൾ മുഹമ്മദ്ഷാ ആ പാൎസിപ്രമുഖനെ ഭാമിനിരാജ്യത്തിലെ ഒരു സംസ്ഥാനമായിരുന്ന തെലിങ്കാനയിലെ ഗവൎണരായി നിശ്ചയിച്ചു. കുത്തബ്ബ്ഷാ ഗോൽക്കൊണ്ടയെ തൻെറ തലസ്ഥാനനഗരമാക്കി. മുറയ്ക്കു രാജ്യം ഭരിക്കുവാനും തുടങ്ങി.

1543ൽ സുൽത്താൻ ക്രുലികുത്തബ്ബ്ഷാ മരിച്ചു. എങ്കിലും, 1687 വരെ അദ്ദേഹത്തിൻെറ വംശക്കാർ തന്നെയാണു് ഗോൽക്കൊണ്ടരാജ്യം ഭരിച്ചുവന്നിരുന്നതു്. ജാംഷീദ് ക്രുലികുത്തബ്ബ്ഷാ 1543—1550 സോബാൻ ക്രുലികുത്തബ്ബ്ഷാ 1550 ഇബ്രാഹിം കുത്തബ്ബ്ഷാ 1550—1580 മുഹമ്മദ് ക്രുലികുത്തബ്ബ്ഷാ 1580—1612 മുഹമ്മദ്കുത്തബ്ബ്ഷാ 1612—1626 അബ്ദുള്ളകുത്തബ്ബ്ഷാ 1626—1672 അബുൾഹസ്സൻ താനാഷാ 1672—1687 എന്ന ഏഴുപേരും സുൽത്താൻ ക്രുലികുത്തബ്ബ്ഷാവും അടക്കം ഒട്ടാകെ എട്ടു ഗോൽക്കൊണ്ട രാജാക്കന്മാർ ആ വംശത്തിലുണ്ടായിരുന്നു. അവരിൽ ഒടുവിലത്തെ രാജാവായ അബുൾഹസ്സൻ താനാഷാ സന്താനവിഹീനനായിരുന്നതുകൊണ്ടോ പിന്തുടച്ചയ്ക്കു പ്രാപ്തന്മാരായ ദായാദന്മാർ അദ്ദേഹത്തിന്നു ഇല്ലാതിരുന്നതുകൊണ്ടോ അല്ലാ ഗോൽക്കൊണ്ട ആ കുത്തബ്ബ്ഷാ വംശക്കാരുടെ ആധിപത്യത്തിൽനിന്നു പൊയ്പ്പോയതു്. ഹതഭാഗ്യനായ ആ ഗോൽക്കൊണ്ടാധിപൻ രാജ്യശ്രീലാളിതനായി ലാലസിച്ചുകൊണ്ടിരിക്കുമ്പോൾ അദ്ദേഹത്തെ ചതിച്ചു പിടിച്ചു തടവിലിട്ടു ദുരാഗ്രഹിയായ ഒരു രാജാധിരാജൻ ഗോൽക്കൊണ്ടയെ ബലാൽ അപഹരിച്ചതുകൊണ്ടാണു്.

ഗോൽക്കൊണ്ട നഗരം ഇപ്പോൾ അത്യന്തം ശോചനീയമാംവണ്ണം നശിച്ചുപോയിരിക്കുന്നു. എന്നാൽ, സുമാറു് ഇരുനൂററയ്മ്പതു വഷങ്ങൾക്കു മുമ്പു് ആ നഗരം ഐശ്വര്യമഹാറാണിയുടെ മഹനീയ കേളീഗൃഹം തന്നെ ആയിരുന്നു. രമണീയങ്ങളായ രാജധാനികളും പലതരം ഉത്തുംഗമണിമന്ദിരങ്ങളും കൊണ്ടു് തെരുവീഥികൾ നിറഞ്ഞിരുന്നു. രാജമാഗ്ഗങ്ങളിൽ നിന്നു് ആഹ്ലാദഭരിതരായ ജനങ്ങൾ രാത്രികാലങ്ങളിൽപ്പോലും ഒഴിഞ്ഞിരുന്നില്ല. പ്രജാസമൂഹം ക്ഷാമം കൊണ്ടു ലേശംപോലും വലയാതിരിക്കുവാൻ ക്ഷമാമണാളനും ക്ഷമാദേവിയും ഒരുപോലെ ഒന്നൊരുമിച്ചു നിരന്തരം പ്രയത്നിച്ചുകൊണ്ടിരുന്നതിനാൽ കൊട്ടാരത്തിലെന്നപോലെ കുടിലിലും എപ്പോഴും മഹോത്സവംതന്നെ ആയിരുന്നു. സാദേ

ശീയരും വിദേശീയരുമായ മഹാകവികളുടെ വൎണ്ണനാവിഷയം അക്കാലത്തു് ഗോൽക്കൊണ്ട മാഹാത്മ്യമല്ലാതെ മററൊന്നും തന്നെ ആയിരുന്നില്ല.

ഗോൽക്കൊണ്ട നഗരം 1362ൽ ഭാമിനി രാജാവായ മുഹമ്മദ്ഷാ കൈവശപ്പെടുത്തുന്നതിന്നു മുമ്പു് കാകാതീയവംശക്കാരായ വാരങ്കൽ രാജാക്കന്മാരുടെ ആധീന്യത്തിലായിരുന്നു. അക്കാലത്തു് ഒരു മൺകോട്ടമാത്രമെ അവിടെ ഉണ്ടായിരുന്നുള്ളു. സുൽത്താൻ കുലികുത്തബ്ബ്ഷാ ഒരു സ്വതന്ത്ര രാജാവായിത്തീൎന്നതിന്നുശേഷമാണു് ഗോൽക്കൊണ്ടക്കോട്ട ഒരു മഹാദുൎഗ്ഗമായിത്തീരുവാൻ തുടങ്ങിയതു്. മുമ്പുണ്ടായിരുന്ന മൺകോട്ടയെ അദ്ദേഹം നാലു നാഴിക ചുററളവുള്ള വലിയൊരു ശിലാദുൎഗ്ഗമാക്കിത്തീൎത്തു. അൎദ്ധവൃത്താകൃതിയിലുള്ള എൺപത്തേഴുകൊത്തളങ്ങളും കൂൎത്തുകൂൎത്ത കുന്തങ്ങളെക്കൊണ്ടു നിറഞ്ഞ കവാടങ്ങളോടുകൂടിയ എട്ടു വമ്പിച്ച പ്രവേശനദ്വാരങ്ങളും ആ കോട്ടയ്ക്കു ഉണ്ടായിരുന്നു. കുലികുത്തബ്ബ്ഷാ മരിച്ചതിൽപ്പിന്നെ അദ്ദേഹത്തിന്റെ വംശക്കാരിൽ നാലാമനായ ഇബ്രാഹിം കുത്തബ്ബ്ഷാവും കോട്ടയെ ബലവത്തരമാക്കിത്തീൎത്തു. എന്നുതന്നെയല്ല, അതിന്റെ ശിഖരത്തിലേയ്ക്കു ചെല്ലുവാനുള്ള സോപാനമയമായ മാൎഗ്ഗത്തിന്നു മദ്ധ്യേ ഒരു പള്ളി പണി തീൎപ്പിക്കുകയും ചെയ്തു. അദ്ദേഹത്തിന്നുശേഷം കോട്ടയ്ക്കു പ്രത്യേകം എടുത്തു പറയത്തക്ക യോഗ്യതകൾ പിന്നെയും വരുത്തിത്തീൎത്തതു് സുൽത്താൻ അബ്ദുള്ളയാണു്. അങ്ങുമിങ്ങും അല്പാല്പം കേടുതട്ടിക്കിടന്നിരുന്ന കോട്ടയുടെ ജീൎണ്ണോദ്ധാരണം നടത്തിയതിന്നു പുറമെ ആ മഹാശയൻ പുതുതായൊന്നു പണിതീൎപ്പിക്കുകയും ആ രണ്ടും കൂട്ടിച്ചേൎത്തു് കമനീയമായ ഒന്നാക്കിത്തീൎക്കുകയും ചെയ്തു. ഗോൽക്കൊണ്ട നഗരം നശിച്ചുപോയിട്ടുംകൂടെ കോട്ട പറയത്തക്ക കേടുകളൊന്നും കൂടാതെ ഇപ്പോഴും നിലനിന്നുവരുവാൻ കാരണം ആ രണ്ടു രാജാക്കന്മാരുടേയും ശ്ലാഘനീയങ്ങളായ ആ പ്രവൃത്തികളാണു്.

കുത്തബ്ബ്ഷാ വംശത്തിൽപ്പെട്ട ഒടുവിലത്തെ രണ്ടു സുൽത്താന്മാർ രാജ്യം ഭരിച്ചുവന്നിരുന്നകാലം നടന്ന പ്രധാന സംഭവങ്ങളുടെ ലക്ഷ്യങ്ങൾ കോട്ടയിൽ പലേടങ്ങളിലും കാണുന്നുണ്ടു്. ആ ദുർഗ്ഗത്തിൻെറ പ്രാകാരത്തിന്നു ഭംഗിയും ബലവും നൽകിക്കൊണ്ടു നില്ക്കുന്ന കൊത്തളങ്ങളിൽ ഒന്നിനെ 'മസ്ബർജ്' എന്നാണു് വിളിച്ചുവരുന്നതു്. ഗോൽക്കൊണ്ട നിരോധത്തെ വിവരിക്കുന്ന ശിലാരേഖകളെക്കൊണ്ടലംകൃതമായ ആ കൊത്തളം ചരിത്രകാരന്മാരുടെ പ്രത്യേക ബഹുമാനത്തിന്നു പാത്രമായിക്കൊണ്ടാണു് ഇപ്പോഴും പരിലസിക്കുന്നതു്. കോട്ടയുടെ ശിഖരത്തിലേയ്ക്കു കയറിച്ചെല്ലുവാനുള്ള സോപാനങ്ങളിൽക്കൂടെ അല്പം ദൂരം ചെന്നാൽ ഹനുമാൻ, ഗണപതി, ഗരുഡൻ, നന്ദി മുതലായ മൂർത്തികളുടെ ശിലാപ്രതിമകൾ കൊണ്ടു നിറഞ്ഞ ഒരു ഗുഹ കാണാം. കുത്തബ്ബ്ഷാ വംശത്തിൽപ്പെട്ട ഒടുവിലത്തെ സുൽത്താൻ—അബ്ബുൾഹസ്സൻ താനാഷാ—അദ്ദേഹത്തിൻെറ കീഴിലുണ്ടായിരുന്ന ഭദ്രാചലം തഹസീൽദാരെ—രാമദാസനെ—ഗവമ്മെണ്ടു പണമെടുത്തു് രാജകല്പന കൂടാതെ ഒരു ശ്രീരാമക്ഷേത്രം പണി തീർപ്പിച്ച കുററത്തിന്നു തടവിലിട്ടതു് ആ ഗുഹയിലാണെന്നാണു് ഐതിഹ്യം. ഒരു ഉത്തമ ഭക്തശിരോമണിയായിരുന്ന രാമദാസൻെറ സ്മാരകമായി കൊല്ലംതോറും അവിടെ ഒരു മഹോത്സവം കൊണ്ടാടിവരുന്നുമുണ്ടു്.

രാമദാസനെ തടവിലിട്ട ഗുഹയ്ക്കു സമീപം ഗംഭീരവും മനോഹരവുമായ വലിയൊരു ശിലാമണ്ഡലം സ്ഥിതിചെയ്യുന്നുണ്ടു്. അതിന്നടുത്തും കോട്ടയുടെ പ്രാകാരത്തിനകത്തും ഹിന്തുക്ഷേത്രങ്ങൾക്കു സ്ഥാനം ലഭിച്ചിരിക്കുന്നു. ആ ക്ഷേത്രങ്ങൾ ശിലാനിർമ്മിതങ്ങളും അക്കാലത്തെ ശില്പകലാവൈഭവത്തെ നമുക്കു കാണിച്ചു തരുന്നവയുമാണു്. കുത്തബ്ബ്ഷാ വംശക്കാരായ മുഹമ്മദീയരാജാക്കന്മാർ ഹിന്തുക്കളെ ദ്രോഹിക്കാതെ അവരോടു ദയാപൂർവ്വം വർത്തിച്ചുവന്നിരുന്നതിന്നു ഉത്തമലക്ഷ്യങ്ങളായ ആ ദേവാലയങ്ങളും ശിലാവിഗ്രഹങ്ങളും തുലോം മനോഹരങ്ങൾ തന്നെയാണു്.

കോട്ടയ്ക്കു തന്നെ സമീപം ശവകടീരങ്ങളെക്കൊണ്ടു നിറഞ്ഞിരിക്കുന്ന ഒരു പ്രദേശമുണ്ടു്. കുത്തബ്ബ്ഷാവംശത്തിൽ ജനിച്ച രാജാക്കന്മാർ, രാജ്ഞികൾ, പ്രധാന ഉദ്യോഗസ്ഥന്മാർ, പ്രഭുക്കന്മാർ മുതലായവരെ അടക്കംചെയ്തിട്ടുള്ളതു് അവിടെയാണു്. അത്യധികം രമണീയങ്ങളായ അവരുടെ ശവകടീരങ്ങളിൽ വെച്ചു് ഏററവും പ്രാധാന്യം വഹിച്ചു നില്ക്കുന്നതു് മുഹമ്മദ് ക്വലികുത്തബ്ബ്ഷാവിനെ അടക്കം ചെയ്തിട്ടുള്ളതാണു്. വലിപ്പം കൊണ്ടും ശില്പകലാവൈഭവം കൊണ്ടും കാണികളെ ആശ്ചര്യഭരിതരാക്കിക്കൊണ്ടു ലാലസിക്കുന്നുണ്ടു് ആ പ്രേതാലയം.

ശവചൈത്യങ്ങളെക്കാൾ വൈശിഷ്ട്യം കൂടുന്നതു് ഗോൽക്കൊണ്ടയിലെ പള്ളികൾക്കാണു്. അവയിൽ വെച്ചു് സകല വിധയോഗ്യതകളും തികഞ്ഞു വിളങ്ങുന്നതു് തലസ്ഥാനനഗരത്തിലുള്ള 'മക്കാമസ്ജിഡ്ഡ' എന്ന പള്ളിയാണു്. 1617ൽ ആരംഭിച്ച അതിന്റെ നിർമ്മാണം 1697ൽ മാത്രമെ അവസാനിക്കയുണ്ടായുള്ളു. ഒന്നിച്ചൊരേ സമയത്തു പതിനായിരം പേർക്കു കടന്നു നില്ക്കത്തക്കവണ്ണം സ്ഥലപ്പെരുപ്പമുള്ള അതിന്നു 225 അടി നീളവും 180 അടി വീതിയും 77 അടി ഉയരവുമുണ്ടു്. ഗോൽക്കൊണ്ട രാജ്യത്തിലെ പള്ളികളിൽ വെച്ചു് അതാണു് ഏററവും കീർത്തിപ്പെട്ടതു്.

കുത്തബ്ബ്ഷാ രാജാക്കന്മാരുടെ ഭരണകാലത്തു് ഗോൽക്കൊണ്ടരാജ്യം അസാധാരണമാംവണ്ണം ഐശ്വര്യസമ്പൂർണ്ണമായിരുന്നു എന്നുള്ളതിന്നു വിദേശീയസഞ്ചാരികൾ നിർമ്മിച്ചു വെച്ചിട്ടുള്ള രേഖാപ്രധാനങ്ങളായ ലക്ഷ്യങ്ങൾ സാക്ഷ്യം വഹിക്കുന്നുണ്ടു്. ലോകത്തിലുള്ള സകലരാജ്യക്കാരുടേയും വ്യാപാരകേന്ദ്രമായിരുന്നു അക്കാലത്തു് ഗോൽക്കൊണ്ടരാജ്യം. ആ സുവർണ്ണകാലത്തു് 'ദാദ്മഹൽ', 'ചന്ദനമഹൽ', 'സജാൻമഹൽ' മുതലായ മനോഹര മന്ദിരങ്ങൾ തലസ്ഥാന നഗരത്തിൽ നിർമ്മിക്കപ്പെട്ടിരുന്നു. എങ്കിലും, അവയെല്ലാം കാലം നടത്തിയ ആക്രമണം മൂലം തീരെ നശിച്ചുപോയിരിക്കുന്നു. എന്നാൽ, ആ കാലത്തു നിർമ്മിച്ച 'ചാർമൈനർ' എന്ന നാൽക്കൂട്ടസ്തംഭ

ങ്ങളും 'ചാർകമാൻ' എന്ന നാൽക്കൂട്ട കമാനങ്ങളും ഗോൽക്കൊണ്ടയുടെ പുരാതന മാഹാത്മ്യം നമുക്കു കാണിച്ചുതരുവാൻ ഇപ്പോഴും അവിടെ നശിക്കാതെ നില്ക്കുന്നുണ്ട്. ഗോൽക്കൊണ്ട രാജാക്കന്മാർ ആ കമാനങ്ങൾക്കടുത്തുവെച്ച് എല്ലാദിവസവും രണ്ടുനേരം അന്നസ്സത്രങ്ങൾ നടത്തി അനേകായിരം ജനങ്ങളുടെ വിശപ്പടക്കി വന്നിരുന്നു. ഗോൽക്കൊണ്ടയ്ക്കു അത്രയ്ക്കു മാത്രം സമ്പത്സമൃദ്ധിയുണ്ടായിരുന്നു അക്കാലം. ഗോൽക്കൊണ്ട രാജാക്കന്മാർ അത്രയ്ക്കുമാത്രം പ്രജാക്ഷേമതല്പരന്മാരുമായിരുന്നു. അവരിൽ വെച്ചു ഏററവും പ്രഖ്യാതനും അനന്തസമ്പത് സമേതനുമായിരുന്നത് മുഹമ്മദ് ക്കുലികുത്തബ്ബ്ഷാ എന്ന പുരുഷകേസരിയാണ്. എലിസബത്ത് രാജ്ഞിയുടെ കാലത്തെ ഇംഗ്ലണ്ടിനോടും അക്ബർ ചക്രവർത്തിയുടെ ദില്ലിയോടും സർവ്വപ്രകാരേണയും സാമ്യം നേടിയിരുന്ന മുഹമ്മദ് ക്കുലി കുത്തബ്ബ്ഷാവിന്റെ കാലത്തെ ഗോൽക്കൊണ്ട. 1591ൽ ആ വിശ്വവിശ്രുതൻ എല്ലാംകൊണ്ടും രാജാധിരാജയോഗ്യമായ പുതിയൊരു നഗരം പണിതീർപ്പിച്ചു. അദ്ദേഹത്തെ പരമാനന്ദാബ്ധിയിൽ ആപാദചൂഡം ആറാടിച്ചിരുന്ന സ്ത്രീജനങ്ങളിൽ വെച്ച് ഏററവും ലാവണ്യവതിയായ 'ഭാഗ്യമതിയുടെ സ്മാരകമായി ആ നഗരത്തിന്നു 'ഭാഗ്യനഗരം' എന്നു പേർ കൊടുക്കുകയും ചെയ്തു. ആ നവീനനഗരത്തെ ഗോൽക്കൊണ്ട രാജ്യത്തിന്റെ തലസ്ഥാനവുമാക്കി. അതോടുകൂടെ, ഐശ്വര്യശ്രീ പഴയ ഗോൽക്കൊണ്ട നഗരം ഉപേക്ഷിച്ച് ഭാഗ്യനഗരത്തിൽ സ്ഥിരമായിക്കളിച്ചുല്ലസിക്കുവാനും തുടങ്ങി. ആ ഭാഗ്യനഗരമാണ് ഇപ്പോഴത്തെ ഹൈദരാബാദ് പട്ടണം.

# മൂന്നാം അദ്ധ്യായം

ഔറംഗസീബ്:— ആരു്, കുദ്ദുസ്ഖാനോ? നല്ലതു്. ഗോൽക്കൊണ്ടയിൽനിന്നു തിരിച്ചു വരുന്ന വരവാണോ?

കുദ്ദുസ്ഖാൻ:—അതെ, തിരുമേനി.

ഔറംഗസീബ്:—എന്താ, മാൎഗ്ഗം വല്ലതും ഉണ്ടോ?

കുദ്ദുസ്ഖാൻ:—ഉണ്ടു്, തിരുമേനി.

ഔറംഗസീബ്:—ഭേഷ്, വളരെ നല്ലതു്. സന്തോഷമായി. ഖാൻെറ മൂന്നു മാസത്തെ പ്രയത്നം വെറുതെയായില്ലല്ലോ! സന്തോഷമായി. മാൎഗ്ഗമെന്തെന്നു ആദ്യം പറയു. പിന്നീടാവാം മററുള്ളതൊക്കെ.

കുദ്ദുസ്ഖാൻ:—കല്പനപോലെ. ഗോൽക്കൊണ്ട രാജാവായ സുൽത്താൻ അബ്ദുള്ളയും അദ്ദേഹത്തിൻെറ പ്രധാന സൈന്യാധിപന്മാരിൽ ഒരുവനായ മേർജ്ജുംലയും ആപ്ത മിത്രങ്ങളായിരുന്നുവല്ലോ!

ഔറംഗസീബ്:—ആയിരുന്നു. എന്താ, ഇപ്പോൾ ശത്രുക്കളായിത്തീർന്നിട്ടുണ്ടോ?

കുദ്ദുസ്ഖാൻ:—ഉണ്ടു്, ബദ്ധശത്രുക്കളായിത്തീൎന്നിട്ടുണ്ടു്.

ഔറംഗസീബ്:—വളരെ നല്ലതു്.

കുദ്ദുസ്ഖാൻ:—എങ്കിലും, അവർ രണ്ടുപേരും ശത്രുതയെ ഉള്ളിൽ ഒതുക്കിവെച്ചുകൊണ്ടിരിക്കയല്ലാതെ പുറത്തു കാണിച്ചു തുടങ്ങിയിട്ടില്ല. കാണിക്കുവാൻ അവസരം നോക്കിക്കൊണ്ടിരിക്കയാണു്. ഇപ്പോൾ അന്യോന്യം പിടികിട്ടിയാൽ കടിച്ചുതിന്നും. അത്രയ്ക്കുമാത്രം വൎദ്ധിച്ചിട്ടുണ്ടു് ശത്രുത. സുൽത്താൻ അബ്ദുള്ളയുടെ മാതാവും മേർജ്ജുംലയും തമ്മിലുള്ള അനാശാസ്യമായ പരിചയമാണ് വൈരത്തിന്നു കാരണം.

ഔറംഗസീബ്:—ഭേഷ്! എന്നാൽ ഇനി ഒരു കാലത്തും അവർ തമ്മിൽ യോജിക്കയില്ല. യോജിച്ചേക്കുമോ എന്നു നാം സംശയിച്ചു. ഇല്ല, യോജിക്കയില്ല. തീൎച്ച തന്നെ. ഖാൻ എന്തു പറയുന്നു?

കുട്ടൂസ്ഖാൻ:—ഇല്ല, തിരുമേനി. യോജിക്കയില്ല. ഇപ്പോഠം സ്വന്തം സൈന്യത്തോടൊന്നിച്ച് കർണ്ണാടകപ്രദേശത്ത് കൊള്ളനടത്തി ധനം നേടിക്കൊണ്ടിരിക്കയാണ് മേർ ജുംല. ആ സൈന്യാധിപൻ ഗോൽക്കൊണ്ടയിൽ തിരിച്ചെത്തിയാൽ അക്ഷണം തന്നെ അദ്ദേഹത്തെ കുടുംബത്തോടുകൂടെ പിടിച്ചു തടവിലിടുവാൻ സുൽത്താൻ തയ്യാറായിരിക്കുന്നുണ്ട്. ആ സംഗതി മേർജുംല അറിഞ്ഞുവശായിട്ടുമുണ്ട്. അറിയിച്ചത് അദ്ദേഹത്തിന്റെ കുടുംബങ്ങഠം തന്നെയാണ്. അവർ അബ്ദുള്ള യുടെ അരമനയിലാണ് പാർത്തുവരുന്നതു്.

ഔറംഗസീബ്:—അവരോ? അവരറിഞ്ഞതു്?

കുട്ടൂസ്ഖാൻ:—സുൽത്താന്റെ മാതാവുമായി അതിരു കടന്ന പരിചയമുണ്ടെന്നു മേർജുംല പലരുംകേഠംക്കെപ്പറഞ്ഞു് അഭിമാനിക്കയുണ്ടായത്രെ. ആ വിവരം എങ്ങിനേയോ സുൽത്താന്നു അറിവുകിട്ടി. മുൻകോപിയായ അദ്ദേഹം കോപാന്ധനായിത്തീരുവാൻ കാരണം പിന്നെ മററുവല്ലതും വേണോ? "മേർജുംല ഗോൽക്കൊണ്ടയിൽതിരിച്ചെത്തിയാൽ അവനെപ്പിന്നെ കാരാഗ്രഹത്തിന്റെ ബഹിർഭാഗം ഞാൻ കാണിക്കില്ല." എന്നു അരിശംകൊണ്ടു പലതും പുലമ്പുന്നതിന്നിടയിൽ സുൽത്താൻ പറയുകയുണ്ടായി. ആ വിവരം മേർജുംലയുടെ കുടുംബങ്ങഠം മനസ്സിലാക്കി. അവർ അദ്ദേഹത്തിന്നു അറിവും കൊടുത്തു.

ഔറംഗസീബ്:—എന്നാൽ ഇനി അവർ തമ്മിൽ ജീവാവസാനംവരെ ശത്രുക്കഠം തന്നെ. ആട്ടെ, ഇരിക്കട്ടെ. നമ്മുടെ ഉമ്മർഖാൻ ചെന്നു ഉപായത്തിൽ മേർജുംലയുടെ സേവകനായിക്കൂടട്ടെ. എന്നാൽ................................ ഈ വക വിവരങ്ങഠം ഖാൻ എങ്ങിനെ ഗ്രഹിച്ചു? അതുംകൂടെ കേഠംക്കട്ടെ.

കുട്ടൂസ്ഖാൻ:—കല്പനപോലെ. തിരുമേനിയുടെ ആജ്ഞപ്രകാരം അടിയൻ ഗോൽക്കൊണ്ടയിൽച്ചെന്നു. സംഗീതംകൊണ്ടു ഉപജീവനം കഴിക്കുന്ന ഒരു സാധുവിന്റെ വേഷം ധരിച്ചാണ് ചെന്നതു്.

ഔറംഗസീബ്:—വഴിയിലും ഗോൽക്കൊണ്ടയിലും ശല്യങ്ങളൊന്നുമുണ്ടായില്ലല്ലോ?

കുട്ടൂസ്ഖാൻ:—ഇല്ല, തിരുമേനി.

ഔറംഗസീബ്:—ആ ജഹാനാരയെയും, ദാറയേയും അവരുടെ ആ നായാട്ടു പുലിയുണ്ടല്ലോ, ഹമീർസിംഹൻ, അവനേയും നാം തന്നെസ്സംക്ഷിക്കണം. അവക്ക് കടന്നുകൂട്ടുവാൻ കഴിയാത്തസ്ഥലം ഭൂമിയിലെങ്ങുമില്ല. അവരുടെ ഒളിയമ്പേല്ക്കാതെ കഴിക്കണം നമ്മൾ. അതു കൊണ്ടു ചോദിച്ചു എന്നേയുള്ളൂ. ഉം. പറയു.

കുദ്ദൂസ്ഖാൻ:—ഗോൽക്കൊണ്ടയിൽച്ചെന്നെത്തിയ അടിയൻ ആ നഗരത്തിലെ തെരുവീഥികളിൽക്കൂടെ പാട്ടുപാടി കൊണ്ടു നടക്കുവാൻ തുടങ്ങി. ചില്ലറ നാണ്യങ്ങൾ എത്രയാണെന്ന് അടിയന്നു കിട്ടിയതെന്നു കണക്കില്ല. ചെലവിന്നു വേണ്ടുന്നതിലധികം പണം ഒരു ദിവസമെങ്കിലും കിട്ടാതിരുന്നിട്ടില്ല. അങ്ങിനെ ഏതാണ്ടു മൂന്നാഴ്ച നടന്നപ്പോഴയ്ക്കും അടിയൻ നല്ലൊരു പാട്ടുകാരനാണെന്ന പേരുകിട്ടി. മേർജുംലയുടെ പത്നികളിൽ ഒരുവൾക്ക് ചില്ലറജോലിചെയ്തുകൊടുത്ത് നാൾ കഴിച്ചു വരുന്ന വിധവയായ ഒരു വൃദ്ധയുടെ പരിചയവും ആ ദിവസങ്ങൾക്കിടയിൽ അടിയൻ നേടുകയുണ്ടായി. അതിന്നുശേഷം, അടിയൻെറ സ്ഥിരവാസം ആ വിധവയുടെ ഗൃഹത്തിലാക്കി. കാര്യസിദ്ധിക്കുവേണ്ടി അടിയൻ ആ വൃദ്ധയുടെ ഏകപുത്രിയെ പത്നിയായി സ്വീകരിക്കുകയും ചെയ്തു. അരമനരഹസ്യങ്ങളെല്ലാം അടിയൻ ഗ്രഹിച്ചതു് ആ വൃദ്ധയിൽനിന്നും അടിയൻെറ ആ തൽക്കാലപത്നിയിൽനിന്നുമാണ്.

ഔറംഗസീബ്:—ശരി. ഉമ്മർഖാനെ ഇങ്ങോട്ടു വരുവാൻ പറയു. നമ്മുടെ ഒരു അടിയന്തരക്കത്തു കൊണ്ടുചെന്നു റോശിനാറാബീഗത്തിന്നു കൊടുക്കണം. ഖാൻ തന്നെ അതുകൊണ്ടുചെന്നു കൊടുക്കുകയും വേണം. ഗോൽക്കൊണ്ടയിൽനിന്നു തിരിച്ചെത്തിയിട്ടല്ലെ ഉള്ളൂ. ഭവനത്തിൽച്ചെന്നു് പത്നികളെയും മററും കാണു· ആഗ്രയ്ക്കു പോകുവാൻ തയ്യാറായിക്കൊണ്ട് മററന്നാൾ പുലച്ചെ വന്നാൽ മതി............................................

.........................................

ഔറംഗസീബ് നൽകിയ വിലപിടിച്ച സമ്മാനങ്ങൾ വാങ്ങിയശേഷം ആ തൃതീയ മുഗൾ രാജകുമാരനെ യഥോചിതം വന്ദിച്ച് കുത്ലസ്ഖാൻ അവിടെനിന്നു പോയി.

രോശിനാറാബീഗത്തിനുള്ള കത്തുംകൊണ്ടു് കുത്ലസ് ഖാൻ കൃത്യസമയത്തുതന്നെ ആഗ്രക്കു പുറപ്പെട്ടു.

---

## നാലാം അദ്ധ്യായം.

---

ഇന്ത്യയിൽ മുഗൾ സാമ്രാജ്യം സ്ഥാപിച്ച ധീരാഗ്രഗണ്യനായ ബേയ്ബറും അദ്ദേഹത്തിന്റെ പുത്രൻ ഹുമയൂണും രാജ്യംഭരിച്ചുവന്നിരുന്ന കാലം ദില്ലിയായിരുന്നു അവരുടെ തലസ്ഥാനം. എന്നാൽ, സുഖലോലുപനും അലങ്കാരപ്രിയനും യശഃക്കാംക്ഷിയുമായിരുന്ന അക്ബർ ചക്രവൎത്തി പ്രേമപുരസ്സരം വളൎത്തിവന്നിരുന്ന, പരിഷ്കാരമോഹിനിക്കു സരസം സൈ്വരവിഹാരം ചെയ്യുവാൻ മാത്രം യോഗ്യത ഒന്നുകൊണ്ടും ആ ദില്ലിക്കു ഉണ്ടായിരുന്നില്ല. തന്നിമിത്തം ആ രാജാധിരാജൻ തന്റെ പ്രതാപത്തിന്നും, പ്രഭാവത്തിന്നും യോജിക്കുന്നതക്കരീതിയിൽ ഒരു നവീനനഗരം പണിതീർപ്പിക്കുവാൻ തീച്ച്പ്പെടുത്തി. യമുനാനദീതീരത്തുണ്ടായിരുന്ന ഒരു പഴയ നഗരം അങ്ങിനെതന്നെ തട്ടിത്തകൎത്തു് അതിന്റെ സ്ഥാനത്തു് ഏററവും മനോഹരമായ പുതിയൊരു പട്ടണം അദ്ദേഹം പണിതീർപ്പിച്ചു. സ്വന്തം സ്മാരകമായി അതിന്നു അക്ബറാബാദ് എന്ന പേരും കൊടുത്തു. എന്നു മാത്രമല്ല, തന്റെ സാന്നിദ്ധ്യം മൂലമുണ്ടാകുന്ന പേരും പെരുമയും ദില്ലിക്കും അക്ബറാബാദിന്നും ഒരു പോലെ നൽകിക്കൊണ്ടു് രാജ്യം ഭരിക്കുവാൻ തുടങ്ങുകയും ചെയ്തു. അതോടുകൂടെ, രണ്ടുണ്ടായി മുഗൾ സാമ്രാജ്യത്തിന്നു തലസ്ഥാനനഗരങ്ങൾ. എങ്കിലും, ദില്ലിക്കു തന്നെയായിരുന്നു പ്രാധാന്യം. മുഗൾചക്രവൎത്തിയുടെ നിലയ്ക്കു അവശ്യം നടത്തേണ്ടുന്ന രാജകീയ ചടങ്ങുകൾ ഒട്ടുമുക്കാലും

ആലോചിച്ചു വന്നിരുന്നതും ദില്ലിയിൽ വെച്ചുതന്നെ ആയിരുന്നു എന്നുവെച്ചു്, അക്ബർചക്രവൎത്തി അക്ബറാബാദിനെ അനാദരിക്കയുണ്ടായെന്നു ആരും ശങ്കിച്ചുപോകരുതു്. ആ മുഗൾ ചക്രവൎത്തിയുടെ പ്രത്യേകമേൽനോട്ടത്തിൽ ആ നഗരം പ്രതിദിനം അഭിവൃദ്ധി പ്രാപിച്ചുകൊണ്ടുവന്നിരുന്നു. ആ കാരണത്താൽ, മുഗൾ സാമ്രാജ്യത്തിൻെറ തലസ്ഥാനമാകത്തക്ക സകലവിധ യോഗ്യതകളും അതിന്നു തികയുവാൻ അല്പകാലം മാത്രമെ വേണ്ടിവന്നുള്ളു.

മഹാനായ അക്ബറെപ്പോലെത്തന്നെ ശൃംഗാര രസികനായ ജഹാങ്കീർ ചക്രവൎത്തിയും അക്ബറാബാദിനെ അത്യധികം ശ്രദ്ധയോടും വാത്സല്യത്തോടും കൂടെ താലോലിച്ചു വളൎത്തി വലുതാക്കുകതന്നെയാണു് ചെയ്തതു്.

ഷാജഹാൻ ചക്രവൎത്തിയാകട്ടെ കാലപ്പഴക്കം കൊണ്ടു ജീൎണ്ണിച്ചിരുന്ന പുരാതന ദില്ലിയെ അങ്ങിനെതന്നെ ത്യജിച്ചു് അതിന്നടുത്തായി ഷാജഹാനബാദ് എന്ന പുതിയൊരു നഗരം പണിതീൎപ്പിച്ചു. എന്നിരിക്കലും, ആ രാജാധിരാജനും അക്ബറാബാദിനെ പുഷ്ടിപ്പെടുത്തുന്ന കാൎയ്യം ശ്രദ്ധയോടുകൂടെ തന്നെയാണു് നടത്തിക്കൊണ്ടു പോന്നതു്. ഷാജഹാനബാദ് സ്വന്തം സ്മാരകമായി നിൎമ്മിച്ച നഗരമാണെങ്കിലും ആ സാമ്രാജ്യപതി അതിനോടു മാത്രമായി യാതൊരു പ്രതിപത്തിയും പ്രത്യേകം കാണിക്കയുണ്ടായില്ല. ഭരണയന്ത്രം രണ്ടു തലസ്ഥാനനഗരങ്ങളിലും മാററി മാററി സ്ഥാപിച്ചുകൊണ്ടാണു് അദ്ദേഹം രാജ്യം ഭരിച്ചുവന്നതു്. അതിന്നും പുറമെ, തനിക്കു എത്രയും പ്രിയപ്പെട്ട ചക്രവൎത്തിനി മുംതാജമഹാളുടെ പ്രേതത്തിന്നു നിത്യശാന്തിയോടെ വിശ്രമിക്കേണ്ടുന്നതിന്നു വേണ്ടി നിൎമ്മിച്ച ജഗന്മനോഹരമായ ഒരു പ്രേതാലയം കൊണ്ടു അക്ബറാബാദിനെ ആ രാജാധിരാജൻ അലങ്കരിക്കുകയും ചെയ്തു. വെണ്ണക്കല്ലുകൾ കൊണ്ടു വിചിത്രതരമാംവണ്ണം പണിതീൎപ്പിച്ച ആ ശവകുടീരമാണു് ലോകപ്രസിദ്ധമായ താജ്മഹൽ.

ഷാജഹാനബാദ്ദ് നവീനത്വംകൊണ്ടു തുലോം ഹൃദയാകർഷകമാംമട്ടിൽ ലാലസിച്ചിരുന്നു എങ്കിലും തുടർച്ചയായി രണ്ടു മുഗൾ ചക്രവർത്തികളുടെ വിഹാരകേന്ദ്രമാകത്തക്ക ഭാഗ്യം ഈ കഥ തുടങ്ങുന്ന കാലം ആ നഗരത്തിന്നു സിദ്ധിച്ചിരുന്നില്ല. അക്ബറാബാദിന്നു മാത്രമെ ആ യോഗം ലഭിച്ചിരുന്നുള്ളു. സുഖാനുഭവങ്ങൾക്കുള്ള സൌകര്യങ്ങളെക്കൊണ്ടും സ്ഥലപ്പെരുപ്പം കൊണ്ടും ഷാജഹാനബാദിനെക്കാൾ മുഗളരുടെ വാത്സല്യഭാജനമായി പ്രശോഭിച്ചു കൊണ്ടിരുന്നതു് അക്ബറാബാദാണു്. ഷാജഹാനബാദിൽ വീരരസവും അക്ബറാബാദിൽ ശൃംഗാരരസവും തുള്ളിത്തുളുമ്പിക്കളിച്ചുകൊണ്ടിരുന്നു. ഭർത്തൃപ്രേമഭരിതയായ ഒരു സർവ്വാംഗസുന്ദരീരത്നത്തോടു സർവ്വപ്രകാരേണയും ഉപമിക്കത്തക്ക യോഗ്യതകൾ തികച്ചും തികഞ്ഞിരുന്ന ആ അക്ബറാബാദാണു് ഇപ്പോൾ നാം ആഗ്രാ എന്നു വിളിച്ചുവരുന്ന നഗരം.

മുഗൾ സാമ്രാജ്യപതികളുടെ അനിതരസാധാരണമായ ഐശ്വര്യമഹിമയെ ലോകമെങ്ങും പ്രഖ്യാപനം ചെയ്തുകൊണ്ടു വിളങ്ങിയിരുന്ന ആ നഗരത്തിൽ, രാജധാനിയോടുതൊട്ടു്, രമണീയമായ ഒരു ആരാമവും ചക്രവർത്തികൾ നിർമ്മിച്ചിരുന്നു. ആ ഉദ്യാനമോഹിനിയാണു് അത്തർ എന്ന സൌരഭ്യലോകചക്രവർത്തിനിയുടെ ജനയിത്രി.

കുദ്ദൂസ്ഖാൻ രോശിനാറാബീഗത്തിന്നുള്ള കത്തും കൊണ്ടു് ഔറംഗസീബിൻെറ സങ്കേതസ്ഥലം വിട്ടുപോയിട്ടു് ഇരുപതുദിവസം കഴിഞ്ഞിരിക്കുന്നു. പാതിരയ്ക്കുപ്പുറം ചെന്നിട്ടുണ്ടു് സമയം. സ്വാഹാജാരൻ താരകത്താരണിയംബരത്തിൽ ലാലസിച്ചുകൊണ്ടു് ആ ആരാമരാമയെ—അത്തറിൻെറ ജനയിത്രിയെ—ശൃംഗാരശീതളമായ പാലൊളിപ്പൂനിലാവിൽ കുളിപ്പിച്ചു രസിപ്പിച്ചു കോൾമയിർക്കൊള്ളിച്ചും കൊണ്ടിരിക്കുന്നു. ആ ഉദ്യാനവനിതയാകട്ടെ, ഇളകിമറിഞ്ഞിരമ്പിക്കൊണ്ടിരിക്കുന്ന വികാരസാഗരത്തിൽ തുടിയടിച്ചുകളിയും തുടങ്ങിയിട്ടുണ്ടു്.

അന്നേരം, മലരമ്പൻെറ മദവും മലരമ്പിൻെറ മണവും മലയജത്തിൻെറ കുളുർമയും വഹിച്ചു വിജയിക്കുന്ന ആ

ഉദ്യാനത്തിൽ ആയുധപാണികളായ എട്ടു ഭടന്മാർ പ്രവേശിച്ചു. ആളെ തിരിച്ചറിയുവാൻ തരമില്ലാതാകത്തക്കവണ്ണം ആപാദചൂഡം കവചം ധരിച്ചിരിക്കുന്ന അവർ എട്ടുപേരും അന്യോന്യം ഒരക്ഷരംപോലും ശബ്ദിക്കാതെ ആ ആരാമത്തിലെങ്ങും നടന്ന് ആരെങ്കിലും അവിടെ ഒളിച്ചിരിക്കുന്നുണ്ടോ എന്നു പരിശോധിക്കുവാൻ തുടങ്ങി. ആരുംതന്നെയില്ലെന്നു തീച്ച്പ്പെട്ടിട്ടും കൂടെ അവരിൽ നാലുപേർ തിരച്ചിൽ നിൎത്തിയില്ല. അവർ മുറയ്ക്കു പരിശോധന നടത്തിക്കൊണ്ടേയിരുന്നു. ബാക്കിയുള്ളവരാകട്ടെ, അന്യരാരും അവിടെ പതുങ്ങിയിരിക്കുന്നില്ലെന്നു തീച്ച്പ്പെട്ട ഉടനെ തിരച്ചൽ നിൎത്തിവെച്ച് സമീപമുള്ള ഒരു ലീലാമണ്ഡപത്തിൽച്ചെന്നു പാറാവുനില്ക്കുകയും ചെയ്തു.

അല്പനേരം കഴിഞ്ഞു.

അതാ, ആ ലീലാമണ്ഡപത്തിൽ ഒരു സ്ത്രീരത്നം ഇരിക്കുന്നു. പൂവൊന്നും ചൂടാതെതന്നെ പൂമണം പൊഴിക്കുന്ന പൂമുടിച്ചുമടാകെ ആ പൂവേണീമണി പുതിയൊരു പൂമ്പട്ടുമൂടുപടംകൊണ്ട് മനോഹരമാംവണ്ണം മറച്ചിരിക്കുന്നു. ഷാജഹാൻ ചക്രവൎത്തിയുടെ സീമന്തപുത്രിയായ ജഹാനറാബീഗമാണ് ആ കാമ്യാംഗന. ആ സുന്ദരിയുടെ സമീപം ഇരിക്കുന്നുണ്ട് ഗംഭീരപുരുഷനായ ഒരു രജപുത്രയോദ്ധാവ്. "ജഹാനറയേയും ദാറയേയും അവരുടെ ആ നായാട്ടു പുലിയുണ്ടല്ലോ, ഹമീർസിംഹൻ, അവനേയും നാം തന്നെസ്സംക്ഷിക്കണം" എന്നു കുദൂസ്ഖാനോടു ഔറംഗസീബ് പറഞ്ഞ വാചകത്തിലെ നായാട്ടു പുലിയാണ് ആ രജപുത്രവീരൻ. അദ്ദേഹവും ജഹാനറയും സംഭാഷണം തുടങ്ങുവാനുള്ള ഭാവമാണ്. അതിന്റെ ഒരു ഭാഗം നമുക്കു കേൾക്കതന്നെ.

ജഹാനറ:—(രോശിനാറാബീഗത്തിന്നു കൊടുക്കുവാൻ ഔറംഗസീബ് കുദൂസ്ഖാനെ ഏല്പിച്ച കത്ത് കൈയിൽ വെച്ചു കളിപ്പിച്ചുകൊണ്ടു) രാജൻ ഈ കത്തു നല്ലവണ്ണം വായിച്ചില്ലേ?

ഹമീർസിംഹൻ:—വായിച്ചു.

ജഹാനറ:—ശരി. നമ്മെ എല്ലാവരേയും ഈ മുഗൾസാമ്രാജ്യത്തോടുകൂടെ അണ്ണാക്കിൽ തട്ടാതെ വിഴുങ്ങുവാൻ ഔറംഗസീബിൻെറ ഹൃദയഗഹ്വരത്തിൽ പതിയിരിക്കുന്ന ദുരാഗ്രഹവ്യാഘ്രത്തെ രാജൻ നല്ലവണ്ണം കണ്ടില്ലെ?

ഹമീർസിംഹൻ:—കണ്ടു. നാം മുമ്പുകണ്ടിട്ടുള്ളതാണല്ലോ; ഈ കത്തുകൊണ്ട് ഒരിക്കൽക്കൂടെ ശരിയ്ക്കുകാണുവാൻ സൗകര്യംകിട്ടി.

ജഹാനറ:—കാലതാമസം കൂടാതെ ഗോൽക്കൊണ്ട പിടിച്ചടക്കുമെന്നും അടുത്ത് ഉണ്ടാകുന്ന യുദ്ധത്തിന്നാവശ്യമായ ധനം മുഴുവനും ഗോൽക്കൊണ്ടയിൽ നിന്നു കരസ്ഥമാക്കുമെന്നും ഔറംഗസീബ് രോശിനാറയ്ക്കു എഴുതിയിരിക്കുന്നതു കണ്ടില്ലെ? ആര് ആരോടു എന്തിന്നു വേണ്ടി നടത്തുന്ന യുദ്ധമാണെന്നു ആ വഞ്ചകൻ കത്തിൽ വ്യക്തമാക്കിയിട്ടുമില്ല. എങ്കിലും, നമുക്കു അറിവുള്ളതാണല്ലോ അതെല്ലാം. എന്തൊരുധിക്കാരം! എന്തൊരു ദുരാഗ്രഹം! എന്തൊരു നെഞ്ഞുറപ്പ്! ആ പുച്ഛസ്സന്ന്യാസിയുടെ പകുതിയടഞ്ഞ കണ്ണുകൾ കണ്ടു ഭ്രമിച്ച് യാതൊന്നും ചെയ്യാതെ നമ്മൾ കൈയുംകെട്ടി പാർക്കുകയാണെന്നാണോ അവൻ കരുതിയിരിക്കുന്നത്? വിഡ്ഢി! പടുവിഡ്ഢി! ദാറയുടെ ശിരസ്സിൽനിന്നു മയൂരസിംഹാസനം തട്ടിയെടുത്ത് മുഗൾ സാമ്രാജ്യപതിയാകുവാൻ അവൻ യുദ്ധത്തിന്നു ഒരുങ്ങട്ടെ. രാജ, ആ വഞ്ചകൻെറ അന്തർഗ്ഗതം ഇന്നതെന്നു ആ ഗോൽക്കൊണ്ടാധിപനെ ഇപ്പോൾത്തന്നെ അറിയിച്ചാലെന്താ? അദ്ദേഹം ഉള്ള മുൻകൂട്ടിത്തന്നെ തയ്യാറായിരുന്നുകൊള്ളട്ടെ. രാജൻെറ അഭിപ്രായമെന്താണു?

ഹമീർസിംഹൻ:—പാടില്ല. അങ്ങിനെ ചെയ്താൽ ഔറംഗസീബ് ഏതു തരത്തിൽപ്പെട്ടവനാണെന്നു ചക്രവത്തിയെ ഗ്രഹിപ്പിക്കുവാൻ നമുക്കു അവസരം കിട്ടിയെന്നു വരില്ല. പിതൃവാത്സല്യം മൂത്തീകരിച്ച ഒരു നിഷ്കളങ്ക പുത്രനായി

ട്ടാണ് ചക്രവത്തി ആ ദുഷ്ടനെ ഇപ്പോഠ കാണുന്നതു്. ഔറംഗസീബിനെക്കുറിച്ചു നാം എന്തുതന്നെ പറഞ്ഞാലും അതൊന്നും ദേവിയുടെ പിതാവു് ഇപ്പോഠ വിശ്വസിക്കയില്ല. ആ സാമ്രാട്ടിൻെറ അനുമതികൂടാതെ ആ ധിക്കാരി ചെന്നു ഗോൽക്കൊണ്ട ആക്രമിക്കട്ടെ. ചയോമുഖമായ ആ വിഷകുംഭത്തിൻെറ തരവും നിറവും ചക്രവത്തിയെ മനസ്സിലാക്കുവാൻ അപ്പോഠ നമുക്കു അവസരം കിട്ടും. എന്നു മാത്രമല്ല, ഔറംഗസീബിന്നു ഇപ്പോഠ വല്ല ശക്തിയുമുണ്ടെങ്കിൽ അതിൽ ഒരു ഭാഗം ഗോൽക്കൊണ്ടയിൽ ചിലവാക്കുകയും ചെയ്യട്ടെ. നാം മുന്നറിവുകൊടുത്തില്ലെങ്കിൽക്കൂടെ ഔറംഗസീബിനോടെതിക്കുവാൻ ശക്തി ആബ്ബുള്ളയ്ക്കുണ്ടു്. അഥവാ ഇല്ലെന്നുവെയ്ക്കുക: അങ്ങിനെ വരുന്ന പക്ഷം, ഗോൽക്കൊണ്ടാധിപൻ ചക്രവത്തിയോടു ഔറംഗസീബിൻെറ അഴിമതിയെക്കുറിച്ചു ആവലാതിപ്പെടും. മുറവിളികൂട്ടും. രാജധാനി മുഴുവനും വലിയബഹളമായിത്തീരും. അതിന്നെല്ലാം കാരണം നമ്മുടെ ഏഷണിയാണെന്നു സകലരും അറിഞ്ഞുവശാകും. ഈ ഘട്ടത്തിൽ അങ്ങിനെയൊന്നും സംഭവിക്കാൻ പാടില്ല

ജഹാനറ—എന്നാൽ വേണ്ട. നമുക്കു നമ്മുടെ കായ്യം തികച്ചും നോക്കിയാൽ മതി. പിന്നെ, ഈ കത്തെങ്ങിനെകിട്ടി? അതുംകൂടെ പറയു. രാജൻ നടത്തുന്ന ഓരോപരാക്രമവും വണ്ണിച്ചുകേഠക്കുന്നതിൽപ്പരം ആനന്ദകരമായി ഈ ജഹാനറയ്ക്കു മറെറാന്നുംതന്നെ ഇല്ലെന്നു അറിഞ്ഞുകൂടെ?

ഹമീർസിംഹൻ—ദേവി, ഞാൻ ഇന്നലെ വൈകുന്നേരം നായാട്ടുകഴിഞ്ഞു് തിരിച്ചെപ്പോരുമ്പോഠ കൂട്ടാളരെ കാത്തുകൊണ്ടു് വഴിവക്കത്തുള്ള ഒരു മരച്ചുവട്ടിൽ ഇരിക്കുകയുണ്ടായി. അപ്പോഠ എൻെറ ഒന്നിച്ചു ആരും തന്നെ ഉണ്ടായിരുന്നില്ല. മററുള്ള നായാട്ടുകാരും പരിവാരങ്ങളും വളരെപ്പിന്നിലായിരുന്നു. പലരോടൊന്നിച്ചു

സഞ്ചരിച്ചുകൊണ്ടിരിക്കുന്നതിന്നിടയിൽ കൂട്ടംവിട്ടു മുന്നോട്ടുകയറിച്ചെന്ന് കൂട്ടുകാരെ കാത്തുകൊണ്ടിരിക്കുന്നതു് എൻെറ ഒരു പതിവാണല്ലോ! അതുപോലെ ഇന്നലേയും ചെയ്യുകയുണ്ടായി. അങ്ങിനെ ഓറയ്ക്കു പലതും ചിന്തിച്ചുകൊണ്ടു് മരച്ചുവട്ടിൽ ഇരിക്കുമ്പോൾ ആയുധപാണിയായ ഒരു അശ്വാരൂഢൻ അതിവേഗം കുതിരയെ ഓടിച്ചുകൊണ്ടു് ആ വഴിയെ വരുന്നതുകണ്ടു. ആ പടയാളി എൻെറ അടുത്തെത്തിയ ക്ഷണം പെട്ടെന്നു കുതിരയെ നിൎത്തി നിലത്തിറങ്ങി. ദില്ലിയിൽവെച്ചു നടന്ന ആയുധാഭ്യാസപരീക്ഷയിൽ എന്നോടെതിൎത്തു് പരിഹാസത്തിന്നു പാത്രമാകത്തക്കവണ്ണം പരാജിതനായിപ്പോയ കുദ്രൂസ്ഖാനായിരുന്നു ആ ആയുധപാണി.

ജഹാനറ—ആരു്? ഔറംഗസീബിൻെറ ചാരപ്രമാണികളിൽ ഒരുവനായ ആ ഖാനോ?

ഹമീർസിംഹൻ—അതെ, ദേവി, എന്നോടുള്ള തീൎത്താലും തീരാത്ത ശത്രുത അപ്പോഴും അവൻ വെച്ചുകൊണ്ടിരിക്കുന്നുണ്ടായിരുന്നു. മരച്ചുവട്ടിൽ ഏകനായി ഇരിക്കുന്നതു് ഞാനാണെന്നുമനസ്സിലായപ്പോൾ അവൻ വാളൂരി. പൂൎവ്വവൈരികൾ തമ്മിൽ ചീറിക്കൊണ്ടു ഏററുമുട്ടി. അല്പനേരത്തിന്നുള്ളിൽ ഖാൻ ഉടലും തലയും രണ്ടും രണ്ടായി നിലത്തുവീണു. അവൻെറ കുള്ളക്കീശയിൽക്കിടന്നിരുന്ന ഈ കത്തു് ......................................................................... ആ

.........................................................................

ജഹാനറയും ഹമീർസിംഹനും തമ്മിൽ ഒരോന്നു സംസാരിച്ചുകൊണ്ടു് അല്പനേരംകൂടെ ആ ലീലാമണ്ഡപത്തിൽ ഇരുന്നു. പിന്നീട്ടു് അവിടം വിട്ടുപോകുകയും ചെയ്തു.

അധികംദിവസം കഴിയും മുമ്പെ, കുദ്രൂസ്ഖാൻെറ മരണവൎത്തമാനം രോശിനാറാബീഗവും ഔറംഗസീബും അറിഞ്ഞുവശായി.

# അഞ്ചാം അദ്ധ്യായം.

ക്രിസ്ത്വബ്ദം 1656 തുടങ്ങിയിരിക്കുന്നു.

പ്രതാപശാലിയായ ഒരു രാജാധിരാജന്റെ ദൂതന്നു് സ്വാഗതം നൽകുവാൻ സുൽത്താൻ അബ്ദുള്ള ഭാഗ്യനഗരത്തെ ഐശ്വര്യസമ്പൂർണ്ണയായ അലങ്കാരപ്പൂമങ്കയുടെ കളിപ്പൂങ്കാവനമാക്കിച്ചമച്ചിരിക്കുന്നു. പദവികൊണ്ടു് പാദം നിലത്തു വെയ്ക്കാത്ത രാജകന്യകമാൎക്കുപോലും പാദരക്ഷ കൂടാതെതന്നെ ആനന്ദമന്ദയാനം ചെയ്യത്തക്ക സകലവിധ യോഗ്യതകളും രാജമാൎഗ്ഗങ്ങൾക്കു തികച്ചിട്ടുണ്ടു്. സുഗന്ധവും ശോഭയും അന്യോന്യം വൎദ്ധിപ്പിച്ചുകൊണ്ടു വിളങ്ങുന്ന അമൂല്യങ്ങളായ അലങ്കാരവസ്തുക്കളെക്കൊണ്ടു് തെരുവീഥികളുടെ ഇരുഭാഗങ്ങളും മനോഹരമാംവണ്ണം വിതാനിച്ചിരിക്കുന്നു. കൊടിക്കൂറകൾ അസംഖ്യം. തോരണം കുലവാഴ മുതലായ പച്ചിലച്ചാൎത്തുകളെക്കൊണ്ടു് മോടി പിടിപ്പിക്കാതെ ഒരു സ്ഥലമെങ്കിലും ഒഴിച്ചുവെച്ചിട്ടുമില്ല. ശങ്കകൂടാതെ കല്യാണമണ്ഡപത്തിൽപ്പോലും കയറിച്ചെല്ലത്തക്ക വേഷപ്പകിട്ടോടുകൂടിയ ജനങ്ങളും അനേകായിരം.

മുഗൾ സാമ്രാജ്യപതിയായ ഷാജഹാൻചക്രവൎത്തിയുടെ ഒരു സന്ദേശവും കൊണ്ടു ഒരു ദൂതൻ ഭാഗ്യനഗരത്തിൽ വരുന്ന ദിവസം അന്നാണു്. രാജധാനിയിൽനിന്നു അധികം ദൂരെയല്ലാതെ നയനാഭിരാമമായ ഒരു ആരാമവും അതിൽ ഒരു ലീലാഗൃഹവും ഉണ്ടു്. മുഗൾ ചക്രവൎത്തിയുടെ ആ ദൂതന്നു എഴുന്നെള്ളിപ്പാൎക്കുവാൻ ഗോൽക്കൊണ്ടാധിപൻ പ്രത്യേകം നിയമിച്ചിട്ടുള്ള മന്ദിരം ആ കേളീഗൃഹമാണു്. ദൂതനെ സ്വീകരിച്ചു് ആതിത്ഥ്യം നടത്തുവാനുള്ള സകല സാമഗ്രികകളും അതിലാണു് സംഭരിച്ചുവെച്ചിരിക്കുന്നതു്. ആ മാന്യനെ ബഹുമാനപൂൎവ്വം എതിരേററു് രാജയോഗ്യമായ സൽക്കാരംകൊണ്ടു സന്തുഷ്ടനാക്കുന്നതിലാണു് ഗോൽക്കൊണ്ടയുടെ സൎവ്വശ്രേയസ്സും നിലനില്ക്കുന്നതെന്നു തോന്നും ആ ഒരുക്കങ്ങളെല്ലാം കണ്ടാൽ.

ദൂതനു ഇരുന്നരുളുവാൻ ഒരു സുവൎണ്ണസിംഹാസനംതന്നെ പൊടിതുടച്ചു വൃത്തിയിലാക്കികൊണ്ടുവന്നിട്ടുണ്ട്. ലീലാഗൃഹത്തിലെ വിശാലമായ പുറംതളത്തിലാണ് അതു വെച്ചിരിക്കുന്നതു്. ഉദ്യാനത്തിന്റെ പ്രവേശനദ്വാരം മുതൽ സിംഹാസനംവരെ നെട്ടനീളെ രത്നകംബളങ്ങൾ വിരിക്കുകയും ചെയ്തിരിക്കുന്നു. സിംഹാസനത്തിനു നന്നെ സമീപം വെച്ചിരിക്കുന്ന വലിയൊരു സ്വൎണ്ണത്തളികയിൽ കാണുന്നു വലിയൊരു പുഷ്പമാല്യം. മൃഗരാജചക്രവൎത്തിയേയും ഗോളംകൊണ്ടാധിപനേയും തമ്മിൽ ആനന്ദകരമാംവണ്ണം ബന്ധിച്ചു യോജിപ്പിക്കേണ്ടതിന്നു നിൎമ്മിച്ച സൗഹാൎദ്ദഹാരമാണെന്നാണ് ആ പൂമാല കണ്ടാൽ തോന്നുക. മുത്തും പവിഴവും കൂട്ടിക്കലൎത്തിയ കുറെ സ്വൎണ്ണനാണ്യങ്ങൾ നല്ലൊരു പൊൻകിണ്ണത്തിലാക്കിവെച്ച് ആ മാലയുടെ മദ്ധ്യത്തിലുള്ള വിടവും അടച്ചിട്ടുണ്ട്. ദൂതനെ ഹാരമണിയിച്ചശേഷം ആരാധിക്കുവാനുള്ളതാണ് ആ നാണ്യങ്ങൾ. ഉപചാരത്തിന്നു സൗന്ദൎയ്യവതികളായ സ്ത്രീരത്നങ്ങളെ തന്നെ നിയമിച്ചിരിക്കുന്നു. കങ്കണങ്ങൾക്കു കമനീയത വൎദ്ധിപ്പിക്കുന്ന കിസലയകരങ്ങളിൽ കനകപാത്രങ്ങളും പൊൻതാലവൃന്തങ്ങളും എടുത്ത് ആ പെൺമണികൾ ലീലാഗൃഹത്തിനകത്തു നില്ക്കുന്നുണ്ട്. ചക്രവൎത്തിക്കും ദൂതനും വെവ്വേറെ അടിയറവെയ്ക്കുവാനുള്ള കാഴ്ചകളെല്ലാം നിരത്തിവെച്ചിരിക്കുന്നതു് ആ മോഹനാംഗികളുടെ മുമ്പിലാണ്. കേളീഗൃഹത്തിലെ പ്രധാന നടക്കട്ടിളയുടെ ഇരുവശത്തും ഓരോ ദന്തപ്പല്ലക്കും ഉണ്ട്. നൂറോളം കുതിരകളെ ലീലാഗൃഹത്തിന്നു പിന്നിൽ നിൎത്തിയിരിക്കുന്നു. ഉത്തമലക്ഷണങ്ങൾ തികച്ചും തികഞ്ഞിരിക്കുന്നവയും പൊന്നണിക്കോപ്പുകൾകൊണ്ട് പൂൎവ്വാധികം ശോഭിച്ചുകൊണ്ടിരിക്കുന്നവയുമാണ് ആ അശ്വങ്ങൾ. അഞ്ജനശൈലങ്ങളോടുപമിക്കാവുന്ന അയ്മ്പതു ഗജേന്ദ്രന്മാരേയും ആ കുതിരകൾക്കടുത്തു തളച്ചിട്ടുണ്ട്.

ആ കാഴ്ചസ്സാധനങ്ങളെല്ലാം ഒരിക്കൽക്കൂടെ പരിശോധിച്ചു തൃപ്തിപ്പെട്ടതിൽപ്പിന്നെ ഗോൽകൊണ്ടാധിപൻ മന്ദം മന്ദം ഉദ്യാനത്തിന്റെ പ്രവേശനദ്വാരത്തിന്നുനേരെ നടക്കു

വാൻ തുടങ്ങി. രാജ്യത്തിലെ പ്രധാന ഉദ്യോഗസ്ഥന്മാരും പ്രമാണികളും കാഴ്ചക്കാരിൽ പലരും അതുകണ്ടപ്പോൾ സുൽത്താന്റെ ഒന്നിച്ചു പുറപ്പെട്ടു. വന്നുകൂടിയ ജനക്കൂട്ടത്തെ വഴിപോലെ ഒതുക്കി നിൎത്തുവാൻ രാജകിങ്കരന്മാർ പ്രയോഗിക്കുന്ന നയവും സാമൎത്ഥ്യവും കണ്ടു രസിച്ചുകൊണ്ടു് സുൽത്താനും പരിവാരങ്ങളും ആരാമത്തിന്റെ പടിപ്പുറത്തുചെന്നു് നഗരത്തിലേയ്ക്കു നോക്കിക്കൊണ്ടു നിന്നു. അങ്ങിനെ കുറച്ചു നേരം അവർ നില്ക്കുമ്പോഴയ്ക്കും, കാഴ്ചയ്ക്കു അതിയോഗ്യനായ ഒരു അശ്വാരൂഢൻ അതിവേഗം വന്നു നിലത്തിറങ്ങി അബ്ദുല്ലയെ വന്ദിച്ചുനിന്നു. ആ സുൽത്താന്റെ സ്വന്തം കാൎയ്യദൎശിയായ ഹസ്സനാലിഖാനാണു് ആ ആഗതൻ. ആ ഉദ്യോഗസ്ഥനെക്കണ്ടു് കാൎയ്യം ബോധിപ്പിച്ചശേഷമല്ലാതെ സുൽത്താനെ നേരിട്ടുകാണുന്നതിന്നു് ആൎക്കും തന്നെ അനുവാദമില്ല. ആ കാൎയ്യദൎശിയെകണ്ട ഉടനെ അബ്ദുല്ല അദ്ദേഹത്തോടു ഇങ്ങിനെ ചോദിച്ചു.

അബ്ദുല്ല:—കേട്ടതുവാസ്തവം തന്നെയല്ലെ?

ഹസ്സ...ഖാൻ:—അതെ, തിരുമേനി. മുഗൾ ചക്രവൎത്തിയുടെ പ്രതാപത്തിന്നും പ്രഭാവത്തിന്നും യോജിച്ച അകമ്പടിയോടു കൂടെത്തന്നെയാണു് ദൂതൻ വരുന്നതു്.

അബ്ദുല്ല—ആട്ടെ, സമാധാനമായി. നാം വളരെയൊക്കെ ഒരുക്കിയിട്ടുള്ള സ്ഥിതിക്കു അങ്ങിനെയല്ലാ ദൂതൻ വരുന്നതെങ്കിൽ തീൎച്ചയായും നമുക്കു ഇച്ഛാഭംഗമുണ്ടാകും. അകമ്പടിക്കാരായി എത്രപേരുണ്ടു്?

ഹസ്സ...ഖാൻ—അയ്യായിരത്തോളം അശ്വഭടന്മാർ അദ്ദേഹത്തിന്റെ ഒന്നിച്ചുണ്ടു്.

അബ്ദുല്ല—അതുകൊണ്ടു യാതൊരു പരിഭ്രമവും നമുക്കില്ല. പതിനായിരം പേരോടുകൂടെ വന്നാലും സൽക്കരിക്കുവാൻ നാം തയ്യാറാണു്. ഭടന്മാർ എല്ലാവരും ആയുധപാണികളാണോ?

ഹസ്സ...ഖാൻ—അതെ. മുഗളരുടെ കൂടെപ്പിറപ്പാണല്ലോ ഖഡ്ഗങ്ങൾ.

അബ്ദുള്ള—അതെ, അതെ. അവർ അടുത്തെത്തി, ഇല്ലേ?

ഹസ്സ...ഖാൻ—എത്തിയിരിക്കുന്നു. തിരുമേനി ഈ ഉദ്യാനത്തിൽവെച്ചാണു് അദ്ദേഹത്തെ സ്വീകരിക്കുവാൻ തീൎച്ചപ്പെടുത്തിയിരിക്കുന്നതെന്നും അതുകൊണ്ടു നേരിട്ടു ഇങ്ങോട്ടുവരേണമെന്നും അടിയൻ അവിടെ ഉണൎത്തിച്ചിട്ടുണ്ടു്. ഒരു നാഴികയ്ക്കുള്ളിൽ അദ്ദേഹം ഇവിടെ എത്തും.

അബ്ദുള്ള—അധികം വൈകിക്കാതെ വന്നാൽ നന്നായിരുന്നു. നഗരത്തിലുള്ള ആ വലിയ സത്രത്തിന്നു സമീപം അവർ എത്തിയാൽ ബഹുമാനസൂചകമായ കൂട്ടുവെടി പൊട്ടിക്കുവാൻ നാം കല്പിച്ചിട്ടുണ്ടു്. ഭടന്മാർ അവിടെ തയ്യാറായി നില്ക്കുന്നില്ലേ?.....................................
.....................................................................

അവർ അങ്ങിനെ സംസാരിച്ചുകൊണ്ടു നില്ക്കുന്നതിന്നിടയിൽ കൂട്ടുവെടി പൊട്ടിത്തുടങ്ങി. ജനങ്ങളുടെ തിക്കും തിരക്കും വൎദ്ധിച്ചു. ഭടന്മാർ ജാഗ്രതയോടെ പ്രവൃത്തി നടത്തുവാനും ആരംഭിച്ചു. സുൽത്താനോ? അദ്ദേഹം വെടികേട്ട ഉടനെ പരിവാരസമേതം വേഗം ഉദ്യാനത്തിൽക്കടന്നു: പെരുമ്പറ മുഴക്കുവാൻ കിങ്കരന്മാൎക്ക് കല്പനകൊടുത്തു: ലീലാഗൃഹത്തിന്നകത്തു നോക്കിക്കൊണ്ടു് ഒരിക്കൽ കൈരണ്ടും പൊന്തിച്ചു താഴ്ത്തി: അനന്തരം, ദൂതന്റെ വരവും നോക്കിക്കൊണ്ടു നില്ക്കയും ചെയ്തു. തൽക്ഷണം, ആ കേളീഗൃഹത്തിന്നുള്ളിൽ അല്പനേരം മിന്നൽക്കൊടികളുടെ മനോഹരമായ വിളയാട്ടമുണ്ടായി. വലിയൊരു കാന്തിപടലം അവിടെ നിന്നു പുറപ്പെട്ടു. പരിമളക്കോളിൽ അനേകായിരം ജനങ്ങളെ മുക്കിമയക്കിക്കൊണ്ടു് ആ ലാവണ്യപ്രവാഹിനി ലീലാഗൃഹത്തിന്റെ നടയിറങ്ങി. സുൽത്താന്നു നേരെ പ്രവഹിക്കുവാനും തുടങ്ങി. നൂറോളം പൊന്നാനിപ്പൂമങ്കകൾ കഞ്ചനക്കരങ്ങളിൽ കാഴ്ച

സാധനങ്ങൾ എടുത്ത് അന്നനടത്തം നടന്നുകൊണ്ട് ഗോൽക്കൊണ്ടാധിപന്റെ സമീപത്തെത്തി നിലയുറപ്പിച്ചു. അപ്പോൾ പൊട്ടി പെരുമ്പറയുടെ കണ്ണും കയറും. അശുഭസംഭവങ്ങളൊന്നും തന്നെ സംഭവിക്കരുതാത്ത ആ സന്ദർഭത്തിൽ ആ ഒരു അമംഗളകാര്യം മാത്രമല്ലാ അവിടെ സംഭവിച്ചതു്. സുൽത്താന്റെ കണ്ണിലുണ്ണിയായ ഒരു പഞ്ചവർണ്ണക്കിളിയെ വഹിച്ചുകൊണ്ട് ലീലാഗൃഹത്തിന്നകത്തു തൂങ്ങുന്ന ഒരു കനകപഞ്ജരം ആരുടേയോ തലതട്ടുകയാൽ കൊളുത്തുവിട്ട് നിലത്തു വീണ് ചതഞ്ഞു പോകുകയുമുണ്ടായി. ചുവരിലുള്ള അലങ്കാര സാധനങ്ങളിൽ ഒന്നായ വലിയൊരു ആനക്കൊമ്പ് അഹേതുകമായി വീഴുകനിമിത്തം സ്ഫടികംകൊണ്ടുള്ള രണ്ട അത്തർഭരണി പൊട്ടിത്തകൎന്നു. ആദിത്യരശ്മി തട്ടുമ്പോൾ അനലപ്രഭ ചൊരിയുന്ന അമ്പാരിയും ചുമന്നു ആടിക്കൊണ്ടു നില്ക്കുന്ന ഒരു മത്തേഭവീരൻ പെട്ടെന്നു തളച്ചങ്ങല പൊട്ടിച്ചു: അലറിക്കൊണ്ടു ജനക്കൂട്ടത്തിൽക്കടന്നു: അഞ്ചെട്ടുപേരെപ്പിടിച്ച് ചീന്തിപ്പൊളിച്ചിട്ടു: ആ വഴിയെ, അകലെയുള്ള ഒരു താമരപ്പൊയ്കയിൽച്ചെന്നിറങ്ങി. ജനങ്ങളെ കണക്കിലേറെ സംഭ്രമിപ്പിക്കുന്ന ആ സംഭവങ്ങളെയാകട്ടെ, അവയെത്തുടൎന്നുകൊണ്ടുണ്ടായ ബഹളത്തെയാകട്ടെ സുൽത്താൻ ഗൗനിച്ചതേയില്ല. സൈന്യസമേതം ഉദ്യാനത്തിൽ പ്രവേശിക്കുന്ന ദൂതനെ എതിരേല്ക്കുന്ന കാൎയ്യത്തിൽ ആ തിരുമേനി ശ്രദ്ധ മുഴുവനും പതിച്ചുകൊണ്ടിരിക്കയാണ്.

ദൂതൻ ഉദ്യാനത്തിൽ പ്രവേശിച്ചു. എതിരേല്ക്കുവാൻ സന്നദ്ധകളായി നില്ക്കുന്ന സന്നതാംഗികൾ അദ്ദേഹത്തെ ബഹുമാനാദരപൂൎവ്വം കേളീഗൃഹത്തിലേയ്ക്കു ആനയിക്കുവാനൊരുങ്ങി. എന്നാൽ, കനകക്കുന്നു കൈയ്യേറിക്കൈക്കലാക്കുവാൻ വന്ന ദുരാഗ്രഹിയുണ്ടോ ലാവണ്യക്കുന്നു കണ്ടു ഭ്രമിച്ച് അതിന്നു നേരെ ചെല്ലുന്നു? ആ അംഗനാമണികളെ അനുഗമിച്ചുകൊണ്ട് പത്തുവാരയിലധികം ദൂരം ദൂതൻ നടക്കുകയുണ്ടായില്ല. അപ്പോഴയ്ക്കും, അദ്ദേഹം പെട്ടെന്നു നിന്നു. സമീപം കണ്ട

ഹസ്സനാലിഖാനോട്ട് "സുൽത്താൻ എവിടെ" എന്ന ചോദിച്ചു കൊണ്ടാണ് അദ്ദേഹം നിന്നത്. അതിഗംഭീരസ്വരത്തിൽ ആ മുകിലപ്രമാണി ചോദിച്ച ആ ചോദ്യം കേട്ട സകലരുടേയും ദൃഷ്ടികൾ തൽക്ഷണം പല വഴിക്കും പാഞ്ഞു് സുൽത്താൻ അബ്ദുല്ലയെ തിരച്ചിൽ തുടങ്ങി.

ഗോൽക്കൊണ്ടാധിപൻ ആ ഉദ്യാനത്തിലെങ്ങുംതന്നെ യില്ലെന്നുള്ള വത്തമാനം, പോർക്കളത്തിൽ വിഷവായു എന്ന പോലെ, അതിവേഗം ആ സ്ഥലം മുഴക്കെ പരന്നു. അല്പം മുമ്പുണ്ടായ അഞ്ചെട്ടുപേരുടെ മരണം നിമിത്തം ഭ്രമിച്ചുനില്ക്കുന്ന ജനങ്ങൾ ആ വിവരമറിഞ്ഞപ്പോൾ ഭയപ്പെട്ടു നടുങ്ങി. എങ്കിലും, സുൽത്താനെ തിരയുന്ന കാര്യത്തിൽ അവരാരും തന്നെ ഉപേക്ഷവരുത്തിയില്ല. ചിലർ രാജധാനിയിലേയ്ക്കു പാഞ്ഞു. ചിലർ സത്രത്തിലും പള്ളിയിലും തിരയുവാൻ ഓടി. രസികന്മാരായ ചിലർ ലീലാഗൃഹത്തിൻെറ മൂന്നാംനില യിലും കയറി. ലക്ഷ്യം വിനാ അങ്ങുമിങ്ങും തിരയുവാൻ ഒരു കൂട്ടം ജനങ്ങളും പുറപ്പെട്ടു. ബാക്കിയുള്ളവരിൽ ഭൂരിപക്ഷവും അന്യോന്യം നോക്കി അമ്പരന്നുകൊണ്ടു നില്ക്കുകയും ചെയ്തു. എന്നാൽ, അവരുടെ ആ നിലവിട്ട നില്പിന്നും തിരച്ചിലിന്നും അല്പനേരത്തിന്നുള്ളിൽ ഭംഗം വന്നു സംഭവിച്ചു. കല്യാണത്തെ രുവിൽ കാലേകൂട്ടിച്ചെന്നു സ്ഥലം പിടിച്ചു നില്ക്കുന്ന വമ്പിച്ച ജനക്കൂട്ടത്തിൽ കൂട്ടായ്മക്കവച്ച്ക്കാർ കലികൊണ്ടുംകൊണ്ടു് കടന്നുചെന്ന് കവച്ച് നടത്തിത്തുടങ്ങിയാലുണ്ടാകുന്നതിനെ ക്കാൾ ശതസഹസ്രം മടങ്ങു അധികം ബഹളവും പരക്കം പാച്ചിലും അവിടെ ഉണ്ടായി. ഭൂകമ്പം തകക്കുന്ന ഭൂഭാഗത്തുള്ള ബുദ്ധിശൂന്യരെപ്പോലെ ജനസമൂഹം നാലുപാടും പാച്ചിൽ തുടങ്ങി. മൃത്യുവിൻെറ നഗ്നമായ ഭയങ്കരസ്വരൂപം സകലരു ടേയും മമ്പിൽ പ്രത്യക്ഷപ്പെടുകയും ചെയ്തു. അതോടുകൂടെ, ദൂതനെക്കുറിച്ചുള്ള ചിന്തയ്ക്കല്ലാതെ സുൽത്താനെപ്പററിയുള്ള വിചാരത്തിന്നു ആരുടേയും ഹൃദയത്തിൽ സ്ഥലമില്ലാതായി. ദൂതൻെറ പേർ അടിക്കടി നിലവിളിച്ചു പറയാത്ത ഒരാളെ

ങ്കിലും ഓടിക്കൊണ്ടിരിക്കുന്ന ആ നാട്ടുകാരിൽ അന്നേരം ഇല്ലാതായും ഭവിച്ചു.

രാജ്യകാര്യസംബന്ധമായി സുൽത്താനെക്കാണുവാൻ വരുന്ന ഒരു ദൂതനാണെന്നു നടിച്ചുകൊണ്ടു് തടസ്സംകൂടാതെ സൈന്യസമേതം ആ തലസ്ഥാന നഗരത്തിൽ പ്രവേശിച്ച പരാക്രമി പെട്ടെന്നു തൻെറ പ്രകൃതം മാററി കൊള്ളയ്ക്കു പുറപ്പെട്ടതാണു് ജനങ്ങളുടെ ആ ഭയത്തിന്നും പാച്ചിലിന്നും ഹേതു. അത്തരത്തിലുള്ള ഒരു വിശ്വാസഘാതകം പ്രവൎത്തിക്കത്തക്ക ഹൃദയശൂന്യനായ ആ സന്ദേശവാഹകൻ ആരാണു്? ഔറംഗസീബു്.

---

# ആറാം അദ്ധ്യായം.

---

അബ്ബുൽ മുസാഫർ, മുഹ്‌യ്‌ദ്ദീൻ മുഹമ്മദ്, ഔറംഗസിബ്—ഷാജഹാൻ ചക്രവൎത്തിയുടെ തൃതീയ പുത്രൻ—ക്രിസ്ത്വബ്ദം 1618 നവമ്പ്ര് 4-ാം തിയ്യതി രാത്രി ഭൂജാതനായി. ബറോഡയ്ക്കും, ഉജ്ജയിനിക്കും മദ്ധ്യത്തിലായും മാൾവരാജ്യത്തിൻെറ അതിൎത്തിയായും സ്ഥിതിചെയ്യുന്ന ദസ്സ് എന്ന പ്രദേശത്താണു് ആ രാജകുമാരൻ ജനിച്ചതു്. അക്കാലം ഷാജഹാൻ തിരുമേനിക്കു മുഗൾ സാമ്രാജ്യാധിപത്യം ലഭിച്ചിരുന്നില്ല. കുറാം എന്ന പേരോടുകൂടിയ ഒരു രാജകുമാരൻ മാത്രമെ ആയിരുന്നുള്ളു അദ്ദേഹം. ജഹാംഗീർ ചക്രവൎത്തി ആ പുത്രനെ ഡക്കാനിലുണ്ടായിരുന്ന മുഗൾസംസ്ഥാനത്തിലെ ഗവൎണ്ണറായി നിയമിച്ചിരുന്നതിനാൽ ഷാജഹാൻ തിരുമേനി ഔറംഗസീബിൻെറ ജനനകാലത്തു് ആ പീഠഭൂമിയിൽത്തന്നെയായിരുന്നു പാൎത്തുവന്നിരുന്നതു്. എന്നിരിക്കിലും, അദ്ദേഹത്തിന്നു ആ തൃതീയകുമാരൻെറ ശൈശവലീല സമാധാനത്തോടെ കണ്ടു കൺകുളിൎപ്പിക്കുവാൻ രണ്ടു കൊല്ലം മാത്രമെ

സാദ്ധ്യമായുള്ളൂ. അപ്പോഴയ്ക്കും ഷാജഹാൻ തിരുമേനി പിതാവായ ജഹാംഗീർ ചക്രവർത്തിയോടു കലഹിക്കുകയാൽ അദ്ദേഹത്തിന്നു മൂന്നുനാലുവർഷം പ്രാണരക്ഷയ്ക്കുവേണ്ടി യുദ്ധംചെയ്തു കൊണ്ടു് തെലിങ്കാന, ബങ്കാൾ മുതലായ രാജ്യങ്ങളിൽ ചുററി ത്തിരിയേണ്ടതായിവന്നു. അതിന്നുശേഷം ആ രാജകുമാരൻ പിതാവിനെത്തന്നെ ശരണം പ്രാപിക്കുകയും മാപ്പിന്നായി അപേക്ഷിക്കുകയും ചെയ്തു. ആ സാമ്രാജ്യപതിയാകട്ടെ, ശരണാഗതനായ പുത്രന്നു അഭയവും മുമ്പുണ്ടായിരുന്ന ഉദ്യോഗവും സന്തോഷത്തോടെ കൊടുത്തു. എങ്കിലും ആ കുമാരൻ മേലാൽ കലഹംകൂടാതെ വർത്തിക്കുമെന്നുള്ളതിന്നു ജാമ്യമായി അദ്ദേഹത്തിൻെറ പുത്രന്മാരായ ദാറയേയും, ഔറംഗസീബിനേയും ആഗ്രയിൽ പാർപ്പിക്കേണമെന്നു കല്പിക്കുകയുണ്ടായി.

ഔറംഗസീബിന്നു പതിനേഴു വയസ്സു തികഞ്ഞപ്പോൾ ഷാജഹാൻ ചക്രവർത്തി ആ പുത്രനെ ഡക്കാൻ ഗവർണ്ണറായി നിശ്ചയിച്ചു. അതിന്നിടയിൽ ആ രാജകുമാരൻെറ വിദ്യാഭ്യാസം ഏതാണ്ടു കഴിഞ്ഞിരുന്നു. എങ്കിലും, അതു് ഒരു മുഗൾ രാജകുമാരന്നു ഒരു വിധത്തിലും യോജിച്ചതായിരുന്നില്ല. മുഹമ്മദീയ മതഗ്രന്ഥമായ കുറാനും, അറബി ഭാഷയും മാത്രമെ അക്കാലത്തു് ആ രാജകുമാരൻ പഠിച്ചിരുന്നുള്ളൂ. ഒരു ചക്രവർത്തി അവശ്യം അറിഞ്ഞിരിക്കേണ്ടുന്ന വിഷയങ്ങളുടെ വിജ്ഞാനം ആ രാജകുമാരന്നുണ്ടായതു് പിന്നീടാണു്.

ഔറംഗസീബിന്നു നന്നെ ചെറുപ്പത്തിൽത്തന്നെ ഗവർണ്ണർ ഉദ്യോഗം കിട്ടിയെങ്കിലും അക്കാലത്തു് രാജ്യകാര്യങ്ങളിൽ ലേശംപോലും അദ്ദേഹം മനസ്സുവെച്ചിരുന്നില്ല. ബാല്യത്തിൽ ലഭിച്ച മതസംബന്ധമായ ജ്ഞാനം അദ്ദേഹത്തിൻെറ ദൃഷ്ടികളെ സർവ്വശക്തനായ അള്ളാവിന്നു നേരെ തിരിച്ചുവിട്ടിട്ടുണ്ടായിരുന്നു. അക്കാരണത്താൽ മുഗൾചക്രവർത്തികൾ ലാളിച്ചു വളർത്തിവരുന്ന ആഡംബരത്തിൽ ആ രാജകുമാരന്നു വെറുപ്പു ജനിച്ചു. ലൌകികസുഖാനുഭവങ്ങളിൽ വിരക്തിയും വന്നു കൂടി. തന്നിമിത്തം, ഇരുപത്തിനാലാമത്തെ വയസ്സിൽ

അദ്ദേഹം ഒരു ഫക്കീറായിത്തീരുകയും ദൈവഭജനം നടത്തേണ്ടതിന്നു വനാന്തരത്തിലുള്ള ഒരു ഗുഹയിൽ ഏകാന്തവാസം തുടങ്ങുകയും ചെയ്തു. ആ പ്രവൃത്തി ജനങ്ങളിൽ പലരുടേയും നിന്ദയ്ക്കും പരിഹാസത്തിന്നും അദ്ദേഹത്തെ പാത്രമാക്കി തീൎത്തു. മുഗൾസാമ്രാജ്യഛൌറിയെ വിഴുങ്ങുവാൻ വായും പിളൎന്നുകൊണ്ടു സ്വന്തം സ്വാന്തഗഹ്വരത്തിൽ ഒളിഞ്ഞു കിടക്കുന്ന ദുരാഗ്രഹവ്യാളം ആരുടേയും ദൃഷ്ടിയിൽപ്പെടാതിരിക്കുവാൻവേണ്ടി ആ രാജകുമാരൻ ഒരു ഫക്കീറിന്റെ വേഷക്കോപ്പുകൾകൊണ്ടു് ആ ഗുഹാമുഖം മറച്ചുകൊണ്ടിരിക്കയാണെന്നുള്ള അപവാദവും അദ്ദേഹത്തിന്നുകിട്ടി. അതിൽ എത്രമാത്രം പരമാൎത്ഥമുണ്ടെന്നു നമുക്കു വഴിയെ കണ്ടറിയാം.

ഡക്കാനിലുള്ള മുഗൾസംസ്ഥാനം ഭരിക്കുവാനയച്ച പുത്രൻ ഫക്കീറായിച്ചമഞ്ഞു് കാട്ടുകയറിയ വിവരമറിഞ്ഞപ്പോൾ ഷാജഹാൻ ചക്രവൎത്തി വല്ലാതെ കോപിച്ചു കലശൽ കൂട്ടി. അദ്ദേഹം ഉടനെ ഔറംഗസീബിനെ ഉദ്യോഗത്തിൽനിന്നു പിരിച്ചു. എന്നുമാത്രമല്ല, ആ രാജകുമാരന്നു നൽകിയിരുന്ന സ്വത്തും ശമ്പളവും സ്ഥാനമാനങ്ങളും മടക്കിയെടുക്കുകയും ചെയ്തു. അതു തിരികെ കിട്ടുവാനോ എന്തോ, കൊല്ലം ഒന്നു കഴിഞ്ഞപ്പോഴെയ്ക്കും, ഔറംഗസീബ് ഗുജറാത്തിലെ ഗവൎണ്ണരായി മുറയ്ക്കു ഭരണം നടത്തുവാൻ തുടങ്ങി.

ഗുജറാത്തിലെ ഭരണം ഊൎജ്ജിതമായി നടത്തിക്കൊണ്ടിരിക്കുന്ന ഔറംഗസീബിനെ ഷാജഹാൻ ചക്രവൎത്തി 1647 ഫിബ്രവരിയിൽ ഒരു പതിനയ്യായിരപ്രഭുവാക്കിതീൎത്തു. എന്നല്ല, ഹിന്തുക്കുഷ് പൎവ്വതത്തിന്റെ വടക്കുപടിഞ്ഞാറു കിടക്കുന്ന മലനാട്ടുകൾ കീഴടക്കി ഭരിക്കുവാൻ കല്പിച്ചയക്കുകയും ചെയ്തു. വലിയൊരു സൈന്യത്തോടൊന്നിച്ചാണു് ഔറംഗസീബ് അവിടെച്ചെന്നതു്. എങ്കിലും, പിതാവായ ചക്രവൎത്തിയുടെ ആജ്ഞപ്രകാരം പ്രവൎത്തിക്കുവാൻ അദ്ദേഹത്തിന്നു സാദ്ധ്യമായില്ല. സഞ്ചാരസൌകൎയ്യം ലേശംപോലുമില്ലാത്ത ഭൂപ്രകൃതിയും ആൎക്കും തന്നെ കീഴടങ്ങാത്ത ജനപ്രകൃതിയുംകൊണ്ടു് ശത്രുക്കളെ പരാ

ജിതരാക്കി വിട്ടന്ന ഒരു ഭൂഭാഗമാണ് ആ മലമ്പ്രദേശമെന്ന് ഔറംഗസീബ്ബ് ക്ഷണം മനസ്സിലാക്കി. എന്നുമാത്രമല്ല, ആസന്നമായ മഞ്ഞുകാലം അതിൻെറ ധമ്മം നടത്തുവാൻ തുടങ്ങിയാൽ ആ മലനാട്ടിൽനിന്നും നാട്ടുകാരിൽനിന്നും രക്ഷപ്പെട്ടുവാൻ നിവൃത്തിയില്ലാതായിത്തീരുമെന്ന് ആ രാജകുമാരൻ മുൻകൂട്ടികണ്ടറിയുകയും ചെയ്തു. പിന്നീട്ടണ്ടോ അദ്ദേഹം ആ നാട്ടുകാരോട്ട കലഹിക്കുവാൻ തുനിയുന്നതു? അവരുടെ രാജാവുമായി സംഖ്യം ചെയ്ത് ഔറംഗസീബ്ബ് വേഗം കാബൂളിലേയ്ക്കു മടങ്ങി. എന്നിട്ടുംകൂടെ, അവിടെ തിരിച്ചെത്തുന്നതിലകത്ത് അദ്ദേഹത്തിന്ന നേരിട്ട ക്ലേശനാശങ്ങൾ കുറച്ചൊന്നുമല്ലായിരുന്നു.

മുഗളർ ഉപായംകൊണ്ടു കൈവശപ്പെട്ടത്തിയ കാൻഡഹാർ വീണ്ടെടുക്കുവാൻ പേർഷ്യയിലെ ഷാ 1648ൻെറ അവസാനത്തിൽ ആ നഗരം വളഞ്ഞു നിരോധം തുടങ്ങി. ആ വിവരമറിഞ്ഞപ്പോൾ ഷാജഹാൻ ചക്രവത്തി, ആ ശത്രുവിനെ തീരിച്ചോടിച്ച് കാൻഡഹാർ രക്ഷിക്കുവാൻ കല്പിച്ചയച്ചതു് ഔറംഗസീബിനെയാണ്. അറുപതിനായിരം അശ്വഭടന്മാരും പതിനായിരം കാലാളും അസംഖ്യം ചെറു പീരങ്കികളും അടങ്ങിയ ഒരു വൻപടയുംകൊണ്ട് തൃതീയ മുഗൾരാജകുമാരൻ കാൻഡഹാറിലേയ്ക്കു പുറപ്പെട്ടു. മുഗൾ സാമ്രാജ്യത്തിലെ മഹാ സേനാനികളായ രാജാ ജയസിംഹനും സാദുള്ളഖാനും ആ സന്ദർഭത്തിൽ ആ രാജകുമാരനെ സഹായിക്കുവാൻ അദ്ദേഹത്തിൻെറ ഒന്നിച്ചുണ്ടായിരുന്നു. ആ മഹാന്മാരുമായി യുദ്ധതന്ത്രങ്ങളെക്കുറിച്ച് പല പല വാദപ്രതിവാദങ്ങൾ നടത്തി കാര്യവിവരം നേടിക്കൊണ്ട് ഔറംഗസീബ്ബ് കാൻഡഹാറിൽ ച്ചെന്നു. അതിന്നിടയിൽ ആ നഗരം ഷാ കൈവശപ്പെട്ടത്തിക്കഴിഞ്ഞിരുന്നതിനാൽ, നീണ്ടു നില്ക്കുന്ന ഒരു നിരോധം കൂടാതെ അതു വീണ്ടെടുക്കുവാൻ നിവൃത്തിയുണ്ടായിരുന്നില്ല. ഔറംഗസീബാകട്ടെ, അതിന്നു ഒരുങ്ങിച്ചെന്നിരുന്നതുമില്ല. എങ്കിലും, ആ രാജകുമാരൻ ധൈര്യസമേതം നിരോധം തുടങ്ങുകതന്നെ ചെയ്തു. എന്നാൽ, അതുകൊണ്ടു കാൻഡഹാർ

വീണ്ടെടുക്കുവാൻ ഔറംഗസീബിന്നു സാദ്ധ്യമായോ ? ഇല്ല. 1649 മെയ്മുതൽ സപ്തെമ്പർവരെ അശ്രാന്തപരിശ്രമിയായി രാപ്പകലില്ലാതെ സാഹസപ്പെട്ടു ചെയ്ത പ്രയത്നങ്ങളെല്ലാം നിഷ്ഫലങ്ങളായിത്തീൎന്നു. അപ്പോഴയ്ക്കും, മഞ്ഞുകാലത്തിൻെറ ആരംഭവുമായി. അതുകണ്ടപ്പോൾ, ആ രാജകുമാരൻ നിരോധം ഛിത്തിവെച്ചു് തിരികെപ്പോരുവാൻ തീൎച്ചപ്പെടുത്തി. ഉദ്യമം സഫലമാകാത്തതുകൊണ്ടുള്ള കോപഃത്തോടുകൂടെയാണു് അദ്ദേഹം തിരികെപ്പോന്നതു്. അങ്ങിനെ ചെയ്യേണ്ടിവന്നതുകൊണ്ടു് നിരാശനായി കൈയുംകെട്ടി അടങ്ങിയിരിക്കുവാൻ ഒരു ആരംഭശൂരനായിരുന്നില്ല ഔറംഗസീബ്. 1652-ൽ അദ്ദേഹം ആ നഗരം കൈവശപ്പെടുത്തുവാൻ വീണ്ടും ശ്രമിക്കുകയുണ്ടായി. അപ്പോഴും കാൎയ്യം സഫലമാക്കുവാൻ സാധിക്കാതെ തിരികെപ്പോരുവാൻ അദ്ദേഹം നിർബന്ധനാകുകയാണു് ഉണ്ടായതു്.

ഹിന്ദുക്കുഷ്പൎവ്വതത്തിന്നു വടക്കുപടിഞ്ഞാറുള്ള മലനാടുകളിലും അഫ്ഘാനിസ്ഥാനിലും മുഗളർ നടത്തിയ ആ ഭയങ്കരപോരാട്ടങ്ങൾക്കു് ചരിത്രദൃഷ്ട്യാ നോക്കുന്നതായാൽ യാതൊരു പ്രാധാന്യവും കാണുന്നതല്ല. ദൂരെപ്പെട്ടുകിടക്കുന്ന ഒരു തലസ്ഥാനനഗരത്തിലിരുന്നുകൊണ്ടു് മലനാടു കീഴടക്കി ഭരിക്കുന്ന കാൎയ്യം ആൎക്കുംതന്നെ പ്രയാസമാണെന്നുള്ളതിന്നു ഒരു ദൃഷ്ടാന്തം മാത്രമെ ആയിരുന്നുള്ളു ആ പടപ്പുറപ്പാടുകളും സമരങ്ങളും. എന്നിരിക്കിലും, ഔറംഗസീബിനെ സംബന്ധിച്ചേടത്തോളം അവയ്ക്കുണ്ടായിരുന്ന പ്രാധാന്യം സീമാതീതമായിരുന്നു എന്നുതന്നെ പറയണം. ആ പടപ്പുറപ്പാടുകൾ നിമിത്തം മുഗൾ സാമ്രാജ്യപതിയുടെ ആ വമ്പിച്ച സൈന്യത്തിലുണ്ടായിരുന്ന ഭടന്മാരും പടത്തലവന്മാരും ഔറംഗസീബും തമ്മിൽ അന്യോന്യം പരിചയക്കാരായിത്തീൎന്നു. ഒന്നാമതായി പടയുംകൊണ്ടു് ആ മലനാടുകളിലേയ്ക്കു പുറപ്പെട്ടപ്പോൾ ഔറംഗസീബ് പേരിന്നുമാത്രമെ ഒരു പടനായകനായിരുന്നുള്ളു. ആ രാജകുമാരന്നു എത്രമാത്രം യുദ്ധസാമൎത്ഥ്യമുണ്ടെന്നു് മററുള്ള

വർക്കു കാണിച്ചുകൊടുക്കുവാൻ അദ്ദേഹത്തിന്നു അതുവരെ യാതൊരു അവസരവും ലഭിച്ചിരുന്നില്ല. അപ്പോഴാകട്ടെ, അദ്ദേഹത്തിൻെറ ഒന്നിച്ചുണ്ടായിരുന്ന സേനാധിപതികൾ യുദ്ധം നിമിത്തം ക്ഷീണിച്ചിരുന്നതിനാൽ അവരിൽനിന്നു സൈന്യാധിപത്യം കരസ്ഥമാക്കുവാനും, സ്വേച്ഛാനുസരണം പോർ നടത്തി, ആ വിഷയത്തിൽ തനിക്കുള്ള പാടവം ആ പടയ്ക്കും പടനായകന്മാൎക്കും കാണിച്ചുകൊടുക്കുവാനും ആ രാജകുമാരന്നു സൌകൎയ്യവും സന്ദൎഭവും യഥേഷ്ടം കിട്ടി. ഒരു ദിവസം വൈകുന്നേരം, യുദ്ധം കലശലായി നടന്നുകൊണ്ടിരിക്കുമ്പോൾ ഔറംഗസീബ് കുതിരപ്പുറത്തുനിന്നിറങ്ങുകയും ശത്രുക്കളുടെ വെടിയുണ്ടകൾ ഉയൎന്നുകൊണ്ടിരിക്കുന്ന രണാംഗണത്തിൽ മുട്ടുകുത്തി ഇരുന്നു് പ്രാൎത്ഥന നടത്തുകയും ചെയ്തു. സൈന്യങ്ങളും സൈന്യാധിപന്മാരും ആ കാഴ്ചകൊണ്ടു മയിർക്കൊണ്ടും കൊണ്ടു കണ്ടു. കൃത്യനിഷ്ഠ, സ്ഥൈൎയ്യം, ധൈൎയ്യം സഹന ശക്തി മുതലായ ഗുണഗണങ്ങൾക്കു പാത്രമായിത്തീൎന്നിട്ടുള്ള ഒരു മഹാസേനാനിയാണു് ഔറംഗസീബ് എന്നു സകലരും ഒരുപോലെ തലകുലുക്കിസ്സമ്മതിക്കുവാൻ പിന്നെ മറെറന്തു വേണം ? ആ ഒരേ ഒരു പ്രവൃത്തികാരണം ആ തൃതീയമുഗൾ രാജകുമാരൻെറ കീൎത്തി മുഗൾ സാമ്രാജ്യമെങ്ങും വ്യാപിക്കുവാൻ തുടങ്ങി. സൈന്യാധിപസ്ഥാനമലങ്കരിക്കുവാൻ മാത്രം ഉപകരിക്കുന്ന ഒരു മതഭ്രാന്തൻെറ നിലയിൽ മലനാട്ടുകളിലേയ്ക്കു പടയ്ക്കു പുറപ്പെട്ട ഔറംഗസീബ് പ്രശാന്തഗംഭീരനായ ഒരു സൈന്യാധിപനായി തിരിച്ചെത്തിയപ്പോൾ ഷാജഹാൻ ചക്രവൎത്തി ആ പുത്രനെ ഹാൎദ്ദമായി അഭിനന്ദിക്കുകയും വീണ്ടും ഡക്കാനിലെ ഗവൎണ്ണറായി നിശ്ചയിക്കുകയും ചെയ്തു. ഔറംഗസീബ് അവിടെച്ചെന്നു് വിധിയാംവണ്ണം ഭരണവും തുടങ്ങി. അന്നിതരസാധാരണമാംവണ്ണം ഭരണനൈപുണ്യം നേടിയ ഒരു ഗംഭീരപരാക്രമൻെറ ചെങ്കോലിന്നു മാത്രമേ ഡക്കാൻ ഭരിക്കുവാൻ അക്കാലം സാധിച്ചിരുന്നുള്ളു.

ഔറംഗസീബ് വീണ്ടും ഡക്കാനിലുള്ള മുഗൾസംസ്ഥാനത്തിലെ ഗവൎണരായതോടുകൂടെ അദ്ദേഹത്തിൻെറ ദൃഷ്ടികൾ

അത്യാഗ്രഹത്തോടെ ഹിമവൽസ്സേതുപര്യന്തം ഓട്ടംകൊള്ളുവാൻ തുടങ്ങി. ഒരു കാലം മുഹമ്മദ് ബിൻ തൊഗ്ലക്ക് സ്ഥാപിച്ച മുഹമ്മദീയസാമ്രാജ്യം മുഴുവനും മുഗൾചക്രവത്തിയുടെ ആധിപത്യത്തിലാക്കുവാൻ അന്തരം നോക്കുകയായിരുന്ന ആ ദൃഷ്ടികൾ ചെയ്തിരുന്നതു്. അങ്ങിനെ നോക്കിക്കൊണ്ടിരിക്കുമ്പോഴാണു് ഗോൽക്കൊണ്ടാധിപനായ സുൽത്താൻ അബ്ദുള്ളയും അദ്ദേഹത്തിൻെറ പ്രധാന സൈന്യാധിപന്മാരിൽ ഒരുവനായ മേർജ്ജുംലയും തമ്മിൽ തീത്താലും തീരാത്ത കലഹം ഉൽഭവിച്ചതു്.

---

## ഏഴാം അദ്ധ്യായം

---

ഔറംഗസീബ് സ്ത്രീജനങ്ങളുടെ അകമ്പടിയോടുകൂടെ ലീലാഗൃഹത്തിലേക്കു ചെല്ലാതെ പെട്ടെന്നു നിന്നു് സുൽത്താൻ അബ്ദുള്ളയെ അന്വേഷിക്കയുണ്ടായല്ലോ: ഗോൽക്കൊണ്ടാധിപൻ അവിടെ അടുത്തെങ്ങുംതന്നെയില്ലെന്നു ആ രാജകുമാരനു ക്ഷണം മനസ്സിലായി. അന്നേരം ദൂതനു ആതിത്ഥ്യം നൽകുവാൻ നിൽക്കാതെ അത്ഭുതകരമാംവണ്ണം അവിടെനിന്നു അന്തർദ്ധാനം ചെയ്ത സുൽത്താൻെറ ആ മര്യാദകേടിൽ ആ തൃതീയ മുഗൾരാജകുമാരൻ അല്പംപോലും വൈരസ്യം പ്രദർശിപ്പിച്ചില്ല. അദ്ദേഹം പിന്നീടു ഗോൽക്കൊണ്ടാധിപനെ അന്വേഷിക്കുകയും ഉണ്ടായില്ല. സമീപം നില്ക്കുന്ന മുഗൾസൈന്യാധിപനെ ഒന്നു നോക്കുകമാത്രം ആ രാജകുമാരൻ ചെയ്തു. ദുഷിച്ച സ്വേച്ഛാപ്രഭുത്വത്തിൽ നിന്നുണ്ടായ അധികാരപ്രമത്തതയും രാജോചിതമായ ഗൌരവവും തമ്മിൽ സമ്മേളിച്ചു കളിച്ചുകൊണ്ടിരിക്കുന്ന കണ്ണുകളെക്കൊണ്ടു നോക്കിയ ആ നോട്ടത്തിൻെറ അത്ഥം ആ മുഗൾസേനാനി അക്ഷണംതന്നെ ഗ്രഹിച്ചു. അതോടുകൂടെ,

ഷാജഹാൻചക്രവത്തിക്കും ഔറംഗസീബിന്നും വിജയാശംസ കരം വിളിച്ചു പറയുന്ന മുഗരംസൈന്യങ്ങളുടെ ശബ്ദംകൊണ്ടു് ദിക്കെങ്ങും മാറെറാലികൊള്ളുവാൻ തുടങ്ങി. കൊള്ളയും ആരംഭിച്ചു.

മുഗരംചക്രവത്തിയുടെ ഒരു ദൂതനാണെന്നു നടിച്ചു് തടസ്സം കൂടാതെ സൈന്യസമേതം ഭാഗ്യനഗരത്തിൽ പ്രവേശി ച്ചിരിക്കുന്നതു് കൊള്ളയ്ക്കു വന്നിരിക്കുന്ന ഔറംഗസീബാണെന്നു മനസ്സിലായപ്പോരം ജനങ്ങരം അത്യന്തം ഭയപ്പെട്ടു് പ്രാണ രക്ഷാത്ഥം നാലുപാടും ഓട്ടം തുടങ്ങി. അവരുടെ ആ ദയ നീയാവസ്ഥയിലുണ്ടോ ഔറംഗസീബിന്നും സൈന്യങ്ങരംക്കും അലിവു് തോന്നുന്നതു്? ഓടിക്കൊണ്ടിരിക്കുന്ന പുരവാസി കളെ പിന്തുടൻചെന്നു് പിടിച്ചുനിത്തി, അവരുടെ സവ്വ സ്വവും മുഗരംസൈന്യങ്ങരം തട്ടിപ്പറിച്ചെടുത്തു. ആ ഉദ്യാന ത്തിലും ലീലാഗൃഹത്തിലും കണ്ട ഗജാശ്വങ്ങളുരക്കുമുള്ള സകല സമ്പത്തും പിടിച്ചെടുക്കുകയും ചെയ്തു. ഗോൽക്കൊണ്ടാധി പൻെറ സൈന്യങ്ങളിൽ ഒരുവനെങ്കിലും മുഗളരോടെതിക്കു വാൻ തുനിയുകയുണ്ടായില്ല. തന്നിമിത്തം, രക്തക്കളി കൂടാതെ തന്നെ മുഗളർ കാര്യം നിവ്വഹിച്ചു. പിന്നീട്ടു്, വിജയംകൊണ്ടു് ആഹ്ലാദഭരിതരായിത്തീൎന്ന അവർ ചെയ്തതു് ഗോൽക്കൊണ്ടാ ധിപൻെറ രാജധാനിയിൽച്ചെന്നു കയറുകയാണു്. അഭിമാന രക്ഷാത്ഥം കഴിയുന്നേടത്തോളം ഭടന്മാരെ വിളിച്ചുകൂട്ടി തങ്ങ ളോടെതൃക്കുവാൻ ഗോൽക്കൊണ്ടാധിപൻ മാഗ്ഗമദ്ധ്യേ തയ്യാ റായി നില്ക്കുന്നുണ്ടാകുമെന്നു് ഔറംഗസീബിൻെറ സൈന്യങ്ങ ളിൽ ചിലർ കരുതിയിരുന്നു. അതുപോലെ സുൽത്താൻ അബ്ദുള്ളയെ വഴിയിലെന്നല്ല, രാജധാനിയിലുംകൂടെ അവർ കാണുകയുണ്ടായില്ല. ആ ഗോൽക്കൊണ്ടാധിപൻ എവിടെ?

തൻെറ പാശ്വഭാഗങ്ങരം രണ്ടിലും നിരന്നു നില്ക്കുന്ന അംഗനമാരോടുകൂടെ ദൂതനെ ബഹുമാനപൂവ്വം അബ്ദുള്ള എതിരേററു. ഉടൻതന്നെ, ആ മാന്യനു ലീലാഗൃഹത്തി ലേയ്ക്കു് വഴി കാണിക്കുവാൻ സ്ത്രീജനങ്ങളോടാജ്ഞാപിച്ചും വെച്ചു് സുൽത്താൻ സിംഹാസനത്തിന്നു നേരെ മുൻകൂട്ടി നട കുവാൻ തുടങ്ങി.

ദൂതൻ ഉദ്യാനത്തിൽ കാലെടുത്തുവെച്ച മാത്രയിൽ, അല്പം ദൂരെ നില്ക്കുന്ന ഭീമകായന്മാരായ പത്തിരുപതു അടിമകൾ കൂട്ടം പിരിഞ്ഞു് ഓരോരുത്തരായി സുൽത്താനെ സമീപിക്കു വാൻ ആരംഭിച്ചു. അവർ ഏതാണ്ടു് അദ്ദേഹത്തിൻെറ അടു ത്തെത്തി. അപ്പോഴെയ്ക്കും, ഗോൽക്കൊണ്ടാധിപൻ കേളീ ഗൃഹത്തിന്നകത്തു് കടക്കുന്നതു് അവർ കണ്ടു. എന്നിട്ടും, ആ ഭയങ്കരന്മാർ അവിടം വിട്ടുപോയില്ല. സുൽത്താൻ പുറത്തു വരുന്നതു കാത്തുകൊണ്ടു് ആ ശഠന്മാർ എന്തിന്നോ സന്നദ്ധ രായി അല്പം അകലെ നില്ക്കുകതന്നെ ചെയ്തു.

സിംഹാസനത്തിന്നുനേരെ നടന്നുതുടങ്ങിയ സുൽത്താൻ ലീലാഗൃഹത്തിൻെറ നടവാരെ എത്തി. അപ്പോഴെയ്ക്കും, ഔറംഗസീബിനെ സേവിച്ചുപോരുന്ന ഒരു ഇടപ്രഭു സുൽ ത്താൻെറ കൈപിടിച്ചു നിർത്തി: എന്നല്ല, "തിരുമേനി, മുഖത്തു കണ്ണില്ലെ ? ഔറംഗസീബാണു് വന്നിരിക്കുന്നതു്: ഗാളിയോർ ക്കോട്ടയിലെ കാരാഗൃഹം കാണേണ്ടെങ്കിൽ വേഗം ഓടി രക്ഷ പ്പെട്ടുകൊള്ളു :" എന്നു അദ്ദേഹത്തിൻെറ ചെവിയിൽ മന്ത്രിച്ചും കൊടുത്തു. നിഷ്കളങ്കനായ ഗോൽക്കൊണ്ടാധി പൻെറപേരിൽ അലിവു തോന്നുകയാൽ ആ ഇടപ്രഭു സ്വന്തം രക്ഷനോക്കാതെ പറഞ്ഞ വാക്കുകൾ കേട്ടപ്പോൾ സുൽത്താൻ ഒന്നു നടുങ്ങി. എങ്കിലും, അദ്ദേഹം ധൈര്യമവലംബിച്ചു് തിരിഞ്ഞുനിന്നു് നാലുപുറവും ഒരിക്കൽ കണ്ണോടിച്ചു. അടിക്കു മേൽ അടിവെച്ചു് അർഹതയില്ലാത്ത സ്ഥലത്തു കടക്കുന്ന ചില അടിമകളോടെ കണ്ണുകളിൽ ധിക്കാരം തുളുമ്പിത്തുളുമ്പി ക്കൊണ്ടിരിക്കുന്നതു് കണ്ടു. ഉടനെ ആ രാജപുംഗവൻെറ അഭിമാനം നിശ്ശേഷം കരിഞ്ഞെരിഞ്ഞു ചാമ്പലായി. അദ്ദേഹം ഔറംഗസീബിനെ അരക്കണ്ണുകാണുകയും ചെയ്തു. അതോടുകൂടെ, ആ ഇടപ്രഭു മന്ത്രിച്ചതു് വാസ്തവമാണെന്നുള്ള ബോധം അദ്ദേഹത്തിന്നുണ്ടായി. അക്ഷണം ആ ഗോൽ ക്കൊണ്ടമന്നൻ എന്തോ എടുക്കുവാനെന്ന നാട്യത്തിൽ ലീലാ ഗൃഹത്തിന്നകത്തു കടന്നു് അതിൻെറ പിൻവശത്തുള്ള കട്ടിള പ്പഴുതിൽക്കൂടെ വേഗം പുറത്തുചാടി. കോപ്പുകളണിയിച്ചു

നിത്തിയിട്ടുള്ള അശ്വങ്ങളുള്ളേടത്തേയ്ക്കു് അമ്പരന്നുംകൊണ്ടു പാഞ്ഞു. ഗാളിയോർക്കോട്ടയിലെ കാരാഗൃഹം കരുത്തിരുണ്ടോരു ഭയങ്കരരൂപം ധരിച്ചു് അദ്ദേഹത്തിന്റെ ദൃഷ്ടിക്കു മുന്നിൽ അന്നേരം ആവിർഭവിച്ചു. ഉടനെ തോന്നി കണ്ണുകൾ രണ്ടും ഇരുട്ടടയ്ക്കുന്നുണ്ടെന്നു്. അദ്ദേഹം അതൊന്നും അത്ര വക വെയ്ക്കാതെ ഒരിക്കൽ കൂടെ ചുറേറാട്ടു പുറവും നോക്കി. ആ തിരുമേനിയെ നോക്കിനില്ക്കുന്നവരായി ആരേയും അദ്ദേഹം കണ്ടില്ല. തന്നിമിത്തം അല്പം ആശ്വാസത്തോടെ ആ ഗോൽക്കൊണ്ടമന്നൻ നല്ലൊരു കുതിരപ്പുറത്തു ചാടിക്കയറി: ഒരു ഗൂഢമാർഗ്ഗേണ അതിവേഗം അവിടെനിന്നു് പലായനവും ചെയ്തു. അദ്ദേഹം ഒരു നാഴികയിലധികം ദൂരം ചെല്ലുമ്പോഴയ്ക്കും ഉദ്യാനത്തിൽനിന്നു പുറപ്പെട്ട ഇരമ്പം മനം കലഃങ്ങ കേട്ടു.

ഔറംഗസീബ്ബ് സൈന്യസമേതം രാജധാനിയിൽച്ചെന്നു കയറുമ്പോഴയ്ക്കും, സുൽത്താൻ അബ്ദുള്ള ഗോൽക്കൊണ്ട കോട്ടയ്ക്കു ചെന്നിരിക്കുന്ന വർത്തമാനം ആ മുഗൾരാജകുമാരന്നു അറിവുകിട്ടി. തന്നിമിത്തം യാതൊരു ഭാവഭേദവും അദ്ദേഹത്തിന്നു ഉണ്ടായില്ല. ആ തൃതീയമുഗൾരാജകുമാരൻ രാജധാനിയിലെത്തിയ ഉടനെ അവിടെയുണ്ടായിരുന്ന സുൽത്താന്റെ പത്നിമാരെ എല്ലാവരേയും ഗോൽക്കൊണ്ടക്കോട്ടയ്ക്കു അകമ്പടിയോടു കൂടെ അയച്ചു. അനന്തരം, കൊട്ടാരത്തിലും ഭണ്ഡാരത്തിലുമുണ്ടായിരുന്ന സകലവിധ സമ്പത്തും അദ്ദേഹം കരസ്ഥമാക്കി. പടയോട്ടുകൂടെ ഗോൽക്കൊണ്ട നിരോധത്തിന്നും പുറപ്പെട്ടു.

ഗോൽക്കൊണ്ടാധിപന്റെ കാര്യദർശിയായ ഹസ്സനാലിഖാന്നു വിലമതിക്കാത്ത ഒരു വജ്രഹാരവും ഒരു മുഗൾസേനാധിപതിസ്ഥാനവും സമ്മാനിച്ചു് അദ്ദേഹത്തെ ഔറംഗസീബ്ബ് സന്തുഷ്ടനാക്കി. സുൽത്താൻ അബ്ദുള്ളയോടു ഓടിരക്ഷപ്പെട്ടുകൊള്ളുവാൻ മന്ത്രിച്ച ഇടപ്രഭുവിന്നോ? കഠിനമായ പാദപ്രഹാരവും അത്യന്തം ശല്യപ്രദമായ ശൂലാഗ്രസ്ഥാനവുമാണു് തൃതീയമുഗൾരാജകുമാരൻ നൽകിയതു്.

# എട്ടാം അദ്ധ്യായം.

ജനനാൽ ഒരു പാർസിമുഹമ്മദീയനായിരുന്ന മേർജ്ജുംല. രത്നവ്യാപാരമായിരുന്നു അദ്ദേഹത്തിന്റെ പ്രവൃത്തി. പ്രകൃത്യാ പ്രാപ്തനും അദ്ധ്വാനശീലനുമായിരുന്നതുകൊണ്ട് അദ്ദേഹം അല്പകാലത്തിന്നുള്ളിൽ അനവധിധനം സമ്പാദിച്ച് പ്രസിദ്ധനായിത്തീൎന്നു. എന്നുമാത്രമല്ല, സുൽത്താൻ അബ്ദുള്ളയുടെ പ്രീതിയും വിശ്വാസവും അനായാസേന കൈക്കലാക്കുകയും ചെയ്തു. ധനം വേണ്ടുന്നവിടെ ചെലവുചെയ്ത് വേണ്ടതുപോലെ കാൎയ്യംനേടുവാൻ പ്രത്യേകം സാമൎത്ഥ്യവുമുണ്ടായിരുന്ന ആ പാർസിപ്രമാണി പിന്നീട് ശ്രമംതുടങ്ങിയതു് സുൽത്താന്റെ പ്രധാന ഉപദേഷ്ടാവും ഒരു സൈന്യാധിപനുമായിത്തീരുവാനാണ്. അദ്ദേഹത്തിന്റെ ആ പരിശ്രമവും അധികം താമസിക്കാതെ ഫലിച്ചു. എന്നിട്ടും, ധനംസമ്പാദിക്കുന്ന കാൎയ്യത്തിൽനിന്നു് അദ്ദേഹം പിൻവാങ്ങുകയുണ്ടായില്ല. ഗോൽക്കൊണ്ടയിലുള്ള ഖനികളിൽ അജ്ഞാതനാമാവായിനിന്നു് പ്രവൎത്തിയെടുപ്പിച്ച് കഴിയുന്നേടത്തോളം രത്നങ്ങൾ അദ്ദേഹം പിന്നേയും കരസ്ഥമാക്കി. അതോടുകൂടെ, ചാക്കുചാക്കായി കെട്ടിക്കിടപ്പുള്ള രത്നങ്ങളുടെ ഒടമസ്ഥനെന്നനിലയിൽ ആ ധനാഢ്യനെ ജനങ്ങൾ ഭയപ്പെടുവാനും ബഹുമാനിക്കുവാനും തുടങ്ങി:

മേർജ്ജുംല എത്രകണ്ടു വലിയൊരു ധനികനായിരുന്നുവോ അത്രകണ്ടു പ്രാപ്തനായ ഒരു സൈന്യാധിപനുംകൂടെ ആയിരുന്നു. ഗോൽക്കൊണ്ടാധിപന്റെ സൈന്യങ്ങളെ വേണ്ടുംവണ്ണം ഭരിച്ചു വന്നിരുന്ന അദ്ദേഹത്തിനു യുദ്ധോപകരണങ്ങളോടുകൂടിയ ഒരു സേന സ്വന്തം വകയായും ഉണ്ടായിരുന്നു. സാത്വികഗുണപ്രധാനനായ ഒരു സമാധാനതല്പരനാണെന്നു് ജനങ്ങളെ വിശ്വസിപ്പിച്ച് വിധിയാംവണ്ണം കാൎയ്യംനോക്കിവരിക നിമിത്തം അദ്ദേഹത്തിന്നും അദ്ദേഹത്തിന്റെ സൈന്യത്തിന്നും ഗോൽക്കൊണ്ടയിൽ സ്ഥിരപ്രതിഷ്ഠ ലഭിക്കുവാൻ

അധികംകാലം കഴിയേണ്ടിവന്നില്ല. അതിന്നുവേണ്ടി കഠിന മായി അദ്ധ്വാനിക്കേണ്ടതായും വന്നില്ല. എന്നാൽ, മാസം പത്തുതികഞ്ഞാൽപ്പിന്നെ അർഭകനുണ്ടോ ഗർഭപാത്രംവിട്ടു പുറത്തുവരാതിരിക്കുന്നു ? വേണ്ടുംവണ്ണം വിഷസ്സഞ്ചി നിറഞ്ഞു കഴിഞ്ഞാൽപ്പിന്നെ കണ്ടെത്തുന്നവരെ കടിക്കാതിരിക്കുമോ കാട്ടുമൂർഖൻ ? തനിക്കും തൻെറ സൈന്യത്തിന്നും ഗോൽ ക്കൊണ്ടയിൽ സ്ഥിരമായ ഒരു സ്ഥാനം കിട്ടിക്കഴിഞ്ഞു എന്നു കണ്ടപ്പോൾ മേർജ്ജുംലക്കു് പരദ്രോഹം ചെയ്യാതെ അടങ്ങി പ്പാക്കുവാൻ സാദ്ധ്യമല്ലാതായി. അങ്ങുമിങ്ങും ഒററപ്പെട്ടു പാക്കുന്ന ഹിന്തുപ്രമാണികളെ ആ പാർസിപ്രമുഖൻ ദ്രോഹിക്കുവാൻ തുടങ്ങി. അതുകാരണം കൈവശം വന്നു കൂടിയ ധനത്തിന്നു് കണക്കില്ലെന്നു വന്നപ്പോൾ മേർജ്ജുംലയ്ക്കു് ചെറിയൊരു ദിഗ്‌വിജയംതന്നെ നടത്തേണമെന്നു് ആഗ്രഹ മുണ്ടായി. അധികം താമസിക്കാതെ അദ്ദേഹം പടയോടുകൂടെ കർണ്ണാടകപ്രദേശത്തു് കടന്നുചെന്നു് അവിടെക്കണ്ട ഹിന്തു ക്ഷേത്രങ്ങളെല്ലാം തകർത്തു കൊള്ളയിട്ടു് പിന്നെയും ധനം സമ്പാ ദിക്കുവാൻ തുടങ്ങി. അപ്പോഴെയ്ക്കും, പ്രതിദിനം വർദ്ധിച്ചു വർദ്ധിച്ചു മൂർദ്ധന്യദശയിലെത്തിയ മേർജ്ജുംലയുടെ പ്രാബല്യം സുൽത്താൻ അബ്ദുള്ളയെ ഭയവിഹ്വലനും അസൂയാപരവ ശനുമാക്കിത്തീർത്തു. വല്ലവിധവും ആ പാർസിപ്രഭുവിൻെറ ശക്തി നിശ്ശേഷം നശിപ്പിക്കാഞ്ഞാൽ ഭാവിയിൽ തനിയ്ക്കു തൻെറ സ്ഥാനത്തു വാഴുവാൻ സാധിക്കുന്നതല്ലെന്നുള്ള ഒരു തോന്നലും ഗോൽക്കൊണ്ടാധിപനു ഉണ്ടായി. അതോടുകൂടെ, നിമിഷംപ്രതി മൂച്ചുകൂടിക്കൂടി വരുന്ന വിഷപ്പല്ലുകളോടൊന്നിച്ചു വിഷസ്സഞ്ചിയും കൂടെ പറിച്ചുകളഞ്ഞു് മേർജ്ജുംലായെ കൂട്ടിലെ പ്പാമ്പാക്കിവിടുവാൻ അബ്ദുള്ള തീർച്ചപ്പെടുത്തി. എങ്കിലും, തത്സമയം കർണ്ണാടകപ്രദേശത്തായിരുന്ന ആ പാർസിപ്രമാണി തിരിച്ചെത്തി രാജധാനിക്കുള്ളിൽക്കടക്കുന്നതുവരെ യാതൊന്നും തന്നെ പ്രവൎത്തിക്കുവാൻ സുൽത്താന്നു നിവൃത്തിയുണ്ടായിരു ന്നില്ല. ആ തിരുമേനി തൻെറ അന്തർഗ്ഗതം ഇന്നതെന്നു ആരേയും അറിയിക്കാതെ ക്ഷമയോടെ മേർജ്ജുംലയുടെ വരവും

കാത്തു് ദിവസങ്ങൾ കഴിച്ചുവന്നു. എന്നാൽ, വളരെനാൾ അങ്ങിനെ ക്ഷമിച്ചടങ്ങിപ്പാൎക്കുവാൻ ഗോൽക്കൊണ്ടമണാളനു് തരമായില്ല. ആ തിരുമേനിയുടെ സ്വന്തം മാതാവുമായി അനാശാസ്യമായ അതിരുകടന്ന പരിചയം ധാരാളമുണ്ടെന്നു നടിച്ചിരുന്ന മേൎജ്ജുംല ആ സംഗതി പലരുംകേൾക്കെപ്പറഞ്ഞു് അഭിമാനിക്കയുണ്ടായെന്നു് സുൽത്താനു ഗൂഢമായി അറിവു കിട്ടി. തൽക്ഷണം അബ്ദുള്ളയുടെ ഹൃദയത്തിൽ അടങ്ങി ക്കിടക്കുന്ന കോപാനലൻ പെട്ടെന്നു കത്തിക്കാളിജ്ജ്വലിച്ചു: ഹൃദയം കറുത്തിരുണ്ട ധൂമപടലംകൊണ്ടു് നിറഞ്ഞു: സുൽത്താന്റെ വിവേകദൃഷ്ടി അമ്പെ അടഞ്ഞു: അദ്ദേഹം മേൎജ്ജുംലയെ ശപിക്കുവാനും അധിക്ഷേപിക്കുവാനും തുടങ്ങി. "മേൎജ്ജുംല ഗോൽക്കൊണ്ടയിൽ തിരിച്ചെത്തിയാൽ അവനെ പ്പിന്നെ കാരാഗൃഹത്തിന്റെ ബഹിൎഭാഗം ഞാൻ കാണിക്കില്ല." എന്നു ശകാരിക്കുന്നതിന്നിടയിൽ സുൽത്താൻ പറയുകയും ചെയ്തു. രാജധാനിയിലുണ്ടായിരുന്ന മേൎജ്ജുംലയുടെ ഉററ ബന്ധുക്കൾ ആ വിവരം ആ പാൎസിപ്രമുഖനെ അല്പംപോലും താമസിക്കാതെ അറിയിച്ചു. ആ വൎത്തമാനംകേട്ടപ്പോൾ മേൎജ്ജുംല വല്ലാതെ ഭയപ്പെടുകയും സുൽത്താൻ അബ്ദുള്ളയുമായുള്ള കൂട്ടുകെട്ടു് മേലാൽ വേണ്ടെന്നു തീൎച്ചപ്പെടുത്തുകയും ചെയ്തു. അതുകൊണ്ടുമാത്രം ശമിക്കുന്നതല്ലല്ലോ മേൎജ്ജുംലയുടെ അരിശം. താപവും കോപവും പ്രതികാരേച്ഛയുംകൊണ്ടു തരളഹൃദയനായിത്തീൎന്ന ആ തന്ത്രജ്ഞൻ നിൎല്ലജ്ജം സുൽത്താന്റെ സൎവ്വസ്വവും നശിപ്പിക്കുവാൻ തീൎച്ചപ്പെടുത്തി. ഡക്കാനിലുള്ള മുഗൾ സംസ്ഥാനത്തിലെ ഗവൎണരായ ഔറംഗസീബിന്നു ഒരു ദൂതൻവശം ആ പാൎസിപ്രഭു ഒരു കത്തു കൊടുത്തയച്ചു. ഉമ്മർഖാനായിരുന്നു ആ ദൂതൻ. ആ കത്തു ഏതാണ്ടിപ്രകാരമായിരുന്നു.

"പ്രഭോ! ഗോൽക്കൊണ്ടാധിപനായ സുൽത്താൻ അബ്ദുള്ള അടിയന്റെ കുടുംബവും സ്വത്തും അടക്കി വെച്ചു് അടിയനെ നാമാവശേഷനാക്കുവാൻ ഒരുങ്ങിയിരിക്കുന്നു. വളരെക്കാലമായി സുൽത്താനെ കൂറോടുകൂടെ

സേവിച്ചുപോരുന്ന അടിയനെ അകാരണമായി അപ്ര കാരം ചെയ്യുന്നതു് പാപവും അനീതിയുമാണെന്നു ലോകം മുഴക്കെ സമ്മതിക്കുന്നതാണ്. ഒട്ടുംതന്നെ ഉപകാരസ്മരണ യില്ലാത്ത ആ ഘാതകനിൽനിന്നു് അടിയനെരക്ഷിക്കുവാൻ മററാൎക്കുംതന്നെ ശക്തിയില്ലാത്തതുകൊണ്ടു് അടിയൻ ഇതാ തിരുമേനിയെ ശരണംപ്രാപിക്കുന്നു. ധൎമ്മിഷ്ഠ ന്മാരായ മുഗൾരാജകുമാരന്മാർ ശരണാഗതരെ ഉപേക്ഷി ക്കുക പതിവില്ലല്ലോ!

തിരുവുള്ളമുണ്ടായി ഈ ആശ്രിതൻ എഴുതുന്നതു ശ്രദ്ധയോടെ വായിക്കുകയും അതുപ്രകാരം പ്രവൎത്തിക്കു കയും ചെയ്യുന്നതായാൽ ഗോൽക്കൊണ്ടയേയും ഗോൽ ക്കൊണ്ടാധിപനേയും അടിയൻ തിരുമേനിയുടെ ആധി ന്യത്തിലാക്കിത്തരുന്നതാണ്. തിരഞ്ഞെടുത്ത അയ്യാ യിരം അശ്വഭടന്മാരോടൊന്നിച്ചു് അവിടുന്നു ഔറംഗബാ ദിൽനിന്നു പുറപ്പെട്ടുകയും രാജ്യകാൎയ്യസംബന്ധമായി സുൽത്താനെക്കാണുവാൻചെല്ലുന്ന ചക്രവൎത്തിതിരുമന സ്സിലെ ഒരു ദൂതനാണെന്നു വഴിനീളെ പറഞ്ഞുപരത്തി ക്കൊണ്ടു ഭാഗ്യനഗരത്തിൽ പ്രവേശിക്കുകയും ചെയ്താൽ കാൎയ്യം സഫലമായെന്നുതന്നെ കരുതാം. ഗോൽക്കൊണ്ടാ ധിപൻെറകാൎയ്യദൎശിയായ ഹസ്സനാലിഖാനെ കണ്ടശേഷം മാത്രമെ തിരുമേനിക്കു സൽത്താനെ നേരിട്ടുകാണ്മാൻ തരമാവുകയുള്ളു. ഹസ്സനാലിഖാൻ അടിയൻെറ ഉപ്പു തിന്നു ജീവിക്കുന്നവനും അടിയന്നു വേണ്ടി എന്തും ചെയ്യു വാൻഒരുക്കമുള്ളവനുമാണ്. ആ ഖാനെ വിശ്വസിക്കാം. സുൽത്താൻ അബ്ദുള്ള ഹസ്സനാലിഖാനോടൊന്നിച്ചു് തിരുമേനിയെ എതിരേല്ക്കുവാൻ വരും. ആ സന്ദൎഭത്തിൽ ഗോൽക്കൊണ്ടമന്നനെപ്പിടിച്ചു ബന്ധിക്കുവാൻ തിരുമേ നിക്കു നിഷ്പ്രയാസം സാധിക്കുന്നതാണ്. അതിന്നു വേണ്ടി മുൻകൂട്ടി ചെയ്യേണ്ടുന്നതെല്ലാം ചെയ്തുവെച്ചു തയ്യാ റായിരിക്കുവാൻ അടിയൻ ഹസ്സനാലിഖാന്നു കല്പനകൊടു ക്കുന്നുണ്ടു്. സുൽത്താനെപ്പിടിച്ചു ബന്ധിച്ചശേഷം അദ്ദേ

ഹത്തിന്റെ രാജധാനിയേയും കുടുംബത്തേയും കൂടെ തിരുമേനിക്കു പിടിച്ചടക്കാം. എന്നുമാത്രമല്ല, ആ സുൽത്താനേയും കുടുംബത്തേയും സംബന്ധിച്ച് തിരുവുള്ളത്തിൽ തോന്നുന്നതുപോലെ പ്രവൃത്തിക്കുകയുംചെയ്യാം. അടിയന്റെ ഈ അപേക്ഷപ്രകാരം കാര്യം നടത്തുവാൻ തിരുമേനി സന്നദ്ധനാണെങ്കിൽ അതിന്നു വേണ്ടിവരുന്ന ചെലവെല്ലാം അടിയൻതന്നെവഹിക്കുന്നതാണ്. ദിവസം ഒന്നിന്നു അയമ്പതിനായിരം ഉറുപ്പികവീതം തിരുമേനിയുടെ പാദങ്ങളിൽ അടിയറവെയ്ക്കുവാൻ അടിയൻ ഇതാ ഒരുങ്ങിയിരിക്കുന്നു. അനുകൂലമായ മറുവടി കിട്ടിയ ഉടനെ പണം അവിടെ എത്തിക്കുന്നതാണ്."

ഗോൽക്കൊണ്ട ആക്രമിക്കുവാൻ കാരണത്തിന്നു കാത്തിരിക്കുന്ന ഔറംഗസീബ് ഇത്തരത്തിലുള്ള ഒരു കത്തു കിട്ടിയാൽ പിന്നെ അടങ്ങിയിരിക്കുന്നതാണോ? മേർജുംലയുടെ രക്ഷാകർത്താവെന്ന നിലയിൽ സുൽത്താൻ അബ്ദുള്ളയോട് ചോദ്യം ചോദിക്കുവാൻ ആ മുഗൾരാജകുമാരൻ നിശ്ചയിച്ചു. ഉടൻ തന്നെ അതിന്നു പുറപ്പെടുകയും ചെയ്തു.

ഔറംഗസീബും പടയും ഭാഗ്യനഗരത്തിന്നു സമീപം എത്തിയില്ല. അപ്പോഴേയ്ക്കുതന്നെ, ഷാജഹാൻ ചക്രവർത്തിയുടെ ഒരു ദൂതൻ സുൽത്താനെക്കാണുവാൻ വരുന്നുണ്ടെന്ന വർത്തമാനം നാടെങ്ങും പരന്നുവശായി. ഗോൽക്കൊണ്ടാധിപൻ ആ ദൂതനെ ബഹുമാനപൂർവ്വം സ്വീകരിക്കുവാൻ ഒരുക്കവും തുടങ്ങി. എന്നുമാത്രമല്ല, ആ സന്ദേശവാഹകൻ ഏതാണ്ട് അടുത്തെത്തിയെന്നുകേട്ടപ്പോൾ അദ്ദേഹത്തെ സംബന്ധിച്ച വിവരങ്ങളെല്ലാം അറിഞ്ഞുചെല്ലുവാൻ കാര്യദർശിയായ ഹസ്സനാലിഖാനെ സുൽത്താൻ കല്പിച്ചയക്കുകയും ചെയ്തു. ഹസ്സനാലിഖാനും ഔറംഗസീബും അന്യോന്യംകണ്ട് ആചാരോപചാരങ്ങൾ നടത്തിയതിൽപ്പിന്നെ ഗൂഢമായ ഒരു സ്ഥലത്തു വെച്ച് ഒരു സംഭാഷണം നടത്തുകയുണ്ടായി. അതിന്റെ അവസാനഭാഗം നമുക്കും കേൾക്കതന്നെ.

ഔറംഗസീബ്:—ചെറിയൊരു യുദ്ധമെങ്കിലുംവേണ്ടിവരുമെന്നു തോന്നുന്നുണ്ടോ ?

ഹസ്സനാലിഖാൻ :—ഇല്ല, തിരുമേനി, തിരുമേനിയെ സംബന്ധിച്ച പരമാൎത്ഥം ഇതുവരെ അന്യരാരുംതന്നെ ഗ്രഹിച്ചിട്ടില്ല. യാതൊരു അപായശങ്കയും കൂടാതെയാണു് തിരുമേനിക്കു സ്വാഗതം നൽകുവാൻ സുൽത്താൻ ഒരുങ്ങി നില്ക്കുന്നതു്.

ഔറംഗസിബ്:—സുൽത്താന്റെ സൈന്യങ്ങൾ ?

ഹസ്സനാലിഖാൻ:—സൈന്യത്തിൽ അധികം ഭാഗവും ഗോൽക്കൊണ്ടയിലാണു്. ഈ തലസ്ഥാന നഗരത്തിലും കുറച്ചുപേരെ നിൎത്തിയിട്ടുണ്ടു്. ഇവിടെയുള്ളവർ ആരും തന്നെ ഈ സന്ദൎഭത്തിൽ ആയുധപാണികളല്ല. സുൽത്താന്റെ അംഗരക്ഷകന്മാരായി നൂറോളം പേരുണ്ടു്. സുൽത്താൻ സന്തോഷസൂചകമായി തന്നയച്ചതാണെന്ന വ്യാജം പറഞ്ഞു് ധാരാളം പണവും മദ്യവും സമ്മാനിച്ചു് അവരെ എല്ലാവരേയും അടിയൻ തൽക്കാലം ഇവിടെ നിന്നു അകററിയിരിക്കുന്നു.

ഔറംഗസിബ് :— അംഗരക്ഷകന്മാരെ അടുത്തുകാണാഞ്ഞാൽ സുൽത്താൻ........................................?

ഹസ്സനാലിഖാൻ:— തിരുമേനിയെ സ്വീകരിച്ചു സൽക്കരിക്കുവാൻ ബദ്ധപ്പെട്ടുകൊണ്ടു നില്ക്കുന്ന സുൽത്താന്നു ആ വകയൊന്നും തന്നെ കാണുവാൻ ഇപ്പോൾ കണ്ണില്ല. അംഗരക്ഷകന്മാരോടു അകലത്തൊരുമറിക്കിൽ തൽക്കാലം അടങ്ങി നില്ക്കുവാനാണു് സുൽത്താൻ കല്പിച്ചിട്ടുള്ളതു്,

ഔറംഗസീബ് :— ശരി. സുൽത്താനെപ്പിടിച്ചു ബന്ധിക്കുവാൻ ഏൎപ്പാടു വല്ലതും ചെയ്തിട്ടുണ്ടോ ?

ഹസ്സനാലിഖാൻ :— ഉണ്ടു്, തിരുമേനി. ബലവാന്മാരായ ഇരുപതു അടിമകളെ ആ കാൎയ്യത്തിന്നു മാത്രമായി ഒരുക്കി നിൎത്തിയിട്ടുണ്ടു്.

**ഔറംഗസീബ്:—** അവരെ മാത്രം വിശ്വസിച്ച് മററു ഏർപ്പാടൊന്നുംചെയ്യാതിരുന്നാൽ അബദ്ധം പിണയില്ലല്ലോ?

**ഹസ്സനാലിഖാൻ.—** ഇല്ല, തിരുമേനി. ആ അടിമകൾ എന്തിന്നും പോന്നവരും വിശ്വസിക്കാവുന്നവരുമാണ്.

ഔറംഗസീബ്:—ശരി, നാം വഴിയെ വരുന്നുണ്ട്. വേഗം ചെന്ന് കാര്യസിദ്ധിക്കുള്ള മാർഗ്ഗം ശരിപ്പെടുത്തിവെയ്ക്കു.

ഹസ്സനാലിഖാൻ:—കല്പനപൊലെ.

അവരുടെ സംഭാഷണം അവസാനിച്ചു. ഉടൻതന്നെ ഹസ്സനാലിഖാൻ അതിവേഗം തിരികെചെന്ന് സുൽത്താനെ കാണുകയും ചെയ്തു. അനന്തരം നടന്ന സംഭവങ്ങളിൽ ഗോൽക്കൊണ്ട നിരോധത്തിന്നു ഔറംഗസീബ് പുറപ്പെട്ടതുവരെയുള്ളത് വായനക്കാർ അറിഞ്ഞിരിക്കുന്നുവല്ലോ !

ഔറംഗസീബിൻെറ കൈയിലകപ്പെടാതെ കഴിച്ച് ഗോൽക്കൊണ്ടക്കോട്ടയ്ക്കു പലായനം ചെയ്ത സുൽത്താൻ രണ്ടു നാഴികദൂരം ചെല്ലുമ്പോഴയ്ക്കും തൻെറ അംഗരക്ഷകന്മാർ വരുന്നതുകണ്ടു. മദ്യപാനത്താൽ മദോന്മത്തരായി അപമൃത്യുവെപ്പോലും തൃണവൽഗണിച്ചുകൊണ്ടുള്ളതായിരുന്നു അവരുടെ ആ വരവ്. ആ അശ്വഭടന്മാരെ ആ സ്ഥലത്തുവെച്ചു കണ്ടപ്പോൾ അബ്ദുള്ള അല്പനേരം സ്തംഭിച്ചുപോയി. ദൂതനെസ്വീകരിച്ച് ആസനസ്ഥനാകുന്നതുവരെ ഒരു ദിക്കിൽ അടങ്ങിനില്ക്കുവാനും അതിന്നുശേഷം അംഗരക്ഷയ്ക്കും അകമ്പടിക്കും വന്നുചേരുവാനുമാണ് സുൽത്താൻ അവരോടു കല്പിച്ചിരുന്നത്. അതുപ്രകാരം പ്രവത്തിക്കാതെ ഉദ്യാനത്തിൽനിന്നു പോയി തെണ്ടിത്തിരിഞ്ഞശേഷം തിരികെചെല്ലുന്ന ആ ഭടന്മാരെ ശാസിക്കുവാനോ അവരോടു സംസാരിച്ച് സമയം നഷ്ടമാക്കിക്കൊണ്ട് അവിടെ നില്ക്കുവാനോ ഗോൽക്കൊണ്ടമന്നൻ അപ്പോൾ തുനിഞ്ഞില്ല. ഭക്ഷണസാധനങ്ങൾ കിട്ടുന്നേടത്തോളം സമ്പാദിച്ച് വേഗം ഗോൽക്കൊണ്ടക്കോട്ടയിൽച്ചെന്നു ചേരുവാൻ അദ്ദേഹം ആ ഭടന്മാരോടു കല്പിച്ച് അവരെ നൂറുപേരേയും നൂറുവഴിക്കു പറഞ്ഞയച്ചു. ആ വഴിയെ ഗോൽക്കൊണ്ടക്കോട്ടയ്ക്കു ചെല്ലുകയും ചെയ്തു.

സുൽത്താൻ കോട്ടയിൽച്ചെന്നു കയറിയ ഉടനെ.ച്ചെയ്തതു് അവിടെയുണ്ടായിരുന്ന ഭടന്മാരോട്ട് നഗരത്തിലുള്ള സൈന്യങ്ങളേയും സൈന്യാധിപന്മാരേയും വേഗം കോട്ടയിൽ വരുത്തുവാൻ കല്പിക്കുകയാണ്. കോട്ടയെ ബലവത്തരമാക്കിത്തീക്കുക, ഭക്ഷണസാധനങ്ങൾ ഒരുക്കൂട്ടുക മുതലായ കാര്യങ്ങളിൽ പിന്നീടാണ് അദ്ദേഹം ശ്രദ്ധപതിപ്പിച്ചതു്. എന്നിരിക്കിലും, ആ കാര്യങ്ങൾ അവിടെ അതിജാഗ്രതയോടെ നടക്കുവാൻ തുടങ്ങി. അപ്പോഴയ്ക്കും, ഔറംഗസീബ് രാജധാനിയിൽനിന്നയച്ച രാജ്ഞികളെല്ലാവരും അവിടെ എത്തിച്ചേർന്നു. ആഹാരസാധനങ്ങൾ സമ്പാദിച്ചു് വേഗംചെല്ലുവാൻ നിയോഗിച്ചിരുന്ന ഭടന്മാരും:തിരിച്ചെത്തി. അവരിൽ പ്രധാനനെ വിളിച്ചു് സുൽത്താൻ കുറച്ചൊന്നു വിസ്തരിക്കയുണ്ടായി. താൻ കണ്ണും ചിമ്മി വിശ്വസിച്ചിരുന്ന ഹസ്സനാലീഖാൻ ചതിച്ച ചതി അപ്പോൾ മാത്രമെ അബ്ദുള്ളയ്ക്കു മനസ്സിലായുള്ളൂ. ലുബ്ധശിരോമണിയായ ആ കാര്യദശിക്കു പണംകൊണ്ടു് അത്തരത്തിലുള്ള ഒരു ഔദാര്യം നടത്തുവാൻ മനസ്സുവരികയില്ലെന്നും ആ വഞ്ചകന്റെ പിന്നിൽ രാജദ്രോഹിയായ ഒരു ധനികൻ മറഞ്ഞുനില്ക്കുന്നുണ്ടെന്നും ആ ദ്രോഹി തീർച്ചയായും മേർജുംല തന്നെ ആയിരിക്കുമെന്നും സുൽത്താൻ അധികം ശ്രമപ്പെടാതെ ഊഹിച്ചറിയുകയും ചെയ്തു. അതോടുകൂടെ, ഔറംഗസീബിന്റെ ആ വരവിനെക്കുറിച്ചുള്ള പരമാർത്ഥവും അദ്ദേഹം ഗ്രഹിച്ചു. എന്നിട്ടും കൂടെ, ഭയപ്പെട്ടുകാട്ടുകയറുവാൻ തുനിയാതെ ഔറംഗസീബിനോടെതിക്കുവാൻതന്നെയാണ് സുൽത്താൻ തീർച്ചപ്പെടുത്തിയതു്. അതിന്നുവേണ്ടുന്ന ഒരുക്കവും അദ്ദേഹം ആരംഭിച്ചു. എന്നാൽ, അധികം ദിവസം ആ കാര്യത്തിൽ നിർബാധം മനസ്സുവെയ്ക്കുവാൻ സുൽത്താന്നു സാദ്ധ്യമായില്ല. അപ്പോഴയ്ക്കും ഔറംഗസീബ് പടയോടുകൂടെയെത്തി കോട്ടവളഞ്ഞുനിരോധം തുടങ്ങി.

# ഒമ്പതാം അദ്ധ്യായം.

രാത്രിനേരം. സമയം ഏതാണ്ട് ഒരു മണികഴിഞ്ഞു കാണും. നല്ല നാട്ടുവെളിച്ചമുണ്ട്. ജനസഞ്ചാരം തീരെ നിലച്ചിരിക്കുന്നു. എങ്ങും നിശ്ശബ്ദം. എങ്കിലും, അത്തർ എന്ന സൌരഭ്യലോകചക്രവത്തിനിയുടെ ജനയിത്രിയായ ഉദ്യാനമോഹിനിയെ ഒന്നു ചെന്നു കണ്ടേ കഴിയൂ.

ആ മലർവാടിയിലുള്ള ലീലാമണ്ഡപത്തിൽ കേശാദിപാദം കവചം ധരിച്ചിരിക്കുന്ന നാലു പടയാളികൾ പതിവുപോലെ പാറാവു നിൽക്കുന്നുണ്ട്. മണ്ഡപത്തിന്റെ മദ്ധ്യത്തിലുള്ള രാജോചിതങ്ങളായ ഇരിപ്പിടങ്ങളെ ജഹാനറയും ഹമീർസിംഹനും തങ്ങളുടെ സാന്നിദ്ധ്യംമൂലം അലങ്കരിച്ചിരിക്കുന്നു. അവർ എന്തോ കാര്യമായി കാര്യവിചാരം നടത്തിക്കൊണ്ടിരിക്കയാണ്. അവർ നടത്തുന്ന സംഭാഷണത്തിന്റെ ഒരു ഭാഗം നമുക്കും കേൾക്കതന്നെ.

ഹമീർസിംഹൻ !—ഔറംഗസീബ് ചെയ്തതു് സൈന്യസമേതം ചെന്നു് ഗോൽക്കൊണ്ടകോട്ട വളയുകയല്ല. പുലിവാലു പിടിക്കുകയാണ്. പിടിച്ചതോ, ആളെപ്പിടിയൻ പുലിയുടെ വാലും. ആ വിവേകശൂന്യൻ കടന്നൽക്കൂട്ടിൽ കല്ലെറിഞ്ഞതിന്റെ ഫലം അധികം താമസിക്കാതെ നമുക്കു കണ്ടു സന്തോഷിക്കാറാകും.

ജഹാനറ :—രാജൻ പറയുന്നതിൽ നമുക്കു വിശ്വാസം വരുന്നില്ലല്ലോ. തെററിദ്ധരിക്കേണ്ടാ. രാജന്റെ വാക്കുകൾ നമുക്കു സമാധാനം തരുന്നില്ല. നാം പറഞ്ഞതിൽ അത്രമാത്രമെ അത്ഥമുള്ളു.

ഹമീർസിംഹൻ :—അതിലധികം ഉണ്ടെങ്കിൽക്കൂടെ എനിക്കു പരിഭവമില്ല. ദേവിയുടെ ഈ ഭയം അടിസ്ഥാനമില്ലാത്തതാണ്. ഗോൽക്കൊണ്ടയേയും, ഗോൽക്കൊണ്ടാധിപനേയും നല്ലവണ്ണം മനസ്സിലാകാത്തതുകൊണ്ടാണ് ദേവി ഇങ്ങിനെ പരിഭ്രമിക്കുന്നതു്.

ജഹാനറ :—നാം പരിഭ്രമിക്കുന്നതിലാണോ തെററ് ? സ്വൎണ്ണ ഖനികളും രത്നഖനികളുംകൊണ്ടു നിറഞ്ഞിരിക്കുന്ന ഗോൽക്കൊണ്ടയുടെ ആധിപത്യം കിട്ടിക്കഴിഞ്ഞാൽ പ്പിന്നെ ഔറംഗസീബിനെ പിടിച്ചുനിൎത്തുവാൻ ആരുണ്ടാകും ? യുദ്ധമുണ്ടാകുന്നപക്ഷം അതിന്നുവേണ്ടിവരുന്ന ധനംമുഴുവനും ഗോൽക്കൊണ്ടയിൽനിന്നു നേടുവാൻ അവന്നുസാധിച്ചു എന്നു വരില്ലെ ?

ഹമീർസിംഹൻ :—യുദ്ധമുണ്ടാകുന്ന കാൎയ്യം തീർച്ചതന്നെ. അതിന്നു വേണ്ടിവരുന്ന ധനംമുഴുവനും കൈക്കലാക്കുവാൻ ഔറംഗസീബിന്നു സാധിക്കുന്നതു് ഗോൽക്കൊണ്ട പിടിച്ചടക്കിയാലല്ലെ ? അതു ഉണ്ടാകുന്നതല്ല.

ജഹാനറ :—എന്തുകൊണ്ടു്, രാജ ?

ഹമീർസിംഹൻ:—ദേവി ! ദുർല്ലഭം ചിലർമാത്രമെ ഗോൽക്കൊണ്ട പിടിച്ചടക്കിയിട്ടുള്ളു. അങ്ങിനെ ചെയ്തതുകൊണ്ടു് അനൎത്ഥങ്ങളല്ലാതെ ഗുണങ്ങളൊന്നുംതന്നെ അവൎക്കു് ഉണ്ടായിട്ടില്ല. പിടിച്ച ഉടനെ പിടിവിട്ടു് പിന്തിരിഞ്ഞു പോരികയാണു് അവർ ചെയ്തിട്ടുള്ളതു്.

ജഹാനറ :—കാരണം ?

ഹമീർസിംഹൻ :—കൊടുങ്കാടു കെട്ടിക്കിടക്കുന്ന മലകളെക്കൊണ്ടു നിറഞ്ഞ ഡക്കാൻ പീഠഭൂമിയുടെ ഒരു ഭാഗമാണു് ഗോൽക്കൊണ്ട. വിദേശീയൎക്കു് സഞ്ചാരസൌകൎയ്യം തീരെ ഇല്ലതന്നെ. ആ മലനാട്ടുകാരുടെ സ്വഭാവംതന്നെ ആൎക്കും കീഴടങ്ങാത്തതുമാണു്. നിവൃത്തിയില്ലെന്നു കണ്ടാൽ അവർ ശത്രുക്കൾക്കു കീഴടങ്ങി എന്നു നടിക്കും. വല്ലതും കാഴ്ചവെച്ചു് കണ്ണിൽ പൊടിയിട്ടു് എതിരാളിയെ തിരിച്ചയയ്ക്കും. ശത്രു പിന്തിരിഞ്ഞാൽക്കഴിഞ്ഞു അവരുടെ ആ നാട്യം. സകലരും സ്വതന്ത്രരാകും. അതിന്നും പുറമെ, സൌകൎയ്യം കിട്ടിയാൽ കാട്ടുകള്ളന്മാരെ അയച്ചു് തങ്ങൾ കൊടുത്തതിലധികം ധനം ആ ശത്രുവിൽനിന്നു് കവർച്ചചെയ്യിപ്പിച്ചു്

എടുക്കുകയും ചെയ്യും. രാജ്യം പിടിച്ചടക്കാൻ പുറപ്പെട്ടു പോയവന്നു ജീവനോടെ തിരികെപ്പോന്നുകിട്ടിയാൽ മതിയെന്നാകും.

ജഹാനറ:—അങ്ങിനെയാണെങ്കിൽ എങ്ങിനെ ആ പീഠഭൂമിയിൽ ഒരു മുഗൾസംസ്ഥാനമുണ്ടായി?

ഹമീർസിംഹൻ:—വിന്ധ്യന്നു തെക്കുള്ള ഏതാനും മലംപ്രദേശങ്ങളും ബീറാറും അഹമ്മദ്നഗരം കോട്ടയും മാത്രമെ മുഗൾചക്രവത്തിയുടെ ആധീന്യത്തിലുള്ളു. ഗോൽക്കൊണ്ടയും ബീജാപുരവും സ്വാതന്ത്ര്യരാജ്യങ്ങളാണു്. മഹാനായ അക്ബർചക്രവത്തിക്കു ഗോൽക്കൊണ്ട പിടിച്ചടക്കുവാൻ ആഗ്രഹമുണ്ടായിരുന്നില്ലെ? ദേവിയുടെ പിതാവിന്നും ഗോൽക്കൊണ്ട പിടിച്ചടക്കുവാൻ ആഗ്രഹമുണ്ടായിരുന്നില്ലെ? ആ തിരുമേനികൾ രണ്ടുപേരും എന്തുകൊണ്ടു് ആ കാര്യം നടത്തിയില്ല? നടത്തിയിരുന്നു എങ്കിൽ ഇപ്പോൾ ഡക്കാനിൽ ഒരു മുഗൾസംസ്ഥാനം ഉണ്ടാകയില്ലായിരുന്നു. ഗോൽക്കൊണ്ടയിലേയും ബീജാപുരത്തിലേയും സുൽത്താന്മാരുമായി സഖ്യംചെയ്തു് സ്നേഹത്തിൽ വത്തിച്ചു വരുന്നതുകൊണ്ടാണു് ദേവിയുടെ പിതാവിന്നു ഡക്കാനിലെ സംസ്ഥാനം നിലനിന്നു വരുന്നതു്. അക്ബർചക്രവത്തിയും ദേവിയുടെ പിതാവും ഒന്നും കാണാതെയല്ലാ ആ രണ്ടു രാജ്യത്തിൻെറയും സ്വാതന്ത്ര്യം നശിപ്പിക്കാതിരുന്നതു്. ആ തിരുമേനികൾ ശക്തരല്ലാതിരുന്നതുകൊണ്ടാണോ?

ജഹാനറ:—അല്ല, തീർച്ചതന്നെ. അക്ബർചക്രവത്തിക്കും നമ്മുടെ പിതാവിന്നും പരധനത്തിൽ ആഗ്രഹമില്ലാത്തതുകൊണ്ടും പരദ്രോഹത്തിൽ അഭിരുചിയില്ലാത്തതുകൊണ്ടും അവർ ആ രണ്ടു രാജ്യവും പിടച്ചടക്കിയില്ലാ എന്നാണു് നാം വിചാരിക്കുന്നതു്.

ഹമീർസിംഹൻ:—ആ വിചാരം തെററാണു് ദേവി. ഡക്കാൻ ആക്രമിക്കുവാൻ തുനിഞ്ഞ ഉത്തരേന്ത്യയിലെ രാജാക്ക

ന്മാക്കൊക്കെ അവരുടെ ആ ഉദ്യമങ്ങൾ ആപൽക്കരങ്ങളായിത്തീരുകയാണു് ഉണ്ടായിട്ടുള്ളതു്.

ജഹാനറ :—പിതാവു് ഡക്കാനിൽ ഒരു സംസ്ഥാനം സ്ഥാപിച്ചില്ലെ ? അതുകൊണ്ടു് ആ തിരുമേനിക്കു് യാതൊരാപത്തും വന്നിട്ടില്ലല്ലോ ?

ഹമീർസിംഹൻ :—ഇപ്പോൾ ഇല്ല. മേലാൽ ഉണ്ടാകയില്ലെന്നു് പറഞ്ഞുകൂടാ. ഡക്കാനിൽ ദേവിയുടെ പിതാവു് ഒരു മുഗൾസംസ്ഥാനം സ്ഥാപിച്ചതു് ആ പീഠഭൂമി മുഴുവനും കൈയ്യേറിക്കയ്യിലാക്കി മുഗൾസാമ്രാജ്യത്തോടു ചേൎക്കുവാനല്ലാ. തെക്കുനിന്നുള്ള ആക്രമണം മൂലം മുഗൾസാമ്രാജ്യത്തിൽ സമാധാനഭംഗം വന്നുചേരാതെ കഴിക്കുവാൻവേണ്ടി മാത്രമാണു് ആ തിരുമേനി ആ പ്രദേശങ്ങൾ പിടിച്ചടക്കിയതും അവിടെ ഒരു സൈന്യത്തെ നിൎത്തിയതും. ചക്രവൎത്തിയുടെ ഉദ്ദേശം മറിച്ചായിരുന്നുവെങ്കിൽ ആ തിരുമേനി അന്നുതന്നെ ഗോൽക്കൊണ്ടയും ബീജാപുരവും പിടിച്ചടക്കേണ്ടതായിരുന്നു. അങ്ങിനെ ചെയ്തില്ലല്ലോ! ഷാജഹാൻതിരുമേനി തക്കതായ കാരണംകൂടാതെ ഗോൽക്കൊണ്ട പിടിച്ചടക്കാതിരിക്കുന്നതല്ലാ. അതിന്നു പുറപ്പെട്ടാൽ, മഹാരാഷ്ട്രരുടെ വളൎന്നു വരുന്ന ശക്തി നശിപ്പിക്കുവാൻ ഡക്കാനിൽ മുഹമ്മദീയ രാജാക്കന്മാർ ഇല്ലാതായിത്തീരുമെന്നു കണ്ടിട്ടാണു് സമ്രാട്ടു് ആ രണ്ടു രാജ്യങ്ങളേയും സ്വതന്ത്രരാജ്യങ്ങളായി വിട്ടുംവെച്ചു് തിരികെപ്പോന്നതു്. മഹാരാഷ്ട്രരെക്കുറിച്ചു ഇനിയൊരു അവസരത്തിൽ ഞാൻ വിസ്തരിച്ചു പറയാം. ഏതൊരു കാൎയ്യം ചെയ്താൽ മുഗൾസാമ്രാജ്യത്തിന്നു ആപത്തുണ്ടാകുമെന്നു കണ്ടു് പിതാവു് അതു ചെയ്യാതിരുന്നുവോ ആ കാൎയ്യംതന്നെ ചെയ്യുവാനാണു് പുത്രന്റെ ഇപ്പോഴത്തെ പുറപ്പാടു്. പിന്നെ, ഗോൽക്കൊ

.......................................................................

.......................................................................

ഹമീർസിംഹൻ പെട്ടെന്നു സംസാരം നിൎത്തിവെച്ചു് ചാടിയെഴുനേററു: അമ്പരന്നുകൊണ്ടുള്ള ജഹാനറയുടെ ചോദ്യ

ങ്ങൾക്ക ഒരക്ഷരംപോലും മറുവടി കൊടുക്കാതെ വേഗം ലീലാമണ്ഡപത്തിന്റെ വക്കത്തുചെന്നു: അക്ഷണം തന്നെ, സമീപം നില്ക്കുന്ന ഒരു പാറാവുകാരനോടു പ്രാണരക്ഷാൎത്ഥം ഖഡ്ഗപ്രയോഗം നടത്തിക്കൊള്ളുവാൻ കല്പിച്ചുകൊണ്ടു് അവന്റെനേൎക്കും ചാടി. അതിമൂൎച്ചയുള്ള കൃപാണങ്ങളുടെ അന്യോന്യം കയത്തുകൊണ്ടുള്ള കൂട്ടിമുട്ടൽ അല്പനേരം ഉണ്ടായി. കവചത്തോടുകൂടെ ശിരസ്സും അററു് പാറാവുകാരൻ നിലംപതിച്ചു. വിശേഷവിധിയായി യാതൊന്നും തന്നെ നടന്നില്ലെന്ന നാട്യത്തോടെ ഹമീർസിംഹൻ ചെന്നു് ജഹാനറയുടെ സമീപം ഇരിക്കുകയും ചെയ്തു..........................................

............................................................

............................................................

നേരം കുറെ കഴിഞ്ഞു. സ്തംഭിച്ചുവശായ വിഷവായുമണ്ഡലത്തിൽ ഒന്നിലും ഊന്നാതെ നില്ക്കുന്ന ഒരു പരമാണുവോടു സാമ്യം നേടിപ്പോയ ജഹാനറ പ്രകൃതിസ്ഥയായി. അതോടുകൂടെ ഉണ്ടായ ആ രാജകുമാരിയുടെ ഒരു ചോദ്യത്തിന്നു ഹമീർസിംഹൻ ഇങ്ങനെ മറുവടി പറഞ്ഞുതുടങ്ങി.

“ദേവി, നമ്മൾ സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ (മരിച്ചുകിടക്കുന്നവനെ ചൂണ്ടിക്കൊണ്ടു്) ഇവന്റെ ശിരസ്സിലെ ശൃംഖലക്കവചം വല്ലാതെ അയഞ്ഞു ആടിക്കൊണ്ടിരിക്കുന്നതു് യദൃഛയാ എന്റെ ദൃഷ്ടിയിൽപ്പെട്ടു. പാറാവുകാൎക്ക നാം ഉണ്ടാക്കിച്ചുകൊടുത്തിട്ടുള്ള കവചം അവരുടെ ശിരസ്സിന്നു നന്നെ യോജിച്ചവയും ചെവിരണ്ടും അമ്പെ അമൎത്തിപ്പിടിച്ചുകൊണ്ടിരിക്കുന്നവയുമാണല്ലോ! അങ്ങിനെയിരിക്കെ, ഇവന്റെ കവചം മാത്രം സാമാന്യത്തിലേറെ ആട്ടം കൊള്ളുവാൻ കാരണമെന്തു്? കവചം നാം ഉണ്ടാക്കിച്ചു കൊടുത്തതാണു്. അതിന്നു മാററമില്ല. അതു ധരിച്ചിരിക്കുന്നവന്നാണു് മാററം വന്നു സംഭവിച്ചിരിക്കുന്നതെന്നു ക്ഷണം ഞാൻ മനസ്സിലാക്കി. ചെറിയൊരു ശിരസ്സുള്ള ഏതോ ഒരുവൻ എങ്ങിനേയോ നമ്മുടെ പാറാവുകാരിൽ ഒരുവന്റെ കവചം കൈക്കലാക്കി, അതും ധരിച്ചുവന്നു നില്ക്കുകയാണെന്നു ഊഹിച്ചറിയുവാനും

എനിക്ക പ്രയാസമൊന്നുമുണ്ടായില്ലാ. നമ്മുടെ സംഭാഷണംകേൾക്കുവാനല്ലാതെ മററൊന്നിന്നുമായിരിക്കയില്ലാ ഈ അന്യൻ ഇവിടെ വന്നു കൂടിയിരിക്കുന്നതെന്നും ഞാൻ തീച്ചപ്പെടുത്തി. ഉടനെ ഇവൻെറ കഥകഴിച്ചു. ഇനി ഇവൻ ആരെന്നറിയേണമെങ്കിൽ കവചത്തിന്നുള്ളിൽനിന്ന് ആ ശിരസ്സെടുത്തു നോക്കണം".

മററുള്ള പാറാവുകാരെക്കൊണ്ട് ജഹാനറ അങ്ങിനെ ചെയ്യിച്ചുനോക്കി. രോശിനാറാബീഗത്തെ സേവിച്ചുപോരുന്ന ഒരുവൻെറയാണ് ആ ശിരസ്സെന്നു സകലരും കണ്ടറിഞ്ഞു.

അല്പനേരം പിന്നേയും കഴിഞ്ഞു. ജഹാനറയും ഹമീർസിംഹനും വീണ്ടും ഇങ്ങനെ സംഭാഷണം തുടങ്ങി.

ജഹാനറ:—കടുവക്കൂട്ടിൽ തലയിട്ടതിൻെറ ഫലം ഇവന്നുകിട്ടി. നമ്മുടെ ഇഃസ്മയിൽഖാൻെറ കവചമാണല്ലോ ഇവൻ കൈക്കലാക്കിയിരിക്കുന്നത്. ഇതു് എങ്ങിനെ സംഭവിച്ചു?

ഹമീർസിംഹൻ:—തിച്ചയായും ഇവൻ ഇസ്മേയിലിനെ കൊന്നിട്ടുണ്ടാകും. നേരം പുലരട്ടെ. എന്നിട്ടു അതിനെപ്പററി അന്വേഷിക്കാം. നമുക്ക നമ്മുടെ വിഷയത്തിൽ പ്രവേശിക്ക. എവിടെയാണ് ഞാൻ നിത്തിവെച്ചതു്?

ജഹാനറ:—നമുക്ക അതുതന്നെ ഓമ്മയില്ല.

ഹമീർസിംഹൻ:—ശരി. ദേവിയുടെ പിതാവ് ഗോൽക്കൊണ്ട പിടിച്ചടക്കാതിരുന്നതു് മുഗൾസംസ്ഥാനത്തിൻെറ രക്ഷയ്ക്കുവേണ്ടിയാണെന്നു ഞാൻ പറഞ്ഞുവെച്ചു. തക്കതായ കാരണം കൂടാതെ ആ തിരുമേനി ഗോൽക്കൊണ്ടാധിപനുമായി സഖ്യം ചെയ്കയില്ലെന്നും ഞാൻ സൂചിപ്പിച്ചു. ആ കാര്യങ്ങൾ അങ്ങിനെയിരിക്കട്ടെ. ഇപ്പോൾ ഗോൽക്കൊണ്ട നിരോധത്തിന്നു തുനിഞ്ഞിട്ടുള്ളതാരാണ്? അക്ബർ ചക്രവത്തിയാണോ? അല്ലാ. ഷാജഹാൻ ചക്രവത്തിയാണോ? അതും അല്ലാ. വെറുമൊരു രാജകുമാരൻ. അതും, ചക്രവത്തിയുടെ അനുമതികൂടാതെ

യാണു് നിരോധത്തിന്നു ചെന്നിട്ടുള്ളതും. ഔറംഗസീബിന്നു സൈന്യം പോരാതെവരും. ചക്രവൎത്തിയോടു ചോദിക്കും. തന്റെ അനുമതികൂടാതെ നിരോധത്തിന്നു പുറപ്പെട്ടിട്ടുള്ളതാകകൊണ്ടു് സാമ്രാട്ട് സൈന്യം കൊടുക്കില്ല. കൊടുക്കുവാൻ നമ്മൾ സമ്മതിക്കുന്നതുമല്ലാ. പിതാവും പുത്രനും തമ്മിൽ പിണങ്ങും. ചക്രവൎത്തിയുടെ നീരസത്തിന്നു ആ പിതൃദ്വേഷി പാത്രമായും തീരും. പിന്നെ, ഗോൽക്കൊണ്ടാധിപനായ സുൽത്താൻ അബ്ദുള്ള ആരെന്നാണു് ദേവി കരുതിയിരിക്കുന്നതു്? മേർജുംല അദ്ദേഹത്തെ വിട്ടുപോയതുകൊണ്ടു് സുൽത്താൻ ബലഹീനനായിത്തീൎന്നിട്ടില്ല. ഔറംഗസീബിന്റെ ധിക്കാരമടക്കുവാൻ ആ ഗോൽക്കൊണ്ടാധിപൻ മതി. നിരോധത്തിന്നുമുമ്പു് കോട്ടയിൽക്കടന്നു കൂടുവാൻ സാധിക്കാത്ത അസംഖ്യം പടയാളികൾ ഗോൽക്കൊണ്ടയിൽ ഉണ്ടാകും. അവരും പുരവാസികളും ഔറംഗസീബിന്റെ ധിക്കാരം കണ്ടുംകൊണ്ടിരിക്കില്ല. കോട്ടയ്ക്കു പുറത്തു അവരും കോട്ടയ്ക്കകത്തു അബ്ദുള്ളയും പടയും നിന്നു കൊണ്ടു ഔറംഗസീബിനെ ഞെക്കിക്കുഴക്കും. അബ്ദുള്ളയോടും ആ മലനാട്ടുകാരോടും ഔറംഗസീബിന്റെ കൈയ്ക്കൊന്നും ഫലിക്കില്ല.

ജഹാനറ:—ഔറംഗസീബിന്റെ ചതിപ്രയോഗങ്ങളോ?

ഹമീർസിംഹൻ:—അതും ഫലിക്കില്ലാ. കൊളക്കാതിരിക്കുമ്പോൾ ആൎക്കും ഒരു തല്ലുകൊണ്ടു എന്നു വരും. അതുപോലെ അബ്ദുള്ളയ്ക്കും ഒന്നുകൊണ്ടു. അത്രയേ ഉള്ളു.

ജഹാനറ:—ഔറംഗസീബിന്റെ ഉദ്യമം ഫലവത്താകുവാനാണു് സംഗതി എന്നു കണ്ടാൽ, നിരോധം നിൎത്തിവെയ്ക്കുവാനുള്ള ഒരു അടിയന്തരക്കല്പന ചക്രവൎത്തിയെക്കൊണ്ടു് ആ വഞ്ചകന്നു അയപ്പിക്കാം.

ഹമീർസിംഹൻ.—ശരി, അങ്ങിനേയും ചെയ്യിപ്പിക്കാം. സമരസിംഹനും ജമാൽഖാനും ഔറംഗസീബിന്റെ ഉള്ളുകള്ളികളറിയുവാൻ ഗോൽക്കൊണ്ടയ്ക്കു ചെന്നിട്ടുണ്ടല്ലോ!

എന്തിന്നും പ്രാപ്തിയുള്ള മൂന്നുപേർ കൂടെ വേഗം അവിടെ എത്തണം. എന്നാലേ കാര്യം മുഴുവനും ഗ്രഹിക്കുവാൻ കഴിയു...........................................................

...........................................................................

ഏതാണ്ട് നേരം പുലരാറാകുന്നതുവരെ അങ്ങിനെ സംസാരിച്ചുകൊണ്ടിരുന്നതിൽപ്പിന്നെ ജഹാംനാരയും ഹമീർ സിംഹനും അവിടം വിട്ടുപോയി.

ദിവസം രണ്ടുകഴിയുംമുമ്പേ, ജഹാനറ നിയോഗിച്ച ആളുകൾ ഇസ്മയിൽഖാൻെറ ശവം കണ്ടെത്തി.

---

# പത്താം അദ്ധ്യായം.

---

സുദീർഘമായ ഒരു നിരോധത്തിന്നു വേണ്ടുന്ന ഉപകരണങ്ങൾ ഔറംഗസീബ് കാലേകൂട്ടി കരുതികൊണ്ടുവന്നിരുന്നു. തന്നിമിത്തമാണ്, ഗോൽക്കൊണ്ടക്കോട്ടയ്ക്കുചുററും നിലയുറപ്പിച്ചുനിന്നുകൊണ്ട് നിർഭയം നിരോധം തുടങ്ങുവാൻ അദ്ദേഹത്തിന്നു നിഷ്പ്രയാസം സാധിച്ചതു്.

ശത്രുക്കൾ കോട്ടവളഞ്ഞു എങ്കിലും, അതുകണ്ടു ഭയപ്പെട്ടു അവരുടെ കാൽക്കൽപ്പതിയ്ക്കുവാൻ ഒരു ഭീരുവായിരുന്നില്ല അബ്ദുള്ള. ആ സുൽത്താൻ പരാക്രമ പഞ്ജരത്തിൽ കുടുങ്ങിയ പൌരുഷകേസരിയോടു സാമ്യം നേടിപ്പോയെങ്കിലും അദ്ദേഹം താൻതന്നെ സേനയുടെ നേതൃത്വം വഹിച്ചുകൊണ്ട് ഔറംഗസീബിനോടെതൃക്കുവാൻ സന്നദ്ധനായി. സാമാന്യം വലിയൊരു സൈന്യം കോട്ടയിൽനിന്നു പുറപ്പെട്ട് മുഗളരോട് ചെന്നേററു് ജന്യം തുടങ്ങി. ഗോൽക്കൊണ്ട ഭടന്മാർ അതിസാഹസത്തോടെ പോരാടിയെങ്കിലും അതുകൊണ്ടു യാതൊരു ഫലവും ഉണ്ടായില്ല. പരാക്രമശാലികളായ അയ്യായിരം അശ്വഭടന്മാരോടൊന്നിച്ചു ആയോധനത്തിന്നൊരുങ്ങി നില്ക്കുന്ന

ഔറംഗസീബ് ആ ഗോൽക്കൊണ്ടപ്പടയെ തീരെ പരാജയപ്പെടുത്തി പിന്തിരിച്ചു ഓടിക്കുകതന്നെ ചെയ്തു. ഗോൽക്കൊണ്ടാധിപന്നും പടയ്ക്കും പ്രാണരക്ഷയ്ക്കു കോട്ടയെത്തന്നെ ശരണം പ്രാപിക്കേണ്ടതായുംവന്നു.

സ്വരാജ്യശ്രീയുടെ സ്വാതന്ത്ര്യഭണ്ഡാഗാരം സംരക്ഷിക്കുവാൻ നടത്തിയ സമരം അപജയത്തിൽ കലാശിച്ചപ്പോൾ സുൽത്താൻ അബ്ദുള്ള തീർച്ചപ്പെടുത്തിയതു് ഔറംഗസീബിനെ എതിരില്ലാത്ത കനകവർഷംകൊണ്ടു് ഗോൽക്കൊണ്ടയിൽനിന്നു് ഒഴിക്കിക്കളയുവാനാണു്. ആ ഗോൽക്കൊണ്ടമന്നൻ രാജയോഗ്യങ്ങളായ പൂവണ്ണിപ്പൊൻക്കൊട്ടകൾ നിറയെ രത്നങ്ങളും, പൊന്നാണിക്കോപ്പുകൾകൊണ്ടു അലംകൃതങ്ങളായ അസംഖ്യം ഗജാശ്വങ്ങളും നവരത്നഖചിതങ്ങളായ അനവധി കനകാഭരണങ്ങളും ഒരു സ്വർണ്ണപ്പല്ലക്കും ഔറംഗസീബിന്നു കൊടുത്തയച്ചു. എന്നുമാത്രമല്ല, ഗോൽക്കൊണ്ടയുടെ സ്വാതന്ത്ര്യം നശിപ്പിക്കാതിരിക്കുവാൻ ദയയുണ്ടായാൽ ആവശ്യമുള്ളേടത്തോളം ധനം പാദാരവിന്ദങ്ങളിൽ പിന്നേയും അടിയറവെയ്ക്കുന്നതാണെന്നു ഒരു ദൂതൻ മുഖേന ആ മുഗൾരാജകുമാരനെ അറിയിയ്ക്കുകയും ചെയ്തു. എന്നാൽ, ഔറംഗസീബിന്റെ ശിലാഹൃദയത്തിൽ ലേശംപോലും അനുകമ്പ വിളയിക്കുവാൻ ആ തിരുമുൽക്കാഴ്ചകൾക്കും വാഗ്ദാനത്തിന്നും ശക്തിയുണ്ടായില്ല. ആ മുഗൾ രാജകുമാരൻ മുറയ്ക്കു പ്രതിരോധം നടത്തിക്കൊണ്ടുവന്നു.

ധനംകൊണ്ടു് ഔറംഗസീബിന്റെ ബാധയൊഴിക്കുവാൻ സാധിക്കുന്നതല്ലെന്നു് അനുഭവപ്പെട്ടിട്ടുംകൂടെ മുഗളർക്കു് കീഴടങ്ങുവാൻ അബ്ദുള്ള ഒരുമ്പെട്ടില്ല. കണ്ണഞ്ചരിപ്പിക്കുന്ന കാഴ്ചസാധനങ്ങളും മനംമയക്കുന്ന മധുരവാക്കുകളുംകൊണ്ടു് ഔറംഗസീബിനെ ആമോദോന്മത്തനാക്കിത്തീർത്തു് ഗോൽക്കൊണ്ടയിൽനിന്നു് തിരിച്ചയക്കേണ്ടുന്നതിന്നുവേണ്ടി സ്വന്തം മാതാവിനെ ശത്രുപാളയത്തിൽ പ്രവേശിപ്പിക്കുവാൻ സുൽത്താൻ നിശ്ചയിക്കുകയും അതുപ്രകാരം പ്രവർത്തിക്കുകയും ചെയ്തു.

എന്നാൽ, നേടാക്കാര്യവും കൂടെ നേടിക്കൊണ്ടു വരത്തക്ക വണ്ണം കാര്യപ്രാപ്തിയും കടന്നസൌന്ദൎയ്യവുമുണ്ടായിരുന്ന ആ രാജമാതാവിന്നു ഒരുകൂടിക്കാഴ്ചക്കുപോലും അനുവാദം കൊടുക്കാതെ ആ സ്ത്രീരത്നത്തെ തിരിച്ചയയ്ക്കുകയാണ് ഔറംഗസീബു ചെയ്തതു്.

അത്യന്തം ഉദ്ധതനായ തൃതീയ മുഗൾരാജകുമാരൻ നിരോധം നിൎത്തിവെച്ച് ഗോൽക്കൊണ്ടയിൽനിന്നു പോകുവാൻ താൻ ചെയ്ത മൂന്നാമത്തെ ശ്രമവും നിഷ്ഫലമായ്ത്തീൎന്നപ്പോൾ ഗോൽക്കൊണ്ടമന്നൻ ക്ഷോഭിച്ചുവശായ ശൌൎയ്യവീൎയ്യപരാക്രമങ്ങളുടെ ഒരു കൊടുംകോമരമായിച്ചമഞ്ഞു. ആ പുരുഷകേസരി കിടുകിടെ വിറകൊണ്ടുംകൊണ്ട് കോട്ടയിൽ അങ്ങുമിങ്ങും ഓടിഓടി നടന്നു് അതിജാഗ്രതയോടെ യുദ്ധത്തിന്നു വീണ്ടും കോപ്പുകൂട്ടുവാൻ തുടങ്ങി. ഗോൽക്കൊണ്ട ഭടന്മാരെ ജീവനിൽക്കൊതിയില്ലാത്തവരാക്കിത്തീൎക്കുവാൻ പിന്നെ മറെറന്തുവേണം? കാലതാമസംകൂടാതെ, മൂൎത്തീകരിച്ച കൊടുംകൊലയും കൂട്ടാളികളും കണക്കെയുള്ള ഒരു സൈന്യം കോട്ടയിൽനിന്നു രണ്ടാമതും പുറപ്പെട്ടു. കത്തിക്കാളുന്ന പകയോടുകൂടെ പാഞ്ഞുചെന്നു് മുഗളരുമായി ഏററുമുട്ടി. തരളായുധപാതതാളമോടെ തുടങ്ങിയ വീരലക്ഷ്മിയുടെ തൃതീയതാണ്ഡവാരവംകൊണ്ടു് പോൎക്കളം ഭയങ്കരമാംവണ്ണം ഇരമ്പി, ചുടുചോര ചൊരിഞ്ഞുകൊണ്ടു് അസംഖ്യം ആയോധനവീരന്മാർ വീരസ്വൎഗ്ഗവും പ്രാപിച്ചു. എന്നിട്ടും, അവസാനിച്ചില്ല യുദ്ധം. അതു ശരിക്കു നടന്നുകൊണ്ടേ ഇരുന്നു.

അങ്ങിനെയിരിക്കെ, പോൎക്കളത്തിൽ അങ്ങുമിങ്ങും പാഞ്ഞുകൊണ്ടിരിക്കുന്ന ഔറംഗസീബിൻെറ നയനങ്ങൾ ഒരിയ്ക്കൽ പെട്ടെന്നു തുടഞ്ഞു. ജീവനാഡികളിൽക്കൂടെ വിദ്യുച്ഛക്തിയുടെ ചുട്ടുപൊള്ളുന്ന ഒരു ഒളിച്ചോട്ടവുമുണ്ടായി. ഗോൽക്കൊണ്ട ഭടന്മാർ ഓരോരുത്തരും ഗതപ്രാണരായി നിലം പെറുകുന്നതിന്നു മുമ്പു് പതുപ്പത്തു മുഗളരെ കൊന്നൊടുക്കുന്നു കാഴ്ചകണ്ടു് ആ മുഗൾരാജകുമാരൻ ഒന്നു് നടുങ്ങി. എന്നല്ല,

സഹായസൈന്യത്തോടൊന്നിച്ച് താൻതന്നെ രണാങ്കണത്തി ലിറങ്ങി പോരാടിയിട്ടില്ലെങ്കിൽ തങ്ങൾ നിശ്ശേഷം നാമാവ ശേഷരായിത്തീരുമെന്ന ഒരു തോന്നലും ആ പടനായകന്നു ഉണ്ടായി. എന്നിട്ടെന്താ? മഹാഭാഗ്യത്തോട്ട പടവെട്ടിയാ ലുണ്ടോ പൌരഷം പലായനം ചെയ്യാതിരിക്കുന്നു? ഔറംഗ സീബ് പടക്കളത്തിലിറങ്ങുവാൻ ഭാവിക്കുമ്പോഴെയ്ക്കും, സുൽ ത്താൻ അബ്ദുള്ളയും പടയും പടനായകൻ മുസ്സാംഖാനും യുദ്ധം നിത്തിപ്പാഞ്ഞു് കോട്ടയിൽക്കടന്നു് കവാടം ബന്ധി ക്കുന്നതു് ആ മുഗൾരാജകുമാരൻ കൺകുളുക്കെ കാണുകതന്നെ ചെയ്തു. അദ്ദേഹം ഉടൻതന്നെ ആനപ്പുറത്തുനിന്നെറങ്ങി പ്രാത്ഥന നടത്തുവാൻ ശിബിരത്തിലേയ്ക്കുചെന്നു.

---

# പതിനൊന്നാം അദ്ധ്യായം.

---

സുൽത്താൻ അബ്ദുള്ള ഒരാഴ്ചയ്ക്കുള്ളിൽ കീഴടങ്ങാതെ വീണ്ടും പോരിന്നൊരുങ്ങുന്നതായാൽ അദ്ദേഹത്തെ പടയോട്ട കൂടെ ഉന്മൂലനം ചെയ്തു് ഗോൽക്കൊണ്ടയിൽ വേഗം മുഗൾ സാമ്രാജ്യപതിയുടെ അധികാരക്കൊടി നാട്ടേണമെന്നു ഔറംഗ സീബ് രണ്ടാം യുദ്ധം കഴിഞ്ഞതിവസം തീച്ച്പ്പെടുത്തി. എങ്കി ലും, ഗോൽക്കൊണ്ടാധിപൻെറ തൽക്കാല നിലയുംനിശ്ചയങ്ങളും ഗ്രഹിച്ചല്ലാതെ പോരിന്നിറങ്ങുന്നതു യുക്തമല്ലെന്നു തോന്നു കയാൽ ആ മുഗൾ രാജകുമാരൻ ഒന്നാമതായി ശ്രമം തുടങ്ങി യതു് ആ കാൎയ്യങ്ങൾ മനസ്സിലാക്കുവാനാണു്. എന്നാൽ, എത്രയും ഗൂഢമായി ആരംഭിച്ച ആ പരിശ്രമങ്ങളിൽ ഒന്നെ ങ്കിലും ഫലിക്കയുണ്ടായില്ല ഗോൾക്കൊണ്ടക്കോട്ടയുടെ കവാട ങ്ങളോടടുത്തപ്പോൾ ഔറംഗസീബിൻെറ ചാരമുൽഗരങ്ങൾ കരിമ്പിൻ തണ്ടുകൾ കണക്കെ പൊട്ടിത്തകൎന്നു പോകുകയാണു ഉണ്ടായതു്. എന്നിരിക്കലും, അതുകൊണ്ടുണ്ടോ അബ്ദുള്ള യുടെ ഉള്ളുകള്ളികളറിയുന്ന കാൎയ്യത്തിൽ തൃതീയ മുഗൾ രാജ

കമാരൻ വിമുഖനായിത്തീരുന്നതു്? തന്റെ പ്രഥമോദ്യമങ്ങൾ വിഫലങ്ങളായിത്തീൎന്നപ്പോൾ ആ രാജകുമാരൻ പൂൎവ്വാധികം വാശിയോടെ ആ കാൎയ്യം നേടുവാൻ പ്രയത്നം തുടങ്ങി. ആ അശ്രാന്തപരിശ്രമത്തിന്റെ ഫലം ആഴ്ച ഒന്നു കഴിയുമ്പോഴയ്ക്കും അദ്ദേഹത്തിന്നു ലഭിച്ചു, അത്യന്തം ദയനീയമാംവണ്ണം നെഞ്ഞത്തുതല്ലി നിലവിളിക്കുന്ന സ്ത്രീജനങ്ങളുടെ ആൎത്തനാദങ്ങളും അതികോപത്തോടെ അന്യോന്യം അധിക്ഷേപിച്ചുകൊണ്ടു് വെട്ടിക്കുത്തിക്കൊലചെയ്യുന്ന പോരാളികളുടെ കലഹകോലാഹലങ്ങളും കോട്ടയിൽനിന്നു പുറപ്പെട്ടു് ദിക്കെങ്ങും വിറപ്പിക്കുന്നുണ്ടെന്നു ചാരന്മാർ മുഖേന ഔറംഗസീബിന്നു അറിവു കിട്ടി. ആ അഭ്യന്തരകലഹത്തിന്റെ കാരണം എന്തായിരിക്കുമെന്നാലോചിച്ചുകൊണ്ടു് ആ രാജകുമാരന്നു അധികം സമയം കളയേണ്ടിവന്നില്ല. കാഴ്ചയ്ക്കു അതിയോഗ്യനാണെങ്കിലും വ്യസനംകൊണ്ടു വിളൎത്തു ശോഷിച്ചിരിക്കുന്ന വൃദ്ധനായ ഒരു മുഹമ്മദീയ പുരോഹിതൻ നാലു അനുചരന്മാരോടുകൂടെ വെള്ളക്കൊടികളും വഹിച്ചുകൊണ്ടു് കോട്ടയിൽനിന്നു പുറത്തിറങ്ങി. അവിടെ അതിജാഗ്രതയോടെ നില്ക്കുന്ന മുഗൾപ്പടയാളികൾ ആ പുരോഹിതനേയും അനുചരന്മാരെയും പിടിച്ചു് അവരുടെ സൈന്യാധിപന്നു മുമ്പാകെ കൊണ്ടുചെന്നു. സേനാപതിയാകട്ടെ, കൈവശം കിട്ടിയ തടവുപുള്ളികളെ ഔറംഗസീബിന്നു കാഴ്ചയും വെച്ചു. ആ മുഗൾ രാജകുമാരൻ പുരോഹിതനെ ഭക്തിപൂൎവ്വം സ്വീകരിച്ചശേഷം അദ്ദേഹത്തിന്റെ ആഗമനോദ്ദേശ്യം മനസ്സിലാക്കുവാൻ ആ വൃദ്ധനോടു പലതും ചോദിക്കയുമുണ്ടായി. അതിന്നെല്ലാംകൂടെ പുരോഹിതൻ ഇങ്ങിനെ മറുപടി പറഞ്ഞു തുടങ്ങി.

"രാജകുമാര! സുമാറു് അറുനൂറാളും ഭടന്മാർ മാത്രമെ ഇപ്പോൾ കോട്ടയിലുള്ളു. ഭക്ഷണസാധനങ്ങൾക്കും കഠിനമായ ക്ഷാമം തുടങ്ങിയിരിക്കുന്നു. ആ സ്ഥിതിക്കു, ഇങ്ങിനെ ശേഷിക്കുന്ന ഭടന്മാരെ യാതൊരു പ്രയോജനവുമില്ലാതെ കൊലയ്ക്കു കൊടുക്കുന്നതു് ശരി

യല്ലെന്നും, തിരുമേനിയുടെ ആജ്ഞയെക്കു കീഴടങ്ങി നാട്ടിൽ സമാധാനമുണ്ടാക്കാതിരിക്കുന്നതു് സുൽത്താന്നു ധമ്മമല്ലെന്നും പ്രമാണികളായ എട്ടുപത്തുപേർ ചെന്നു അബ്ദുള്ളയോടു ഉണർത്തിക്കുകയുണ്ടായി. അതു കേട്ടപ്പോൾ, യുദ്ധം ചെയ്യുവാൻ അത്യാഗ്രഹപ്പെട്ടുകൊണ്ടിരിക്കുന്ന സുൽത്താൻ കോപാന്ധനായിത്തീരുകയും അങ്ങിനെ ഉണർത്തിച്ച എല്ലാവരേയും പിടിച്ചു വധിക്കുകയും ചെയ്തു. ആ കാരണത്താൽ കോട്ടയിൽ കക്ഷികൾ രണ്ടുണ്ടായി. ഒരു കൂട്ടർ യുദ്ധം തുടൎന്നുകൊണ്ടിരിക്കേണമെന്നും മറുപക്ഷക്കാർ വേഗം തിരുമേനിക്കു കീഴടങ്ങണമെന്നും പറഞ്ഞു് ശാഠ്യം തുടങ്ങി. കീഴടങ്ങേണമെന്ന അഭിപ്രായക്കാർ മേർജ്ജുംഖയുടെ മിത്രങ്ങളും കൂട്ടുകാരുമാണു്. അവർ യുദ്ധത്തിന്നു സന്നദ്ധരായില്ല. ക്രൂരനായ സുൽത്താൻ അതുകണ്ടാൽ അടങ്ങിനില്ക്കുന്നതാണോ? അദ്ദേഹം സ്വപക്ഷക്കാരായ ഭടന്മാരോടു കൂടെചെന്നു് ആ എതിർ കക്ഷികളെ ആട്ടിത്തെളിച്ചു പിടിച്ചു് സ്ത്രീ പുരുഷ ഭേദം കാട്ടാതെ സംഹരിക്കുവാൻ തുടങ്ങി. അപ്പോൾ ചെറിയൊരു സമരംതന്നെ അവിടെ നടന്നു. അതിൽ സുൽത്താനല്ലെ ജയിക്കുവാൻ തരമുള്ളു? അദ്ദേഹം ആ വിജയയാന്മേഷത്തോടേ തിരുമേനിയോടു യുദ്ധത്തിന്നായി മൂന്നാമതും ഒരുക്കം തുടങ്ങി. അന്നേരം നാം ചെന്നു സുൽത്താനെ തടുത്തു. എന്നുമാത്രമല്ല, മഹാശക്തനായ തിരുമേനിയോടു പോരിന്നു പുറപ്പെട്ടാലുണ്ടാകുന്ന വൈഷമ്യങ്ങൾ അദ്ദേഹത്തിന്നു ചൂണ്ടിക്കാണിച്ചുകൊടുക്കുകയും കീഴടങ്ങുവാൻ ഉപദേശിക്കയും ചെയ്തു. എന്നാൽ, യുദ്ധോന്മത്തനായ ഒരു വിവേകശൂന്യന്റെ ചെവികൾ സമാധാനപരങ്ങളായ ഉപദേശങ്ങൾ സ്വീകരിക്കുന്നതാണോ? നാം ഒരു ഭീരുവാണെന്നു പറഞ്ഞു് നമ്മെ പരിഹസിച്ചു വിടുകയാണു് സുൽത്താൻ ചെയ്തതു്. അദ്ദേഹത്തിന്റെ ആ ധിക്കാരപ്രവൃത്തി നമ്മെ വല്ലാതെ വ്യസനിപ്പിച്ചു. തന്നിമിത്തം

നാട്ടിൽ സമധാന മുണ്ടാകേണ്ടതിന്നു തലസ്ഥാനനഗരത്തിലുള്ള മക്കാമസ്ജിദ്ദിൽച്ചെന്നു് അള്ളാവിൻെറ പാദങ്ങളിൽ വീണു് പ്രാൎത്ഥിക്കുവാൻ നാം തീൎച്ചപ്പെടുത്തി. അതിന്നു അനുവാദം തരേണമെന്നു സുൽത്താനോടു് അപ്പോൾതന്നെ അപേക്ഷിക്കുകയും ചെയ്തു. നമ്മെ കോട്ടയിൽ വെച്ചുകൊണ്ടിരിക്കുന്നതു് യുക്തമല്ലെന്നു കണ്ടതുകൊണ്ടോ: എന്തോ, നമ്മുടെ അപേക്ഷപ്രകാരം സുൽത്താൻ അനുവാദം തരികയുണ്ടായി. നാലു് അനുചരന്മാരോടൊന്നിച്ചു നാം കോട്ടയും വിട്ടു. ദയയുണ്ടായി തിരുമേനിയും സമ്മതം തരുന്നപക്ഷം നാം ഇവിടെ നിന്നു നേരെ പള്ളിക്കു പുറപ്പെടുന്നതാണു്. ഒന്നുകിൽ ഈ നിരോധം നിൎത്തി തിരികെപ്പോകുവാൻ തിരുമേനിയെ പ്രേരിപ്പിക്കുകയൊ, അല്ലാത്തപക്ഷം, തിരുമേനിയുടെ കല്പനയ്ക്കു കീഴടങ്ങുവാൻ സുൽത്താനെ പ്രേരിപ്പിക്കുകയോ ചെയ്യേണമെന്നു അള്ളാവിനോടു് പ്രാൎത്ഥിക്കുവാനാണു് നാം പള്ളിക്കു ചെല്ലുന്നതു്. യുദ്ധം നിമിത്തമുള്ള നാശം കണ്ണിന്നു മുമ്പാകെ കണ്ടുംകൊണ്ടിരിക്കുവാൻ നമ്മുടെ മനസ്സിന്നു ശക്തിയില്ലാ തിരുമേനി. നമ്മെ പള്ളിയിലേയ്ക്കു വേഗം അയയ്ക്കുവാൻ തിരുവുള്ളമുണ്ടാകണം. എന്നാൽ, ഏകോദരസഹോദരന്മാരെപ്പോലെ വൎത്തിക്കേണ്ടുന്നവരായ നബിയുടെ മതക്കാർ അന്യോന്യം കൊത്തിക്കൊന്നൊഴുക്കുന്ന രക്തംകൊണ്ടു് അള്ളാവിൻെറ തൃപ്പാദം അശുദ്ധമാകാതെ കഴിക്കുവാൻ നാം പ്രാൎത്ഥിക്കുന്നതാണു്. തിരുമേനി എന്തു കല്പിക്കുന്നു ?"

പുരോഹിതൻ മറുപടി പറഞ്ഞു കഴിഞ്ഞപ്പോൾ, അദ്ദേഹത്തോടു അവിടെത്തന്നെ ഇരിക്കുവാൻ ആജ്ഞാപിച്ചുംവെച്ചു് ഔറംഗസീബ് വേഗം പുറത്തു വന്നു; ആ വൃദ്ധനേയും അനുചരന്മാരേയും തനിയ്ക്കു കാഴ്ചവെച്ച സേനാപതി ഹസ്സനാലിഖാനെ——അബ്ദുള്ളയുടെ കാൎയ്യദൎശിയായിരുന്ന ആ

വഞ്ചകനെ———ശുദ്ധമായ ഒരു സ്ഥലത്തു കൂട്ടിക്കൊണ്ടു ചെന്നു അദ്ദേഹത്തോടു ഇങ്ങനെ ചോദ്യവും തുടങ്ങി.

ഔറംഗസീബ്:—ഈ പുരോഹിതനെ മുമ്പു കണ്ടിട്ടുണ്ടോ?

ഹസ്സനാലിഖാൻ:—ഉണ്ടു്? തിരുമേനി.

165373
36301
O32:3N15:11
J1

ഔറംഗസീബ്:—പരിചയം?

ഹസ്സനാലിഖാൻ:—അതും ധാരാളമുണ്ടു്.

ഔറംഗസീബ്:—ഉണ്ടോ? എന്നാൽ, ഇദ്ദേഹത്തെ സംബന്ധിച്ചറിവുള്ള വിവരങ്ങളെല്ലാം വേഗം ചുരുക്കിപ്പറയു.

ഹസ്സനാലിഖാൻ:—നബിയുടെ മതക്കാരിൽ ഇദ്ദേഹത്തെപ്പോലെ സത്യസന്ധനായും സൽക്കർമ്മനിരതനായും ദയാലുവായും മറെറാരുവൻ ഇതുവരെ ജനിച്ചിട്ടില്ലെന്നാണു് ഈ രാജ്യത്തുള്ള ആബാലവൃദ്ധം ജനങ്ങൾ പറയുന്നതു്. അടിയനും ആ അഭിപ്രായക്കാരൻ തന്നെയാണു്.

ഔറംഗസീബ്:—മതി. ഇദ്ദേഹത്തെ വിശ്വസിച്ചാൽ പശ്ചാത്തപിക്കേണ്ടിവരില്ലല്ലോ?

ഹസ്സനാലിഖാൻ:—ഇല്ലാ, തിരുമേനി.

ഔറംഗസീബ്:—അതിന്നു ജാമ്യം നില്ക്കുവാൻ ധൈര്യമുണ്ടോ?

ഹസ്സനാലിഖാൻ:—ഉണ്ടു്, തിരുമേനി. ഇതാ അടിയന്റെ ശിരസ്സ് ജാമ്യമായിത്തരുന്നു.

ഔറംഗസീബ്:—ശരി. സമ്മതിച്ചു.

അവർ രണ്ടുപേരും സംഭാഷണം നിർത്തി; തമ്മിൽ പിരിഞ്ഞു.

ആ വൃദ്ധപുരോഹിതനെ മൂന്നു ദി

MUL
165373

താമസിപ്പിച്ചശേഷം ഔറംഗസീബ്
യാത്രയാക്കി. എങ്കിലും, അദ്ദേഹത്ത
നാലു് അനുചരന്മാരെയും അയയ്ക്കുകയുണ്ടായില്ല. അവരെ

കോട്ടയിലേയ്ക്കുതന്നെ തിരിച്ചയയ്ക്കുകയാണു് തൃതീയ മുഗൾ രാജകുമാരൻ ചെയ്തതു്. അവക്കു പകരം പുരോഹിതനെ ശുശ്രൂഷിക്കുവാൻ ആയുധപാണികളായ എട്ടു മുഗൾപ്പടയാളികളെ ആ രാജകുമാരൻ അയച്ചുംകൊടുത്തു.

---

## പന്ത്രണ്ടാം അദ്ധ്യായം

---

പുരോഹിതൻ പ്രാത്ഥന നടത്തുവാൻ പള്ളിക്കു ചെന്നതിൻെറ പത്താംപക്കമാണു്. കറുത്തവാവും കാളരാത്രിയും ചേന്നു് അന്യോന്യം കൈകോത്തുപിടിച്ചുകൊണ്ടു് നൃത്താട്ടം കൊള്ളുവാൻ തുടങ്ങിയിരിക്കുന്നു. ആശാമുഖങ്ങൾ കരിഞ്ഞു പുകഞ്ഞു പോയിട്ടുണ്ടു്. കറുത്തിരുണ്ടു നിർജ്ജീവപ്രായമായിത്തീന്നിട്ടുണ്ടു് ഭൂമുഖം. ഒരു ഉണക്കിലപോലും ഒരുടിക്കിലെങ്കിലും ഇളകുന്നില്ല. അപമൃത്യുബാധിച്ച അനാഥപ്രേതത്തിൽ അധിവസിക്കുന്ന നിശ്ശബ്ദത എല്ലാം വിഴുങ്ങി എങ്ങും നിറഞ്ഞു നില്ക്കുന്നതുമുണ്ടു്.

കല്മഷസ്വരൂപിണിയായ നിശാ രാക്ഷസി അങ്ങിനെ നാടടക്കം കീഴടക്കി ഭരിക്കുന്നുണ്ടെങ്കിലും ആ ദുരുദ്യോഗത്തിൽനിന്നു് ഔറംഗസീബിൻെറ പാളയത്തെമാത്രം ഒഴിവാക്കി വിട്ടിരിക്കുന്നു. ആ കൈനിലയെ തേജോമയമാക്കിത്തീത്തുകൊണ്ടു് പതിനാറു മോഹനപ്രദീപങ്ങൾ അവിടെ അങ്ങിങ്ങുമായി ഉജ്ജ്വലിച്ചുകൊണ്ടിരിക്കുന്നുണ്ടു്. കോട്ടയ്ക്കു ചുററും വെടിയുണ്ടകളെത്താത്ത സ്ഥലങ്ങളിലായി നാട്ടിയിരിക്കുന്ന ഉന്നതസ്തംഭങ്ങളുടെ ശിഖരങ്ങളിലാണു് ആ വിളക്കുകൾ തൂക്കിയിരിക്കുന്നതു്. ജാഗ്രതയായിരിക്കുവാൻ അത്യുച്ചത്തിൽ വിളിച്ചുപറഞ്ഞുകൊണ്ടു് തെക്കും വടക്കും ലാത്തുന്ന കാവൽക്കാരും, നിലത്തു കുളമ്പിട്ടടിച്ചു ചിനച്ചുംകൊണ്ടു നില്ക്കുന്ന പടക്കുതിരകളും ഒഴികെ ബാക്കിയുള്ള സകല ജീവികളും ഉറക്കംകൊള്ളുകയാണു്. സുൽത്താൻ അബ്ദുള്ളയെ കീഴടക്കിയാൽക്കിട്ടുന്ന

പൊരുളും പേരും പെരുമയുംകൊണ്ടു് എന്തെല്ലാം മഹാകാര്യങ്ങൾ നിറവേററുവാൻ സാധിക്കുമെന്നു ആലോചിച്ചാലോചിച്ചു ആനന്ദിച്ചുകിടന്നിരുന്ന ഔറംഗസീബും കൂടെ മയങ്ങിപ്പോയിരിക്കുന്നു.

അദ്ദേഹം അങ്ങിനെ കിടന്നുകൊണ്ടിരിക്കെ, മണി മൂന്നടിച്ചു. ഏതാനും നിമിഷങ്ങളും കഴിഞ്ഞു. അപ്പോഴയ്ക്കും, സ്തംഭങ്ങളുടെ ശിഖരങ്ങളിൽ കത്തിക്കൊണ്ടിരിക്കുന്ന വലിയദീപങ്ങൾ പതിനാറും നിലത്തുവീണുകെട്ടു് പൊട്ടിത്തകന്നു. എങ്ങും അന്ധകാരമയമായി. അതോടുകൂടെ, കണ്ണും ചെവിയുമില്ലാത്ത മൃത്യുവിന്റെ പ്രവൃദ്ധമായ പ്രചണ്ഡലീലാകോലാഹലംകൊണ്ടു് ആ കൈനിലത്തട്ടൊട്ടാകെ തെള്ളിക്കുലുങ്ങിക്കീഴ്മേൽ മറിയുവാനും തുടങ്ങി.

അമ്പുംതുമ്പുമില്ലാത്ത ആ വമ്പിച്ച ബഹളം ആരംഭിച്ച മാത്രയിൽ ഔറംഗസീബ് കൊരടാവുകൊണ്ടു് പെടകിട്ടിയതുപോലെ പെട്ടെന്നു ഞെട്ടിയുണന്നു് പുറത്തുചാടി. എങ്കിലും അടിയൊന്നു മുന്നോട്ടു വെയ്ക്കുവാനോ, ആ ബഹളത്തിന്റെ സ്വരൂപം അരകണ്ണുപോലും കണ്ടറിയുവാനോ ആ രാജകുമാരനു സാദ്ധ്യമായില്ല. ചാടുന്ന ചാട്ടത്തിൽ കണ്ണടച്ചുകിട്ടിയ അന്ധകാരത്തിന്റെ കഠിനപ്രഹരം അദ്ദേഹത്തെ അന്ധനും ബധിരനുമാക്കിത്തീത്തതിനുപുറമെ അല്പനേരം ചേഷ്ടാവിഹീനനാക്കിച്ചമയ്ക്കുകയുംകൂടെ ചെയ്തു. എന്നിരിക്കിലും, ആ പന്തികെട്ടനിലയിൽ നാലഞ്ചു നിമിഷംമാത്രമെ അദ്ദേഹം നില്ക്കുകയുണ്ടായുള്ളു. അപ്പോഴയ്ക്കും മയൂരസിംഹാസനത്തിലെ മഹനീയരത്നങ്ങളിൽനിന്നു പൊട്ടിപ്പുറപ്പെട്ട ഒരു മിന്നൽപ്പിണർ ആ രാജകുമാരന്റെ പഞ്ചേന്ദ്രിയങ്ങൾക്കും ഒരു നവചൈതന്യം നൽകി. അക്ഷണം, ആ തൃതീയ മുഗൾരാജകുമാരന്റെ കണ്ണുകളിൽനിന്നു തീപ്പൊരികൾ പൊട്ടിപ്പുറപ്പെടുകയും അദ്ദേഹം പ്രകൃതിസ്ഥനായിത്തീരുകയും ചെയ്തു. ഉടനെ ചുററോടുചുററും നടക്കുന്ന കൂട്ടക്കൊലയുടെ സ്വരൂപം കണ്ടറിയുവാൻ ആ രാജകുമാരൻ നാലുപുറവും ഒന്നുനോക്കി. ഏററവുംകൂത്ത എഴുത്താണി കണ്ണിനെക്കൂടി കഷ്ടിച്ചു ഒരിഞ്ചുപോലും മുന്നോട്ടുചെല്ലാൻ സമ്മതിക്കാത്ത കൂരിരുട്ടും, കൂടാരങ്ങൾക്കുള്ളിൽ മങ്ങിമങ്ങിക്കത്തിക്കൊണ്ടിരി

ക്കുന്ന ചെറു ചെറു ദീപങ്ങളും തമ്മിൽ നടത്തുന്ന പോരാട്ടം കാണുവാൻ മാത്രമെ അദ്ദേഹത്തിന്നു അപ്പോൾ കഴിവുണ്ടായുള്ളൂ. ഉടനെ, ആ രാജകുമാരൻ ഒരു അടിയന്തരകാര്യം നടത്തുവാൻ തന്റെ അനുചരന്മാരേയും അംഗരക്ഷകന്മാരേയും അത്യുച്ചത്തിൽ വിളിച്ചുതുടങ്ങി. ആരും വന്നു കണ്ടില്ല. അന്നേരം കൈയിൽത്തീയുംകൊണ്ടു് അദ്ദേഹംതന്നെ അവിടെ നിന്നു പാഞ്ഞു. കുതിരകളുടെ തീററയ്ക്കുകൊണ്ടുവന്നു് കോട്ടയ്ക്കുചുററും കുന്നുപോലെ കൂട്ടിയിരിക്കുന്ന ഉണങ്ങിയ പുൽക്കെട്ടുകുമ്പാരങ്ങൾ കത്തിത്തുടങ്ങുവാൻ പിന്നെ അധികംനേരം കഴിയേണ്ടിവന്നില്ല. തീക്കത്തിത്തുടങ്ങിയപ്പോൾ അന്ധകാരം വിട്ടൊഴിഞ്ഞു. ആ കൈനിലത്തട്ടു മുഴുവനും ഔറംഗസീബിന്നു ദൃഷ്ടിഗോചരമായും ഭവിച്ചു.

തൃതീയ മുഗൾ രാജകുമാരൻ അമ്പരന്നുംകൊണ്ടു് നാലുപുറവും ഒന്നുനോക്കി. മുന്നോട്ടുകയറി തന്റെ ശിബിരത്തിൽ കടന്നു് ആക്രമണം നടത്തുവാൻ ശ്രമിക്കുന്ന ഒരു മുഗൾ സാദിസൈന്യത്തെ മറെറാരു മുഗൾ സാദിസൈന്യം ഖഡ്ഗപ്രയോഗത്താൽ തട്ടത്തുനിത്തിക്കൊണ്ടിരിക്കുന്ന കാഴ്ച അദ്ദേഹത്തിന്റെ ദൃഷ്ടിയിൽപ്പെട്ടു. എന്നുമാത്രമല്ല, മുഗൾപ്പടയാളികൾ തമ്മിൽത്തമ്മിൽത്തന്നെ തെരുതെരെ തലങ്ങും വെലങ്ങും വെട്ടി മഹാമാരണക്രിയ നടത്തിക്കൊണ്ടിരിക്കുന്നിമിത്തം മുഗൾപ്പാളയം മുഴുക്കെ ഇളകിമറിഞ്ഞു ഇരമ്പിക്കൊണ്ടിരിക്കുന്നതും അദ്ദേഹം കണ്ടു. തൽക്ഷണം, ആ പടനായകൻ തന്റെ കുതിരപ്പുറത്തു ചാടിക്കയറി ആ സ്ഥലത്തെത്തി. അവിടെ അതിവാശിയോടെ ആക്രമികളെ തട്ടത്തുനിത്തിക്കൊണ്ടിരിക്കുന്ന ഭടന്മാരിൽ അധികംപേരും ആ രാജകുമാരന്റെ അംഗരക്ഷകന്മാരും കാവൽക്കാരുമായിരുന്നു. ആ പടയാളികൾ ഔറംസീബിന്റെ ആവിർഭാവം അളവററ ഒരു നവീനപോർമിടുക്കുതന്നെ നൽകി. അതോടുകൂടെ, അവർ അത്യുച്ചത്തിൽ ആ രാജകുമാരന്നു വിജയാശംസകൾ വിളിച്ചുപറഞ്ഞുകൊണ്ടു് പൂർവ്വാധികം ശൌര്യത്തോടെഎതിരാളികളോടേററു. ആ വൈരികളിൽ ഒരുവനെപ്പോലും ആ മുഗൾപ്പടയാളികൾ ജീവനോടെ ബാക്കിവെച്ചില്ല. സക

ലരേയും കൊന്നൊടുക്കി. ആ വിജയോന്മേഷഭരിതർ ഉടൻതന്നെ ഔറംഗസീബിന്നു ചുററും ചെന്നു നില്ക്കുകയും ചെയ്തു. എന്നിരിക്കിലും, ഒട്ടാകെ അറുനൂറുപേരുണ്ടായിരുന്ന ആ സംഘക്കാരിൽ എട്ടുപേക്കുമാത്രമെ ജീവനോടെ പോക്കളംവിട്ട് തീരിക്കെപ്പോന്നു് ആ മുഗൾരാജകുമാരന്നു ചുററും ചെന്നു നില്ക്കുവാൻ തരമായുള്ളൂ.

ശത്രുക്കളേയും മിത്രങ്ങളേയും തിരിച്ചറിയുവാൻ നിവൃത്തിയില്ലാത്ത ആ വിഷമഘട്ടത്തിൽ ആ അഭ്യന്തരകലഹം ശമിപ്പിച്ചു് കൈനിലയിൽ സമാധാനമുണ്ടാക്കുവാൻ ചെല്ലുന്നതു് ഏററവും ആപത്കരമാണെന്നു കാണുകയാൽ ഔറംഗസീബ് അതിന്നു മുതിർന്നില്ല. ആ രാജകുമാരൻ തൻെറ അംഗരക്ഷകന്മാരിൽ പ്രധാനനോടു് ആ കലഹത്തിൻെറ കാരണം പറയുവാൻ കല്പിച്ചശേഷം, ഏതാണ്ടു് അവസാനിക്കാറായ ആ പോരുംനോക്കിക്കൊണ്ടു് അവിടെത്തന്നെ നിൽക്കുകയാണു് ചെയ്തതു്. അദ്ദേഹത്തിൻെറ ആജ്ഞപ്രകാരം ആ പടയാളി ഇങ്ങിനെ പറയുവാൻ ആരംഭിച്ചു.

"തിരുമേനി! കലഹത്തിൻെറ കാരണം അടിയങ്ങൾക്കാർക്കുംതന്നെ അറിവില്ല. തിരുമേനിയുടെ പട്ടുക്കുടാരത്തിന്നു സമീപമുള്ള ആ വലിയവിളക്കു് തെളിയിക്കുവാൻ നിയമിക്കപ്പെട്ടവൻ മണി മൂന്നടിച്ചപ്പോൾ പതിവുപ്രകാരം അവൻെറ ജോലി നടത്തേണ്ടുന്നതിന്നു ആ സ്തംഭത്തിൽ കയറുന്നതുകണ്ടു. അവൻ അതിവേഗം അതിൻെറ ശിഖരത്തിലെത്തി. ഉടനെ, വിളക്കു തെളിയിക്കുന്നതിന്നുപകരം, അടിയൻ നോക്കിനിൽക്കെ, അതിൻെറ തൂക്കുകയെററിൽ കത്തിവെച്ചു് അതിനെ നീലത്തു വിഴ്ത്തുകയാണു്, ആ വഞ്ചകൻ ചെയ്തതു്. അതുകണ്ടപ്പോൾ അവൻെറ കഥകഴിക്കുവാൻ അടിയൻ തോക്കുനീട്ടി. അപ്പോഴയ്ക്കും, സമീപമുള്ള വലിയ വിളക്കുകളെല്ലാം കെട്ടു. എങ്ങും ഇരുട്ടായി. അക്ഷണം അടിയൻ തീർച്ചപ്പെടുത്തി നമ്മുടെ പാളയത്തിൽ ശത്രുക്കൾ

കടന്നിട്ടുണ്ടെന്നു്. ആ വിവരം തിരുമേനിയെ ഗ്രഹിപ്പിക്കുവാൻ പുറപ്പെട്ടപ്പോഴെയ്ക്കും, സുമാറു് അയ്മ്പതോളം അശ്വഭടന്മാർ അതിവേഗം വരുന്നശബ്ദംകേട്ടു. അടിയൻ ഉടനെമനസ്സിലാക്കി അവർ ശത്രുക്കളാണെന്നു്. തിരുമേനിയെക്കാണ്മാൻ ഇവൻ പിന്നെ തുനിഞ്ഞില്ല. കാവൽക്കാരേയും മററുള്ള ഭടന്മാരേയും വേഗം ഒന്നിച്ചുകൂട്ടി ആ എതിരാളികളുടെ നേരിട്ടു ചെല്ലുകയാണു് ചെയ്തതു്. അടിയങ്ങൾ അടുത്തെത്തിയ മാത്രയിൽ അവർ വാൾപ്രയോഗം തുടങ്ങി. അപ്പോഴെയ്ക്കും, നമ്മുടെ പാളയം മുഴുവനും കലഹകോലാഹലംകൊണ്ടു് കലുങ്ങുവാൻ ആരംഭിച്ചു. അടിയങ്ങൾ അതിൽ ലേശം പോലും ശ്രദ്ധിക്കാതെ, സമരത്തിന്നു സന്നദ്ധരായിവന്നു ഏററുമുട്ടിയിരിക്കുന്ന എതിരാളികളോടു പോരിന്നു പുറപ്പെട്ടു. വല്ലവിധവും മുന്നോട്ടുകയറി തിരുമേനിയുടെ ശിബിരത്തിൽക്കടക്കുവാനാണു് ശത്രുക്കൾ ശ്രമിക്കുന്നതെന്നു കണ്ടപ്പോൾ അടിയങ്ങൾ ആ അരാതികളെ അതിവാശിയോടെ തടുത്തുനിൎത്തി. അങ്ങിനെയിരിക്കുമ്പോഴാണു് നമ്മുടെ പുൽക്കെട്ടു കുമ്പാരങ്ങൾ കത്തിത്തുടങ്ങിയതു്. അതുകാരണം ഇരുട്ടൊഴിഞ്ഞു. പാളയം മുഴുവൻ ദൃഷ്ടിഗോചരമായി. അടിയങ്ങൾ യുദ്ധംചെയ്തു തടുത്തു നിൎത്തിക്കൊണ്ടിരിക്കുന്നതു് നമ്മുടെ സ്വന്തം സൈന്യത്തിൽപ്പെട്ട ഒരു വിഭാഗത്തെയാണെന്നു അടിയങ്ങൾക്കു മനസ്സിലായതു് അപ്പോഴാണു്. എന്നിട്ടും, അടിയങ്ങൾ യുദ്ധം നിൎത്തിയില്ല. അടിക്കടി ആഞ്ഞുവെട്ടിക്കൊണ്ടിരിക്കുന്ന ആ വൈരികളോടു് പോരാടിക്കൊണ്ടു നിൽക്കുകതന്നെ ചെയ്തു. അങ്ങിനെ നിൽക്കുമ്പോഴാണു് തിരുമേനിയുടെ ആവിർഭാവം അവിടെ ഉണ്ടായതു്. അടിയങ്ങൾക്കു് ഇത്രമാത്രമെ അറിവുള്ളു."

ആ ഭടൻ ഉണൎത്തിച്ചതെല്ലാം കേട്ടപ്പോൾ ഔറംഗസിബു് ഗാഢാലോചനയിൽ മുഴുകിവശായി. കുറച്ചു നേരം കഴിഞ്ഞപ്പോൾ കിഴക്കു വെളുത്തു. ഉടനെ, ആ ഉൾ

പ്പോരിൻെറ കാരണമെന്തെന്നും, അതുനിമിത്തം, തനിക്കു എത്രത്തോളം നാശം സംഭവിച്ചിട്ടുണ്ടെന്നും അന്വേഷിക്കുവാൻ ആ മുഗൾരാജകുമാരൻ പുറപ്പെട്ടു. മുഗളരുടെ വേഷം ധരിച്ചു വന്ന് കൊലനടത്തിത്തുടങ്ങിയ ഗോൽക്കൊണ്ടഭടന്മാരും മുഗൾപ്പടയാളികളും തമ്മിൽ കലശലായ ഒരു രാത്രിയുദ്ധമുണ്ടായതല്ലാതെ തൻെറ സേനയിൽ അന്തഃഛിദ്രം കടന്നുകൂടിയിട്ടില്ലെന്നു തൃതീയ മുഗൾരാജകുമാരന്നു മനസ്സിലായി. രണ്ടായിരത്തിലധികം മുഗൾപ്പടയാളികളും ഇരുനൂറോളം ഗോൽക്കൊണ്ടഭടന്മാരും ഗതപ്രാണരായി രണാംഗണത്തിൽ കിടക്കുന്നുണ്ടെന്നും അദ്ദേഹം ആരാഞ്ഞറിഞ്ഞു. അതോടുകൂടെ, ആ രാജകുമാരൻെറ കടക്കണ്ണൊന്നു ചുവന്നു. അദ്ദേഹം അപ്പോൾത്തന്നെ, മാൾവദേശത്തുള്ള മുഗൾസേനാധിപതിയായ തൻെറ മാതുലൻ ഷെയിസ്റ്റ്ഖാന്നു ഒരു അടിയന്തരകല്പന കൊടുത്തയച്ചു. ആ ദേശത്തുള്ള പ്രഭുക്കന്മാരേയും മുഗൾസൈന്യങ്ങളേയും ഒന്നിച്ചുകൂട്ടി വേഗം ഗോൽക്കൊണ്ടയിൽ എത്തിച്ചേരുവാനായിരുന്നു ആ കല്പന.

---

## പതിമൂന്നാം അദ്ധ്യായം.

---

സുൽത്താൻ അബ്ദുല്ലയും അദ്ദേഹത്തിൻെറ പടനായകനായ മുസ്സാംഖാനും ഭടന്മാരും പെട്ടെന്നു യുദ്ധം നിൎത്തിപ്പാഞ്ഞു കോട്ടയ്ക്കുള്ളിൽക്കടന്നു കവാടം കൊട്ടിയടച്ചുവല്ലോ! അടിയോടെ നശിപ്പിക്കുന്ന അപജയം നേരിട്ടതുകൊണ്ടോ, പടവെട്ടി മരിക്കുവാൻ മടിയുള്ളതുകൊണ്ടോ അല്ലാ അവർ അങ്ങിനെ പോർക്കളം വിട്ട് പാഞ്ഞുപോയത്. അതിശൂരപരാക്രമന്മാരായ അവർ അത്യന്തം അവമാനകരമായ ആ പ്രവൃത്തിചെയ്യുവാൻ കാരണമെന്തെന്നു നമുക്കു അന്വേഷിക്കുകതന്നെ.

ഗോൽക്കൊണ്ടാധിപനെ വഞ്ചിച്ചു ഒരു മുഗൾ സൈന്യാധിപത്യം കരസ്ഥമാക്കിയ ഹസ്സനാലിഖാൻെറ ഏററവും അടു

ത്തൊരു ബന്ധുവായ ഒരു വൃദ്ധൻ കോട്ടയിൽ പാക്കുന്നുണ്ടായിരുന്നു. തനിക്കു ഏത്രയും വേണ്ടപ്പെട്ട ഒരുവൻ ചതിച്ചചതി ഗോൽക്കൊണ്ടനിരോധത്തിന്നു കാരണമായതോത്തു് മനസ്സാപപ്പെട്ടുകൊണ്ടാണു് ആ ജരാൻ അവിടെ പാത്തുവന്നിരുന്നതു്. അബ്ദുള്ളയും മുസ്സാംഖാനും കോട്ടയിൽക്കടന്ന ഉടനെ ആ വൃദ്ധനെ വിളിച്ചുവരുത്തി. സ്വരാജ്യത്തിന്റെ നന്മയ്ക്കുവേണ്ടി തലസ്ഥാന നഗരത്തിൽച്ചെന്നു ഒരു കാൎയ്യം പ്രവൎത്തിക്കുവാൻ അദ്ദേഹത്തോടു അവർ ആവശ്യപ്പെട്ടു. ആ വൃദ്ധനാകട്ടെ, തന്റെ ശേഷക്കാരിൽ ഒരുവനായ ഹസ്സനാലിഖാൻ വരുത്തിക്കൂട്ടിയ ആപത്തൊഴിക്കേണ്ടുന്നതിന്നു വേണ്ടുന്നതെല്ലാം പ്രവൎത്തിക്കുവാനും, സൌകൎയ്യം കിട്ടിയാൽ ആ കൊലച്ചതിയനെ ചവിട്ടിത്തേച്ചു കൊല്ലുവാനും സന്നദ്ധനായിക്കൊണ്ടാണു് പാത്തുവന്നിരുന്നതു്. ഒരുകാരണം, ഗോൽക്കൊണ്ടാധിപൻ കല്പിക്കുന്നതെല്ലാം പ്രവൎത്തിച്ചുകൊള്ളാമെന്നു അദ്ദേഹം സന്തോഷപൂൎവ്വം സമ്മതിക്കുകയുണ്ടായി.

മൂന്നുനാലു ദിവസം കഴിഞ്ഞു. അഞ്ചാംപക്കം ഗോൽക്കൊണ്ടാധിപൻ ഇരുനൂറോളം ഭടന്മാരെ വിളിച്ചുനിൎത്തി, അവരെക്കൊണ്ടു് ഭയങ്കരാരവപ്രധാനമായ ഒരു കൃത്രിമസമരം നടത്തിച്ചു. അസംഖ്യം സ്ത്രീജനങ്ങളെക്കൊണ്ടു് അത്യുച്ചത്തിൽ മാറത്തുതല്ലു മുറവിളിക്കൂട്ടിച്ചു് ആ കപടയുദ്ധകോലാഹലം പൂൎവ്വാധികം പ്രവൃദ്ധമാക്കിത്തീൎക്കുകയും ചെയ്തു. അനന്തരം, മുൻപറഞ്ഞ വൃദ്ധനെ ഒരു പുരോഹിതന്റെ വേഷം കെട്ടിച്ചു് വേണ്ടുന്ന ഉപദേശങ്ങളും വെള്ളക്കൊടികളും കൊടുത്തു് നാലു് അനുചരന്മാരോടുകൂടെ ഭാഗ്യനഗരത്തിലേയ്ക്കു യാത്രയുമാക്കി.

ആ വൃദ്ധപുരോഹിതനെപ്പിടികൂടിയ മുഗൾപ്പട്ടയാളികൾ അവരുടെ നേതാവായ ഹസ്സനാലിഖാന്റെ മുമ്പാകെ അദ്ദേഹത്തെക്കൊണ്ടുചെന്നു നിൎത്തി. ആ സൈന്യാധിപൻ ആ പുരോഹിതനെക്കണ്ടപ്പോൾ അല്പനേരം ആശ്ചൎയ്യ ഭരിതനായി നിന്നുപോയി. പിന്നീടു്, വൃദ്ധനെ ആദരവോടെ സ്വന്തം കൂടാരത്തിന്നകത്തു കൂട്ടിക്കൊണ്ടുചെന്നു് ആസനാസ്ഥ

നാക്കി. അവർ തമ്മിൽ അന്യരാരും കേൾക്കാതെ ഇങ്ങനെ സംഭാഷണവും തുടങ്ങി.

ഹസ്സനാലിഖാൻ:—ഇവിടുത്തെ ഈ വേഷത്തിൻെറ അൎത്ഥമെന്താണു്?

പുരോഹിതൻ:—ഞാൻ നിൻെറ രക്തസംബന്ധികളിൽ ഒരുവനാണെന്ന കാരണത്തിന്മേൽ അബ്ദുള്ള എന്നെ കഠിനമായി ദ്രോഹിക്കുകയുണ്ടായി. ആ മുസ്സാംഖാൻ അവിടെ ഉണ്ടായിരുന്നില്ലെങ്കിൽ ആ സുൽത്താൻ തീൎച്ചയായും എന്നെ കൊല്ലുമായിരുന്നു. അത്രയ്ക്കുമാത്രം ദ്വേഷം എൻെറ പേരിൽ ആ ദുഷ്ടന്നു വന്നുകൂടിയിട്ടുണ്ടു്. ആ ചണ്ഡാളൻെറ ദ്രോഹം നിമിത്തം കോട്ടയിൽപ്പാൎക്കുവാൻ നിവൃത്തിയില്ലെന്നഘട്ടം വന്നപ്പോൾ എന്നെ തലസ്ഥാനനഗരത്തിലേയ്ക്കു് അയയ്ക്കേണമെന്നു് ഞാൻ മുസ്സാംഖാനോടു് വളരെ കെഞ്ചിക്കിഴിഞ്ഞപേക്ഷിച്ചു. ആ സൈന്യാധിപൻ എന്നെ ഈ വേഷം കെട്ടിച്ചു് നാലു സേവകന്മാരോടുകൂടെ കോട്ടയിൽ നിന്നു് നിൻെറ അടുക്കലേയ്ക്കു അയയ്ക്കുകയും ചെയ്തു. സുൽത്താൻെറ അറിവുകൂടാതെയാണു് മുസ്സാംഖാൻ എന്നെ അയച്ചിരിക്കുന്നതു്.

ഹസ്സനാലിഖാൻ:—വന്നതു വളരെ നന്നായി. ഇവിടുത്തെ ഉപദ്രവിച്ചതിൻെറ ഫലം സുൽത്താൻ ഉടനെ അനുഭവിക്കുന്നതാണു്. ഇനി എന്തു വിചാരിക്കുന്നു? എൻെറ ഒന്നിച്ചു ഇവിടെ.....................................

പുരോഹിതൻ:—അയ്യോ വേണ്ടാ. യുദ്ധകോലാഹലം കേട്ടു കേട്ടു എൻെറ നെഞ്ഞു പൊട്ടാറായിരിക്കുന്നു. ഈ നിരോധം കഴിയുന്നതുവരെ എനിക്കു ഒരുദിക്കിൽ പാൎക്കതന്നെ വേണം. ഞാൻ ഏതായാലും ഈ വേഷം കെട്ടിയ സ്ഥിതിക്കു് നാട്ടിൽ സമാധാനമുണ്ടാകുന്നതുവരെ മക്കാ മസ്ജിഡ്ഡിൽച്ചെന്നു അള്ളാവിനെ ഭജിച്ചുകൊണ്ടു പാൎക്കുന്നതല്ലെ നല്ലതു്? എൻെറ ആഗ്രഹം അതാണു്.

എന്നേയും എൻെറ പരിചാരകന്മാരേയും നീ ഈ മുഗാം പ്പാളയം കടത്തിവിട്ടു തരണം. അത്ര മാത്രം മതി.

ഹസ്സനാലിഖാൻ:—ഇവിടത്തെ ഇഷ്ടംപോലെ ചെയ്യാം.

പുരോഹിതൻ:—ഞാൻ നിൻെറ ഒരു ഉററബന്ധുവാണെന്ന സംഗതി നീ ഔറംഗസീബിനെ അറിയിക്കരുതു്. ഈ വേഷം ഞാൻ തൽക്കാലം സ്വീകരിച്ചതാണെന്നും ആ രാജകുമാരൻ ഗ്രഹിക്കരുതു്.

ഹസ്സനാലിഖാൻ:—ഇവിടത്തെ ഇഷ്ടംപോലെ. ഔറംഗസീബിൻെറ സമ്മതം കൂടാതെ എനിക്കു ആരേയും ഈ പാളയം കടത്തിവിടുവാൻ പാടില്ല. ഞാൻ ആ രാജകുമാരൻെറ മുമ്പിൽ ഇവിടത്തെ കൂട്ടിക്കൊണ്ടുചെല്ലാം. ഇവിടുന്നു ഉചിതമായ വല്ല കളവും പറഞ്ഞു് ആ രാജകുമാരൻെറ പ്രീതിസമ്പാദിക്കണം. എന്തെല്ലാമാണു് അവിടെ ഉണത്തിക്കേണ്ടതെന്നും പറഞ്ഞു തരാം. എന്നോടു അഭിപ്രായം ചോദിക്കാതെ ഗോൽക്കൊണ്ട ജനങ്ങളെ സംബന്ധിച്ചു് ഔറംഗസീബു് ഒന്നും തന്നെ പ്രവത്തിക്കുന്നതല്ല..........................................

..........................................................................

പുരോഹിതനും ഹസ്സനാലിഖാനും സംഭാഷണം നിത്തി, ഔറംഗസീബിൻെറ കൂടാരത്തിലേയ്ക്കു പുറപ്പെട്ടു. അവർ അവിടെ എത്തിയതുമുതൽ പുരോഹിതൻ തലസ്ഥാന നഗരത്തിലേയ്ക്കു യാത്രയായതുവരെയുള്ള വിവരങ്ങൾ നാം അറിഞ്ഞിരിക്കുന്നുവല്ലോ!

പുരോഹിതനെ ഒരു നിമിഷംപോലും വിട്ടുപിരിയാതെ കാത്തുകൊണ്ടിരിക്കേണമെന്നു ഔറംഗസീബു് ആ എട്ടു അശ്വഭടന്മാരോടും പ്രത്യേകം കല്പിച്ചിട്ടുണ്ടായിരുന്നു. എന്നു മാത്രമല്ല, ആ വൃദ്ധൻ രഹസ്യമായി അബ്ദുള്ളയുടെ നന്മക്കുവേണ്ടി വല്ലതും പ്രവത്തിക്കുന്നുണ്ടെന്നു കണ്ടാൽ അദ്ദേഹത്തെ ഉടൻതന്നെ വധിക്കേണമെന്നുംകൂടെ ആ രാജകുമാരൻ ആ പോരാളികളോടു ആജ്ഞാപിക്കുകയും ചെയ്തിരുന്നു.

എന്നിരിക്കിലും, ഔറംഗസീബ്ബും ഫസ്സനാലിഖാനും ആ വൃദ്ധനെ ആദരിക്കുന്നതും ബഹുമാനിക്കുന്നതും കണ്ടിരുന്നതിനാൽ അദ്ദേഹം ഒരു മാന്യനായിരിക്കുമെന്നു ആ എട്ടു പടയാളികളും തീൎച്ചപ്പെടുത്തുകയുണ്ടായി. തന്നിമിത്തം, അദ്ദേഹത്തിൻെറ സ്വാതന്ത്ര്യം തീരെ നശിപ്പിക്കാതെ സാമാന്യം ആദരവോടുകൂടെയാണു് അവർ ശുശ്രൂഷയും കാവലും നടത്തുവാൻ തുടങ്ങിയതു്.

അശ്വാരൂഢന്മാരായ പാറാവുകാരോടൊന്നിച്ചു് പള്ളിക്കു പുറപ്പെട്ട പുരോഹിതൻ അതിൻെറ നന്നെസ്സമീപമെത്തി. അന്നേരം, നിരത്തുവക്കത്തുള്ള ഒരു ഭവനത്തിന്നു മുന്നിൽ ഒരു ഗംഭീരപുരുഷൻ നില്ക്കുന്നതു് ആ വൃദ്ധൻ കണ്ടു. അദ്ദേഹത്തെ ആ ഗൃഹസ്ഥനും കാണാതിരുന്നില്ല. പുരോഹിതനെക്കണ്ട മാത്രയിൽ ആ വീട്ടുടമസ്ഥൻെറ കണ്ണുകൾ രണ്ടും പെട്ടെന്നു വട്ടം വെച്ചു വലുതായി. നാസികാഗ്രം തുടിച്ചു തടിച്ചു തുഷലാം വികസിച്ചു നിന്നു. വായ അല്പം തുറക്കുകയും ചെയ്തു. അപ്പോഴയ്ക്കും, ആ ഗൃഹസ്ഥൻെറ മുന്നിൽ പുരോഹിതൻ ചെന്നു നിന്നു് ഇങ്ങനെ അരുളിച്ചെയ്യുവാൻ തുടങ്ങി. "സംസാരിക്കുവാൻ പാടില്ലാ ദാഹംകൊണ്ടു്, കുറച്ചുവെള്ളം കിട്ടിയാൽ നന്നായിരുന്നു. എൻെറ ഈ കൂട്ടാളികളുടേയും കുതിരകളുടേയും ദാഹംകൂടെ തീൎത്തുതരുവാൻ ദയയുണ്ടായാൽ വളരെ വളരെ സന്തോഷം." അൎത്ഥഗൎഭമായ സ്വരത്തിൽ അത്യധികം ഗൗരവത്തോടെ ആ വൃദ്ധൻ പറഞ്ഞ ആദ്യത്തെ ഒന്നു രണ്ടു വാക്കുകൾ കേട്ടപ്പോൾ ആ വീട്ടുടമസ്ഥൻെറ മുഖമണ്ഡലം പൂൎവ്വസ്ഥിതി പ്രാപിച്ചു. അദ്ദേഹം പുരോഹിതനേയും പാറാവുകാരേയും ഭവനത്തിനകത്തു കൂട്ടിക്കൊണ്ടു ചെന്നു് സൽക്കരിച്ചു് പള്ളിയിലേയ്ക്കു യാത്രയാക്കി.

അതിഥികൾ പോയെന്നു കണ്ടപ്പോൾ, ഗൃഹസ്ഥൻ ഗൂഢമായ ഒരു സ്ഥലത്തുചെന്നു്, മടിക്കുത്തിൽ തിരുകിവെച്ചിരുന്ന ഒരു കത്തെടുത്തു് ഇങ്ങനെ വായിച്ചുതുടങ്ങി.

"നമ്മുടെ അന്നദാതാവായ സുൽത്താൻ തിരുമേനി അങ്ങയെ ഒരു വിവരം ഗ്രഹിപ്പിക്കേണ്ടുന്നതിന്നുവേണ്ടി

എന്നെ ഈ വേഷം കെട്ടിച്ചു് കോട്ടയിൽ നിന്നു് ഉപായത്തിൽ അയച്ചിരിക്കുകയാണു്. ഔറംഗസീബിൻെറ സൈന്യത്തെ നശിപ്പിക്കുവാൻ വഞ്ചനകൊണ്ടല്ലാതെ നേരായ മാർഗ്ഗംകൊണ്ടു് സാധിക്കുന്നതല്ലെന്നു സുൽത്താൻ തിരുമേനിക്കു ബോദ്ധ്യം വന്നിരിക്കുന്നു. വരുന്ന കറുത്തവാവിൻനാൾ രാത്രി മൂന്നുമണിക്കു, ശത്രുക്കൾ ഉറങ്ങിക്കൊണ്ടിരിക്കുമ്പോൾ, അവരുടെ ഇടയിൽ പെട്ടെന്നു ചാടിവീണു് ഒരു കൂട്ടക്കൊല നടത്തണമെന്നാണു് സുൽത്താൻ തിരുമേനി തീർച്ചപ്പെടുത്തിയിരിക്കുന്നതു്. ആ കൊടുംകൊലയ്ക്കു ഒരുങ്ങിച്ചെല്ലുന്ന ഗോൽക്കൊണ്ടഭടന്മാരെ എല്ലാവരേയും മുഗളരുടെ വേഷം ധരിപ്പിക്കുവാൻ വേണ്ടുന്ന ഏർപ്പാടും നമ്മുടെ തിരുമേനി ചെയ്തു തുടങ്ങിയിട്ടുണ്ടു്.

മുഗൾപ്പാളയം മുഴുവനും പ്രകാശമയമാക്കിത്തീർത്തുകൊണ്ടു വിളങ്ങുന്ന ആ വലിയ വിളക്കുകൾ പതിനാറും അണച്ചല്ലാതെ ശത്രുക്കളെ ആക്രമിക്കുവാൻ നിവൃത്തിയില്ലാ. ആ വിളക്കുകൾ തുടച്ചു വൃത്തിയിലാക്കുവാനും അവയെ സംബന്ധിച്ച മററു കാര്യങ്ങൾ നടത്തുവാനും ഔറംഗസീബു് പതിനാറുപേരെ നിയമിച്ചിട്ടുണ്ടു്. നിത്യവും രാത്രി മൂന്നു മണിക്കു ആ വിളക്കുകളെല്ലാം തെളിയിക്കാഞ്ഞാൽ മുഗൾപ്പാളയം മുഴുവനും ഇരുട്ടുകെട്ടിപ്പോകുന്നതാണു്. വരുന്ന അമാവാസിനാൾ രാത്രി അങ്ങയുടെ ഭടന്മാരിൽ പതിനാറുപേർ മുഗളരുടെ വേഷം ധരിച്ചു് കാലേക്കൂട്ടിച്ചെന്നു് ആ വിളക്കുകൾക്കടുത്തുള്ള പുൽക്കെട്ടുകൂമ്പാരങ്ങൾക്കിടയിൽ പതിയിരിക്കണം. മണി മൂന്നടിക്കുന്നതിന്നു അല്പം മുമ്പു് ആ സ്തംഭങ്ങളിൽക്കയറി കയർ അറുത്തു് ദീപങ്ങളെല്ലാം നിലത്തുവീഴ്ത്തി നശിപ്പിക്കുകയുംകൂടെ അവർ ചെയ്യേണ്ടിയിരിക്കുന്നു. എന്നാൽ, കോട്ടയിലെ പടയാളികൾക്കു എളുപ്പത്തിൽ കൊലനടത്തുവാൻ സാധിക്കുന്നതാണു്. വിളക്കുകളെല്ലാം കെട്ടു് എങ്ങും അന്ധകാരമയമായിച്ചമഞ്ഞ മാത്രയിൽത്തന്നെ തുടങ്ങും ശത്രുവധം. അതിന്നുവേണ്ടി ഇരുനൂറോളം ഭട

ന്മാരെ മുഗളരുടെ വേഷം കെട്ടിച്ചു് കോട്ടയിൽ തയ്യാറാക്കി നിൎത്തുന്നുണ്ടു്. വിളക്കു കെടുക്കുന്ന കാൎയ്യം മാത്രമെ അങ്ങു നടത്തേണ്ടതുള്ളു.

ഔറംഗസീബ്ബും പടയും കോട്ടയ്ക്കഭിമുഖരായിനിന്നുകൊണ്ടാണു് നിരോധം നടത്തുന്നതെന്നു പറയേണ്ടതില്ലല്ലോ! അതുകാരണം, കോട്ടയിൽനിന്നു ഭടന്മാരെ അയച്ചു് വിളക്കുകൾ നശിപ്പിക്കുവാൻ ഒരു വിധത്തിലും സാധിക്കുന്നതല്ലാ. അതുകൊണ്ടു്, ആ കാൎയ്യം നടത്തുവാൻ നമ്മുടെ തിരുമേനി ഇതാ ഞാൻ മുഖാന്തരം അങ്ങയോടു കല്പിക്കുന്നു. ആ കല്പനപ്രകാരം പ്രവൎത്തിക്കുവാൻ അങ്ങു തയ്യാറായാൽ ആ വിവരം സുൽത്താനെ അറിയിക്കേണ്ടതാണു്. കോട്ടയുടെ കിഴക്കു ഭാഗത്തായി, മുഗളരുടെ കണ്ണെത്താത്ത ഒരു സ്ഥലത്തു്, വലിയൊരു സ്തംഭംനാട്ടി അതിന്റെ ശിഖരത്തിൽ തീക്കത്തിച്ചാൽ അങ്ങുതയ്യാറായെന്നു സുൽത്താൻ മനസ്സിലാക്കിക്കൊള്ളും.

നമ്മുടെ മക്കാമസ്ജിഡ്ഡിനോടു തൊട്ടുംകൊണ്ടുള്ള ആ ചെറിയ പുരയിലെ കിഴക്കെ മുറിയിൽ ഞാൻ ഉണ്ടായിരിക്കും. അങ്ങയുടേയും സുൽത്താന്റേയും ഉദ്യമങ്ങൾ എത്ര കണ്ടു ഫലിക്കയുണ്ടായെന്നും ശത്രുക്കളിൽ എത്രപേർ ചത്തൊടുങ്ങിയെന്നും അങ്ങു എന്നേയും അറിയിക്കണം. ഞാൻ പാൎക്കുന്ന ആ മുറിയുടെ കിഴക്കെ ജനൽ എപ്പോഴും തുറന്നുകിടക്കുന്നുണ്ടാകും. ആ ജനലിന്നു താഴെത്തന്നെയായിരിക്കും എന്റെ കിടപ്പും. വിവരം എന്നെ അറിയിക്കുവാൻ വരുന്നതു വളരെ സൂക്ഷിച്ചിട്ടുവേണമെന്നു പ്രത്യേകം ഞാൻ പറഞ്ഞറിയിക്കേണ്ടതല്ലോ?

എന്റെ ഒന്നിച്ചുകണ്ട അശ്വഭടന്മാർ എട്ടുപേരും ഔറംഗസീബിനെ സേവിച്ചുപോരുന്നവരാണു. ഞാൻ ആ രാജകുമാരനു വിരോധമായി വല്ലതും പ്രവൎത്തിക്കുന്നുണ്ടെന്നുകണ്ടാൽ ഉടൻതന്നെ എന്റെ ശിരഃഛേദം നടത്തു

വാൻ അദ്ദേഹം ആ പടയാളികളോടു കല്പിച്ചിട്ടുണ്ടു്. ആ ഭടന്മാർ എപ്പോഴും എന്നെ കാത്തുകൊണ്ടിരിക്കുന്നുണ്ടാകും. അവരുടെ ദൃഷ്ടിയിൽപ്പെടാതെകണ്ടു് ഈ കത്തെഴുതുവാൻ ഞാൻ വളരെ കഷ്ടപ്പെട്ടുകയുണ്ടായി. പ്രവൎത്തിക്കുന്നതെല്ലാം വളരെ വളരെ സൂക്ഷിച്ചിട്ടുവേണമെന്നു ഇതാ ഞാൻ ഒരിക്കൽക്കൂടെ ഓൎമ്മപ്പെടുത്തുന്നു."

ഔറംഗസീബ് നിരോധം തുടങ്ങുന്നതിന്നു മുമ്പായി ഗോൽക്കൊണ്ടക്കോട്ടയിൽ ചെന്നുചേരുവാൻ സാധിക്കാതെ വന്നതിനാൽ പരിതപിച്ചുകൊണ്ടിരിക്കുന്ന ആ ഗൃഹസ്ഥൻ, അബ്ദുള്ളയുടെ സൈന്യാധിപന്മാരിൽ ഒരുവനായിരുന്നു. അദ്ദേഹം സുൽത്താന്റെ കല്പന പ്രകാരം വിളക്കുകളെല്ലാം നശിപ്പിച്ചതും, മുഗളരുടെ വേഷം ധരിച്ച ഗോൽക്കൊണ്ട ഭടന്മാർ മുഗൾപ്പാളയത്തിൽക്കടന്നു് കൂട്ടക്കൊലനടത്തിയതും കഴിഞ്ഞ അദ്ധ്യായത്തിൽ വിവരിച്ചിട്ടുണ്ടല്ലോ!

മാൾവദേശത്തുള്ള പ്രഭുക്കന്മാരേയും മുഗൾസൈന്യങ്ങളേയും ഒന്നിച്ചുകൂട്ടി വേഗം ഗോൽക്കൊണ്ടയിൽ എത്തിച്ചേരുവാൻ ഷെയിസ്റ്റഖാന്നു ഒരു അടിയന്തരകല്പന കൊടുത്തയച്ച ശേഷം ഔറംഗസീബ് ഒന്നാമതായിച്ചെയ്തതു് വിളക്കുകളെ സംബന്ധിച്ച കാൎയ്യങ്ങൾ നടത്തുന്ന ഭടന്മാരെ കൂട്ടിക്കൊണ്ടു ചെല്ലുവാൻ ആളെ അയയ്ക്കുകയാണു്. എങ്കിലും, കഴുത്തിൽ കയറിട്ടുമുറുക്കിക്കൊന്ന നിലയിൽക്കിടക്കുന്ന ആ ഭടന്മാരുടെ ശവങ്ങൾ മാത്രമെ തൃതീയ മുഗൾ രാജകുമാരന്നു് കാണുവാൻ സാദ്ധ്യമായുള്ളു. ആ കാൎയ്യ അദ്ദേഹത്തെ തുലോം കോപാന്ധനാക്കിത്തീൎത്തു. അതോടുകൂടെ, അദ്ദേഹം ഗോൽക്കൊണ്ട തകൎക്കേണ്ടുന്നതിന്നു അത്യന്തം വാശിയോടെ ഒരുക്കം കൂട്ടുവാൻ തുടങ്ങി. അപ്പോഴയ്ക്കും, പുരോഹിതന്നു പാറാവുനില്ക്കുവാനയച്ചിരുന്ന ഭടന്മാർ എട്ടുപേരും തിരിച്ചെത്തി. അവരിൽ പ്രധാനൻ ഔറംഗസീബിന്റെ ഒരു ചോദ്യത്തിന്നു കൊടുത്ത മറുവടി താഴെ കൊടുക്കുന്നു.

"തിരുമേനി! തലസ്ഥാന നഗരത്തിലുള്ള ഒരു ഗോൽക്കൊണ്ടസൈന്യാധിപനും ആ വൃദ്ധപുരോഹിതനും

തമ്മിൽ മിനിഞ്ഞാന്നു രാത്രി ഒരു ഗൂഢസംഭാഷണം നടത്തിയിരിക്കുന്നു. ആ വൃദ്ധൻ കിടക്കുന്ന മുറിയുടെ ഒരു ജനലിന്നു അകത്തും പുറത്തും നിന്നുകൊണ്ടാണു് അവർ സംഭാഷണം നടത്തിയതു്. അടിയൻ അതെല്ലാം ഒളിഞ്ഞുനിന്നു കേട്ടു. തലസ്ഥാനനഗരത്തിലുള്ള ഗോൽക്കൊണ്ടഭടന്മാരെ എല്ലാവരേയും വിളിച്ചുകൂട്ടി തിരുമേനിയോടെതിൎക്കുവാൻ ആ സൈന്യാധിപനെ പ്രേരിപ്പിക്കയായിരുന്നു ആ വൃദ്ധൻ ചെയ്തിരുന്നതു്. ആ വഞ്ചകന്റേയും ആ സൈന്യാധിപന്റേയും കുതന്ത്രങ്ങളുടെ ഫലമാണു് ഈ പാളയത്തിൽ നടന്ന കൂട്ടക്കൊല. അബ്ദുള്ള അതിന്നുവേണ്ടി ഒരു പുരോഹിതന്റെ വേഷം കെട്ടിയയച്ച ഒരു ചാരനും ഗോൽക്കൊണ്ടസൈന്യത്തിൽനിന്നു് അടുത്തുൺപററിപ്പിരിഞ്ഞ ഒരു സൈന്യാധിപനുമാണു് ആ വയസ്സൻ. അത്രമാത്രമല്ലാ, സേനാപതി ഹസ്സനാലിഖാൻബഹദ്ദൂരിന്റെ ഒരു ഉററ ബന്ധുവുംകൂടെയാണു് ആ ജരഠൻ. അടിയൻ മറഞ്ഞുനിന്നു കേട്ട അവരുടെ സംഭാഷണത്തിൽ നിന്നാണു് ഈ വക സംഗതികളെല്ലാം അടിയന്നു മനസ്സിലായതു്. പരമാൎത്ഥം ഗ്രഹിച്ച ഉടനെ അടിയൻ ആ സൈന്യാധിപനെ ഒളിയമ്പിന്നു ഇരയാക്കി. വൃദ്ധന്റെ ശിരച്ഛേദനവും കഴിച്ചു. അനന്തരം, ഇങ്ങോട്ടു പോരികയും ചെയ്തു."

ആ ഭടന്മാരെ എട്ടുപേരേയും സമ്മാനിച്ചയച്ച ഉടനെ, ഔറംഗസീബു് ഹസ്സനാലിഖാനെ വിളിച്ചു വരുത്തി. അദ്ദേഹത്തെക്കാണുമ്പോഴയ്ക്കും, ആ രാജകുമാരന്റെ കണ്ണുകൾ കാലാഗ്നികുണ്ഡങ്ങളായിച്ചമഞ്ഞു. എന്നല്ലാ, വണങ്ങി വിനീതനായി ഒരു ജീവച്ഛവംകണക്കെ നില്ക്കുന്ന ആ പടനായകനോടു് അദ്ദേഹം ഇങ്ങനെ ഗൎജ്ജിക്കുകയും ചെയ്തു.

"എടാ, സ്വാമിദ്രോഹി! ഈ ഔറംഗസീബു് സുൽത്താൻ അബ്ദുള്ളയല്ലെന്നു ഞാൻ നിണക്കു അനുഭവപ്പെടുത്തിത്തരുന്നുണ്ടു്. അബ്ദുള്ളയുടെ ആ ഇളയപത്നി

യെക്കടന്നുപിടിച്ചു് ലജ്ജകൂടാതെ ദ്രോഹിക്കുവാനൊരുമ്പെട്ട നിന്നെ നാം ആ അധമ്മകമ്മത്തിൽനിന്നു ശാസിച്ചു വിലക്കിയില്ലേ! അതുനിമിത്തം നിണക്കു് നമ്മുടെ പേരിൽ കലശലായ ദ്വേഷം കടന്നുകൂടിയിട്ടുള്ള കഥ നാം മനസ്സിലാക്കിയിട്ടില്ലെന്നു നീ കരുതേണ്ടാ. സുൽത്താൻ അബ്ദുള്ളയുടെ ഒരു ചാരനും നിന്റെ ഒരു ഉററ ബന്ധുവുമായ ആ കപടപുരോഹിതനെ സഹായിച്ചു് നമുക്കു നാശം വരുത്തിക്കൂട്ടിയ കുററത്തിന്നു നിന്നെ ഇതാത്തൂക്കിക്കൊല്ലുവാൻ കല്പിക്കുന്നു.”

---

## പതിനാലാം അദ്ധ്യായം.

---

ഹസ്സനാലിഖാനെ ഗുപ്തവധം ചെയ്യുവാൻ ഔറംഗസീബ് കല്പിച്ചിട്ടു് ദിവസം ഇരുപതു കഴിഞ്ഞിരിക്കുന്നു. സമയം പത്തുനാഴികയിലധികം രാച്ചെന്നിട്ടുണ്ടു്. അന്നേരം, മുഹമ്മദ്ഖാൻ മുഗൾപ്പാളയം വിട്ടു് പുറത്തിറങ്ങി. ഔറംഗസീബിന്റെ പ്രത്യേകപ്രീതിക്കും വിശ്വാസത്തിന്നും താൻ പാത്രമായതു വിചാരിച്ചു് തന്നെത്താൻ അഭിനന്ദിച്ചു കൊണ്ടാണു് ഖാൻ പുറത്തിറങ്ങിയതു്. അദ്ദേഹത്തെക്കണ്ടു ഉടനെ, നീണ്ടുനിവന്നു ചൊടിയോടെ നിന്നുകൊണ്ടു് തങ്ങളുടെ മുറനടത്തിയ പാറാവുകാരെ നോക്കി മന്ദം മന്ദസ്മിതാന്വിതം തലയാട്ടിയ ശേഷം ആ മുഹമ്മദീയയോദ്ധാവു് വേഗം നടക്കുവാൻ തുടങ്ങി. മുഗൾപ്പാളയം കടക്കുന്നതുവരെ അദ്ദേഹം പലതും വിചാരിച്ചു രസിച്ചുംകൊണ്ടു നടന്നു. അപ്പോഴയ്ക്കും, കൊടുങ്കാടുകെട്ടിക്കിടക്കുന്ന നഭോമണ്ഡലം ഘനംകൂടിയ കരിമ്പാറകളെടുത്തിട്ടു് ആ പോരാളിവീരന്റെ ഉരത്തട്ടുപൊട്ടിച്ചു് പൊടിപൊടിയാക്കുവാൻ പുറപ്പെട്ടു. ഇഴകിപ്പിടിച്ചു നില്ക്കുന്ന അന്ധകാരക്കുഴമ്പിലാറാടിക്കൊണ്ടു് പരദ്രോഹം ചെയ്വാനൊരുങ്ങിപ്പുറപ്പെട്ട ഒരു ചണ്ഡാളസമീരണൻ ആ പടയാളിയുടെ ഉത്സാഹദീപവും

അണച്ചു. വിയർപ്പെന്ന വ്യാജേന സ്രവിച്ചുതുടങ്ങിയ സ്വന്തം ജീവരക്തം കൊണ്ടു് ആ ധീരൻെറ വസ്ത്രങ്ങളെല്ലാം നനഞ്ഞും വശായി. അതോടുകൂടെ, അകക്കരുത്തുള്ള ആ ആയോധന വീരൻെറ നില അല്പംതെററി. ഗൂഢമായി താൻ പണിതീർത്തു വരുന്ന ആകാശക്കോട്ട മുഴമിക്കവാനും, അതിനെ ഭൂമിയിലിറക്കി ക്കൊണ്ടുവന്നു് നിലയുക്കു നിത്തുവാനും, അതിലിരുന്നു് മുഗൾ സൈന്യാധിപത്യം നടത്തുവാനും തനിക്കു ശേഷിയില്ലെന്നുള്ള ഒരു തോന്നലും ആ യോദ്ധാവിന്നു് ഉണ്ടായി. അക്ഷണം, പടയിൽപ്പേരെടുത്ത പടയാളികൾക്കു മാത്രമുണ്ടാകുന്ന ഗൗരവ ത്തോടെ ആ ദീർഘകായൻ തലയെടുത്തു പിടിച്ചുനിന്നുകൊണ്ടു് നെററി ഒരിക്കൽ ചുളുക്കി നിവത്തി. വീരരസം കയറിനിന്നു തുള്ളിക്കളിക്കുന്ന കണ്ണുകൾ രണ്ടും അടച്ചുതുറന്നു. മീശപിടിച്ചു മുറുക്കിക്കൊണ്ടു നാലു പുറവും ഒന്നു നോക്കി. ഉത്സാഹത്തോടെ യാത്ര തുടരുകയും ചെയ്തു.

മുഹമ്മദ്ഖാൻ കഷ്ടിച്ചു് ഒരു നാഴികദൂരം നടക്കുമ്പോ ഴയ്ക്കും, ഓരോരുത്തരായി നാലുപേർ ആ പടയാളിയുടെ ഒന്നി ച്ചു കൂടി. അവർ എല്ലാവരും അടുത്തുള്ള ഒരു വട്ടപ്പാറയുടെ മുകളിൽക്കയറിയിരുന്നു. നന്നെത്താണസ്വരത്തിൽ ഇങ്ങനെ സംസാരിക്കുവാനും തുടങ്ങി.

മുഹമ്മദ്ഖാൻ:—ഗുലാം, നമ്മുടെ ഈ പുറപ്പാടിൻെറ ഉദ്ദേശ്യം മനസ്സിലായോ?

ഗുലാംഖാൻ.—ഇല്ല; പുറപ്പെട്ടതിൽപ്പിന്നെ ഇവർ പലപ്പോഴും എന്നോടു ചോദിക്കയുണ്ടായി. അറിയുവാൻ ആഗ്രഹം ഞങ്ങൾക്കെല്ലാവക്കുമുണ്ടു്.

മുഹമ്മദ്ഖാൻ:—അതിൽ തെററില്ലാ. പുറപ്പാടിൻെറ ഉദ്ദേശ്യം സംഘത്തിൽപ്പെട്ട എല്ലാവരും അറിഞ്ഞിരിക്കേണ്ട താണു്. എന്നാൽ മാത്രമെ എല്ലാവക്കും ഒത്തൊരുമിച്ചു് ആപത്തിൽ നിന്നൊഴിഞ്ഞുകൊണ്ടു കാര്യം നേടാൻ കഴിയുകയുള്ളു. അല്ലെ, കമാൽ?

കമാൽഖാൻ:—അതെ.

മുഹമ്മദ്ഖാൻ:—ഗുലാം, കമാൽ, അമീറാലി, ബുഡാൻഖാൻ നിങ്ങളെല്ലാവരും ശ്രദ്ധിച്ചു കേൾക്കണം. നമ്മുടെ പാളയത്തിൽ എപ്പോഴും വന്നു ചികിത്സ നടത്തിപ്പോകാറുള്ള 'ഫക്കീർഹാക്കിംഷാ'വിനെ നിങ്ങൾ അറിയുമല്ലോ!

ഗുലാംഖാൻ:—നമ്മുടെ ഗുണകാംക്ഷിയായ ആ വ്രണചികിത്സകനെയല്ലെ പറയുന്നതു്?

മുഹമ്മദ്ഖാൻ:—അതെ, ആ സമർത്ഥനെത്തന്നെ. അവൻ ബന്ധുവല്ല. ശത്രുവാണു്.

അമീറാലി:—അങ്ങിനെയാണെങ്കിൽ ആ ചെയ്ത്താനെന്തിന്നു നമ്മെ ബാധിച്ചിരിക്കുന്നു?

മുഹമ്മദ്ഖാൻ:—നമ്മുടെ സ്ഥിതിഗതികൾ അറിയുവാൻതന്നെ. ഔറംഗസീബ് തിരുമേനി നശിക്കുവാൻ സദാ പ്രാർത്ഥിച്ചുകൊണ്ടിരിക്കുന്ന ജഹാനറബീഗത്തിൻെറ ഒരു വിശ്വസ്തചാരനാണു് ആ സമർത്ഥൻ. നമ്മുടെ ഗവൎണ്ണർ പ്രഭുവിനേയും അദ്ദേഹത്തിൻെറ ബന്ധുക്കളേയും സൈന്യങ്ങളേയും സംബന്ധിച്ചു ആ ബീഗംസാഹിബ്ബിന്നു് അറിയേണ്ടുന്ന വിവരങ്ങളെല്ലാം ഇവിടെ നിന്നു ഗ്രഹിക്കുവാനും അതിനെ അപ്പപ്പോൾ അവിടെ അറിയിക്കുവാനും ആ ബീഗം ആ ചാരനെ ഇങ്ങോട്ടു അയച്ചിരിക്കുകയാണു്. "നേരം വെളുക്കുന്നതിന്നുമുമ്പു് ആ വീരനെപ്പിടിച്ചുകെട്ടിക്കൊണ്ടുവന്നു് നമുക്കു കാഴ്ച വെയ്ക്കേണ"മെന്നു പ്രഭു വളരെ ഗൗരവത്തോടെ നമ്മോടു കല്പിച്ചിരിക്കുന്നു. ആ കല്പന നടത്തുവാനാണു് നാം പോന്നിട്ടുള്ളതു്. എന്താ? അവനെ കെട്ടിക്കൊണ്ടുവന്നു കാഴ്ചവെച്ചു് ഹുസ്സൂറിൻെറ പ്രീതിയും ഉദ്യോഗകയററവും നമുക്കു നേടിക്കൂടെ?

ഗുലാംഖാൻ:—ഫ്ഫൂ, അതിന്നെന്താ പ്രയാസം? അവനെപ്പിടിച്ചുകൊണ്ടുവരാൻ ഈ അസമയത്തു് കാട്ടുകള്ളന്മാരെപ്പോലെ പാററിപ്പുളുങ്ങി നമ്മളെല്ലാവരും ചെല്ലേണമെന്നുണ്ടോ? ഈ ബുഡാൻഖാനെ അയച്ചാൽ മതിയല്ലോ!

മുഹമ്മദ്ഖാൻ:—എതിരാളിയെ മനസ്സിലാക്കാതെ വല്ലതും പറയേണ്ടാ ഗുലാം. രണ്ടുകൊല്ലം മുമ്പ് ദില്ലിയിൽ വെച്ച് ഒരു ആയുധാഭ്യാസപരീക്ഷ നടത്തിയ അവസരത്തിൽ അനേകം വീരയോദ്ധാക്കളെ നിഷ്പ്രയാസം മുട്ടുകുത്തിച്ച് ചക്രവത്തിയുടെ തൃക്കൈയിൽനിന്ന് ഒന്നാം സമ്മാനം വാങ്ങിയില്ലേ ഒരു യോദ്ധാവ്. ആ അമാനുഷപരാക്രമനാണ് നമ്മുടെ എതിരാളി.

ഗുലാംഖാൻ:—ആരു്, ആ......................................?

മുഹമ്മദ്ഖാൻ:—അതെ ആ..............................തന്നെ.

വാചകം പൂത്തിയാക്കിക്കഴിഞ്ഞ ഉടനെ മുഹമ്മദ്ഖാൻ കല്പിച്ചുകൂട്ടി സംഭാഷണം നിത്തി. പെട്ടെന്നു ഘനത്തു് മുന്നോട്ടൊടിഞ്ഞു വീഴുവാൻപോയ ശിരസ്സിനു രണ്ടുകൈകൊണ്ടും മുട്ടുകൊടുത്തശേഷം ഗുലാംഖാൻ മനസാതന്നെത്താൻ ശപിച്ച് അണുപോലുമനങ്ങാതെ അങ്ങിനെ തന്നെ ഇരുന്നു. കരിഞ്ഞുപുകഞ്ഞുകരിക്കട്ടയായിത്തീന്ന തലച്ചോറു് പൂവ്വസ്ഥിതിയിലാകുവാൻ മാഗ്ഗം കാണാതെ ആ അഹങ്കാരി നന്നെക്കുഴങ്ങുകയും ചെയ്തു. മററുള്ളവർ തറിച്ചുറച്ചു കരിങ്കൽ പ്രതിമകളെപ്പോലെ നിലകൊള്ളുകയുമുണ്ടായി. അങ്ങിനെ അല്പനേരം കഴിഞ്ഞപ്പോൾ മുഹമ്മദ്ഖാൻ വീണ്ടും ഇങ്ങനെ സംഭാഷണം തുടങ്ങി.

മുഹമ്മദ്ഖാൻ:—എന്താ, ആരും ഒന്നും ശബ്ദിക്കാത്തതു്? മനസ്സ മടുത്തുപോയോ?

ഗുലാംഖാൻ:—ഇല്ല; കാര്യം നേടേണ്ടതു് എങ്ങിനെയാണെന്നു ആലോചിക്കുകയാണു്.

ബുഡാൻഖാൻ:—എന്താ ആലോചിക്കുവാനുള്ളതു്? നമ്മൾ അഞ്ചുപേരുംകൂടെച്ചെന്നു് എങ്ങിനെയെങ്കിലും ആ ശത്രുവിനെപ്പിടിച്ചു കെട്ടിക്കൊണ്ടുവരണം.

കമാൽഖാൻ:—ആ വഞ്ചകൻ രണ്ടു ദിവസംമുമ്പ് നമ്മുടെ പാളയത്തിൽ വന്നിരുന്നപ്പോൾ പ്രയാസം കൂടാതെ കാര്യം നേടാമായിരുന്നു. ഇനിയും വരും.

മുഹമ്മദ്ഖാൻ :—അതു വിചാരിച്ച് ഇപ്പോൾ മടങ്ങിപ്പോകുവാൻതരമില്ലാ, കമാൽ. സമത്ഥനായ പോരാളിവീരൻെറ സത്യാവസ്ഥ മുഴുവനും ഔറംഗസീബ് ഗ്രഹിച്ചിരിക്കുന്ന വിവരം ആ കപടഫക്കീർ ഇപ്പോൾ അറിഞ്ഞിട്ടില്ല. അവൻെറ ഒററുകാർ നമ്മുടെ പാളയത്തിൽക്കടെന്നുകൂടിയിട്ടുള്ളതുകൊണ്ടു് അവൻ അധികം താമസിക്കാതെ ആ വിവരം മനസ്സിലാക്കും. പിന്നെ ആരുതന്നെ ശ്രമിച്ചാലും അവനെ പിടികിട്ടുന്നതല്ലാ. അത്രയ്ക്കുമാത്രം ധീരനും വീരനും തന്ത്രജ്ഞനുമാണു്: ആ ചാരപ്രമാണി. ഗവൺമെൻറ്പ്രഭു ഇന്നു സന്ധ്യയ്ക്കു തൂക്കിക്കൊന്ന സമരസിംഹനും ജമാൽഖാനും ആ ചാരപ്രമാണിയുടെ ഒററുകാരാണ്. രണ്ടുപേരെ കൊന്നതുകൊണ്ടുമാത്രം മുഗൾപ്പാളയത്തിൽ കടെന്നുകൂടിയിട്ടുള്ള അവൻെറ ഒററുകാർ മുഴുവനും ഒടുങ്ങിയെന്നു നമുക്കു തീർച്ചപ്പെടുത്തിക്കൂടാ. ഇനിയും എത്ര പേരുണ്ടെന്നു ആരു് കണ്ടു്? അതുകൊണ്ടു്, സമരനും ജമാൽഖാനും ശിക്ഷകിട്ടിയ വിവരം ആ കപടഫക്കീർ അറിയുന്നതിന്നുമുമ്പുതന്നെ നമുക്കു് അവനെപ്പിടിച്ചു കെട്ടിക്കൊണ്ടുവന്നു് പ്രഭുവിന്നു കാഴ്ചവെക്കണം.

അമീറാലി:—ഒരു പക്ഷം നാം അവിടെ എത്തുന്നതിന്നുമുമ്പുതന്നെ ആ ചെയ്ത്താൻ ഈ രാജ്യംവിട്ടു പോയിട്ടുണ്ടെങ്കിലോ?

മുഹമ്മദ്ഖാൻ :—അങ്ങിനെ സംഭവിക്കുവാൻ തരമില്ലാ. ആ ഫക്കീറിനേയും സമരനേയും ജമാലിനേയും സംബന്ധിച്ച പരമാത്ഥം നമ്മുടെ പ്രഭുവിന്നു മനസ്സിലായതു് ഇന്നലെ രാത്രിയാണു്. റോശിനാറാബീഗത്തിൻെറ കത്താണു് പ്രഭുവിനെ വിവരങ്ങൾ മനസ്സിലാക്കിയതു്. വിവരം ഇന്നലെ രാത്രി ഗ്രഹിച്ചു എങ്കിലും സമരനേയും ജമാലിനേയും ഇന്നു സന്ധ്യയ്ക്കുമാത്രമെ പ്രഭു ശിക്ഷിക്കയുണ്ടായുള്ളു. അത്രയും സമയം ഹുസൂർ യാതൊന്നും അറിയാത്തവനെപ്പോലെ കണ്ണുംചിമ്മി ഇരുന്നതും ഇന്നു സന്ധ്യയ്ക്കു് അവരെ പെട്ടെന്നു പിടിച്ചു തൂക്കിക്കൊന്നതും

എന്തിന്നുവേണ്ടിയാണെന്നു ആലോചിച്ചു നോക്കിൻ. നമ്മൾ അഞ്ചുപേരെയല്ലാതെ മററാരേയും ഇന്നു സന്ധ്യയ്ക്കു ശേഷം പാളയത്തിൽനിന്നു് പുറത്തു വിടരുതെന്നു പ്രഭു പാറാവുകാരോടു പ്രത്യേകം കല്പിച്ചിട്ടുമുണ്ടു്.

ഗുലാംഖാൻ :—അങ്ങിനെയാണെങ്കിൽ ആ വീരതൻഫക്കീർ ചാടിപ്പോകുവാൻ സംഗതിയില്ലെന്നാണു് വിചാരിക്കേണ്ടതു്. എങ്കിലും.....................

മുഹമ്മദ്ഖാൻ :—എങ്കിലും, ഒരു പക്ഷം ചാടിപ്പോയെന്നും വരാം. അങ്ങിനെ വരുന്നതായാൽ, എന്തു കുട്ടംകൈ നടത്തിയിട്ടെങ്കിലും അവനെ വഴിക്കു തടഞ്ഞു പിടിച്ചു കൊണ്ടുവരുവാൻ പ്രഭു കാലേക്കൂട്ടി അയ്മ്പതു കുതിരപ്പടയാളികളെ കല്പിച്ചയച്ചിട്ടുണ്ടു്. ഇവിടെനിന്നു് ആഗ്രയ്ക്കുള്ള വഴിയിൽച്ചെന്നു നിൽക്കുവാനാണു് അവക്കു കൊടുത്തിട്ടുള്ള കല്പന. അവർ സന്ധ്യയ്ക്കു മുമ്പുതന്നെ ആരുമറിയാതെ നമ്മുടെ കൈനിലയിൽനിന്നു് പോയിരിക്കുന്നു. ഗുലാം, ആ ഭയങ്കരൻ പാക്കുന്ന ഭവനം നീ അറിയില്ലെ ? പ്രഭുവിൻെറ കല്പനപ്രകാരം ഞാൻ ഇന്നു രാവിലെ ഉപായത്തിൽ അവിടെച്ചെന്നു കാണേണ്ടതെല്ലാം കണ്ടുവന്നിട്ടുണ്ടു്. നീ അവിടെ ചെന്നിട്ടുണ്ടോ ?

ഗുലാംഖാൻ :—ഉണ്ടു്. നമ്മൾ അവിടെച്ചെന്നാൽ ചെയ്യേണ്ടതെന്തെല്ലാമാണെന്നു നമ്മൾ ഇപ്പോൾത്തന്നെ തീർച്ചപ്പെടുത്തണം.

മുഹമ്മദ്ഖാൻ :—അതുവേണ്ടതു തന്നെ. നമുക്കു ആപത്തൊന്നുംകൂടാതെ കാര്യം നേടുവാൻ ഞാൻ ഒരു മാർഗ്ഗം കണ്ടുവെച്ചിട്ടുണ്ടു്. അതു നിങ്ങൾ അറിഞ്ഞിരിക്കേണ്ടതാണു്.

രണശൂരനായ ആ ഫക്കീറിനെ പിടിച്ചുകെട്ടിക്കൊണ്ടുവരുവാൻ താൻ കണ്ടുപിടിച്ച മാർഗ്ഗമെന്തെന്നു മുഹമ്മദ്ഖാൻ തൻെറ അനുചരന്മാക്കു് നല്ലവണ്ണം വെളിവാക്കിക്കൊടുത്തു. തൽക്കാലം മററു യാതൊരു നിവൃത്തിയും കാണായ്കയാലാണു്

വീരന്മാൎക്ക ഏറ്റവും അനുചിതമായ ആ മാൎഗ്ഗം തനിക്കു സ്വീകരിക്കേണ്ടിവന്നതെന്നും പറഞ്ഞു. പിന്നീട്, അവർ എല്ലാവരും എഴുന്നേററു നടന്ന് ഫാക്കീംഷാ പാൎക്കുന്ന ഭവനത്തിന്റെ പൂമുഖത്തിന്നുമുമ്പിൽചെന്നു നിന്നു; അകത്തു വല്ല ശബ്ദവും കേൾക്കുന്നുണ്ടോയെന്നു ശ്രദ്ധിച്ചു; നാലുപുറവും ഒന്നു നല്ലവണ്ണം നടന്നുനോക്കി; ഒന്നുരണ്ടു പ്രാവശ്യം വാതിലിൽ മുട്ടുകയും ചെയ്തു. അനന്തരം, മുഹമ്മദ്ഖാൻ ചക്കക്കത്തിയോളംപോന്ന ചെറിയൊരു ഈൎച്ചവാളുകൊണ്ടു് ശബ്ദമടക്കി വാതിലിന്റെ സാക്ഷരണ്ടും ഈൎന്നുമുറിച്ചു. ആ വാളുകൊണ്ടുതന്നെ തഴുതു പൊന്തിച്ച് വാതിൽ മെല്ലെ ഉന്തിത്തുറക്കുകയും ചെയ്തു.

വാതിൽ തുറന്നു എങ്കിലും, അപ്പോൾത്തന്നെ അകത്തു കടക്കുവാൻ ബുദ്ധിശൂന്യന്മാരായിരുന്നില്ലാ അവർ അഞ്ചുപേരും. സാമാന്യം മുന്നീഞ്ചുവീതിയും ആറു മുഴം നീളവുമുള്ള കുറെ തുണിച്ചീന്തൽ കൈയിലെടുത്ത് അമീറാലിയും ബുധാൻഖാനും കമാലിന്റെ അടുത്തുചെന്നു. ആ ഭടന്റെ ദേഹത്തിൽ അവിടവിടെ അവർ ആ ചീന്തലു് കൊണ്ടു് വ്രണം കെട്ടും പോലെ എട്ടുപത്തു കെട്ടു കെട്ടി, കൈവശം കരുതിയിരുന്ന രക്തം കൊണ്ടു് ആ കെട്ടെല്ലാം നനയ്ക്കുകയും ചെയ്തു. അതിന്നുശേഷം, നാലുപേർകൂടി കമാലിനെ താങ്ങിപ്പിടിച്ചെടുത്ത് പൂമുഖത്തു കടന്നു. നടവാതിലിൽ നിന്നു് അല്പം അകന്നൊരു സ്ഥലത്തു് അവർ ചുമടു് ഇറക്കിവെച്ചു. വലിയൊരു വിളക്കു കത്തിച്ചു് ഒട്ടകലത്തും വെച്ചു. അതിന്നിടയിൽ മുഹമ്മദ്ഖാൻ ശബ്ദപ്പെടുത്താതെ നടന്നു് ഭവനത്തിന്റെ പിൻഭാഗത്തുള്ള കട്ടിളയ്ക്കടുത്തുചെന്നു. വാതിലിന്റെ വട്ടക്കണ്ണിയിൽ നല്ലൊരു കയറിട്ടു കോൎത്തു് വലിച്ചു് താഴ്‌വാരത്തിലെ കഴിക്കോലിൽ ബലമായിക്കെട്ടുവാനാണു് ആ പടയാളി അവിടെ ചെന്നതു്. അദ്ദേഹം ആ കാൎയ്യം ഭംഗിയിൽ നിൎവ്വഹിച്ചു. ഉടൻതന്നെ പൂമുഖത്തെത്തുകയും ചെയ്തു.

അവിടെ എത്തിയ മാത്രയിൽ മുഹമ്മദ്ഖാൻ തന്റെ അതിമൂൎച്ചയുള്ള കൺമുനക്കത്തി കൊണ്ടു കത്തി അനുചരന്മാർ ഓരോരുത്തരുടേയും ആലസ്യം പ്രത്യേകം പ്രത്യേകം നീക്കി.

പിന്നീട്, അതിജാഗ്രതയോടെ അടിയുറപ്പിച്ച നിന്നുകൊണ്ട് വാതിലിൽ ഉറക്കെ മുട്ടിമുട്ടി ഹാക്കിംഷാവിനെ വിളിയും തുടങ്ങി. മൂന്നുനാലു് നിമിഷം കഴിഞ്ഞപ്പോൾ, "ആരാണതു് ? എന്തു വേണം ?" എന്നു ഹാക്കിംഷാ അകത്തുനിന്നു ചോദിച്ചു. അതിനെത്തുടൎന്നുകൊണ്ടു് അവർ തമ്മിൽ ഇങ്ങനെ ചില ചോദ്യോത്തരങ്ങൾ ഉണ്ടായി.

ഹാക്കിംഷാ :—ആരു് ?

മുഹമ്മദ്ഖാൻ :—ഞാൻതന്നെ, മുഹമ്മദ്ഖാൻ. ഗവർണ്ണർ പ്രഭുവിൻെറ അംഗരക്ഷകൻ.

ഹാക്കിംഷാ :—ആരു, നമ്മുടെ ഖാൻസാഹിബ്ബോ ? എന്തു വേണം ?

മുഹമ്മദ് ഖാൻ :—ഒരുവൻെറ മുറികെട്ടുവാനുണ്ടു്. വേഗം വാതിൽ തുറക്കു.

ഹാക്കിംഷാ :—ഇതാ തുറക്കാം. പുറത്തു വിളക്കുണ്ടോ ?

മുഹമ്മദ്ഖാൻ :—ഉണ്ടു്.

ഹാക്കിംഷാ :—പൂമുഖത്തിൻെറ വാതിൽ എങ്ങിനെ തുറന്നു ?

മുഹമ്മദ്ഖാൻ :—വളരെനേരം വാതിലിൽ മുട്ടിക്കൊണ്ടു് അങ്ങയെ വിളിച്ചു. വിളികേൾക്കാഞ്ഞപ്പോൾ ഞങ്ങൾ കൈവാളുകൊണ്ടു് ഉപായത്തിൽ വാതിൽ തുറക്കുകയാണു് ചെയ്തതു്.

ഹാക്കിംഷാ :—ഇതാ കട്ടിളവാതിൽ തുറന്നുതരാം, ഉടപ്പിട്ടു കഴിയട്ടെ.

ഹാക്കിംഷാ വാതിൽ തുറന്നു് പൂമുഖത്തു കടന്ന ഉടനെ രണ്ടുപേർ ആ പടയാളിയെ പൂണ്ടണഞ്ഞു കൈയ്യുടക്കിക്കെട്ടിപ്പിടിച്ചു. കരുത്തൊരു കമ്പിളിസ്സഞ്ചിയും തുറന്നു പിടിച്ചു് തയ്യാറായി നിൽക്കുന്ന ഗുലാംഖാൻെറ കണ്ണും കൈയും ഒന്നിച്ചൊരേ മുഹൂർത്തത്തിലുയൎന്നു് ഹാക്കിംഷാവിൻെറ ശിരസ്സിന്നു

മീതെയെത്തി. മറെറാരാൾ ആ ഫക്കീറിൻെറ കാല് വാരി ക്കീഴ്മേൽ മറിക്കവാൻ തുടങ്ങി. കമാൽ തട്ടിപ്പിടഞ്ഞെഴ ന്നേററ് കയറും കൊണ്ടകുത്തു. അപ്പോഴയ്ക്കും, ഹാക്കിംഷാ വിൻെറ ഉത്തമാംഗം അതിവേഗം ചരിഞ്ഞു തിരിഞ്ഞു കീഴ് പോട്ടു താണു്. അതോടുക്കൂടെ, ആ പരാക്രമൻ പുലിയങ്ക ത്തിലെ പതിഞ്ഞതുവിൽ പതിഞ്ഞു തുള്ളി മേല്പോട്ടുചാടുകയും പകിരിതിരിഞ്ഞുകൊണ്ടു് നിലത്തിറങ്ങി നിലയുറപ്പിക്കുകയും ചെയ്തു. അതിന്നിടയിൽ ആ വാൾക്കാരൻെറ ചുരുളുവാൾ നെട്ടനീളെ നീണ്ടു നിവന്നു് നാലഞ്ചു ശിരസ്സുരുത്തു നിലത്തു വീഴ്ത്തുകയുമുണ്ടായി.

---

## പതിനഞ്ചാം അദ്ധ്യായം.

---

കാര്യസിദ്ധിക്കു കാപ്പും കെട്ടിപ്പുറപ്പെട്ട മുഹമ്മദ്ഖാനും അനുചരന്മാരും മുന്നറിവുകൊടുക്കാതെ ഹാക്കിംഷാവിൻെറ ഭവനത്തിൽച്ചെന്നിട്ടും കൂടെ അവക്ക് അപജയവും അപമൃത്യു വും വന്നുചേരുകയാണല്ലോ ഉണ്ടായതു്. അതിന്നു കാരണ മെന്തെന്നു അന്വേഷിക്കുകതന്നെ.

രഹസ്യമായി എന്തോ എഴുതിക്കൊണ്ടിരിക്കുന്ന ഹാക്കിം ഷാ, അസ്തമിച്ചു രണ്ടുമൂന്നുനാഴിക കഴിഞ്ഞപ്പോൾ, ആരോ പൂമുഖത്തുനിന്നുകൊണ്ടു് വാതിലിൽപ്പതുക്കെ മുട്ടുന്ന ശബ്ദം കേട്ടു. ഉടനെ, ഞെട്ടിയെഴുന്നേററു. എങ്കിലും, ഭയപ്പെട്ടു നില്ക്കയുണ്ടായില്ല. എഴുന്നേററവഴിയേ, എഴുതിക്കൊണ്ടിരി ക്കുന്ന കത്തു് വേഗം മറച്ചുവെച്ചു് ഖഡ്ഗപാണിയായി വിള ക്കോടുകൂടെ മന്ദം മന്ദം ചെന്നു വാതിൽ തുറന്നു. തൽക്ഷണം, ചെറിയൊരു പട്ടിക്കുട്ടി വാലാട്ടി വാലാട്ടിക്കൊണ്ടു് ആ പടയാ ളിയുടെ കാൽമുട്ടുകളിൽ കൈരണ്ടും എടുത്തുവെച്ചു് തെരു തെരെ ചുംബനവർഷം ചൊരിയുവാൻ തുടങ്ങി.

പട്ടിക്കുട്ടിയെക്കണ്ട മാത്രയിൽ പലതും ശങ്കിച്ചു പരിഭ്രമിച്ചുകൊണ്ട് ഫാക്കിംഷാ ഒന്നുരണ്ടു നിമിഷം നിശ്ചേഷ്ടനായി നിന്നു. പിന്നീട്, കൈരണ്ടുകൊണ്ടും അതിനെ കെട്ടിപ്പിടിച്ചെടുത്ത് അകത്തുകടന്നു. വാതിൽ ഭദ്രമായി അടച്ചുബന്ധിച്ചു. പട്ടിയുടെ കഴുത്തിലുണ്ടായിരുന്ന തോൽപ്പട്ട വേഗം അഴിച്ചെടുത്ത് അകത്തു കടന്നു: ഗൂഢമായ ഒരു സ്ഥലത്തു ചെല്ലുകയും ചെയ്തു. രണ്ടും രണ്ടാക്കി വെവ്വേറെ എടുത്തുവെയ്ക്കാവുന്ന രണ്ടടുക്കുതോലുള്ള ഒരു പട്ടയായിരുന്നു അത്. ആ അടുക്കുകളുടെ ഇടയിലുള്ളതും പട്ടിയുടെ കഴുത്തിൽ കിടക്കുമ്പോൾ ആൎക്കുംതന്നെ കണ്ടുപിടിക്കുവാൻ കഴിയാത്തതുമായ ഒരു കള്ളറയിൽനിന്നു് ഫാക്കിംഷാ ഒരു കത്തു വലിച്ചെടുത്തു. വിളക്കിനരികെചെന്നു് ഇരുന്നു് ഇങ്ങനെ വായിക്കുവാനും തുടങ്ങി.

"നമ്മുടെ പരമശത്രുവായ രോശിനാറാബീഗം ഔറംഗസീബിനെ ചിലവിവരങ്ങൾ അറിയിച്ചിരിക്കുന്നു. എന്തെല്ലാമാണു് അറിയിച്ചിട്ടുള്ളതെന്നു മനസ്സിലായിട്ടില്ലാ. സമരസിംഹനേയും ജമാൽഖാനേയും ഇതാ ഇപ്പോൾ ഔറംഗസീബു് തൂക്കിക്കൊല്ലുകയുണ്ടായി. നാലു് ഭടന്മാരെ ഒന്നിച്ചുകൂട്ടി ഇന്നു രാത്രിതന്നെ അങ്ങയെപ്പിടിച്ചുകൊണ്ടുവരുവാൻ ആ നിർദ്ദയൻ ഗൂഢമായി മുഹമ്മദ്ഖാനോടു കല്പിച്ചിട്ടുമുണ്ടു്. ആ ഖാൻെറ വലയിൽ കുടുങ്ങാതെ അങ്ങു ചാടിപ്പോകുന്നപക്ഷം അങ്ങയെ വഴിക്കു തടഞ്ഞുപിടിച്ചുകൊണ്ടുവരുവാൻ അയ്മ്പതു അശ്വഭടന്മാരേയും ഔറംഗസീബു് കല്പിച്ചയച്ചിരിക്കുന്നു. അവർ സന്ധ്യക്കുമുമ്പുതന്നെ ഈ പാളയം വിട്ടുപോയിട്ടുണ്ടു്. അങ്ങയെ വധിക്കുന്നതു് ഔറംഗസീബിന്നു ഇഷ്ടമല്ലാ. ഒരു നിസ്തുല്യപരാക്രമനായ അങ്ങയെ എങ്ങിനെയെങ്കിലും പിടിച്ചുകൊണ്ടുവന്നു് ബഹുമാനപൂൎവ്വം സൽക്കരിച്ചു് തൻെറ പക്ഷം ചേൎക്കേണമെന്നാണു് ഔറംഗസീബിൻെറ ആഗ്രഹം. അപമാനകരമായ ഒരു വാക്കുപോലും അങ്ങയോടു പറയരുതെന്നും ആ സൂത്രജ്ഞൻ എല്ലാവരോടും പ്രത്യേകം പ്രത്യേകം കല്പിച്ചിട്ടുമുണ്ടു്. കഴിയുന്നതും വേഗം വേണ്ടതു ചെയ്തുകൊള്ളുമല്ലോ."

ആ കത്തുവായിച്ചു കഴിഞ്ഞ ഉടനെ, ഹാക്കിംഷാ അതി ന്നൊരു മറുപടി എഴുതി: അതിനെ മുൻപറഞ്ഞ .കല്ലറയിൽ വെച്ചു: പട്ടയെടുത്തു പട്ടിയുടെ കഴുത്തിലിട്ടു: അതിന്നു ചോറു കൊടുത്തു് വേഗം തിരിച്ചയക്കുകയും ചെയ്തു.

പട്ടിക്കുട്ടിയെ മടക്കി അയച്ചശേഷം, ഹാക്കിംഷാ അത്താഴത്തിന്നിരുന്നു. ആഹാരം കഴിച്ചു എന്നു ,വരുത്തിക്കൂട്ടുവാൻ മാത്രമെ അദ്ദേഹത്തിന്നു കഴിവുണ്ടായുള്ളൂ. ആ ചിന്താവിഷ്ടൻ വേഗമെഴുന്നീററു കൈകഴുകി തൻെറ ശയനഗൃഹത്തിൽച്ചെന്നു. വിളക്കിൻെറ നാളം ശോഷിച്ചു നീലിച്ചൊരു ബിന്ദുപ്രമാണമാകുന്നതുവരെ തിരി മെല്ലെ മെല്ലെ താഴ്ത്തി. കട്ടിലിൽ ച്ചെന്നു ഇരിക്കുകയും ചെയ്തു. അതോടുകൂടെ, ആ തരളഹൃദയൻെറ നെററിത്തടം പെട്ടെന്നു ചുളിഞ്ഞിടിഞ്ഞു കീഴ്പോട്ടിറങ്ങി: കവിൾത്തടം രണ്ടും മേല്പോട്ടു കയറി വരമ്പിട്ടുനിന്നു. അന്യോന്യം ചേർന്നണഞ്ഞു അമ്പെ അമക്കുവാൻ തുടങ്ങിയ പല്ലുകൾക്കിടയിൽക്കൂടെ ഒരു സീൽക്കാരവുമുണ്ടായി. തൽക്ഷണം, ആഭാസരംഗമായിത്തീർന്ന തൻെറ മുഖത്തു് അദ്ദേഹം രണ്ടുകൈകൊണ്ടും കുറച്ചുനേരം മർദ്ദനം നടത്തി. എന്നിട്ടും കിട്ടിയില്ലാ മനസ്സമാധാനം. പോരെങ്കിൽ, 'ശ്വാസം മുട്ടിപ്പിടഞ്ഞു ചത്ത സമരസിംഹൻെറ മൃതശരീരം, കോച്ചിവലിച്ചു വളഞ്ഞ കൈയുംകാലും തൂക്കിയിട്ടു്, ഭയങ്കരമാംവണ്ണം പല്ലിളിച്ചുകൊണ്ടു്, തൂക്കുമരത്തിൽ തൂങ്ങുന്നതു് അദ്ദേഹത്തിൻെറ സങ്കല്പദൃഷ്ടിക്കു മുന്നിൽ ആവിർഭവിക്കുകയും ചെയ്തു. ഉടനെ, ഭയംകൊണ്ടല്ലെങ്കിലും, അദ്ദേഹം ഒന്നു നടുങ്ങി. "ഒരു രജപുത്രനായ സമരൻ യുദ്ധം ചെയ്തു് മരിച്ചിരുന്നു എങ്കിൽ എൻെറ ഹൃദയം ഇങ്ങനെ പൊളിയുകയില്ലായിരുന്നു." എന്നു തന്നോടുതന്നെ പറഞ്ഞു് ആ അഭിമാനി നെററിയിലെ വിയർപ്പു തുടച്ചുകളയുവാൻ പുറപ്പാടും തുടങ്ങി. എന്നാൽ, അതിന്നായിപ്പൊങ്ങിയ കൈകൾ അങ്ങിനെതന്നെ മടിയിലിറങ്ങിച്ചെന്നു് തളർന്നുകിടക്കുകയാണു് ഉണ്ടായതു്. കെട്ടഴിഞ്ഞു വീണു് നാലുപുറവും ചിന്നിപ്പരന്നു കിടക്കുന്ന ഒരു പാരിച്ച കബരീഭരവും ; ആ ഉണങ്ങിവരണ്ട കരിംപായൽപ്പടർപ്പിന്നി

ടയിൽ മംഗല്യസൂത്ര വിഹീനമായ ശോഷിച്ച ഒരു കണ്ഠനാളവും, അതിന്നുപരി വൈധവ്യവഹ്നിയോററു വാടിക്കരിഞ്ഞ ഒരു വദനാരവിന്ദവും; ആ അമംഗളക്കളത്തിൽ കോപാഗ്നി കത്തിക്കാളുന്ന രണ്ടു ആയത രക്തനേത്രങ്ങളും, ആ വഹ്നികുണ്ഡങ്ങളിൽ കരിഞ്ഞുപുകഞ്ഞുകൊണ്ടു് കിടക്കുന്ന ഔറംഗസീബിൻെറ ശരീരാവശിഷ്ടങ്ങളും ഹാക്കിംഷാ കണ്ടു തുടങ്ങിയിരിക്കുന്നു. പിന്നെയുണ്ടോ നെററിയിലെ വിയർപ്പു തുടയ്ക്കുന്ന കാര്യം കൈകൾ നടത്തുന്നതു് ?

സ്വന്തം അന്തരംഗത്തിൽ വൈധവ്യ ചിഹ്നത്തോടുകൂടെ ആരോഹണം ചെയ്തു നിൽക്കുന്ന സഹോദരിയെ കണ്ടമാത്രയിൽ താപവും കോപവും പ്രതികാരേച്ഛയുംകൊണ്ടു് ഹാക്കിംഷാ തുലോം ഉന്മത്തനായിത്തീൎന്നു. തൽക്ഷണം, ആ പോരാളി വീരൻ തൻെറ ഉടുപ്പെല്ലാം വേഗം അഴിച്ചുവെച്ചു! പുതിയൊരു അരക്കച്ചയെടുത്തു് തുമ്പും വാലും വെയ്ക്കാതെ കെട്ടിച്ചുററി മുറുക്കി. നാലടിപിന്നോക്കം മാറി നിന്നനിലയിൽ നിന്നുകൊണ്ടു മുന്നംപിന്നും മറിഞ്ഞു് അംഗങ്ങൾക്കുള്ള ആയാസക്കുറവു് നിശ്ശേഷം നീക്കി. കൈവശമുണ്ടായിരുന്ന കത്തുകളെല്ലാമെടുത്തു കരിച്ചുകളഞ്ഞു: ചുരുളുവാളെടുത്തു് കൈയിലടക്കിപ്പിടിച്ചുകൊണ്ടു് മുഹമ്മദ്ഖാൻെറ വരവും പ്രതീക്ഷിച്ചുകൊണ്ടു് കട്ടിലിൽ ചെന്നു ഇരിക്കുകയും ചെയ്തു. എങ്കിലും, അദ്ദേഹത്തിന്നു അവിടെ ഇരിക്കപ്പൊറുതികിട്ടിയില്ല. ആ ആയോധനവീരൻ വേഗമെഴുന്നേററു് പൂമുഖത്തിന്നു തൊട്ട തളത്തിൽ ചെന്നു വട്ടമിട്ടുലാത്തുവാൻ തുടങ്ങി. അങ്ങിനെ നടന്നുകൊണ്ടിരിക്കുമ്പോൾ, പൂമുഖവാതിലിൽ ആരോ മുട്ടുന്ന ശബ്ദം അദ്ദേഹം കേട്ടു. ഉടനെ, ദേഹത്തിൽ ഒരു കുളിരോട്ടമുണ്ടായി. ഇന്ദ്രിയങ്ങളെല്ലാം പെട്ടെന്നു ഉണൎന്നു. പൗരുഷത്തിന്നു പതിവിൽ കവിഞ്ഞ മൂൎച്ഛയുംകൂടി. അതോടുകൂടെ, ഹാക്കിംഷാ പെട്ടെന്നു നിന്നു ചെവികൂൎമ്മിച്ചു ശ്രദ്ധിച്ചുകൊണ്ടു് പുറത്തുനടക്കുന്ന സംഭവങ്ങളെന്തെല്ലാമാണെന്നു ശബ്ദംമൂലം മനസ്സിലാക്കുവാൻ ശ്രമവും തുടങ്ങി.

ഭവനത്തിൻെറ പിൻഭാഗത്തുള്ള വാതിൽ അകത്തുനിന്ന നല്ലവണ്ണം ബന്ധിച്ചിരുന്നതിനാൽ ആ മാൎഗ്ഗം ശത്രുക്കൾ കടന്ന വരുമെന്ന ഭയം ഹാക്കിംഷാവിന്ന ഒട്ടുംതന്നെ ഉണ്ടായിരുന്നില്ല. തന്നിമിത്തം ആ പടയാളി ശ്രദ്ധമുഴുവനും പൂമുഖത്തുതന്നെ പതിച്ചുകൊണ്ടു് നിന്നിരുന്നവിടെത്തന്നെ നിന്നു. അദ്ദേഹം അങ്ങിനെ നില്ക്കുമ്പോഴാണു് മുഹമ്മദ്ഖാൻ വാതിലിൽ മുട്ടിക്കൊണ്ടു് അദ്ദേഹത്തെ വിളിതുടങ്ങിയതു്. അതിന്നുശേഷം നടന്ന സംഭവങ്ങൾ എന്തെല്ലാമാണെന്ന അറിഞ്ഞിരിക്കുന്നുവല്ലോ!

ശത്രുസംഹാരം നടത്തിയതിൽപ്പിന്നെ ഹാക്കിംഷാ ഒരു മുഹമ്മദീയ ഭടൻെറ വേഷം ധരിച്ചു് അവിടെ നിന്നു് ഇറങ്ങിപ്പോയി. ഔറംഗസീബിൻെറ അയമ്പതു അശ്വഭടന്മരെ കണ്ടു മുട്ടാതെ കഴിച്ചുകൊണ്ടു് അദ്ദേഹം ആഗ്രയിൽ എത്തി. ജഹനാറാബീഗത്തെക്കാണുവാൻ ചെല്ലുകയും ചെയ്തു.

---

# പതിനാറാം അദ്ധ്യായം

---

നവാബു് അലീഗാബീഗം—സുൽത്താന—അർജ്മന്ത്ഭാനു—കുദ്സ്യാബീഗം—മംതാജ്സെമണി—എന്നുംമററുമുള്ള പേരുകൾകൊണ്ടു് പ്രസിദ്ധയായിരുന്ന ത്രൈലോക്യസുന്ദരി, മംതാജ് മഹാളിൽ ഷാജഹാൻ തിരുമേനിക്കു ക്രിസ്ത്വബ്ദം 1614ൽ ജനിച്ച പ്രഥമസന്താനമാണു് ജഹാനറാബീഗം. —അഥവാ, ബീഗംസാഹിബ്. ആ സീമന്തപുത്രിയുടെ മുഖദൎശനത്തിന്ന യോഗമുണ്ടായ കാലത്തു് ഷാജഹാൻ തിരുമേനി ഒരു രാജകുമാരൻ മാത്രമേ ആയിരുന്നുള്ളു. എന്നിരിക്കിലും ഒരു മുഗൾ ചക്രവൎത്തിയുടെ സീമന്തകുമാരിക്കു യോജിച്ച പദവിയിൽത്തന്നെയാണു് ഷാജഹാൻ ആ പ്രഥമസന്താനത്തെ വളൎത്തിവന്നതു്. ജഹാനറയാകട്ടെ, മാതാപിതാക്കന്മാർ ശ്രദ്ധയോടെ നട്ടുനനച്ചുപോററുന്ന വാത്സല്യാശോകദ്രുമത്തിൻെറ

അരുമക്കൊമ്പുകളിൽ ആനന്ദപ്പൂന്തേൻ നുകൎന്നുകൊണ്ടു കൊഞ്ചിക്കളിക്കുന്ന ഒരു പൊൻശ്ശുകപ്പെൺമണിക്കുഞ്ഞായി വളരുവാനും തുടങ്ങി.

പിതാവിനെ രാവും പകലും പിരിയാതെ പാൎത്തുവന്നിരുന്നതിനാൽ ജഹാനറയുടെ കണ്ണും കരളും നന്നെ ചെറുപ്പത്തിൽത്തന്നെ രാജ്യഭരണതന്ത്രത്തിൽ പതിയുവാൻ സംഗതിയായി. അതോടുകൂടെ, അന്തഃപുരം വിട്ടു് ആസ്ഥാനമണ്ഡപത്തിൽ വിഹരിക്കുവാനും, ഭരണയന്ത്രം നടത്തുന്നവരിൽ ഒരു പ്രധാന അംഗമായിത്തീൎന്നു് പേരും പെരുമയും നേടുവാനും ആ രാജകുമാരിക്കു അളവററ ആഗ്രഹം ജനിച്ചു. അതിന്നായി അത്യധികം ശ്രമവും തുടങ്ങി. തന്നിമിത്തം, യൌവനവനാന്തരത്തിൽ മദിച്ചു പുളക്കുന്ന മതിശാലിനിയായ ഒരു മനോഹരമത്തമാതംഗിയായിത്തീൎന്നപ്പോഴെയ്ക്കും, മുഗൾ സാമ്രാജ്യം ഭരിക്കുവാൻ പോരുന്ന ഭരണനൈപുണ്യശ്രീയുടെ ഒരു ലളിതലീലാകേന്ദ്രമായി ചമഞ്ഞു ആ രാജകുമാരി. അതോടൊന്നിച്ചു്, ഷാജഹാൻ ചക്രവൎത്തിയുടേയും അനന്തരകിരീടാവകാശിയായ ദാറയുടേയും അതിരുകടന്ന പ്രേമവും ആ മോഹനാംഗി അനായാസേന കരസ്ഥമാക്കി. ജഹാനറയെക്കണ്ടു് തിരുമുൽക്കാഴ്ച വെച്ചു തൃപ്തിപ്പെടുത്താതെ ചക്രവൎത്തിയുടെ പ്രീതി ആൎക്കും തന്നെ ലഭിക്കുന്നതല്ലെന്നും വന്നു. രാജധാനിയിലേയും രാജകുടുംബത്തിലേയും ഒരു പ്രധാന അംഗമായിത്തീരുവാൻ പ്രയാസം ജഹാനറയ്ക്കുണ്ടോ പിന്നെ?

സൌന്ദൎയ്യത്തിൽ സ്വമാതാവിനെ കവിച്ചുവെച്ചുകൊണ്ടു വളൎന്നുവന്ന ജഹാനറാ യൌവനത്തിൽ കാലെടുത്തു വെച്ചപ്പോഴെയ്ക്കും ലോകത്തിലെങ്ങുംതന്നെ ലാവണ്യവതി വേറെ ഇല്ലാതായി. ആ സുകുമാരകളേബരയുടെ കീൎത്തിയെത്താത്ത പ്രദേശം ഭാരതഖണ്ഡത്തിൽ ഇല്ലാതേയുമായി. അതോടുകൂടെ, സ്ഥാനമാനാദികൾ തികഞ്ഞ അസംഖ്യം പുരുഷകേസരികൾ ആ രാജകുമാരിയുടെ ഭൎത്തൃപദം നേടുവാൻ വരവു തുടങ്ങി. എന്നാൽ, കത്തിജ്ജ്വലിക്കുന്ന അഗ്നിമണ്ഡലത്തെ ആശ്ലേഷി

ക്കുവാനാണ് തങ്ങൾ പുറപ്പെടുന്നതെന്നു മനസ്സിലാവുകയാൽ അവരിൽ അധികംപേരും ആ ഉദ്യമത്തിൽനിന്നു പിൻവാങ്ങി പ്പോകുകയാണു് ചെയ്തതു്. തങ്ങൾക്കു എന്തുതന്നെ സംഭവി ച്ചാലും വേണ്ടില്ലെന്നു കരുതി ആ രാജകുമാരിയുടെ പ്രേമം നേടു വാനും അപൂർവ്വം ചിലർ ഇല്ലാതിരുന്നില്ലാ. ചക്രവർത്തി അവരെ എല്ലാവരേയും അഗ്നിയ്ക്കും വിഷത്തിന്നും ഇരയാക്കി വരികയും ചെയ്തിരുന്നു. ആ കാരണത്താൽ, ഗാർഹസ്ഥ്യാരാ മത്തിൽ ചവുട്ടാതെ തന്നെ ജീവകാലം മുഴുവനും ആ രാജകുമാ രിക്കു കഴിച്ചുകൂട്ടേണ്ടതായും വന്നു.

ദാറ, ഷൂജ, ഔറംഗസീബ്, മുറാദ് എന്ന നാലു സഹോദരന്മാരും രോശിനാറ എന്ന ഒരു സഹോദരിയും ജഹാനറയ്ക്കുണ്ടായിരുന്നു. ആ നാലുപുത്രന്മാരേയും ഒരുപോലെ വാത്സല്യത്തോടെയാണു് ഷാജഹാൻ ചക്രവർത്തി വളർത്തി വന്നതു. എന്നിരിക്കിലും, ഏകോദര സഹോദരന്മാരാണെന്ന വിചാരത്തോടെ അന്യോന്യം സ്നേഹിച്ചും സഹായിച്ചും കളിച്ചു വളരുവാനുള്ള ഭാഗ്യം ആ രാജകുമാരന്മാൎക്കു ലേശംപോലുമുണ്ടാ യിരുന്നില്ല. സഹോദരസ്നേഹത്തിന്റെ അഭാവം നിമിത്തം സ്വാർത്ഥതല്പരന്മാരും കഠിനഹൃദയന്മാരുമായിത്തീൎന്ന അവർ വിവാഹം കഴിച്ചു് ജീവിതായോധനത്തിന്നു പുറപ്പെട്ടപ്പോ ഴയ്ക്കും അന്യോന്യം ബദ്ധവൈരികളായിപ്പരിണമിച്ചു. അതു കൊണ്ടു മാത്രം അവസാനിച്ചില്ലാ അവരുടെ ദുർഭ്ദശ. മയൂര സിംഹാസനത്തിൽ അവരുടെ നാലു പേരുടേയും ദൃഷ്ടികൾ അനാശാസ്യമാംവണ്ണം പതിയുകയുംകൂടെ ഉണ്ടായി. എന്നു മാത്രമല്ലാ, ഏതു വിധമെങ്കിലും ആ അമോഘസിംഹാസനം കരസ്ഥമാക്കുവാൻ അത്യാഗ്രഹപ്പെട്ടുകൊണ്ടു അവർ ഓരോരു ത്തരും, ചക്രവർത്തിയുടെ തൃക്കൈയിന്നും ചെങ്കോലിന്നും തമ്മി ലുള്ള ബന്ധം അയഞ്ഞുപോകുന്ന അവസരം നോക്കിക്കൊണ്ടു പാൎക്കുകയും ചെയ്തു. ഒരു യുദ്ധം കൂടാതെ തങ്ങളുടെ ആഗ്രഹം സഫലമാക്കുവാൻ പ്രയാസമാണെന്നു കാണുകയാൽ അവർ നാലുപേരും ഗൂഢമായി അതിനും ഒരുക്കം കൂട്ടാതിരുന്നതു മില്ല. ആ രാജകുമാരന്മാരുടെ ഉൾപ്പോർ ശമിപ്പിക്കേണ്ടതിന്നു

ത്തുനിയുകയോ അതിൽ പങ്കുകാരായി ച്ചേരാതെ അകന്നു നില്ക്കുകയോ ചെയ്യുവാൻ മാത്രം സമാധാനേച്ഛയുള്ളവരായിരുന്നില്ലാ ജഹാനറയും രോശിനാറയും. ജഹാനറാ ദാറയുടേയും രോശിനാറ ഔറംഗസീബിൻെറയും പക്ഷം പിടിച്ചു നില്ക്കുകയും സകല കാൎയ്യങ്ങളിലും ആ രാജകുമാരന്മാരെ കഴിയുംവണ്ണം സഹായിച്ചു വരികയും ചെയ്തിരുന്നു.

തികഞ്ഞ വയോവൃദ്ധരായിത്തീരുന്നതുവരെ രാജയോഗ്യങ്ങളായ സുഖാനുഭവങ്ങൾ അനവരതം അനുഭവിച്ചു കൊണ്ടിരുന്നാലുംകൂടെ അവയിൽ തൃപ്തരായി ഭവിക്കാത്ത ഒരു തരം ഉത്തുംഗസുകൃതികളുണ്ടു്. ആ വൎഗ്ഗത്തിൽപ്പെട്ട ഒരു അതിഭാഗ്യവാനായിരുന്നു ഷാജഹാൻചക്രവൎത്തി. തന്നിമിത്തം, ആ രാജാധിരാജന്നു പ്രായം ചെന്നപ്പോഴും സുഖാനുഭവങ്ങൾക്കല്ലാതെ അന്യചിന്തകൾക്കു അദ്ദേഹത്തിൻെറ ഹൃദയത്തിൽ സ്ഥലമുണ്ടായിരുന്നില്ല. പിന്നെയുണ്ടോ ആ മുഗൾസാമ്രാട്ട് രാജ്യകാൎയ്യങ്ങളിൽ ശ്രദ്ധിക്കുന്നതു്? കഴിഞ്ഞുപോയതും ജീവിച്ചിരിപ്പുള്ളതുമടക്കം തനിയ്ക്കു ജനിച്ച പതിനാലു സന്താനങ്ങളുടേയും ജനയിത്രിയായ സൗഭാഗ്യവതി മംതാജമഹൽ 1631-ൽ മരിച്ചപ്പോൾ ഷാജഹാൻചക്രവൎത്തി തൻെറ പ്രേമസാമ്രാജ്യത്തെക്കോലും മുഗൾസാമ്രാജ്യത്തെക്കോലും സീമന്തപുത്രീപുത്രന്മാരെ ഏല്പിച്ചു. അവർ ഇഷ്ടപ്പെടുന്നതുപോലെ രാജ്യം ഭരിക്കുവാനും തുടങ്ങി. അതോടുകൂടെ, ചക്രവൎത്തിയെസ്സംബന്ധിച്ച സകല കാൎയ്യങ്ങളും കൊണ്ടുനടത്തുവാനുള്ള ബാദ്ധ്യതയും അധികാരവും ജഹാനറയ്ക്കായിത്തീൎന്നു. ആ സൎവ്വാംഗസുന്ദരിയുടെ സാന്നിദ്ധ്യം ചക്രവൎത്തിക്കു ഒഴിച്ചുകൂടാത്തതായും ഭവിച്ചു. ആ കാരണത്താലാണ്, ആ രാജകുമാരിയുടെ കാമുകന്മാരെ എല്ലാവരേയും ആ രാജാധിരാജൻ നശിപ്പിച്ചുകൊണ്ടിരുന്നതു്. ഔറംഗസീബിൻെറ മാതുലനായ ഷേയിസ്തഖാൻ ആ രാജനന്ദിനിയെ വിവാഹം ചെയ്യിക്കുവാനായി തിരഞ്ഞെടുത്തുകൂട്ടികൊണ്ടുവന്ന നാസ്സർഖാൻ എന്നൊരു യോഗ്യപുരുഷനെക്കൂടെ ചക്രവൎത്തി വിഷത്തിന്നു ഇരയാക്കുകയാണു് ചെയ്തതു്. ജഹാനറയെപ്പിരിഞ്ഞു വാഴുന്നകാൎയ്യം ഷാജഹാൻ ചക്രവൎത്തിക്കു

അത്രകണ്ടധികം ഹൃദയഭേദകമായിത്തീൎന്നിരുന്നു. ആ രാജകുമാരിക്കു ദാറയോടു അസാമാന്യമായ പ്രതിപത്തിയുണ്ടായിരുന്നതിനാൽ രാജകുമാരനും ചക്രവൎത്തിയുടെ പ്രത്യേകവാത്സല്യഭാജനമായിത്തീരുകയുണ്ടായി. ആ രാജാധിരാജൻ യുവരാജപട്ടം സീമന്തപുത്രന്നു കൊടുക്കുകയും ആ രാജകുമാരനെക്കൊണ്ടു് രാജ്യകാൎയ്യങ്ങൾ നടത്തിച്ചുവരികയും ചെയ്തു തുടങ്ങി. ജഹാനറ തന്നാൽ ആവുന്നേടത്തോളം തന്റെ സഹോദരനെ സകലകാൎയ്യങ്ങളിലും സഹായിച്ചുവരികയുമുണ്ടായി. ചക്രവൎത്തിയുടേയും ജഹാനറയുടേയും ആ പ്രവൃത്തികൾ മററുള്ള രാജകുമാരന്മാരെ അസൂയാപരവശന്മാരായും വിദ്വേഷത്തിന്റെ വിളനിലങ്ങളായുമാക്കിത്തീൎത്തു. ആ വിവരം ഗ്രഹിച്ചിട്ടുംകൂടെ ജഹാനറ ദാറയെ സഹായിക്കുന്ന കാൎയ്യത്തിൽ നിന്നു പിന്മാറുകയോ ഗൃഹനായകിയുടെ നിലയിൽ സഹോദരന്മാരെ തമ്മിൽ യോജിപ്പിക്കുവാൻ ശ്രമിക്കുകയോ ചെയ്കയുണ്ടായില്ല.

നേരം പാതിരാവായെങ്കിലും, അതാ, ആ രാജകുമാരി ഉറക്കമൊഴിച്ചുവന്നു് ഉൽക്കണ്ഠയോടെ ഇരിക്കുന്നു. നാം മുമ്പു കണ്ട ലീലാമണ്ഡപത്തിൽത്തന്നെയാണു് ഇപ്പോഴും ഇരിക്കുന്നതു്. സമീപം ഹമീർസിംഹനും ഉണ്ടു്. പതിവുപോലെ നാലു് പാറാവുകാരേയും കാണുന്നു. ജഹാനറയും ഹമീർസിംഹനും സംഭാഷണം തുടങ്ങുവാനുള്ള ഭാവമാണു്. അതാ, രാജകുമാരി ആരംഭിക്കുന്നു.

ജഹാനറ:—രാജൻ ഇത്രവേഗം മടങ്ങിവരേണ്ടവനല്ലെങ്കിലും വന്നു, ഇല്ലെ?

ഹമീർസിംഹൻ:—വന്നു.

ജഹാനറ:—എന്താ, താണസ്വരത്തിൽ പറയുന്നതു്? വന്നതുകൊണ്ടു് രാജന്റെ പേരിൽ നമുക്കു അതൃപ്തിയില്ലാ. സംതൃപ്തിയേ ഉള്ളു. ഒരു കൂടിയാലോചനയ്ക്കു തരമായല്ലോ! ആട്ടെ, വല്ല പ്രത്യേക കാരണവുമുണ്ടായിട്ടു വന്നതോ, അതോ, വളരെ ദിവസമായിട്ടു വിട്ടുപിരിഞ്ഞ ഈ രാജധാനിയെ ഒന്നു കണ്ടിട്ടുപോകുവാൻ വേണ്ടി മാത്രം വന്നതോ?

ഹമീർസിംഹൻ:—ഒന്നു കാണ്മാൻ മോഹമില്ലായ്കയില്ല. എങ്കിലും, അതിന്നുവേണ്ടി മാത്രം നമ്മുടെ കാൎയ്യങ്ങളെ ബലികഴിച്ച് ഇത്ര ദൂരം ഓടിപ്പാഞ്ഞു വരുവാൻ ഒരു അന്തസ്സാരവിഹീനനാണോ ഞാൻ? അവിടെ പാൎക്കുവാൻ നിവൃത്തിയില്ലാഞ്ഞിട്ടു പോന്നതാണ്.

ജഹാനറ:—ഏ? എന്തുകൊണ്ട്?

ഹമീർസിംഹൻ:—ഞങ്ങളിൽ ചിലരെ സംബന്ധിച്ച പരമാൎത്ഥം ഔറംഗസീബ് അറിഞ്ഞുവശായിരിക്കുന്നു. അറിയിച്ചതു രോശിനാറാബീഗമാണ്.

ഹമീർസിംഹന്റെ ഒടുവിലത്തെ വാക്ക് ജഹാനറയെ ആനന്ദമയമായ ഒരു വിചാരത്തിൽ നിന്നു ഉണൎത്തിവിട്ടു. ഒരു ഉത്തുംഗപാരാവാരതരംഗം കണ്ടുകൊണ്ട് ഉരുണ്ടുരുണ്ടു ചെന്ന് പെട്ടെന്നു വീണു പൊട്ടിത്തകൎന്നു പായുന്ന ഒരു മേഘഗൎജ്ജനം കേട്ട ചെറു ബാലികയെപ്പോലെ നടുങ്ങിക്കൊണ്ടാണ് ആ രാജകുമാരി ഉണൎന്നതു്. തന്നിമിത്തം, ആ സ്ത്രീരത്നത്തിന്റെ മുഖമണ്ഡലത്തിൽ ഒരു ഇളം നീലിമ ഒന്നു രണ്ടു നിമിഷം കളിയാടിക്കൊണ്ടിരുന്നു. അതു് നിശ്ശേഷം നീങ്ങുന്നതുവരെ ജഹാനറയെ സ്വസ്ഥയായിരിക്കുവാൻ ഹമീർസിംഹൻ അനുവദിച്ചു. അനന്തരം, പട്ടിയുടെ പട്ടയിൽനിന്നു് താൻ കടത്തെടുത്തതു മുതൽ ആഗ്രയിൽ എത്തിച്ചേൎന്നതുവരെയുള്ള വിവരങ്ങളെല്ലാം ആ ക്ഷത്രിയവീരൻ ആ രാജകുമാരിയെ അറിയിച്ചു. എന്നല്ലാ, വീണ്ടും ഇങ്ങിനെ പറയുവാൻ തുടങ്ങി.

ഹമീർസിംഹൻ:—ഞാൻ പോന്നു എങ്കിലും ജയചന്ദ്രനും മുസാഫർഖാനും ഔറംഗസീബിന്റെ പാളയത്തിലുള്ളതുകൊണ്ട് അവിടത്തെ വിവരങ്ങളെല്ലാം നമുക്കു അപ്പപ്പോൾ അറിവുകിട്ടുന്നതാണ്.

ജഹാനറ:—അതുകൊണ്ടു മാത്രം പോരല്ലോ! ഔറംഗസീബിന്നു ദിവസം ചെല്ലും തോറും ശക്തി വൎദ്ധിച്ചു വൎദ്ധിച്ചുതന്നെ വരുന്നു. മേർജ്ജുംലയുടെ സഖ്യം ലഭിച്ചതുകൊണ്ടുതന്നെ ആ ദുഷ്ടൻ വലിയൊരു ധനാഢ്യനായിത്തീൎന്നിട്ടുണ്ട്.

ഗോൽക്കൊണ്ട പിടിച്ചടക്കുകയും കൂടെ ചെയ്താൽ പിന്നത്തെക്കഥ പറയുവാനുണ്ടോ? ഔറംഗസീബ് ലോകം മുഴുവനും മുടിക്കുകതന്നെ ചെയ്യും.

ഹമീർസിംഹൻ:—അതിന്നു സംഗതി വരുന്നതല്ലാ, ദേവി. അബ്ദുള്ളയുടെ ഇരുനൂറു ഭടന്മാരാണ് രണ്ടായിരത്തിലധികം മുഗൾപ്പടയാളികളെ കൊന്നൊടുക്കിയതു്. ഇനിയും ഗോൽക്കൊണ്ടയിൽ സൈന്യങ്ങളുണ്ട്. തലസ്ഥാനനഗരത്തിലും ഭടന്മാരുണ്ടു്. സൈന്യാധിപന്മാൎക്കും കുറവില്ല. അവർ ഔറംഗസീബിന്റെ ധിക്കാരം കണ്ടും കൊണ്ടിരിക്കയില്ലാ.

ജഹാനറ—വേണ്ടാ, അവർ ഔറംഗസീബിനോടെതിൎക്കട്ടെ. എന്നാലെന്താ ? മാൾവദേശത്തുനിന്നു ഷെയിസ്റ്റഖാനും പടയും വന്നെത്തിയാൽ ഔറംഗസീബിന്നു അബ്ദുള്ളയെക്കാൾ സൈനികശക്തി കൂടുതലാകില്ലേ ? മേൎജ്ജുംല തന്റെ പടയും പടക്കോപ്പുകളും ഔറംഗസീബിന്റെ പാദങ്ങളിൽ അടിയറവെയ്ക്കുകയും ചെയ്തുകഴിഞ്ഞിരിക്കുന്നു. ഔറംഗസീബിനെ തിരിച്ചോടിക്കുവാൻ ഗോൽക്കൊണ്ട ഭടന്മാൎക്കു രണനൈപുണ്യം പോരെന്നു നാം പറയുന്നില്ലാ. ഔറംഗസീബിന്നുള്ളതുപോലെ സൈന്യം അബ്ദുള്ളയ്ക്കില്ലാത്തതിനാൽ യുദ്ധത്തിൽ ജയം ആ സുൽത്താന്നു കിട്ടില്ലെന്നു മാത്രമെ നാം പറയുന്നുള്ളു.

ഹമീർസിംഹൻ:—അങ്ങിനെ പറയാറായിട്ടില്ലാ, ദേവി.

ജഹാനറ:—ഇല്ലെങ്കിലും, കാലേക്കൂട്ടിത്തന്നെ നമ്മുടെ രക്ഷ നമുക്കു നോക്കുന്നതാണ് നല്ലതു്. ഗോൽക്കൊണ്ട നിരോധം ഉടനെ നിൎത്തിവെച്ചു് ഔറംഗബാദിലേയ്ക്കു മടങ്ങുവാനുള്ള ഒരു അടിയന്തരക്കല്പന ചക്രവൎത്തിയെക്കൊണ്ടു ഔറംഗസീബിന്നു വേഗം അയപ്പിച്ചുകളയാം.

ഹമീർസിംഹൻ:—അങ്ങിനെ ചെയ്യുന്നതു് എല്ലാം കൊണ്ടും നല്ലതുതന്നെ.

ജഹാനറ:—ആ കല്പന കഴിയുന്നതും വേഗം നാം അയപ്പിക്കുന്നതാണ്. ഈ രോശിനാറയും മേർജ്ജംലയും അവരാൽക്കഴിയുന്നത്ര ഔറംഗസീബിനെ സഹായിക്കട്ടെ. അതുകൊണ്ടൊന്നും മയൂരസിംഹാസനം ആ പിതൃദ്വേഷിക്കു കിട്ടില്ലാ. ചക്രവത്തിയുടെ പിൻകാലം അതു ദാറയ്ക്കുതന്നെ. ഔറംഗസീബിന്നു ശക്തി വദ്ധിച്ചു വരുന്നുണ്ടെങ്കിൽ അതു് കുറച്ചുവെയ്ക്കുവാൻ ഇവിടെ നാമുണ്ടു്. ചക്രവത്തി സ്വൎഗ്ഗംഗതനായ മാത്രയിൽ അവകാശക്രമപ്രകാരം ദാറയുടെ ശിരസ്സിൽ വന്നുചേരും ഈ സാമ്രാജ്യമകുടം. അതിനെ തട്ടിപ്പറിച്ചെടുത്തു് സ്വന്തമാക്കുവാൻ ഷുജയും ഔറംഗസീബും മുറാദും ഗൂഢമായി ഒരുക്കം കൂട്ടുന്നതു് നമ്മൾ ഗ്രഹിച്ചിട്ടില്ലെന്നാണു് ആ വിഡ്ഢികളുടെ വിചാരം. ആട്ടെ, ഇരിക്കട്ടെ. ഈ ജഹാനറ ഒരു സ്ത്രീയാണെങ്കിലും അവരോടു മല്ലിടുവാൻ ശക്തി ഇപ്പോഴുണ്ടു് ഈ ബീഗം സാഹിബ്ബിന്നു. "വരുന്നതുവരട്ടെ വരുമ്പോൾക്കാണാം" എന്നു കരുതി കൈയും കെട്ടി ഇരിക്കുകയല്ലല്ലോ നമ്മൾ ചെയ്യുന്നതു്? വലിയൊരു സൈന്യവും ആവശ്യത്തിലധികം സഹായികളും നമുക്കും ഇല്ലെ? ഈ രോശിനാറയും മേർജ്ജംലയും കളിക്കട്ടെ. അവരുടെ കളി അവതാളത്തിൽക്കലാശിപ്പിക്കുവാൻ ശേഷി ഇപ്പോൾ നമുക്കുണ്ടു്. രോശിനാറയെ.........

..............................................................................

വെറുതെ പറഞ്ഞു കളഞ്ഞിട്ടു പ്രയോജനമില്ലല്ലോ. അസമയമാണെങ്കിലും രാജൻ വേഗം ചെന്നു് കുളിച്ചു വല്ലതും കഴിക്കു. സമരൻ മരിച്ചതുനിമിത്തം രാജന്റെ സോദരി വല്ല കടുംകൈയും ചെയ്യാതെ സൂക്ഷിക്കുകയും വേണം.

..............................................................................

...........................

ജഹാനറയും ഹമീർസിംഹനും കുറച്ചുനേരംകൂടെ സംസാരിച്ചുകൊണ്ടിരുന്നതിന്നുശേഷം, അവിടെനിന്നു പോയി.

# പതിനേഴാം അദ്ധ്യായം.

ആഗ്രാനഗരത്തിലെ രാജമന്ദിരങ്ങളിൽ ഒന്നിനോടുതൊട്ട് വെണ്ണക്കല്ലുകൊണ്ടു പടുത്തുകെട്ടിയ വലിയൊരു നീരാഴിയുണ്ട്. അതിൻെറ പടവുകളിൽ ഒന്നിൽ ഒരു സ്ത്രീരത്നം ഇരിക്കുന്നു. ജഹാനറയും ഹമീർസിംഹനും സംഭാഷണം നിൎത്തി ലീലാമണ്ഡപത്തിൽ നിന്നു പോയ്ക്കഴിഞ്ഞിരിക്കുന്ന ആ അസമയത്ത് നീരാഴിയുടെ വക്കത്തിരിക്കുന്ന ആ അംഗനാരത്നത്തിന്നു അവിടെ കാൎയ്യമെന്തെന്നു അറിയേണ്ടതാണ്.

ആ മഹിളാമണി ആരുടേയോ വരവിനെ അത്യുൽക്കണ്ഠയോടെ പ്രതീക്ഷിച്ചുകൊണ്ടിരിക്കയാണെന്നു തോന്നും ആ സുകുമാരിയുടെ ഭാവം കണ്ടാൽ. അതു് എത്രയും ശരിയാണ്. ആവനിതാരത്നം അങ്ങിനെ അല്പസമയംകൂടെ അവിടെ ഇരുന്നപ്പോഴയ്ക്കും, ഖഡ്ഗപാണിയായ ഒരു യോദ്ധാവ് അവിടെ ആഗതനായി. അദ്ദേഹത്തെ ആ ലാവണ്യവതി മന്ദസ്മിതപൂൎവ്വം സ്വീകരിച്ച് തൻെറ സമീപത്തുതന്നെ അസനസ്ഥനാക്കി. അനന്തരം, അവർ രണ്ടു പേരും ഇങ്ങനെ സംഭാഷണം തുടങ്ങി.

സ്ത്രീ:—ഖാൻസാഹേബ്! ശത്രുക്കളിൽ ആരുംതന്നെ അങ്ങയെ പിന്തുടൎന്നു വന്നിട്ടില്ലല്ലോ?

യോദ്ധാവ്:—ഇല്ല. നാം തമ്മിൽ കൂടിക്കാഴ്ച നടത്തുന്ന അവസരങ്ങളിൽ ഒന്നാമതായി ഈ ചോദ്യം ചോദിക്കുന്ന പതിവ് ഇനിയെങ്കിലും നിൎത്തിക്കൂടെ? ഖഡ്ഗപാണിയായ നമ്മെ പിന്തുടരുവാൻ ശത്രുക്കളിൽ ആരുംതന്നെ ധൈൎയ്യപ്പെടുന്നതല്ല.

സ്ത്രീ:—എങ്കിലും, അല്പം സൂക്ഷ്മക്കുറവു വന്നു പോയാൽ മണിയറമന്ത്രം കൂടെ അങ്ങാടിപ്പാട്ടായിത്തീരുന്ന ഇക്കാലത്ത് സൂക്ഷിച്ചതുകൊണ്ടു ദോഷമില്ലല്ലോ!

യോദ്ധാവ്:—അതില്ല.

സ്ത്രീ:—അതുകൊണ്ടു ചോദിച്ചു എന്നേയുള്ളൂ. ആട്ടെ, കാര്യം സഫലമായോ?

യോദ്ധാവ്:—ഇവിടുത്തെ ബുദ്ധിയും യുക്തിയും ഈയുള്ളവൻെറ ഭക്തിയും ശക്തിയും ഒന്നിച്ചു കൂടിയാൽപ്പിന്നെ കാര്യം സഫലമാകാതെ വരുന്നതാണോ? ഇവിടുത്തെ ഉപദേശപ്രകാരം ഇവൻ സന്ധ്യകഴിഞ്ഞ ഉടനെ ആരും കാണാതെ ആ ഉദ്യാനത്തിൽക്കടന്നുകൂടി പല തരം വള്ളികൾ കൊണ്ടു വല്ലാതെ കാടുകെട്ടിക്കിടക്കുന്ന ആ ലീലാമണ്ഡപത്തിൻെറ മേല്പുരമുകളിൽക്കയറി ഒളിച്ചു കിടന്നു. അവിടെ ജഹാനാരാബീഗവും ഹമീർസിംഹനും തമ്മിലുണ്ടായ സംസാരം മുഴുവനും കേൾക്കുവാൻ ഇവ നുണ്ടോ പിന്നെ പ്രയാസം? അവർ ആ ഉദ്യാനത്തിൽ നിന്നു പുറപ്പെട്ടുപോയശേഷം മാത്രമെ ഇവൻ താഴത്തിറങ്ങിപ്പോരികയുണ്ടായുള്ളൂ. ഹായ്, മേല്പുരമേൽ ഒളിച്ചു കിടക്കുമ്പോൾ എന്തൊരു ചൊറിച്ചിലാണു് സഹിക്കേണ്ടിവന്നതെന്നു പറയുവാൻ വയ്യാ. താഴത്തിറങ്ങിയ വഴിയേ വേഗം കുളിച്ചു വസ്ത്രങ്ങൾ മാററിയ ശേഷമാണു് ഇവൻ ഇങ്ങോട്ടു പോന്നതു്.

സ്ത്രീ:—ഖാൻസാഹേബു് സമൎത്ഥൻ തന്നെ, സമ്മതിച്ചു. സഹനശക്തിയും അങ്ങെയ്ക്കു ധാരാളമുണ്ടു്. അങ്ങിനെയൊരു ഒളിസ്ഥലം കണ്ടുപിടിക്കുവാൻ നമ്മുടെ ബുദ്ധിക്കു കഴിഞ്ഞിരുന്നില്ലെങ്കിൽ പോരാത്തവരായിത്തീരുമായിരുന്നു നമ്മളെല്ലാവരും. ആട്ടെ, കാര്യം സഫലമായല്ലോ! സന്തോഷമായി. സമാധാനമായി. ഇനി വൎത്തമാനം മുഴുവനും പറയു. കേൾക്കുവാൻ നമുക്കു ബദ്ധപ്പാടു കുറച്ചൊന്നുമല്ല. ജഹാനറ കൂടിക്കാഴ്ച നടത്തിയതു് ആ ഹമീർസിംഹനുമായല്ലെ ?

യോദ്ധാവ്—അതെ, അതെ.

സ്ത്രീ:—അപ്പോഴും നാം പറഞ്ഞില്ലെ ഗോൽക്കൊണ്ട വൎത്തമാനം കൊണ്ടുവന്നിരിക്കുന്ന ഹമീർസിംഹനല്ലാതെ

മററാരുംതന്നെ ആയിരിക്കയില്ലെന്നു്. ഈ വക അസമയങ്ങളിൽ ഹമീർസിംഹനല്ലാതെ മററാക്കുംതന്നെ അങ്ങിനെയൊരു കൂടിക്കാഴ്ചയ്ക്കു ജഹാനറ അനുവാദം കൊടുക്കുന്നതുമല്ലാ. വത്തമാനം മുഴുവനും പറയൂ.

ജഹാനറയും ഹമീർസിംഹനും തമ്മിൽ ലീലാമണ്ഡപത്തിൽവെച്ചു സംസാരിച്ചതെല്ലാം ആ യോദ്ധാവു് ആ സ്ത്രീരത്നത്തെ അറിയിച്ചു. അതിന്നുശേഷം അവർ വീണ്ടും ഇങ്ങനെ സംഭാഷണം തുടങ്ങി.

സ്ത്രീ:—ഓഹോ, ഗോൽക്കൊണ്ടനിരോധം നിത്തിവെപ്പിക്കുവാനാണല്ലെ പുറപ്പാടു്! നല്ലതുതന്നെ. നിത്തിവെപ്പിക്കട്ടെ. ജഹാനറ ചക്രവത്തിയെക്കൊണ്ടു് ആ കാൎയ്യം ചെയ്യിക്കാതിരിക്കയില്ലെന്നു നാം കാലെക്കൂട്ടി അറിഞ്ഞുവെച്ചിട്ടുണ്ടു്. നിരോധം നിത്തിവെയ്ക്കുവാൻ ചക്രവത്തി ഉടനെ കല്പിക്കുമെന്നും അതുകൊണ്ടു്, ആ കല്പന കിട്ടുന്നതിന്നുമുമ്പുതന്നെ ഗോൽക്കൊണ്ട കൈവശപ്പെടുത്തേണമെന്നും നാം ഔറംഗസീബിനെ അറിയിച്ചുകഴിഞ്ഞിരിക്കുന്നു. ഇവരുടെ കല്പന അവിടെ എത്തുന്നതിന്നുമുമ്പുതന്നെ ഔറംഗസീബു് നേടേണ്ടതൊക്കെ നേടിക്കഴിഞ്ഞിരിക്കും. തീച്ചതന്നെ. ജയചന്ദ്രനും മുസാഫർഖാനും ഔറംഗസീബിൻെറ പാളയത്തിലുള്ളതുകൊണ്ടു് അവിടത്തെ വിവരങ്ങളെല്ലാം അറിവുകിട്ടുമെന്നു ജഹാനറ ഇനി ആശിക്കേണ്ട. ഉടനെ നടത്തിച്ചേക്കാം അവരുടെ ശിരച്ഛേദനം. ഈ ജഹാനറയുടേയും ഹമീർസിംഹൻെറയും കുതന്ത്രങ്ങളുണ്ടോ നമ്മോടുഫലിക്കുന്നു? ഔറംഗസീബിൻെറ ശക്തി കുറയ്ക്കുവാൻ അവർ കഴിയുന്നതും ശ്രമിക്കട്ടെ. ഇവരു ജീവിച്ചിരിക്കുമ്പോഠം അതിന്നു സാധിക്കയില്ലാ അവക്കു്. വലിയൊരു സൈന്യവും ആവശ്യത്തിലധികം സഹായികളും അവക്കു ഉണ്ടെങ്കിലും കൂടെ മയൂരസിംഹാസനം ദാരയ്ക്കു കിട്ടുന്നതല്ലാ. അവരുടെ സൈന്യം! അവശ്യത്തിലധികം സഹായികഠം! ഹാ! ഹാ! ഹാ! ഹാ! ഖാൻസാഹേബ്ബ്, അവക്കു

ബന്ധുബലം ആവശ്യത്തിലധികമുണ്ട്, ഇല്ലെ ? പറയൂ. നമ്മുടെ മുഖത്തുനോക്കി മിഴിച്ചുകൊണ്ടിരിക്കുന്നതു് പിന്നെയാവാം.

യോദ്ധാവ്—പിന്നെയാവാം !..................ശാപഗ്രസ്ഥമായ ഈ രണ്ടുവാക്കുകളെ നമ്മുടെ ഭാഷയിൽക്കൊണ്ടുവന്നു ചാടിച്ച ദുഷ്ടൻ നശിച്ചുപോകട്ടെ. നൈരാശ്യംകൊണ്ടുതന്നെ അവൻ നശിച്ചുപോകട്ടെ.

സ്ത്രീ:—അവൻ നശിച്ചുപോയാലും ഈ വാക്കുകൾ നശിച്ചു പോകില്ലല്ലോ !

യോദ്ധാവ് :—എങ്ങിനെ നശിക്കും ? ഇത്തരം പൂക്കൾപൊതിഞ്ഞ കല്ലുകളുടെ കൂടെപ്പിറപ്പുകളാണല്ലോ ആ വാക്കുകൾ.

സ്ത്രീ:—അതുപോട്ടെ. പറയൂ. ജഹാനറയ്ക്കും ദാറയ്ക്കും ബന്ധുബലം ആവശ്യത്തിലധികം ഉണ്ടു; ഇല്ലെ?

യോദ്ധാവ് :—ഓഹോ! അതില്ലെ പിന്നെ?

സ്ത്രീയും:— യോദ്ധാവും } ഹാ ഹാ ഹാ ഹാ ഹാ ഹാ.

സ്ത്രീ:—ഉം, പറയൂ. പൊട്ടിച്ചിരിക്കുവാനുള്ള സ്ഥലവും സമയവും ഇതല്ലാ.

യോദ്ധാവ് :—അല്ല. ചിരി പെട്ടന്നു വന്നു പോയതാണ്.

സ്ത്രീ:—എനിക്കും അങ്ങിനെ തന്നെ. ആട്ടെ, പറയൂ. അവൎക്കു ബന്ധുബലം ആവശ്യത്തിലധികം ഉണ്ടു്; ഇല്ലെ?

യോദ്ധാവ് :—ഉണ്ടെന്നു വിശ്വസിച്ചു വരുന്ന അവരെപ്പോലെയുള്ള വിഡ്ഢികൾ അവരല്ലാതെ ഈ ലോകത്തിലുണ്ടോ വേറെ? ഒരു വൻപട ദാറയുടെ ആധീനത്തിലുണ്ടെന്നുള്ളതു വാസ്തവം തന്നെ. എന്നാൽ, മയൂരസിംഹാസനത്തിന്നു വേണ്ടി രാജകുമാരന്മാർ തമ്മിൽ യുദ്ധമുണ്ടാകുന്ന പക്ഷം ആ വൻപട ദാറയ്ക്കു എത്രകണ്ടു് ഉപകരിക്കുമെന്നു കണ്ടറിയുക തന്നെ വേണം.

സ്ത്രീ:—അറിയുവാനൊന്നുമില്ലാ. ഖാൻസാഹേബ്ബ് മാത്രം നമ്മുടെ പക്ഷം നിന്നാൽ മതി. അങ്ങിനെ നില്ക്കുന്നതിന്നു ഖാൻസാഹേബ്ബിന്നു കിട്ടുന്ന പ്രതിഫലം എന്താണെന്നു അറിയുമല്ലോ! ഔറംഗസീബ്ബ് ഗോൽക്കൊണ്ട പിടിച്ചടക്കുകയും മയൂരസിംഹാസനം കൈക്കലാക്കിക്കഴിയുകയും ചെയ്യട്ടെ. നാം സ്വാതന്ത്ര്യമാവട്ടെ. അപ്പോൾ അറിയാറാകും ഈ രോശിനാറ എത്ര മാത്രം ഉപകാരസ്മരണയുള്ളവളാണെന്ന്. ഖാൻസാഹിബ്ബ് മാത്രം നമ്മുടെ പക്ഷം നിന്നാൽ മതി. മറെറാരുതതക്ഷമില്ലാത്ത കരളുറപ്പുള്ളവനല്ലെ ഖാൻസാഹേബ്ബ്? ഏതു കാര്യം നടത്തുവാനും അങ്ങേയ്ക്കു പ്രാപ്തിയുമുണ്ടു്. ഇല്ലെങ്കിൽ, നമ്മുടെ ദൃഷ്ടി അതിദൂരെ നില്ക്കുന്ന അങ്ങയിൽ ഒരിക്കലും പതിയുകയില്ലായിരുന്നു. ഈ രോശിനാറയ്ക്കുവേണ്ടി വളരെ ഗോപ്യമായി ഒരു കാര്യം കൂടെ അങ്ങ് നടത്തേണ്ടതുണ്ടു്.

യോദ്ധാവു:—കല്പിക്കേണ്ട താമസമേയുള്ളൂ. കാര്യം സഫലമായെന്നു കരുതി സന്തോഷിക്കാം.

രോശിനാറ:—ഗോൽക്കൊണ്ട നിരോധം നീത്തിവെയ്ക്കുവാൻ ഒരു അടിയന്തര കല്പന ചക്രവത്തി ഉടനെ ഔറംഗസീബിന്നു അയച്ചു എന്നു വരാം. അങ്ങിനെ വരുന്ന പക്ഷം, ആ രാജശാസനവും കൊണ്ടു ഗോൽക്കൊണ്ടയ്ക്കു പോകുന്ന ഭടനെ എങ്ങിനെയെങ്കിലും മാഗ്ഗമദ്ധ്യെവെച്ചു നിഗ്രഹിക്കണം. ആ രാജകല്പന കൈക്കലാക്കണം. ഖാൻസാഹേബ്ബ് തന്നെ അതു ചെയ്യേണമെന്നില്ല. വിശ്വസ്തനായ വല്ലവനേയും അയച്ച് ആ കാര്യം നടത്തിച്ചാൽ മതി. എന്നാൽ മാത്രമെ കദ്ദൂസ്ഖാനെ കൊന്നതിന്നു പകരം ചെയ്തു എന്നു വരുള്ളൂ. എന്താ, അങ്ങയുടെ ഭടന്മാരെക്കൊണ്ടു് അങ്ങിനെ ചെയ്യിച്ചുകൂടെ?

യോദ്ധാവ്:—തീച്ചയായും ചെയ്യിക്കാം.

രോശിനാറ:—ശരി. സന്തോഷമായി.......................

..................................................................

രോശിനാറാബീഗവും കാസിംഖാനും കൂടി ഒരു അഞ്ചുമിനുട്ടുകൂടെ അവിടെ സംസാരിച്ചുകൊണ്ടിരുന്നു. അനന്തരം, ആ പടനായകൻ നടത്തിയ ചാരവൃത്തിക്കു പ്രതിഫലമായി തൽക്കാലം ഒരു മുത്തുമാല മാത്രം സമ്മാനിച്ച് അദ്ദേഹത്തെ ആ രാജകുമാരി അവിടെ നിന്ന് യാത്രയാക്കി. പിന്നീട്, ആ പടനായകൻ കെട്ടിപ്പൊന്തിച്ചു വരുന്ന അതിമോഹക്കോട്ടയുടെ ബലഹീനതയെക്കുറിച്ചു ചിന്തിച്ചു രസിച്ചുകൊണ്ട് ആ സ്ത്രീരത്നം അല്പനേരം കൂടെ അവിടെ ഇരുന്നു. അതിന്നു ശേഷം, പെട്ടെന്നു പൊട്ടിച്ചിരിച്ചുകൊണ്ടെഴുന്നേററ് തൻെറ ശയനഗൃഹത്തിൽ ചെല്ലുകയും ചെയ്തു.

ഷാജഹാൻ ചക്രവർത്തിക്കു മംതാജമഹളിൽ ജനിച്ച ദ്വിതീയപുത്രിയാണ് രോശിനാറാബീഗം. ആ രാജനന്ദിനി, ജ്യേഷ്ഠസഹോദരിയായ ജഹാനറയെപ്പോലെ സൗന്ദര്യം കൊണ്ട് ലോകപ്രസിദ്ധയായിരുന്നില്ലെങ്കിലും ആകാരസുഷമയും അതിന്നുയോജിച്ച ഹാവഭാവങ്ങളും കൊണ്ട് അനേകം വീരപുരുഷന്മാരെ കീഴടക്കി ഭരിച്ചുവന്നിരുന്ന ഒരു നവനീതാംഗി തന്നെ ആയിരുന്നു. രാജ്യകാര്യങ്ങളിലിടപെട്ട് കീർത്തിനേടുവാനുള്ള ആഗ്രഹം ജഹാനറയ്ക്കു എത്ര മാത്രം ഉണ്ടായിരുന്നുവോ അത്ര മാത്രം രോശിനാറയ്ക്കും ഉണ്ടായിരുന്നു. തന്നിമിത്തം, ജഹാനറ ദാറയുടെ ഭാഗം ചേർന്നുനിന്നതുപോലെ രോശിനാറ ഔറംഗസീബിൻെറ പക്ഷം പിടിച്ചു നില്ക്കുകയും ആ രാജകുമാരനെ സകല കാര്യങ്ങളിലും സഹായിച്ചു വരികയും ചെയ്തിരുന്നു. ആ കാരണത്താൽ, ആ സഹോദരികൾ തമ്മിൽ ജീവാവസാനംവരെ ശത്രുതയിൽത്തന്നെയാണ് കഴിഞ്ഞു വന്നിരുന്നത്. ജഹാനറയും ഹമീർസിംഹനും തമ്മിലുണ്ടായ സംഭാഷണത്തിലടങ്ങിയിരുന്ന കാര്യം മുഴുവനും ആ ദ്വിതീയ രാജകുമാരിക്കു അറിവുകൊടുത്ത ആ സൈന്യാധിപൻ, ഷാജഹാൻ ചക്രവർത്തിയുടെ പ്രധാനപടനായകന്മാരിൽ ഒരുവനായ കാസിംഖാനാണെന്നു അറിഞ്ഞു കഴിഞ്ഞിരിക്കുന്നുവല്ലോ.

---

# പതിനെട്ടാം അദ്ധ്യായം.

---

രോശിനാറാബീഗവും കാസിംഖാനും നീരാഴിയുടെ വക്കത്തു നിന്നു് പോയിട്ടു് ഏതാണ്ടു രണ്ടുനാഴിക കഴിഞ്ഞപ്പോൾ കിഴക്കുവെളുത്തു. എങ്കിലും, ധാരാളം ജനസഞ്ചാരം തുടങ്ങിയിട്ടില്ല. ജഹാനറയെഴുന്നേററു് ദേഹശുദ്ധിചെയ്തുകഴിഞ്ഞേയുള്ളു. അപ്പോഴെയ്ക്കും, ചില സംഗതികളുണർത്തിക്കുവാൻ ഹമീർസിംഹൻ സമയം കാത്തുനില്ക്കുന്ന വിവരം ഒരു പരിചാരിക ചെന്നു് ആ രാജകുമാരിയെ അറിയിച്ചു. അല്പനേരത്തിന്നുശേഷം, ജഹാനറയും ഹമീർസിംഹനും തമ്മിൽ ഇങ്ങനെ ഒരു സംഭാഷണമുണ്ടായി.

ജഹാനറ:—രാജ, കുളിച്ചു വല്ലതുംകഴിച്ചു കുറെ വിശ്രമിക്കാതെ വേഗം ഓടിവന്നു ; ഇല്ലെ ?

ഹമീർസിംഹൻ:—ദേവി, നാം തമ്മിൽ ഇന്നലെ രാത്രി ലീലാമണ്ഡപത്തിൽ വെച്ചു സംസാരിച്ചതെല്ലാം രോശിനാറാബീഗം അറിഞ്ഞുവശായിരിക്കുന്നു. അറിയിച്ചതു് സേനാപതി കാസിംഖാനാണു്.

ജഹാനറ:—ആരു് ? കാസിംഖാനോ ? നമ്മുടെ പിതാവിന്റെ പ്രധാനസൈന്യാധിപന്മാരിൽ ഒരുവനായ കാസിംഖാനോ ?

ഹമീർസിംഹൻ:—അതെ, ദേവി. രോശിനാറാബീഗത്തിന്റെ മാളികയ്ക്കടുത്തുണ്ടല്ലോ ഒരു നീരാഴി. അതിന്റെ താഴത്തെ പടവുകളിൽ ഒന്നിൽ ആ രാജകുമാരി കാസിംഖാനെ കാത്തുകൊണ്ടു ഇരിക്കുന്നുണ്ടായിരുന്നു. ആ പടനായകൻ അവിടെച്ചെന്നു് വിവരങ്ങളെല്ലാം ആ രാജപുത്രിയെ നേരിട്ടു ഗ്രഹിപ്പിക്കുകയാണു് ചെയ്തതു്.

രോശിനാറാബീഗവും കാസിംഖാനും തലേദിവസം രാത്രി സംസാരിച്ചതെല്ലാം ഹമീർസിംഹൻ ജഹാനറയെ അറിയിച്ചു.

അതിനുശേഷം, ആ രജപുത്രയോദ്ധാവ് വീണ്ടും ഇങ്ങനെ പറഞ്ഞുതുടങ്ങി.

"രോശിനാറാബീഗത്തിനും കാസിംഖാനും നന്നെസ്സമീപം ആ ജലാശയത്തിലേയ്ക്കിറക്കി കെട്ടിയിട്ടുള്ള കന്മതിലിൻെറ മറവിലായി, കഴുത്തുവരെ വെള്ളത്തിലാണ്ടു നിന്നുകൊണ്ട് അവരുടെ സംഭാഷണം മുഴുവനും ഞാൻ കേൾക്കുകയുണ്ടായി........................ദേവി, ദേവി, ദേവി, എന്താ, ഒന്നും പറയാതിരിക്കുന്നതു്?

ജഹാനറ:—രാജ, നാം കുറച്ചുനേരം ഇവിടെ ഉണ്ടായിരുന്നില്ലാ. കാസിംഖാൻെറ ഘോരകുടിലചുകൊണ്ട് മലിച്ചു പുളയ്ക്കുകയായിരുന്നു. പറഞ്ഞതെല്ലാം ഒരിക്കൽക്കൂടെ പറയു.

ഹമീർസിംഹൻ:—(അങ്ങിനെ ചെയ്തശേഷം) ദേവി, ഇനി എന്താ?

ജഹാനറ:—വരട്ടെ, ആലോചിക്കാം. ജഹാനറയുടെ പക്ഷക്കാർ ആരുംതന്നെ രോശിനാറ പരിമാറുന്ന ആ പ്രദേശങ്ങളിൽ ചവുട്ടുകപോലും ചെയ്യാറില്ലല്ലോ. അങ്ങിനെയിരിക്കെ, രാജൻ എങ്ങിനെ ആ അസമയത്തു് അവരുടെ സംഭാഷണം കേൾക്കുവാൻ അവിടെ എത്തിച്ചേർന്നു്? അതു പറയു ആദ്യം. അതിനുശേഷമാക്കാം കാസിംഖാനെ സംബന്ധിച്ച കാര്യം തീർച്ചപ്പെടുത്തുന്നതു്.

ഹമീർസിംഹൻ:—ദേവി, ദേവിയുടെ കല്പനപ്രകാരം ഞാൻ ഉദ്യാനത്തിൽനിന്ന് ഭവനത്തിൽച്ചെന്നു് വസ്ത്രങ്ങളെല്ലാം മാററിയശേഷം വേഗം അവിടെനിന്നു പുറത്തുകടന്നു. കളിക്കുവാനായിരുന്നു അപ്പോഴത്തെ പുറപ്പാട്. എന്നാൽ ഭവനംവിട്ട് അല്പദൂരം നടന്നപ്പോഴയ്ക്കും, കാസിംഖാനെ കണ്ടുമുട്ടി. സുഗന്ധദ്രവ്യങ്ങളിൽ മുഴുകിയിരിക്കുന്ന മനോഹരങ്ങളായ പട്ടുടുപ്പുകൾ ധരിച്ച് കാമൻചമഞ്ഞുകൊണ്ടായിരുന്നു ഖാൻ അപ്പോൾ പുറപ്പെട്ടിരുന്നതു്. തൻെറ ഉദ്യോഗവലിപ്പത്തെ എടുത്തുകാണിക്കുന്ന ഉടുപ്പു

കളിലല്ലാതെ ഖാനെ ഒരിക്കലെങ്കിലും ഞാൻ കണ്ടിട്ടില്ല. ചക്രവൎത്തിയാൽ ദത്തമായ സൈന്യാധിപൻെറ ഉടുപ്പുകൾ ധരിക്കാതെ അദ്ദേഹം ഭവനത്തിൽ നിന്നു പുറത്തിറങ്ങുന്ന പതിവില്ലെന്നു ഞാൻ നല്ലവണ്ണം അറിയുന്നതുമാണു്. അങ്ങിനെയിരിക്കെ, അദ്ദേഹം ആ അസമയത്തു് ആ രീതിയിൽ വസ്ത്രം ധരിച്ചു ചെല്ലുന്നതു് എങ്ങോട്ടാണെന്നു കണ്ടുപിടിക്കുവാൻ, അദ്ദേഹത്തെ കണ്ട ഉടനെ എനിക്കു ആഗ്രഹം ജനിച്ചു. ഞങ്ങൾ തമ്മിൽ വളരെ കുറച്ചുനേരം മാത്രമെ സംസാരിച്ചുകൊണ്ടു നില്ക്കയുണ്ടായുള്ളു. അപ്പോഴയ്ക്കും, ഖാൻ യാത്ര പറഞ്ഞു് അവിടെനിന്നു പോയി. കുളി തൽക്കാലം വേണ്ടെന്നുവെച്ചു്, ആ സൈന്യാധിപനറിയാതെ അദ്ദേഹത്തെ ഞാൻ പിന്തുടൎന്നു ചെന്നു. രോശിനാറാബീഗവും ആ ഖാനും തമ്മിൽ കണ്ടുമുട്ടിയെന്നറിഞ്ഞപ്പോൾ ഞാൻ വേഗം പിന്മാറി. എന്നല്ലാ, വളഞ്ഞുചെന്നു് ആ ജലാശയത്തിൻെറ മറുകരയിലുള്ള അശോകച്ചുവട്ടിൽ വസ്ത്രങ്ങളെല്ലാമഴിച്ചു മറച്ചുവെച്ചു. പതുക്കെ നിഴൽപററിച്ചെന്നു് വെള്ളത്തിലിറങ്ങി മുങ്ങുകയും ചെയ്തു. പൊന്തിയതു് ശരിക്കു മുൻപറഞ്ഞ കന്മതിലിന്നു പിന്നിൽത്തന്നെയാണു്. അവർ സംഭാഷണം നിൎത്തി അവിടെനിന്നു പോയെന്നു ബോധം വന്നപ്പോൾ, വിവരം ദേവിയെ അറിയിക്കുവാൻ ഞാൻ ഇങ്ങോട്ടും പോന്നു. ആ ലീലാമണ്ഡപത്തിൻെറ മേല്പുരയിൽക്കയറിക്കാടുകെട്ടിക്കിടക്കുന്ന വള്ളികളെല്ലാം അറുത്തുകളഞ്ഞു് അവിടം വേഗം വൃത്തിയിലാക്കണം. ജയചന്ദ്രനേയും മുസാഫർഖാനേയും വേഗം ഗോൽക്കൊണ്ടയിൽനിന്നു് മടക്കിവിളിക്കുകയുംവേണം. അല്ലെങ്കിൽ സമരൻേറയും ജമാലിൻേറയും അനുഭവം അവൎക്കും ഉണ്ടാകും.

ജഹാനറ:—അതിന്നിടവരുത്താതെ കഴിക്കണം. കാസിം ഖാനെ...........?

ഹമീർസിംഹൻ:—കളിക്കാൻ ചെല്ലുമ്പോഴും എന്റെ കൈയിൽ ഖഡ്ഗമുണ്ടായിരുന്നു. കാസിംഖാൻ മററുള്ളവരെപ്പോലെയല്ലല്ലോ. ചക്രവത്തിയുടെ സ്വന്തം സേവകനല്ലെ! അതുകൊണ്ടാണ്, ആ ഖാനെ ആ നീരാഴിയുടെ വക്കത്തുനിന്ന് ജീവനോടെ ഞാൻ വിട്ടയച്ചതു്.

ജഹാനറ:—അങ്ങിനെ ചെയ്തതു ഉചിതമായി. നിരോധം നിത്തിവെയ്ക്കുവാനുള്ള കല്പന ചക്രവത്തിയുടെ തൃക്കൈയിൽനിന്നു കരസ്ഥമാക്കുവാൻ നമ്മൾ ശ്രമിക്കുന്ന ഈ ഘട്ടത്തിൽ ആ തിരുമേനിയെ ക്ഷോഭിപ്പിക്കുന്ന യാതൊരു കാൎയ്യവും നമുക്കു ചെയ്യുവാൻ പാടില്ലാ.

ഹമീർസിംഹൻ:—അതു ശരിയാണു്. നിരോധം നിത്തിവെയ്ക്കുവാനുള്ള ചക്രവത്തിയുടെ കല്പനയുംകൊണ്ടു് ഗോൽക്കൊണ്ടയ്ക്കു ചെല്ലുന്നവനെ വഴിക്കു വെച്ചു നിഗ്രഹിച്ചു് ആ രാജശാസനം കൈവശപ്പെടുത്തുവാൻ രോശിനാറാബീഗം കാസിംഖാനെ ഏല്പിച്ചിട്ടുണ്ടല്ലോ. അതിന്നു ...............?

ജഹാനറ:—അതിന്നു?......................ആട്ടെ, വഴിയുണ്ടു്. ചക്രവത്തിയുടെ കല്പന ഔറംഗസീബിന്നു തടസ്സം കൂടാതെ വേഗം കിട്ടുവാൻ താൻ കണ്ടുപിടിച്ച ഉപായം ഹമീർസിംഹനെ മനസ്സിലാക്കിയശേഷം ജഹാനറ— ഇങ്ങിനെ ചെയ്താലോ?

ഹമീർസിംഹൻ:—എന്നാൽ പററി.

ജഹാനറ:—അങ്ങിനെ ചെയ്യാം. നിരോധം നിത്തിവെയ്ക്കുവാനുള്ള കല്പന സമ്പാദിക്കുകയാണു് ഇനി നമ്മൾ ചെയ്യേണ്ടതു്.

ജഹാനറ ഹമീർസിംഹനെ യഥായോഗ്യം സമ്മാനിച്ചു, തൃപ്തിപ്പെടുത്തിയശേഷം അവിടെ നിന്നു യാത്രയാക്കി.

ഹമീർസിംഹൻ മയൂരസിംഹാസനത്തെക്കാൾ വിലമതി ക്കുന്ന ഒരു സമ്മാനമായിരുന്നു ജഹാനറയുടെ വക്കൽ നിന്നു് ആ രജപുത്രയോദ്ധാവിന്നു അപ്പോൾ കിട്ടിയതു്.

---

## പത്തൊമ്പതാം അദ്ധ്യായം

---

ഹസ്സനാലിഖാനെ തൂക്കിക്കൊന്നു് തൃപ്തനായശേഷം ഔറംഗസീബ്ബ് വീണ്ടും അബ്ദുള്ളയുടെ നേക്കുതിരിഞ്ഞു. ഗോൽക്കൊണ്ടാധിപൻ ആഞ്ഞടിച്ച ഒരു ഇരുട്ടടികൊള്ളുമ്പോഴയ്ക്കും നിരോധം വേണ്ടെന്നുവെച്ചു് തിരികെപ്പോകുവാൻ ഒരു ആരംഭശൂരനല്ലല്ലോ ആ മുഗൾ രാജകുമാരൻ. ആ കർമ്മശൂരൻെറ കാഠിന്യം കൂടിയ കരതലത്തിൽ വീണാൽ ഏതൊരു പ്രതിബന്ധം തന്നെ അകന്നു തിരിപ്പണമായിപ്പോകില്ലാ? സർവ്വ പ്രകാരേണയും രാജാധിരാജയോഗ്യമായ ഗോൽക്കൊണ്ടയിൽ വേരൂന്നിപ്പിടിച്ചു പടന്നു നില്ക്കുന്ന ഔറംഗസീബിൻെറ അത്യാഗ്രഹദ്രുമത്തെ പറിച്ചെറിയുവാൻ അബ്ദുള്ള ശ്രമിച്ചാലുണ്ടോ സാധിക്കുന്നതു്? കഴിയുന്നതും വേഗം ഗോൽക്കൊണ്ട പിടിച്ചടക്കാതിരുന്നാൽ ആ കാര്യം അടുത്തകാലത്തൊന്നും തനിക്കു സാധിക്കുന്നതല്ലെന്നവിവരം രാജകുമാരന്നു കാലേക്കൂട്ടി അറിവു കിട്ടിയിരുന്നു. തന്നിമിത്തം, തൻെറ കൈനിലയിൽ സമാധാനം സ്ഥാപിച്ചക്ഷണം ഔറംഗസീബ്ബ്, ഗോൽക്കൊണ്ട ക്കോട്ടയോടൊന്നിച്ചു അബ്ദുള്ളയുടെ അഹങ്കാരക്കോട്ടയും തട്ടി ത്തകൎക്കുവാൻ പിന്നേയും കൊണ്ടുപിടിച്ചു ശ്രമം തുടങ്ങി. എന്നാൽ, ഇരിമ്പുതകിടു്കൊണ്ടു വിധിയാംവണ്ണം കെട്ടി ബലപ്പെടുത്തിയിരിക്കുന്നവയും കൂൎത്തുകൂൎത്ത കുന്തങ്ങളെക്കൊണ്ടു നിറഞ്ഞിരിക്കുന്നവയുമായ കോട്ടയുടെ കവാടങ്ങളോടു മല്ലിടുവാൻ ആ മുഗൾ രാജകുമാരൻെറ സൈന്യങ്ങൾക്കോ മത്തേഭവീരന്മാൎക്കോ സാദ്ധ്യമായില്ലാ. കോട്ടമതിൽ തകൎക്കുവാൻ

ദുൎഗ്ഗഭേദിനികൾക്കും കഴിഞ്ഞില്ല. അതിശൂരന്മാരായ ഗോൽകൊണ്ടഭടന്മാർ അനവരതം അതിജാഗ്രതയോടുകൂടെ കാത്തുനിന്നിരുന്നതിനാൽ കോണിമാൎഗ്ഗം കോട്ടമതിൽ കടന്നു് കൈയ്യേററം നടത്തുവാനും മുഗളൎക്കു സാധിച്ചില്ല. ഒടുവിൽ, മാൾവദേശത്തുനിന്നു് ഷെയിസ്റ്റഖാനും പടയും വന്നുചേരുന്നതുവരെ വമ്പിച്ചരീതിയിൽ ആക്രമണം നടത്താതെ അടങ്ങിപ്പാൎക്കുവാൻ ഔറംഗസീബ്ബ് നിൎബന്ധിതനായി. എങ്കിലും, നിലകിട്ടിയ സ്ഥാനത്തു നിലയുറപ്പിച്ചുനിന്നുകൊണ്ടു് അദ്ദേഹം പ്രതിരോധം മുറയ്ക്കു നടത്തിക്കൊണ്ടേവന്നു.

അങ്ങിനെ വരവെ, ഒരു ദിവസം കാലത്തു് ഏതാണ്ടു അഞ്ചുമണിക്കു, മുഹമ്മദാലിയേയും അഹമ്മദാലിയേയും പിടിച്ചു ബന്ധിച്ചുകൊണ്ടു ചെല്ലുവാൻ ഔറംഗസീബ്ബ് അടുത്തു നില്ക്കുന്ന ഭടന്മാരോടു കല്പിച്ചു. അക്ഷണം തന്നെ, അതിന്നായി ആയുധപാണികളായ അസംഖ്യം പേർ അവിടെ നിന്നു പാഞ്ഞു. ആ രണ്ടു അശ്വപാലകന്മാരും പാൎക്കുന്നവിടെച്ചെന്നു നോക്കി. അവരെ അവിടെ കണ്ടതേയില്ല. ആ മുഹമ്മദീയസഹോദരന്മാർ എങ്ങോട്ടു പോയിരിക്കുന്നു എന്നും എപ്പോൾ തിരിച്ചെത്തുമെന്നും അറിവുള്ളവരായി ആരേയും അവർ കണ്ടതുമില്ല. തിരയുവാൻ ചെന്ന ഭടന്മാർ അപ്പോൾത്തന്നെ ആ വിവരം ഔറംഗസീബിനെ അറിയിച്ചു.

കൊടും പാപിയായ ഒരു കോപിഷ്ഠൻ കുലശത്രുവിൻെറ അധിക്ഷേപോക്തികളെന്നപോലെയാണു് തൃതീയമുഗൾരാജകുമാരൻ ആ വൎത്തമാനം കേട്ടതു്. പിന്നീടുണ്ടോ അദ്ദേഹത്തിന്നു അടങ്ങിപ്പാൎക്കുവാൻ സാധിക്കുന്നു? കാണാതായ മുഹമ്മദീയസഹോദരന്മാരെ തിരഞ്ഞുപിടിക്കുവാൻ ആ മഹാസേനാനി അപ്പോൾത്തന്നെ പുറപ്പെട്ടു. മുന്നൂറിലധികം ഭടന്മാരെ ഒന്നിച്ചുകൂട്ടിക്കൊണ്ടാണു് അദ്ദേഹം ആ കാൎയ്യത്തിന്നു പുറപ്പെട്ടതു്. ആ തൃതീയമുഗൾ രാജകുമാരൻ തിരച്ചിൽ നടത്തട്ടെ. നമുക്കു മറെറാരു സ്ഥലത്തു ചെല്ലേണ്ടിയിരിക്കുന്നു.

മൃഗശാലപ്പാളയത്തിൽ അങ്ങിങ്ങുമായി അസംഖ്യം വൃക്ഷങ്ങരം നില്ക്കുന്നുണ്ടു്. അവയിലൊന്നു സ്ഥൂലാംവലിയതും വല്ലാതെ ഉണക്കംതട്ടിയതുമാണു്. പ്രത്യേകം എടുത്തു പറയത്തക്കവണ്ണം ഇലകളൊ ശാഖോപശാഖകളോ ഒന്നുംതന്നെ അതിന്നില്ല. ഏതാണ്ടു് ഇരുപതടി ഉയരവും പതിനെട്ടടി വണ്ണവും കാണുന്ന തടിമരവും ഒന്നു രണ്ടു കൊമ്പുകളും മാത്രമെ അതിന്റെ പൂർവ്വകാലത്തെ പ്രഭാവത്തെ പ്രഖ്യാപനം ചെയ്യുവാൻ ഇപ്പോളുള്ളു. അവതന്നെ വല്ലാതെ ദ്രവിച്ചു ഉള്ളെല്ലാം പോടുകുത്തിപ്പോയവയുമാണു്.

നിലംവിട്ടു, സുമാറു് എട്ടടി മേല്പോട്ടായി, തന്മരത്തിൽത്തന്നെയുണ്ടു് വലിയൊരു പോട്ടു്. ഏതൊരു മഹാകായനും ഞെരുക്കംകൂടാതെ കടന്നിറങ്ങിയിരിക്കത്തക്ക സ്ഥലപ്പെരുപ്പമുള്ളതാണു് തടിമരത്തിലെ ആ കോടരം. ആരുതന്നെ അതിലിറങ്ങിയിരുന്നാലും അവരെ അന്യർക്കാർക്കുംതന്നെ പുറമെനിന്നു കൊണ്ടു് കണ്ടെത്തുവാൻ സാധിക്കുന്നതുമല്ലാ.

ആഴംകൂടിയ ആ പൊത്തിലുണ്ടു് ഒരാരം ഒളിച്ചിരിക്കുന്നു. വിശേഷവിധിയായി വസ്ത്രങ്ങളൊന്നുംതന്നെയില്ലാ. നഗ്നത മറയ്ക്കുവാൻ വേണ്ടുന്ന ഒരു ഒററവസ്ത്രം മാത്രമേയുള്ളു. ശ്വാസോച്ഛ്വാസം ചെയ്യുന്നുണ്ടോയെന്നു ആരും സംശയിക്കും ഇരുത്തം കണ്ടാൽ. അത്രയ്ക്കുമാത്രം അടങ്ങിയൊതുങ്ങി അനക്കം കൂടാതെയാണു് ഇരിക്കുന്നതു്. വളരെ നേരമായിരിക്കുന്നു അങ്ങിനെ പതുങ്ങിക്കൂടുവാൻ തുടങ്ങിയിട്ടു്. എന്നിട്ടും, ഏഴു നേററു പുറത്തുവരുവാനുള്ള ഭാവമേയില്ല. തന്നെത്താൻ ഇങ്ങനെ വിചാരവീഥിയിൽ ഓടിക്കൊണ്ടിരിക്കയാണു് ആ മനുഷ്യൻ.

"..................................................................................

..........................................................................................

..................എന്തുചെയ്യാം! കാലത്തു ദേഹശുദ്ധിക്കായി പുറത്തിറങ്ങിയപ്പോഴാണല്ലൊ ശത്രുക്കരം വന്ന വിവരം ജലാലുഡിൻ അറിവുതന്നതു്. ഖഡ്ഗമെങ്കിലും കൈയിലെടുക്കാമായിരുന്നു. അതിന്നുംകൂടെ സമയം കിട്ടി

യില്ലല്ലൊ! അപ്പോഴയ്ക്കും, ആ ക്രൂരന്മാർ വന്നു് ഞങ്ങളുടെ ഭവനം വളഞ്ഞുകഴിഞ്ഞിരിക്കില്ല! വിഷംകെട്ടൊരു കാട്ടുകള്ളനെപ്പോലെ എനിക്കു ഇതിന്നുള്ളിൽക്കിടന്നു കൂടേണ്ടതായും വന്നു......................................

.......................................................................

....................മരിക്കുവാൻ എനിക്കു മടിയില്ല. തുക്കമരത്തിൽത്തൂങ്ങാതെ തികഞ്ഞൊരു വീരപുരുഷനെപ്പോലെ യുദ്ധംചെയ്തു മരിക്കേണമെന്നേ ആഗ്രഹമുള്ളൂ. ആയുധം കൈയിലുണ്ടായിരുന്നു എങ്കിൽ ഞാൻ ഒരു കാലത്തും ഇങ്ങനെ ഒളിച്ചിരിക്കയില്ലായിരുന്നു. ആവുന്നേടത്തോളം അരാതികളെ കൊന്നു കൊന്നു രണാംഗണത്തിൽ വീണു മരിക്കുകയേ ഉള്ളൂ. ശൂരന്മാൎക്കു തുലോം അനുചിതമായ ഈ നിന്ദ്യകൎമ്മത്തിന്നു ഞാൻ—ഞങ്ങൾ—തുനിയുന്നതല്ലായിരുന്നു. ഇനി പറഞ്ഞു ഖേദിച്ചിട്ടെന്തു ഫലം?

.......................................................................

.......................................................................

ജയചന്ദ്രൻ എവിടെച്ചെന്നു ഒളിച്ചിരിക്കുന്നു? ഭാഗ്യംകൊണ്ടു് ഇവിടെനിന്നു രക്ഷപ്പെടുവാൻ സാധിച്ചാൽ ആ വഴിയമ്പലത്തിൽവെച്ചു ഒന്നിച്ചുകൂടാമെന്നു തീൎച്ചപ്പെടുത്തിയിട്ടാണു് ഞങ്ങൾതമ്മിൽ പിരിഞ്ഞതു്. അതുപ്രകാരം ഒന്നിച്ചു കൂടുവാൻ സാധിക്കുമോ എന്തോ? നേരം അസ്തമിക്കട്ടെ. ജനസഞ്ചാരമില്ലാതാകട്ടെ ഒരു ഖഡ്ഗം കിട്ടുവാൻ മാൎഗ്ഗമില്ലല്ലോ! കിട്ടിയിരുന്നുഎങ്കിൽ ഹമീർസിംഹന്റെ ഈ ശിഷ്യൻ ശത്രുസംഹാരം ചെയ്യുന്നതു് എങ്ങിനെയാണെന്നു ഔറംഗസീബിന്നു കാണിച്ചുകൊടുക്കാമായിരുന്നു...........................................

.......................................................................

....................ഞങ്ങളുടെ പരമാൎത്ഥം ഔറംഗസീബ് എങ്ങിനെ അറിഞ്ഞുവശായി? ശരി, ആഗ്രയിൽ രോശിനാറാബീഗമുണ്ടല്ലോ........................................

.......................എന്നാലും, ജയചന്ദ്രനും മുസാഫർഖാനും ഞങ്ങൾ രണ്ടുപേരുമാണെന്നു ആ ദുഷ്ടൻ എങ്ങി

ന്നെ മനസ്സിലാക്കി? ആകൃതീയും പ്രകൃതിയും തീരെ മാററി യിട്ടാണല്ലോ ഞങ്ങരം രണ്ടുപേരും ഈ പാളയത്തിൽ കടന്നുകൂടിയിട്ടുള്ളതു്. പിന്നെയെങ്ങിനെ ഔറംഗസീബ്് ഞങ്ങളെ തിരിച്ചറിഞ്ഞു?.................................

..........................................................................

.............................ശരി, ശരി, ഞങ്ങരം ഔറംഗസീബിൻെറ സേവകരായിച്ചേന്നിട്ടു് അധികം കാലമായിട്ടില്ലല്ലോ! മററുള്ളവരൊക്കെ പഴയ പ്രവൃത്തിക്കാരും ഞങ്ങരം രണ്ടുപേർ മാത്രം പുതിയവരുമാണല്ലൊ! പരിചിതരും അപരിചിതരും. ആ നിലയ്ക്കു്, പുതുതായി പ്രവൃത്തിക്കു ചേൻകൂടിയ ഞങ്ങരം രണ്ടുപേരുമായിരിക്കും ജയചന്ദ്രനും മുസാഫർഖാനും എന്നു ഔറംഗസീബ്് ഊഹിച്ചിട്ടുണ്ടാകും. ആ ഊഹം ശരിതന്നെയോ എന്നു പരിശോധിക്കുവാനായിരിക്കണം ഞങ്ങരം രണ്ടുപേരേയും പിടിച്ചുകൊണ്ടു ചെല്ലുവാൻ ആ സൂത്രജ്ഞൻ ആജ്ഞാപിച്ചതു്. എന്നെ പരിശോധിച്ചാൽ തകരാറൊന്നും വരില്ല. അതുപോലെയല്ലല്ലോ ജയചന്ദ്രനെപ്പരിശോധിച്ചാലുണ്ടാകുന്ന ഫലം.......................................

..................ആട്ടെ, നേരം അസ്തമിക്കട്ടെ. ജനസഞ്ചാരം നിലയ്ക്കട്ടെ."

ഇത്രത്തോളം ആത്മഗതം കൊള്ളുവാൻ മാത്രമെ മുസാഫർഖാനു തരം കിട്ടിയുള്ളൂ. അപ്പോഴയ്ക്കും, കത്തിയെരിയുന്ന സാമാന്യം വലിയൊരു എണ്ണത്തുണിക്കെട്ടു് ആ ഖാൻസാഹിബ്ബിൻെറ ശിരസ്സിൽവന്നു വീണു. അവ്യക്തമായ ഒരു അപശബ്ദം ആ പൊത്തിൽനിന്നു പൊങ്ങി. എങ്കിലും, പുറത്തു വന്നില്ലാ. വരുവാൻ സമയമുണ്ടായില്ലാ. അപ്പോഴയ്ക്കും, കത്തിക്കാളുന്ന എണ്ണത്തുണിക്കെട്ടുകരം നാലെണ്ണം കൂടെ വഴിക്കു വഴിയേ ആ കോടരത്തിൽപ്പതിച്ചു. ചില ചീററലും തുമ്പലും അതിന്നുള്ളിൽ മുഴങ്ങി. അതോടുകൂടെ, മുസാഫർഖാൻ പൊരിഞ്ഞു പിടഞ്ഞു ശ്വാസം മുട്ടിക്കൊണ്ടു് വേഗം എഴ

നേററു. മുഖവും പുറത്തുകാണിച്ചു. അക്ഷണം തറച്ചു കൂച്ച്ത്തിൽത്തന്നെ കുന്തം രണ്ടു്.

അനലൻ ഉള്ളും പുറവും ഒരുപോലെ പടൎന്നു പിടിച്ചു വെണ്ണീറാക്കുവാൻ തുടങ്ങിയ ആ തന്മരത്തിന്നുള്ളിൽ നിന്നു് ഔറംഗസീബ് ഏതാനും ഭടന്മാരെക്കൊണ്ടു് മുസാഫർ ഖാൻെറ കരിഞ്ഞു പുകഞ്ഞ ശവശരീരം വലിച്ചു പുറത്തിടിയിച്ചു. അനന്തരം, ആ പ്രേതം നല്ലവണ്ണം പരിശോധിച്ച് ആളെത്തിരിച്ചറിഞ്ഞ ശേഷം വഴിപോലെ മറചെയ്യുവാൻ നാലഞ്ചു ഭടന്മാരോടു കല്പിച്ചും വെച്ചു് തൃതീയമുഗൾരാജകുമാരൻ മററുള്ള പടയാളികളെ ഒന്നിച്ചു കൂട്ടിക്കൊണ്ടു അവിടം വിട്ടുപോയി. ചെന്നതു്, വിറകിന്നു കൊണ്ടുവന്നു കൂട്ടിയിരിക്കുന്ന മരത്തുണ്ടുകളുള്ളേടത്തേയ്ക്കാണു്. അദ്ദേഹം അവിടെ എത്തുന്നതിന്നു മുമ്പുതന്നെ നമുക്കെത്തണം.

—:o:—

## ഇരുപതാം അദ്ധ്യായം.

മരത്തുണ്ടുകൾ കൂട്ടിയിരിക്കുന്ന സ്ഥലത്തു് ഇരുനൂറിലധികം ഭടന്മാർ നെട്ടനീളെ നിരന്നുനിന്നു് അത്യുത്സാഹത്തോടെ ജോലിചെയ്തുകൊണ്ടിരിക്കുന്നുണ്ടു്. നീണ്ടുയൎന്നൊരു വരമ്പുകണക്കെക്കിടക്കുന്ന മരമുട്ടികളെ മറിച്ചുമാററിയിട്ടു് അവിടെയെങ്ങും ജയചന്ദ്രനെത്തിരയുകയാണു് അവർ. ആ പടയാളികൾ അങ്ങിനെ ഒരു മണിക്കൂർ നേരം തിരയുമ്പോഴയ്ക്കും, മുസാഫർഖാനെ ചുട്ടുകരിച്ച ഭടന്മാരോടൊന്നിച്ചു് ഔറംഗസീബ് അവിടെ എത്തി. അതോടുകൂടെ പോരാളികളെല്ലാപ്പേരും ചേൎന്നു് അത്യന്തം ആഹ്ലാദത്തോടെ തിരച്ചൽജോലി നടത്തുവാൻ തുടങ്ങി. അവരുടെ നേതൃത്വം വഹിച്ചുകൊണ്ടു് അശാന്തഹൃദയനായ ഔറംഗസീബ് ദൂരത്തും നിന്നു.

അങ്ങിനെ പടയാളികൾ മുറയ്ക്കു പ്രവൃത്തി നടത്തിക്കൊണ്ടിരിക്കെ, അവരിൽ ഒരുവൻചെന്നു് വലിയൊരു മരമുട്ടിയിൽക്കടന്നു പിടികൂടി. എത്രതന്നെ പ്രയത്നിച്ചിട്ടും അതിനെ ഇളക്കുവാൻപോലും ആ യോദ്ധാവിന്നു കഴിഞ്ഞില്ലാ. തന്നിമിത്തം ആ പോരാളിക്കു സമീപം നില്ക്കുന്ന രണ്ടുപേരുടെ സഹായം ആവശ്യപ്പെടേണ്ടതായി വന്നു. അതിന്നുശേഷം, ആ മൂന്നു പേരും ഒത്തൊരുമിച്ചുകൊണ്ടാണു് ആ മരത്തുണ്ടു മറിച്ചിടുവാൻ ശ്രമം തുടങ്ങിയതു്. എന്നിട്ടും അവൎക്ക് അതിന്നു സാദ്ധ്യമായില്ലാ. പിടിമുറുകെപ്പിടിച്ചു് മരമുട്ടിയെ മറിച്ചിടുവാൻ വേണ്ടുന്ന അംഗസൗകൎയ്യം തങ്ങൾക്കില്ലെന്നും അതിന്നു കാരണം അരയിൽത്തൂങ്ങുന്ന ഒരു കോൽപ്പരിചയും നെടുംവാളുമാണെന്നും ആ ഭടന്മാൎക്കു് അല്പനേരത്തെ പരിശ്രമത്തിന്നുശേഷം മനസ്സിലായി. നിലത്തു നല്ലൊരു സ്ഥാനത്തു ആയുധങ്ങളഴിച്ചു വെയ്ക്കുവാൻ അവർ പിന്നെ മടിച്ചുനിന്നതേയില്ല. അംഗലാഘവം വേണ്ടുന്നത്ര കിട്ടിക്കഴിഞ്ഞു എന്നു കണ്ടപ്പോൾ ആ മൂന്നുപേരും വീണ്ടും മരമുട്ടിയോടുചെന്നേററു. ഏററു എന്നായുള്ളു; അതിനെ മറിച്ചിടുകയുണ്ടായില്ലാ അതിന്നുമുമ്പു്, ഉടലും തലയും രണ്ടും രണ്ടായി ആ മൂന്നുപേരും മരിച്ചുവീണു. മരത്തുണ്ടുകൾക്കിടയിൽ നിരായുധനായി ഒളിച്ചിരിക്കുന്നുണ്ടായിരുന്ന ജയചന്ദ്രൻ പെട്ടെന്നു ചാടിച്ചെന്നു് നല്ലൊരുവാളും പരിചയും കൈക്കലാക്കിക്കൊണ്ടു നടത്തിയ കൈക്കളിയല്ലാതെ മറെറാന്നുമല്ലാ ആ മൂന്നു പടയാളികളും കഴുത്തററു കീഴെപ്പതിക്കുവാൻ കാരണം.

ജയചന്ദ്രൻ ചാടിയതും ഒരു ഖഡ്ഗവും പരിചയും കൈവശപ്പെടുത്തിയതും അവിടെ പ്രവൃത്തിയെടുത്തുകൊണ്ടു നില്ക്കുന്ന ആരുടേയും ദൃഷ്ടിയിൽപ്പെട്ടില്ലാ. ഗോളാകൃതിയിലുള്ള എന്തോ ഒന്നു് തങ്ങളുടെ മുന്നിൽ നിന്നു തലയ്ക്കുമീതെ അതിവേഗം പറന്നുപോയെന്നു മാത്രമേ അടുത്തുനില്ക്കുന്നവർ ഗ്രഹിക്കയുണ്ടായുള്ളു. ഒരു മനുഷ്യനാണു് പോയതെന്നുംകൂടെ അപ്പോൾ അവർ ധരിച്ചതേയില്ലാ. എങ്കിലും, അതു് എന്താണെന്നറിവാൻ അത്യൌൽക്കണ്ഠയോടെ ആ ഭടന്മാർ ഉടനടി തിരിഞ്ഞു

നോക്കി. നോട്ടം ജയചന്ദ്രനിൽച്ചെന്നു പതിക്കും മുമ്പെ, ആ രജപുത്രയോദ്ധാവു് വാളൂരുന്ന 'ഞീം' എന്ന ശബ്ദം അനേകം പേർ കേട്ടു. കാൎയ്യത്തിന്റെ പരമാൎത്ഥം അവരെല്ലാവരും കണ്ടറിയുകയുമുണ്ടായി. അക്ഷണംതന്നെ, ആയുധങ്ങളഴിച്ചു വെച്ചവർ മൂന്നുപേരും അമ്പരന്നലറിക്കൊണ്ടു് ജയചന്ദ്രന്റെ നേൎക്കു കുതിച്ചുചാടി ഉത്തമാംഗങ്ങളററു് ആ അവിവേകികൾ നിലത്തും വീണു.

കഠിനമായ ഒരു പാദപ്രഹരമേററ വലിയൊരു തോൽപ്പന്തുകണക്കെ ജയചന്ദ്രൻ വിറകീൻതുണ്ടുകൾക്കിടയീൽനിന്നു് പൊങ്ങിയ മാത്രയിൽത്തന്നെ അതു് ആ ക്ഷത്രിയവീരനാണെന്നു് തൃതീയ മുഗൾരാജകുമാരൻ തീൎച്ചപ്പെടുത്തിക്കഴിഞ്ഞു. ഉടൻതന്നെ, ആ യോദ്ധാവിനെപ്പിടിക്കുവാൻ ഉച്ചത്തിൽ വിളിച്ചു കല്പിച്ചുകൊണ്ടു് ആ മുഗൾരാജകുമാരൻ കുതിരയെ കുറച്ചൊന്നു മുന്നോട്ടു നടത്തി. അത്രമാത്രമെ ചെയ്തുള്ളു. അപ്പോഴേയ്ക്കും, തന്റെ ഭടന്മാരിൽ മൂന്നുപേർ കഴുത്തററു വീഴുന്ന കാഴ്ച ആ രാജകുമാരനു കൺകുളങ്ങേ കാണേണ്ടതായി വന്നു. അദ്ദേഹം ഒരടിപോലും പിന്നെ മുന്നോട്ടു കുതിരയെ നടത്തിയില്ലാ. ഭടന്മാർ വീണേടത്തുണ്ടായ കലാപത്തിന്റെ കലാശം കാണുവാൻ കാംക്ഷയോടെ, ഇളകാതെനില്ക്കുന്ന കുതിരപ്പുറത്തുതന്നെ ഇരിക്കുകയാണു് ചെയ്തതു്.

ജയചന്ദ്രൻ തന്റെ നേരിട്ടെതിൎത്തവരുടെ തല കൊയ്തു കഴിഞ്ഞില്ലാ: അതിന്നുമുമ്പുതന്നെ, അസംഖ്യം ഖഡ്ഗങ്ങൾ ആദിത്യതേജഃപ്രവാഹിനിയിൽ ആറാടിക്കൊണ്ടു് ആ ക്ഷത്രിയവീരനെ സംഹരിക്കുവാൻ ചാടിപ്പുറപ്പെട്ടു. ആയുധപാണികളായി കലികൊണ്ട കോമരങ്ങളെന്നപോലെ കൊടുമ്പിരിക്കൊണ്ടുംകൊണ്ടു് കൊലയ്ക്കൊരുങ്ങിയടുക്കുന്ന ശത്രുക്കളോടു നേരിടുവാൻ ആ രജപുത്രയോദ്ധാവുണ്ടോ പിന്നെ മടിച്ചുനില്ക്കുന്നു ? പ്രതിയോഗികൾക്കു പൃഷ്ഠം കാണിച്ചുകൊണ്ടു പലായനം ചെയ്തു് പ്രാണനെ രക്ഷിക്കുവാൻ ഒരു ഭീരുവല്ലല്ലോ ആ ആയോധനവീരൻ. രക്ഷപ്പെടുന്ന കാൎയ്യം തീരെ അസാദ്ധ്യവുമല്ലെ ?

ഹമീർസിംഹന്റെ ശിഷ്യനായ ആ രജപുത്രവ്യാഘ്രം മൂന്നുപോര കഴുത്തറുത്തു വീഴ്ത്തിയപ്പോഴയ്ക്കും. ആ പോരാളിയോടു അസംഖ്യംപേർ ചെന്നേററു. പ്രതികാരേച്ഛയുള്ളവരായ ആ മുഗൾപ്പടയാളികളുടെ ആർപ്പും വിളിയും അട്ടഹാസങ്ങളും കൊണ്ടു് ആ കൊലസ്ഥലം തുലോം കോലാഹലമയമായി. അതോടുകൂടെ, നാലുഭാഗത്തുനിന്നും തന്റെ ശിരസ്സിന്നുനേരെ ഊക്കോടെ പതിക്കുന്ന ഒരു ഖഡ്ഗസമൂഹത്തെത്തന്നെ ജയചന്ദ്രന്നു തടുക്കേണ്ടതായി വന്നു. 'മെയ്യുകണ്ണാകുന്നതുവരെ' പയററഭ്യസിച്ചു തെളിഞ്ഞ സിംഹതുല്യപരാക്രമനായൊരു യുദ്ധവീരശ്ശന്നു മാത്രം സാധിക്കുന്ന ആ അമാനുഷകർമ്മം അനായാസേന നടത്തിക്കൊണ്ടു് ആ ക്ഷത്രിയവീരൻ ഏതാനും സമയം നിന്നിരുന്നവിടെത്തന്നെ നില്ക്കുകയുണ്ടായി. അതിലകത്തു ആ വാൾക്കാരന്റെ കാല്ക്കൽപ്പതിച്ചതു് അയ്മ്പതിലധികം അരാതികളുടെ ശിരസ്സുകളാണു്, മുസാഫർഖാനെപ്പോലെ അദ്ധ്നഗ്നനായിരുന്ന ആ രജപുത്രന്റെ ദേഹത്തിൽനിന്നു് ഒരു തുള്ളി രക്തംപോലും കളയുവാൻ മുഗളർക്കു കഴിഞ്ഞതുമില്ല. തന്നിമിത്തം, താപവും കോപവും അവർക്കു സഹിക്കവയ്യാതായി. ആ യുദ്ധതന്ത്രജ്ഞന്മാർ പോരിന്റെ മട്ടൊന്നുമാററി. ഖഡ്ഗങ്ങൾക്കുപുറമെ കുരമ്പുകളും കുന്തം, വടി, കട്ടാരം, വെണ്മഴു മുതലായ ആയുധങ്ങളുംകൂടെ ആ കോപാവിഷ്ടർ ജയചന്ദ്രന്നുനേരെ പ്രയോഗിക്കുവാൻ തുടങ്ങി. അതിന്നിടയിൽ മുപ്പതുപേരെ കൂടെ ആ ക്ഷത്രിയയോദ്ധാവു് വെട്ടിവീഴ്ത്തുകയുണ്ടായി.

നേരിട്ടുവരുന്ന ആയുധങ്ങളുടെ എണ്ണവും തരവും പ്രതിനിമിഷം വൎദ്ധിക്കുന്നു എന്നു കണ്ടപ്പോൾ ജയചന്ദ്രൻ പെട്ടെന്നു തന്റെ ഒരുക്കോൽപ്പരിചയ്ക്കുള്ളിൽപ്പതുങ്ങിയൊതുങ്ങിക്കൊണ്ടു് നിലംപററി നിലയുറപ്പിച്ചു. അതിന്നുശേഷം, കാലചക്രംപോലെ അതിവേഗം ചുററിത്തിരിഞ്ഞുകൊണ്ടിരിക്കുന്ന ചെമ്പുപരിചയല്ലാതെ അതിന്നിടയിലുള്ള പടയാളിയുടെ ശരീരം ഒരു കണ്ണുകാണുവാൻപോലും ആർക്കുംതന്നെ കിട്ടുകയുണ്ടായില്ല. അന്നേരം മുഗളർ ചെയ്തതു് ആ പരിച തകൎക്കുവാൻ പ്രയത്നം തുടങ്ങുകയാണു്. കണ്ണിൽക്കണ്ട ഘനംകൂടിയ

പാറക്കല്ലുകളും മററുമെടുത്തു് അതിന്മേൽ അവർ അതിശക്തിയോടെ മീതെയ്ക്കുമീതെ വഷിയ്ക്കുവാൻ ആരംഭിച്ചു. അവരുടെ ആ പരിശ്രമവും ഫലിച്ചില്ലാ. എന്നുമാത്രമല്ലാ, പരിചയിൽ പ്പതിക്കുന്നതെല്ലാം ചകിരിതിരിഞ്ഞുകൊണ്ടു് നാലുപാടും തെറിച്ചുപോകുന്ന കാഴ്ചകണ്ടു് അവരെല്ലാവരും ഭയപ്പെട്ടു നട്ടങ്ങിപ്പോകയ്യുമുണ്ടായി. എങ്കിലും, തങ്ങളുടെ ഉദ്യമത്തിൽനിന്നു് അവർ പിൻവാങ്ങിയതേയില്ലാ. പരിച തകക്കുവാൻ തങ്ങളാൽ കഴിയുംവണ്ണം പിന്നേയും ശ്രമിച്ചുകൊണ്ടേയിരുന്നു. നുവെച്ചു, ജയചന്ദ്രൻെറ വാളെത്തുന്നേടത്തേയ്ക്കു അവർ അടുക്കുകയ്യുണ്ടായോ ? അതൊട്ടില്ലതാനും.

അങ്ങിനെയിരിക്കെ, ജയചന്ദ്രൻെറ അമാനുഷമായ പരാക്രമവും അഭ്യാസവൈശിഷ്ട്യവും കണ്ടു പേടിച്ചരണ്ട മുഗൾപ്പടയാളികളിൽ ചിലർ വേഗം അവിടെ നിന്നു് പാഞ്ഞു. ആ രജപുത്രനെ കൊല്ലാതെ ജയിച്ചു പിടിച്ചു ബന്ധിക്കുവാൻ മുഗൾപ്പടയാളികൾ കാലതാമസം വരുത്തുന്നതോത്തു കുപിതനായിക്കൊണ്ടു് കുതിരപ്പുറത്തു ഇരിക്കുന്ന ഔറംഗസീബിന്നടുക്കൽ ആ ഭടന്മാർ ചെന്നു കൈക്രുപ്പി. അവർ സകലസംഗതികളും ആ രാജകുമാരനെ അറിയിച്ചു. ജയചന്ദ്രൻ കേവലം ഒരു മനുഷ്യനല്ലെന്നും ചെയ്ത്താൻെറ ഒരു അവതാരമാണെന്നും സ്ഥാപിച്ചുകൊണ്ടാണു് ആ പടയാളികൾ തൃതീയ മുഗൾരാജകുമാരനെ വിവരം ഗ്രഹിപ്പിച്ചതു്. അതു കേട്ടപ്പോൾ ആശ്ചര്യഭരിതനായിത്തീന്ന ഔറംഗസീബ്ബ് തൻെറ മത്തേഭവീരന്മാരിൽ മൂന്നു നാലെണ്ണത്തെക്കൊണ്ടു് ആ ധിക്കാരിയെ ചവുട്ടിത്തേച്ചരച്ചു കൊല്ലിക്കുവാൻ ആ കിങ്കരന്മാരോടു സഗൗരവം ആജ്ഞാപിച്ചു. ആ കാര്യം നടത്തുവാൻ അദ്ദേഹംതന്നെ അങ്ങോട്ടു ചെല്ലുകയും ചെയ്തു.

---

# ഇരുപത്തൊന്നാം അദ്ധ്യായം.

ഔറംഗസീബ് ആ ലഹളസ്ഥലത്തു ചെന്നു നോക്കിയപ്പോൾ കണ്ടകാഴ്ച ആ രാജകുമാരൻ മുമ്പു കാണുകയും കേൾക്കുകയുമുണ്ടാകാത്ത ഒന്നായിരുന്നു. വലിയൊരു രക്തക്കളത്തിൽ അങ്ങിങ്ങുമായിക്കിടക്കുന്നു പത്തു നൂറു ഭടന്മാരുടെ ഉടലും തലയും. ഒരു കുരുക്കോൽച്ചെമ്പു പരിചയുണ്ട് ആ കബന്ധങ്ങൾക്കിടയിൽക്കിടന്നു പരന്നൊരു പമ്പരത്തിന്റെ അവസാനത്തിരിച്ചിൽ തിരിഞ്ഞുകൊണ്ടിരിക്കുന്നു; വേഗത്തിന്നു മാത്രം അരുതി വന്നിട്ടില്ല: അതു് ശതസഹസ്രം മടങ്ങു ക്രുദ്ധതലാണ്. ആ പരിചയ്ക്കു ചുററും ഒട്ടകാലെ വട്ടം തട്ടി നില്ക്കുന്നുണ്ട് മുഗൾപ്പടയാളികൾ, എങ്കിലും, അവരിൽ ആരും തന്നെ അതിന്നടുത്തു ചെല്ലുന്നതേയില്ല. പരിച തകർക്കുവാൻ പരിശ്രമങ്ങൾ പലതും നടത്തിക്കൊണ്ടിരിക്കുകയാണ് അവർ.

തീരെ അസാദ്ധ്യമായ ഒരു കാര്യത്തിലാണ് ആ ഭടന്മാർ ഏർപ്പെട്ടിരിക്കുന്നതെന്നു ആ കാഴ്ച കണ്ടമാത്രയിൽത്തന്നെ ഔറംഗസീബ് തീർച്ചപ്പെടുത്തി.

അലോകസാധാരണമായ ആ കാഴ്ച ഔറംഗസീബ് അല്പം നേരം ഇമ തല്ലാതെ നോക്കിക്കൊണ്ടു നിന്നു. അപ്പോഴയ്ക്കും, ആ രാജകുമാരന്റെ ഉള്ളലിഞ്ഞു. ഹൃദയകവാടം തുറന്നു. ആദിത്യകിരണങ്ങൾ അകത്തുകടന്നു. സ്വർഗ്ഗവാതിൽ തുറന്നു വന്ന തീർത്ഥപാദനായ ഒരു മന്ദാനിലന്റെ സാന്നിദ്ധ്യംമൂലം ഉൾക്കളം കുളുത്തും വശായി. എന്നല്ല, ചിൽപ്രേമശാശ്വതമനോജ്ഞമൂർത്തിയായ അള്ളാവിന്റെ പരമോദ്ദേശ്യമെന്തെന്നുള്ള ജ്ഞാനവും അവിടെ ഉദിച്ചു. രോമാഞ്ചകഞ്ചുകിതനായിച്ചമഞ്ഞ ആ മുഗൾ രാജകുമാരൻ ഉടനെ കല്പിച്ചു മത്തേഭ വീരന്മാരെ അവിടെ കൊണ്ടു വരേണ്ടെന്നു്. അത്രമാത്രമല്ല, നവീനമായ ഒരു പരിശുദ്ധ വികാരത്തിന്നു വശംവദനായിക്കൊണ്ട് മുഗൾപ്പടയാളികളെ വിലക്കി വിലക്കി ആ രാജകുമാ

രൻ മുന്നോട്ടം കടന്നു ചെന്നു. ചെന്നപാടെ, ജയചന്ദ്രൻെറ പരിചമേൽ ശിലാവർഷം നടത്തിക്കൊണ്ടിരിക്കുന്നവരെയും തോക്കും നിറച്ചു വെടിവെയ്ക്കുവാൻ തയ്യാറായി നില്ക്കുന്നവരെയും ആ കർമ്മങ്ങളിൽനിന്നു് തടുത്തു നിൎത്തുകയും ചെയ്തു.

ഏതാനും നിമിഷങ്ങൾ കഴിഞ്ഞു. രാത്രിയാകുന്നതുവരെ എങ്ങിനെയെങ്കിലും സ്വരക്ഷമാത്രം നോക്കിക്കൊണ്ടിരുന്ന ശേഷം പെട്ടെന്നു ചാടി കിട്ടുന്നേടത്തോളം ശത്രുക്കളെക്കൊന്നു കൊന്നു പോൎക്കളത്തിൽ വീണു മരിക്കുകയോ അല്ലാത്തപക്ഷം ഓടി രക്ഷപ്പെട്ടുകയോ ചെയ്യാമെന്നു കരുതി, പരിച ചുഴററി പ്രാണനെക്കാത്തുകൊണ്ടിരിക്കുന്ന ജയചന്ദ്രൻ ഇങ്ങനെ ഔറംഗസീബിൻെറ ഒരു അരുളപ്പാടു കേട്ടു.

"ഹേ, വീരശിഖാമണെ, ജയചന്ദ്ര! മുഗൾസാമ്രാജ്യപതിയായ ഷാജഹാൻ തിരുമേനിയുടെ തൃതീയ പുത്രൻ ഔറംഗസീബ് നിന്നിൽ പ്രസാദിച്ചിരിക്കുന്നു. പരാക്രമം കാണിച്ചതു മതി. ഇനിവേണ്ടാ. ഇത്രമാത്രംകൊണ്ടു തന്നെ മൃത്യുവിനെ നീ ജയിച്ചുകഴിഞ്ഞു. നാം നിണക്കു അഭയം തന്നിരിക്കുന്നു. മീവാറിനെ ഒരു അമോഘവീരമാതാവാക്കിയ ഹേ ക്ഷാത്രവീര്യപ്രദീപമെ! വരു. വന്നു് നമ്മുടെ ആതിഥ്യം സ്വീകരിച്ചു് സുഖമായി ആശ്രയിച്ചുകൊള്ളു"

.........................................................................

.........................................................................

അതാ, ഔറംഗസീബിൻെറ വെൺപട്ടുകൂടാരത്തിനകത്തു ആ മുഗൾരാജകുമാരനും ജയചന്ദ്രനും രാജോചിതങ്ങളായ ആസനങ്ങളിൽ ഇരുന്നു സംസാരിച്ചുകൊണ്ടു് അമൃതേത്തു നടത്തുന്നു.

ഔറംഗസീബ്:—ജയചന്ദ്രാ, അങ്ങിനെ പറയേണ്ടാ. നിണക്കു ഒരു മുഗൾസൈന്യാധിപസ്ഥാനം നാം തരുന്നുണ്ടു്. നമ്മുടെ അംഗരക്ഷകന്മാരിൽ പ്രഥമസ്ഥാനവും നിണക്കു

തന്നെ. നീ ജഹാനറയുടെ പക്ഷം വിട്ട് നമ്മുടെ പക്ഷം ചേരണം.

ജയചന്ദ്രൻ:—തിരുമേനി, തിരുവുള്ളക്കേടുണ്ടാകരുത്. ആഗ്രയിലെ തെരുവുകളിൽ അന്നവസ്ത്രാദികളില്ലാതെ അലഞ്ഞു നടന്നിരുന്ന അടിയനെ ഈ നിലയിലെത്തിച്ചതു് കാരുണ്യമൂർത്തിയായ ആ പുണ്യമാതാവാണ്. അടിയൻ അടിയൻെറ ആ വളർത്തമ്മയെ എങ്ങിനെ ഉപേക്ഷിക്കട്ടെ. അതിന്നുമാത്രം കഠിനമായ ഒരു ഹൃദയം അടിയന്നു ഇല്ലാ, തിരുമേനി. കൃതഘ്നനായി ജീവിച്ചിരിക്കുന്ന കാര്യം ഒരു രജപുത്രൻ ഒരിക്കലും ഇഷ്ടപ്പെടുന്നതല്ലല്ലോ! ചെയ്യുന്നതല്ലല്ലോ! ബുദ്ധിക്കു ഭ്രമതവന്നാൽപ്പോലും ചെയ്യുന്നതല്ലല്ലോ! അയ്യോ, ആ കാര്യം വിചാരിക്കുവാൻ പോലും അടിയന്നു വയ്യല്ലോ, തിരുമേനി.

ഔറംഗസീബ്:—അതു വാസ്തവംതന്നെ, ജയചന്ദ്ര. അല്ലെന്നു നാം പറയുന്നില്ലാ. നീ നമ്മുടെ ഹൃദയം കവന്നു കഴിഞ്ഞിരിക്കുന്നു. അതുകൊണ്ടു പറയുന്നതാണ്. കേൾക്കു. നാം മയൂരസിംഹാസനത്തിൽ ഇരുന്നു് മുഗൾസാമ്രാജ്യാധിപത്യം നടത്തുമ്പോൾ നമ്മുടെ ചെങ്കോലിന്നു പ്രതാപം വർദ്ധിപ്പിച്ചുകൊണ്ടു് നീ പ്രധാന സൈന്യാധിപസ്ഥാനത്തു പ്രകാശിച്ചുകൊണ്ടിരിക്കണം. നമ്മുടെ വിജയപതാകയ്ക്കു അക്ഷയകാന്തി നൽകുന്ന സമ്പൂർണ്ണ ജയചന്ദ്രനായി നീ എന്നെന്നും കാറൊഴിഞ്ഞ ഈ സാമ്രാജ്യ നഭസ്സിൽ പ്രകാശിച്ചുകൊണ്ടിരിക്കണം. നമ്മുടെ ആഗ്രഹം അതാണ്. എന്നാൽ, ഈ വമ്പിച്ച സാമ്രാജ്യഭാരം വഹിക്കുവാൻ നമ്മുടെ ഈ ചുമലിന്നു് അധികം ശ്രമപ്പെടേണ്ടതായി വരില്ലാ. തീർച്ചതന്നെ.

ജയചന്ദ്രൻ:—തിരുമേനി അടിയനിൽ പ്രസാദിച്ചു് അരുളുന്നതു സത്യമാണ്. അടിയൻെറ അഭ്യുന്നതിക്കു വേണ്ടിയാണ്. എങ്കിലും, അടിയൻെറ പേരിൽ തിരുവുള്ളക്കേടുണ്ടാകരുത്. ദയകൂടാതെ—ലജ്ജകൂടാതെ—കൃതജ്ഞതകൂടാ

തെ—ജഹാനറബീഗമത്തെ ഉപേക്ഷിച്ചു് അടിയൻ ഒരു കാലത്തും തിരുമേനിയെ സേവിക്കുന്നതല്ലാ. തിരുമേനിയുടെ പ്രീതിക്കുവേണ്ടി അടിയൻ രണ്ടു കാൎയ്യം ചെയ്യുന്നതാണു്. ഈ ദേഹത്തിൽ ജീവനുള്ളകാലത്തോളം—അടിയൻ ശ്വാസോച്ഛ്വാസം ചെയ്യുന്നകാലത്തോളം—തിരുമേനിക്കെതിരായി ഈ ദാസൻ വാളെടുക്കുന്നതല്ലാ. തിരുമേനിയുടെ തിരുവുള്ളത്തിന്നു അസുഖം നൽകുന്ന യാതൊരു കാൎയ്യവും പ്രവൎത്തിക്കുന്നതുമല്ലാ. അതിന്നു പകരമായി ഒരു കാൎയ്യം ചെയ്യാമെന്നു തിരുമേനിയും അടിയന്നു വാക്കുതരണം.

ഔറംഗസീബ്:—വീരാ. നാം ഇന്നേവരെ ഇത്രത്തോളം ഒരുവന്നു വശംവദനായിത്തീൎന്നിട്ടില്ലാ. നമ്മുടെ സ്വന്ത സാമ്രാജ്യച്ചെങ്കോൽ കൈവശപ്പെടുത്തിയ നിൻെറ പ്രീതിക്കുവേണ്ടി നാം എന്തും ചെയ്യുന്നതാണു്. നീ ആവശ്യപ്പെടുന്നതെന്താണെന്നു പറയു. വാക്കു നാം തരുന്നുണ്ടു്.

ജയചന്ദ്രൻ:—എന്നാൽ പറയാം. തിരുമേനി മയൂരസിംഹാസനത്തിന്നു വേണ്ടി മുഗൾ സമ്രാട്ടിനെപ്പിടിച്ചു തടവിലിട്ടു എന്നുവരാം. തിരുമേനിയുടെ ജ്യേഷ്ഠാനുജന്മാരെ നിഗ്രഹിച്ചു എന്നും വരാവുന്നതാണു്. അതിന്നൊന്നിന്നും അടിയന്നു വിരോധമില്ലാ. എന്നാൽ, അടിയൻെറ വളൎത്തമ്മയായ ജഹാനറാബീഗത്തെ—തിരുമേനിയുടെ ജ്യേഷ്ഠസഹോദരിയെ—മുഗൾരാജകുടുംബത്തിലെ നായികയെ—എന്തുതന്നെ ആയാലും ഉപദ്രവിക്കയില്ലെന്നു തിരുമേനി അടിയന്നു വാക്കുതരണം.

ഔറംഗസീബ്:—സഹോദര, നിൻെറ അഭീഷ്ടപ്രകാരം നാം പ്രവൎത്തിക്കുന്നതാണെന്നു ഇതാ: വാക്കുതരുന്നു. ഖുറാൻ കൈയിലെടുത്തു് അള്ളാവിന്നുമുമ്പാകെ നിന്നുകൊണ്ടു് ഔറംഗസീബ് ഇതാ നിൻെറ ഇഷ്ടപ്രകാരം പ്രവൎത്തിക്കുന്നതാണെന്നു നിണക്കു വാക്കുതരുന്നു..................

.......................................................................

അമൂല്യങ്ങളായ സമ്മാനങ്ങൾ കൊടുത്തു തൃപ്തനാക്കിയതിൽപ്പിന്നെ ഔറംഗസീബ് ജയചന്ദ്രനെ ആഗ്രയ്ക്കു വഴി കൂട്ടി വിട്ടു.

നരമാംസഭോജിയായ ഒരു അതിക്രൂരവ്യാഘ്രത്തിന്റെ ഘോരദംഷ്ട്രങ്ങൾക്കിടയിൽ നിന്നു ജയചന്ദ്രൻ രക്ഷപ്പെട്ടുകയുണ്ടായല്ലോ! എന്നാൽ, ആ രജപുത്രന്നു ആഗ്രയിലെത്തുവാൻ നിയതിയുടെ നിയോഗമുണ്ടായിരുന്നില്ല. ആ ക്ഷത്രിയവീരൻ മാർഗ്ഗമദ്ധ്യേ ഒരു ദിവസം അന്തിതങ്ങിയ ഒരു ഭവനത്തിലെ നായികക്കു ആ യോദ്ധാവിന്റെ കൈവശമുണ്ടായിരുന്ന ചില സാധനങ്ങളിൽ ആഗ്രഹം ജനിച്ചു. സ്ത്രീ തുനിഞ്ഞാൽപ്പിന്നെ തടുക്കുവാനാരുണ്ട്? വിഷം കലർത്തിയ ആഹാരം കൊടുത്തു് ജയചന്ദ്രനെ നിഗ്രഹിച്ച് ആ സ്ത്രീ ആ സാധനങ്ങളെല്ലാം അപഹരിക്കുകതന്നെ ചെയ്തു.

നാലുമാസത്തിന്നുശേഷം ജഹാനറയുടെ ഭടന്മാർ ആ സ്ത്രീയെ കുടുംബത്തോടൊന്നിച്ചു ചുട്ടെരിച്ചു ചാമ്പലാക്കുകയുണ്ടായി.

ഗോൽക്കൊണ്ടയിൽനിന്നു വേഗം തിരികെച്ചെല്ലുവാൻ ജഹാനറാബീഗം ജയചന്ദ്രന്നും മുസാഫർഖാന്നും അയച്ച കല്പനയുംകൊണ്ടു് ആഗ്രയിൽ നിന്നു പുറപ്പെട്ട ഭടനെ രോശിനാറാബീഗത്തിന്റെ കിങ്കരന്മാർ വധിച്ചിട്ടില്ലായിരുന്നുവെങ്കിൽ, ഈ കഥയിലെ മൂന്നു അദ്ധ്യായത്തിൽ വിവരിച്ച സംഭവങ്ങൾ സംഭവിക്കുന്നതല്ലായിരുന്നു.

അതല്ലാ, ഒരു കാര്യം തീരെ മറന്നു. ജയചന്ദ്രന്റെയും മുസാഫർഖാന്റെയും ഒളിസ്ഥലങ്ങൾ ഔറംഗസീബ് കണ്ടുപിടിച്ചതെങ്ങിനെയെന്നു നമുക്കു അന്വേഷിച്ചറിയേണ്ടേ?

മുഹമ്മദാലിയേയും അഹമ്മദാലിയേയും തിരഞ്ഞുപിടിച്ചു ബന്ധിച്ചു കൊണ്ടു വരുവാനയച്ചവരിൽ നിന്നും ആ രണ്ടു് അശ്വപാലകന്മാരും ആ പാളയത്തിലെങ്ങും തന്നെയില്ലെന്നുള്ള വിവരം ഗ്രഹിച്ചപ്പോൾ ഔറംഗസീബ് താൻ തന്നെ ആ കാര്യത്തിന്നു ഭടന്മാരോടൊന്നിച്ചു പുറപ്പെട്ടുകയുണ്ടായല്ലോ!

താൻെറ പ്രത്യേക സമ്മതപത്രമില്ലാതെ ആ കൈനിലയിൽ നിന്നു പതിവുകാരെക്കൂടെ മറുകല്പനവരെ പുറത്തു വിടരുതെന്നു തലേന്നു രാത്രിതന്നെ ഔറംഗസീബ് കാവൽക്കാൎക്കു കല്പന കൊടുത്തിട്ടുണ്ടായിരുന്നു. കാവലിന്നു കൂടുതൽ ഭടന്മാരെ അപ്പോഠം മുതൽ നിയമിച്ചിട്ടുമുണ്ടായിരുന്നു. ആരേയും പുറത്തു വിടരുതെന്നു പാറാവുകാൎക്കു പ്രത്യേക കല്പന കൊടുക്കുമ്പോഠം ആ രണ്ടു അശ്വപാലകന്മാരും ആ പാളയത്തിന്നകത്തുള്ള അവരുടെ പാർപ്പിടങ്ങളിൽ ഉണ്ടായിരുന്നുതാനും. തന്നിമിത്തം, കണക്കിലേറെ ബലമുള്ള ഉപരക്ഷണത്തേയും കാവൽ സൈന്യത്തേയും കടന്നു് ആ രണ്ടു മുഹമ്മദീയ സഹോദരന്മാരും അവിടെനിന്നു ചാടിപ്പോകുവാനിടയില്ലെന്നും എങ്ങാനും ഒളിച്ചിരിക്കുന്നുണ്ടാകുമെന്നും തൃതീയമുഗഠം രാജകുമാരൻ തീൎച്ചപ്പെടുത്തുക തന്നെ ചെയ്തു. അശ്വാരൂഢനായ ആ രാജകുമാരൻ ഉടൻ തന്നെ നാലു പുറവും കണ്ണോടിച്ചു കൊണ്ടു് അങ്ങുമിങ്ങും സഞ്ചരിക്കുവാൻ തുടങ്ങി. അധികം നേരം കഴിയും മുമ്പെ, ഒട്ടകലെ നില്ക്കുന്ന മുൻപറഞ്ഞ ഉണക്ക മരവും കോടരവും ആ രാജകുമാരൻെറ ദൃഷ്ടിയിൽപ്പെട്ടു. ആ പൊത്തിലേയ്ക്കു നോക്കിക്കൊണ്ടിരിക്കുന്ന ചെറിയൊരു പട്ടിക്കുട്ടിയെ ആ മരച്ചുവട്ടിൽ അദ്ദേഹം കാണുകയുമുണ്ടായി. സമരസിംഹനും കൂട്ടുകാരും വളൎത്തിവന്നിരുന്ന പട്ടിക്കുട്ടിയാണതെന്നു തൻെറ അനുചരന്മാരിൽനിന്നു് ഔറംഗസീബ് മനസ്സിലാക്കി. ജയചന്ദ്രനോ മുസാഫർഖാനോ ആരെങ്കിലും ഒരാഠം ആ കോടരത്തിൽ ഒളിച്ചിരിക്കുന്നുണ്ടെന്നു നിശ്ചയിക്കുവാൻ തൃതീയ മുഗഠംരാജകുമാരന്നുണ്ടോ പിന്നെ പ്രയാസം?

ശബ്ദപ്പെടുത്താതെ മന്ദം മന്ദം ചെന്നു് ആ പൊത്തിന്നകത്തു ആരെങ്കിലും പതുങ്ങിയിരിക്കുന്നുണ്ടോ എന്നു നോക്കിവരുവാൻ സമൎത്ഥനായ ഒരു ഭടനെ നിയോഗിച്ചയയ്ക്കുകയാണു് ഔറംഗസീബ് പിന്നെ ചെയ്തതു്. ഒരാഠ് അതിന്നകത്തു് ഉണ്ടെന്നു മനസ്സിലായപ്പോഠം അകലെക്കിടക്കുന്ന വിറകുമുട്ടികഠക്കിടയിൽ മറേറവനും ഉണ്ടായിരിക്കുമെന്നു ആ രാജകുമാരൻ തീൎച്ചപ്പെടുത്തിയതിൽ അത്ഭുതപ്പെടുവാനില്ലല്ലോ!

---

# ഇരുപത്തിരണ്ടാം അദ്ധ്യായം.

ഗോൽക്കൊണ്ട നിരോധം നിൎത്തിവെപ്പിക്കുവാനുള്ള രാജകല്പന ചക്രവൎത്തിയെക്കൊണ്ടു എഴുതിച്ചുവാങ്ങുവാൻ ജഹാനറാ പുറപ്പെട്ടിരിക്കുന്നു. രാജകുമാരിയുടെ ആ ഉദ്യമം എത്ര കണ്ടു ഫലിക്കയുണ്ടായെന്നു അറിയേണമെങ്കിൽ, വരു.

ആപാതമനോഹരമായ പ്രഭാതകുസുമംകണക്കെ നവകോമളകളേബരയും ആഹ്ലാദപ്രദായിനിയുമായ ജഹാനറ ത്തുമധുരകം ത്തുമന്ദഹാസം ചൊരിഞ്ഞുകൊണ്ടു് ഷാജഹാൻ ചക്രവൎത്തിയുടെ ശയനഗൃഹത്തിൽ പ്രവേശിച്ചു. ആ സാൎവ്വഭൗമൻ തന്റെ സീമന്തപുത്രിയെ വിളിച്ചു അരികത്തിരുത്തി. ആ പിതാവും പുത്രിയും അല്പംനേരം അന്യോന്യം ക്ഷേമാന്വേഷണങ്ങൾ നടത്തിക്കൊണ്ടിരുന്നു. അനന്തരം, ആ രാജനന്ദിനി തന്റെ കാൎയ്യസിദ്ധിക്കായിക്കൊണ്ടു് സംഭാഷണക്രമേണ ഇങ്ങിനെ പ്രയത്നം തുടങ്ങി.

ജഹാനറ:—പിതാവെ, ലോകത്തിൽ എത്രയെത്രയോ സാമ്രാജ്യാധിപതികൾ ഉണ്ടായിട്ടുണ്ടു്. ഇനിയും ഉണ്ടാകുന്നതുമാണു്. എന്നാൽ, തിരുമേനിയെപ്പോലെ സന്താനവത്സലനായ ഒരു സാമ്രാട്ടു് ഇതുവരെ എങ്ങുംതന്നെ ഉണ്ടായിട്ടില്ലാ. ഇനി ഉണ്ടാകുന്നതുമല്ലാ. സന്താനവാത്സല്യം മൂൎത്തീകരിച്ച ഒരു മഹാനുഭാവൻതന്നെയാണു് തിരുമേനി. അങ്ങിനെയുള്ള പിതാവിന്നു ഒരു വിധത്തിലും യോജിച്ചവരായില്ലാ പുത്രന്മാരിൽ അധികംപേരും. പിതൃവാത്സല്യത്തിന്റെ കണികപോലും അവൎക്കാൎക്കും തന്നെയില്ല.

ഷാജഹാൻ:—ജഹാനറാ, അവർ കുട്ടികളല്ലെ! തന്റേടം ഉറച്ചിട്ടില്ലല്ലോ! അതിന്നുമുമ്പു് അവരെക്കുറിച്ചു അങ്ങിനെ അഭിപ്രായപ്പെടരുതു്.

ജഹാനറ:—പിതാവെ, പുത്രന്മാർ വയോവൃദ്ധരായിത്തീർന്നാലും കൂടെ തിരുമേനിയുടെ ദൃഷ്ടിയിൽ അവരെ കുട്ടികളായിട്ടേ കാണുകയുള്ളൂ. അതിൽ ഞാൻ ആശ്ചര്യപ്പെടുന്നില്ലാ. പിതാവും മുഗൾസാമ്രാജ്യപതിയുമായ തിരുമേനി ജീവിച്ചിരിക്കെ, മയൂരസിംഹാസനം കൈയ്ക്കലാക്കുവാൻ ഷുജയും ഔറംഗസീബും മുറാദും ഗൂഢമായി ശ്രമം തുടങ്ങിയിട്ടുണ്ട്. ദുർമ്മാർഗ്ഗികളും ദുരാഗ്രഹികളുമായ ആ കുമാരന്മാരെ ഏതുവിധമെങ്കിലും സന്മാർഗ്ഗികളാക്കിത്തീർക്കുവാൻ ഇവിടുന്നു തുനിയാതിരിക്കുന്നതിലാണ് ഇവൾ ആശ്ചര്യപ്പെടുന്നതു്.

ഷാജഹാൻ:—മകളെ, ജഹാനറ! അവർ അങ്ങിനെ ചെയ്യില്ലാ. എന്റെ കുട്ടികൾ—തള്ളയില്ലാത്ത എന്റെ കുട്ടികൾ—അങ്ങിനെ ചെയ്യില്ലാ. മകളേ, നിന്നെ ആരോ തെററിദ്ധരിപ്പിച്ചിരിക്കയാണ്.

ജഹാനറ:—എന്നെ തെററിദ്ധരിപ്പിക്കുകയോ! ഞാൻ തെററിദ്ധരിക്കയോ! ശിക്ഷയായി. പിതാവിന്റെ ജീവിതസർവ്വസ്വവും സന്താനങ്ങളായ ഞങ്ങളുടെ ഏകാലംബനവുമായിരുന്ന മഹാരാജ്ഞി സ്വർഗ്ഗംഗതയായതിൽപ്പിന്നെ തിരുമേനിയേയും സഹോദരസഹോദരികളേയും സംബന്ധിച്ച സകല ഭാരവും ഈ കുടുംബനായകിയായ എന്റെ ശിരസ്സിലാണ് വന്നു വീണു കിടക്കുന്നതെന്നു പിതാവു ഓക്കുന്നുണ്ടോ? അത്ര കണ്ടു ഭാരവാഹിതയുമുള്ള ഈ ശിരസ്സും വെച്ചുകൊണ്ടു് നടക്കുന്ന ഞാൻ എന്റെ സഹോദരന്മാരേയോ സഹോദരികളേയോ കുറിച്ചു് വല്ല ദുരഭിപ്രായവും പുറപ്പെടുവിക്കുന്നുണ്ടെങ്കിൽ അതു് അവരുടെ നടവടികളിൽ വല്ല തെററും കണ്ടിട്ടായിരിക്കുമെന്നു് തിരുമേനി വിചാരിക്കാത്തതു് എന്തു് കൊണ്ടാണു്? എന്റെ സഹോദരന്മാരുടേയും സഹോദരികളുടേയും തലകളിൽ അകാരണമായി അപരാധം കയററി വെയ്ക്കുവാൻ അന്തസ്സാര വിഹീനയായ ഒരു ദുഷ്ടയാണോ തിരുമേനിയുടെ ഈ സീമന്തകുമാരി—ഈ

രാജകുടുംബത്തിലെ നായകി? അങ്ങിനെയാണെങ്കിൽ അതു പറയു പിതാവെ. അസംബന്ധപ്രലാപം ചെയ്യുന്ന ഒരു അന്തസ്സാരവിഹീനയാണോ തിരുമേനിയുടെ ഈ വാത്സല്യഭാജനം ?

ഷാജഹാൻ:—തീൎച്ചയായും അല്ലാ, മകളെ. മയൂരസിംഹാസനത്തിൽ ഇരുന്നു് ഈ മുഗൾസാമ്രാജ്യം ഭരിക്കുവാൻ വേണ്ടുന്ന തന്റേടവും പ്രാപ്തിയുമുള്ള ഒരു ധീരാംഗനാരത്നമാണു് എന്റെ സീമന്തപുത്രിയായ നീ. അതുകൊണ്ടാണു് എന്നെ സംബന്ധിച്ച സകലഭാരവും നിന്റെ ചുമലിൽ ഞാൻ ഏററിവെച്ചിരിക്കുന്നതു്. രാജ്യകാൎയ്യങ്ങൾ നിന്റെ അഭിപ്രായപ്രകാരം ഞാൻ നടത്തുന്നതും അതുകൊണ്ടുതന്നെയാണു്. ഷൂജയെ ബങ്കാൾ ഗവൎണ്ണരായും ഔറംഗസീബിനെ ഡക്കാൻ ഗവൎണ്ണരായും മുറാദിനെ ഗുജറാത്തിലെ ഗവൎണ്ണരായും നിയമിച്ചയച്ചതു നീ പറയുക കൊണ്ടല്ലെ ? ദാറയെ മുൾട്ടാനിലെ ഗവൎണ്ണരായി നിയമിച്ചു എങ്കിലും, എന്റെ ആ പുത്രനെ ഞാൻ അങ്ങോട്ടയയ്ക്കാതെ ഇവിടെ ഒന്നിച്ചു പാർപ്പിച്ചു് അവനെക്കൊണ്ടു് രാജ്യകാര്യങ്ങൾ നടത്തിച്ചുവരുന്നതും നീ പറയുക കൊണ്ടല്ലെ ? ഷൂജയേയും ഔറംഗസീബിനേയും മുറാദിനേയും ഈ തലസ്ഥാനനഗരത്തിലോ ഇതിന്നു സമീപമുള്ള പ്രദേശങ്ങളിലോ പാർപ്പിച്ചാൽ ദാറയ്ക്കു് മയൂരസിംഹാസനം കിട്ടുന്നതല്ലെന്നു നീ പറഞ്ഞപ്പോൾ ഞാൻ ഒരു വാക്കെങ്കിലും നിന്നോടു മറിച്ചു പറയുകയുണ്ടായോ ? ഇല്ലേല്ലാ ! എന്റെ ആ മൂന്നു മക്കളേയും ഞാൻ വേഗം ഇവിടെനിന്നു അയയ്ക്കുകയല്ലെ ചെയ്തതു് ? നീ അന്തസ്സാരവിഹീനയായ ഒരു കുടിലചിത്തയാണെന്നാണു് എന്റെ ധാരണ എങ്കിൽ ഞാൻ അങ്ങിനെ പ്രവൎത്തിക്കുന്നതല്ലല്ലോ !

ജഹാനര:—എന്നാൽപ്പിന്നെ ഷൂജയേയും ഔറംഗസീബിനേയും മുറാദിനേയും കുറിച്ചു് ഞാൻ പറയുന്നതൊന്നും

തന്നെ പിതാവു വിശ്വസിക്കാത്തതെന്തുകൊണ്ടാണു്? എന്തുകൊണ്ടാണു് അവരെ ശാസിച്ചു സദ്വൃത്തരാക്കി ത്തീക്കാത്തതു്? ഞാൻ കല്പിച്ചുകൂട്ടി കളവു പറയുകയാ ണെന്ന വിചാരം കൊണ്ടല്ലെ?

ഷാജഹാൻ:—അല്ലാ, ജഹാനറ. നിന്നെക്കുറിച്ചു അങ്ങിനെ വിചാരിക്കുവാൻ ഹൃദയശൂന്യനല്ലാ നിൻെറ പിതാവു്. നിൻെറ സഹോദരന്മാരും എൻെറ മക്കളുമല്ലെ അവർ? അവരെ ഞാൻ എങ്ങിനെ ശാസിക്കട്ടെ? എങ്ങിനെ ശിക്ഷിക്കട്ടെ? പറയു, ജഹാനറ, എൻെറ കുട്ടികളെ ഞാൻ എന്തു ചെയ്യണം? എന്തൊരു അപരാധ മാണു് അവർ ചെയ്തിട്ടുള്ളതു്? പറയു, ജഹാനറ.

ജഹാനറ:—എന്തിന്നു എന്നോടു ചോദിക്കുന്നു പിതാവു്? ഞാൻ പറഞ്ഞാൽ താതൻ വിശ്വസിക്കയില്ലല്ലോ! മതി, ജീവിച്ചിരുന്നതു മതി. പിതാവിൻെറ അതൃപ്തിക്കും അവിശ്വാസത്തിന്നും പാത്രമായിത്തീൎന്ന ഈ അനാഥ യ്ക്കു ഇനി എന്തിന്നു ജീവിതം? നിഷ്പ്രയോജനമായ ഈ ജീവിതഭാണ്ഡവും പേറിക്കൊണ്ടു് ഞാൻ ഭൂമിയിൽ സ്ഥലം മുടക്കി വാഴുന്നതു് ആർക്കുവേണ്ടി?

ഷാജഹാൻ:—ജഹാനറ, ഇങ്ങനെ മനസ്താപപ്പെട്ടുകൊണ്ടു് സംസാരിക്കുന്നതെന്താണു്? നിൻെറ പേരിൽ എനിക്കു അതൃപ്തിയും അവിശ്വാസവും ലേശംപോലുമുണ്ടായിട്ടി ല്ലല്ലോ. ഉണ്ടെന്നു തെററിദ്ധരിച്ചു വ്യസനിക്കേണ്ടാ, മകളെ. സന്താനങ്ങളുടെ വ്യസനം കാണ്മാൻ ഉണ ങ്ങിവരണ്ട ഒരു മരപ്പാവയല്ലാ നിൻെറ പിതാവു്. പറയു, മകളെ, പറയു. തന്നെത്താൻ വെറുക്കുവാൻ മാത്രം നിണക്കു എന്തുവന്നു സംഭവിച്ചു? നിന്നെ സ ന്തോഷിപ്പിക്കുവാൻ വേണ്ടുന്ന ശക്തി ഇന്നുണ്ടു് നിൻെറ പിതാവിന്നു. നീ പറയുന്നതെന്താണു്?

ജഹാനറ:—ഷൂജയുടേയും ഔറംഗസീബിൻെറയും മുറാദിൻെറ യും ദ്രോഹം മൂലം കഷ്ടപ്പെടുന്ന പാവങ്ങൾ ആ മൂന്നു

കുമാരന്മാരെ മാത്രമല്ലാ അവരുടെ പിതാവായ തിരുമേനിയേയും ജ്യേഷ്ഠസഹോദരിയായ എന്നേയുംകൂടെ ശപിക്കുന്നു. നാം രണ്ടുപേരും ആ കുമാരന്മാരെക്കൊണ്ടു സാധുക്കളെ ദ്രോഹിപ്പിക്കുകയാണെന്നാണു് നാട്ടുകാർ പറയുന്നതു്. ജനങ്ങളുടെ ആ അധിക്ഷേപം കേട്ടുകേട്ടു എനിക്കു മതിയായി. ഇനിയെങ്കിലും ആ മൂന്നു പുത്രന്മാരേയും യഥോചിതം ശാസിച്ചു്ആക്കി പ്രജാക്ഷേമതല്പരന്മാരാക്കിക്കൂടെ?

ഷാജഹാൻ:—എന്റെ കുട്ടികൾ സാധുക്കളെ ദ്രോഹിക്കുന്നുണ്ടോ ജഹാനറ? ഉണ്ടെങ്കിൽ അവരെ ആ പാപകമ്മത്തിൽനിന്നു വിലക്കേണ്ടതു് എന്റേയും നിന്റേയും കത്തവ്യകമ്മമാണു്. അവരെ ഞാൻ എന്തു ചെയ്യണം? നീ പറയുംപോലെ ഉടനെ ഞാൻ ചെയ്യുന്നതാണു്.

ജഹാനറ.—അവരെ—എന്റെ കൂടെപ്പിറപ്പുകളായ ആ കുമാരന്മാരെ—തിരുമേനിയുടെ ഉഗ്രകോപത്തിന്നു ഇരയാക്കിത്തീക്കണമെന്നു ഞാൻ പറയുന്നില്ലാ. അവരെപ്പിടിച്ചു കാരാഗൃഹത്തിലിട്ടടയ്ക്കണമെന്നും ഞാൻ പറയുന്നില്ലാ. ഉദ്യോഗങ്ങളിൽ നിന്നു പിരിച്ചു് അവരെ തേജോവധം കഴിച്ചു കാണുവാനും ഞാൻ കാംക്ഷിക്കുന്നില്ല. അതിന്നു മാത്രം കുലദ്വേഷിണിയല്ലാ ഞാൻ. അവർ സാധുക്കളെ ഉപദ്രവിക്കാതെ പ്രജാക്ഷേമതല്പരന്മാരായി ഭരണം നടത്തുന്നതു കാണുവാൻ മാത്രമെ ഞാൻ ആഗ്രഹിക്കുന്നുള്ളു. അതിന്നു അവരോടു കല്പിക്കുക മാത്രം പിതാവു ചെയ്താൽ മതി. ഷൂജ കണക്കിലധികം നികുതി പിരിക്കുന്നുണ്ടു്. സന്താനവിഹീനന്മാരായ ധനവാന്മാരിൽ ആരെങ്കിലും മരിച്ചാൽ, അവക്കു അടുത്ത ദായദന്മാരുണ്ടെങ്കിലും കൂടെ, അവരുടെ സ്വത്തുക്കളെല്ലാം ആ കുമാരൻ കണ്ടുകെട്ടി എടുക്കുന്നു. എന്നുമാത്രമല്ലാ, പ്രമാണികളിൽ വല്ലവരും രാജശിക്ഷയ്ക്കു പാത്രങ്ങളായിത്തീരത്തക്കവണ്ണം കുററങ്ങൾ ചെയ്താൽ അവരുടെ വകകൽനിന്നു കൈക്കൂലി

വാങ്ങി അവരെ ആ കുമാരൻ ശിക്ഷിക്കാതെ വിടുന്നതു മുണ്ട്. തന്നിമിത്തം, തിരുമേനിയുടെ പ്രജകളിൽ പാവങ്ങളായവരെ പ്രമാണികൾക്ക എന്തും ചെയ്യാമെന്നായിരിക്കുന്നു. ജനങ്ങളെ കണക്കിലേറെ കശക്കിപ്പിഴിഞ്ഞെടുക്കുന്ന ആ ധനം മുഴുവനും യുദ്ധത്തിന്നു വേണ്ടുന്ന ഉപകരണങ്ങൾ ഉണ്ടാക്കുവാൻ ഉപയോഗിക്കുകയാണു് ഷൂജ ചെയ്യുന്നതു്. ഞാൻ അധികം വിസ്തരിച്ചു പറഞ്ഞു് പിതാവിനെ ദുഃഖിപ്പിക്കുന്നില്ലാ. ഷൂജ എന്തെല്ലാം പ്രവൃത്തിക്കുന്നുണ്ടോ അതെല്ലാം മുറാദും ചെയ്യുന്നുണ്ടു്. അവരോടു രണ്ടുപേരോടും അവരുടെ ആ നീതികെട്ട പ്രവൃത്തികൾ നിൎത്തിവെയ്ക്കുവാൻ തിരുമേനി ഉടനെ കല്പിക്കണം. പരദ്രോഹത്തിൽ ആ രണ്ടു സഹോദരന്മാരേയും കവിച്ചു വെയ്ക്കുന്നുണ്ടു് ഔറംഗസീബ്. അവൻ ഡക്കാനിൽ നടത്തിയിട്ടുള്ളതും ഇപ്പോൾ നടത്തുന്നതുമായ കടുംകൈകൾക്ക കണക്കില്ലാ."

മേർജുംലയുടെ കത്തുകിട്ടിയതു മുതൽ ഹസ്സനാലിഖാനെ തൂക്കിക്കൊന്നതുവരെയുള്ള ഔറംഗസീബിൻെറ പ്രവൃത്തികളെയെല്ലാം ജഹാനറ വിസ്തരിച്ചു പറഞ്ഞു് ചക്രവൎത്തിയെ ഗ്രഹിപ്പിച്ചു. അതിന്നു ശേഷം ആ രാജകുമാരി വീണ്ടും ഇങ്ങനെ പറഞ്ഞു തുടങ്ങി.

"പിതാവെ, ഇത്തരം ക്രൂരകൎമ്മങ്ങളും വഞ്ചനപ്രവൃത്തികളും നടത്തിയിട്ടുള്ള ഒരു രാജകുമാരൻ ഈ രാജകുടുംബത്തിൽ ഇതിന്നു മുമ്പു് ജനിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ പറയു, പിതാവെ. കേവലം കൊള്ളയ്ക്കുമാത്രമായി പരമശുദ്ധനായ ഗോൽക്കൊണ്ടാധിപനെ വിശ്വസിപ്പിച്ചു് ചതിച്ച ഔറംഗസീബ് ആരുടെ പുത്രനാണെന്നോൎക്കുമ്പോൾ, പ്രേമമയനും സത്യസന്ധനുമായ തിരുമേനിയുടെ ദേഹം കോച്ചുന്നില്ലെ? ഹൃദയം പൊട്ടിത്തകരുന്നില്ലെ? തങ്ങൾ ബഹുമാനപുരസ്സരം എതിരേററു് സിംഹാസനത്തിൽ ആരോഹണം ചെയ്യിക്കുവാൻ കൂട്ടിക്കൊണ്ടു ചെല്ലുന്നതു് മുഗൾ സാമ്രാജ്യപതിയുടെ ദൂതനെ

യല്ലെന്നും സൈന്യസമേതം കൊള്ളയുമായി വന്നിരിക്കുന്ന ഔറംഗസീബിനെയാണെന്നും കണ്ടറിഞ്ഞപ്പോൾ, ആ രാജകുമാരനെ സ്വീകരിക്കുവാൻ അമ്പുഌള്ള നിയോഗിച്ചിരുന്ന സ്ത്രീജനങ്ങൾ ഭയപ്പെട്ടു നടുങ്ങി ബോധംകെട്ടു വീണിട്ടില്ലായിരുന്നു എങ്കിൽ അവരുടെ രോദനം കേട്ട്, അതാ, ആ ക്കാണുന്ന പാവന കുടീരത്തിൽ വിശ്രമിക്കുന്ന —തിരുമേനിയുടെ ആ ശാശ്വത യശോമണ്ഡലത്തിൽ പ്രകാശസ്വരൂപിണിയായിപ്പരിലസിക്കുന്ന—ആ താജ് മഹളിനുള്ളിൽ പള്ളികൊള്ളുന്ന—കാരുണ്യവിഗ്രഹം ഞെട്ടിയെഴുന്നേററു പൊട്ടിക്കരഞ്ഞൊഴുക്കുന്ന കണ്ണുനീർ പ്രവാഹത്തിൽ ഈ രാജധാനിയും രാജകുടുംബവും ഒഴുകിപ്പോകുമായിരുന്നുവല്ലോ !

ഷാജഹാൻ:—ജഹാനറ, മതി മതി മതി. ആ ദുഷ്ടനെ—ആ വഞ്ചകനെ—ആ പാപിയെ—ആ ചെയ്ത്താനെ—ഞാൻ എന്തുചെയ്യണം പറയു.

ജഹാനറ:—പിതാവെ, ഔറംഗസീബ് പാപിയും ദുഷ്ടനും വിശ്വാസഘാതകനുമാണെങ്കിലും തിരുമേനിയുടെ പുത്രനായിട്ടാണു് ജനിച്ചിരിക്കുന്നതു്—എൻെറ സഹോദരനായിട്ടാണു് ജനിച്ചിരിക്കുന്നതു്. അതുകൊണ്ടു്, ആ കുമാരനെ—എൻെറ ആ കൂടെപ്പിറപ്പിനെ—തിരുമേനിയുടെ കോപത്തിന്നു പാത്രമാക്കാതിരിക്കുവാൻ തിരുവുള്ളമുണ്ടാകണം.

ഷാജഹാൻ:—അതുവേണ്ടതുതന്നെ, മകളെ. അവൻ എൻെറ പുത്രനാണു്—നിൻെറ സഹോദരനാണു്—എൻെറ മംതാജ് പ്രസവിച്ച കുട്ടിയാണു്. അവനെ ശിക്ഷിക്കുവാൻ പാടില്ലാ. സദ്വൃത്തനാക്കിത്തീർക്കുവാനേ പാടുള്ളു.

ജഹാനറ:—അത്രമാത്രം ചെയ്താൽ മതിയെന്നാണു് ഞാനും പറയുന്നതു്. ഗോൽക്കൊണ്ടനിരോധം വേഗം നിൎത്തിവെച്ചു് ഔറംഗബാദിൽച്ചെന്നു് പ്രജാക്ഷേമതല്പരനായി

ഭരണം നടത്തുവാൻ പിതാവു് ആ കമാരനു ഉടനെ ഒരു അടിയന്തരകല്പന അയക്കണം. പിന്നീട്, നമുക്കു സൗകര്യം പോലെ ആലോചിച്ചു വേണ്ടുന്നതെല്ലാം പ്രവർത്തിക്കാം.

ഷാജഹാൻ :—അങ്ങിനെ ചെയ്യാം, മകളെ. കല്പന ഈ മാത്രയിൽത്തന്നെ അയക്കാം. വേഗം എഴുത്തുസാധനങ്ങൾ എടുത്തുകൊണ്ടുവരു. കല്പന നമ്മുടെ കൈയക്ഷരത്തിൽത്തന്നെയാകട്ടെ.

ജഹാനറ അപ്പോൾത്തന്നെ ചക്രവത്തിയെക്കൊണ്ടു് ഔറംഗസീബിന്നുള്ള അടിയന്തരകല്പന എഴുതിച്ചുവാങ്ങി.

ആ രാജകുമാരി ഉടനെ ചെയ്തതു് സേനാപതി കാസിംഖാനെ ആ ശയനഗൃഹത്തിൽ വരുത്തുകയാണു്. ഖാൻസാഹിബു അവിടെ വന്നെത്തിയക്ഷണം, ആ പ്രൗഢാംഗനാമണി നിരോധം നിത്തിവെയ്ക്കുവാനുള്ള രാജശാസനം സൈന്യാധിപൻെറ കൈയിൽക്കൊടുത്തു. ചക്രവത്തി കേൾക്കനില്ലെങ്കിലും കേൾക്കുന്നുണ്ടെന്ന നാട്യത്തോടെ ആ പടനായകനോടു ഇങ്ങിനെ ആ ധീരാംഗനാരത്നം പന്തികെട്ടൊരു പരുഷസ്വരത്തിൽ പറയുകയും ചെയ്തു.

" സേനാപതെ, അതാ ആ ഇരിക്കുന്ന മുഗൾ സാമ്രാജ്യപതിയായ ഷാജഹാൻ തിരുമേനിയുടെ സീമന്തപുത്രീ ജഹാനറാ ബീഗമാണു് നാം എന്നു് ഇതുവരെ ഖാൻസാഹെബു് ഗ്രഹിച്ചിട്ടില്ലെന്നു നമുക്കു അറിവു കിട്ടിയിരിക്കുന്നു. നാം ഒരു സ്ത്രീയാണെന്നു കരുതി ഖാൻ അധികമൊന്നും അതിരുകടന്നു കളിക്കേണ്ടാ. ലീലാമണ്ഡപത്തിൻെറ മേൽപ്പുരമേൽ കാടുകെട്ടിക്കിടന്നിരുന്ന വള്ളികളെല്ലാം നാം അവിടെനിന്നു് നീക്കം ചെയ്യിച്ചു കഴിഞ്ഞിരിക്കുന്നു. അതിന്നു കാരണമായ ഖാൻെറ ഒളിച്ചുകളിക്കു തക്ക ശിക്ഷ ശിരച്ഛേദനമാണു്. അതിന്നു ഹമീർസിംഹൻ വേണമെന്നില്ലാ. വെറുമൊരു അബലയാണെന്നു ഖാൻ കരുതിയിരിക്കുന്ന ഈ നാംതന്നെ മതി. (അരയിൽ തൂങ്ങുന്ന ഉറയിൽനിന്നു വാളൂരിക്കൊണ്ടു്) അല

ങ്കാരത്തിന്നവേണ്ടി മാത്രമല്ലാ ജഹാനറ ഇതു കൈവശം വെച്ചു വരുന്നതു. ഖാനെപ്പോലെയുള്ള രാജദ്രോഹിക ളുടേയും വിശ്വാസഘാതകന്മാരുടേയും ശിരച്ഛേദനം നട ത്തുവാനും കൂടെയാണു്. ശിക്ഷിക്കാതെ ഇത്തവണ ഖാനു് മാപ്പു തരേണമെങ്കിൽ ഇപ്പോൾ തന്നെ ഈ രാജകല്പന ഖാൻതന്നെ വേഗം ഔറംഗസീബിന്നു കൊണ്ടുചെന്നു കൊടുത്തു് തിരികെപ്പോന്നു നമ്മെ വിവര മറയിക്കണം. നമ്മുടെ കല്പനയാണു്. നമ്മുടെ കല്പന രാജകല്പനയെക്കാൾ ഗൌരവം കൂടിയതാണെന്നു ഖാനു അറിയാമല്ലോ! നാം ആജ്ഞാപിച്ചതുപ്രകാരം പ്രവ ത്തിച്ചു് ഖാൻ നമ്മെ തൃപ്തിപ്പെടുത്തുന്നതുവരെ ഖാൻെറ ഭവനത്തിന്നു ചുററും നമ്മുടെ ഭടന്മാർ കാവലുണ്ടാകും. അവർ ഇപ്പോൾത്തന്നെ കാവൽ തുടങ്ങിയിട്ടുമുണ്ടു്. ഖാൻ വല്ല തകരാറും കാണിച്ചാൽ ഖാൻെറ കുടുംബ ത്തിൽ ഒരു കുട്ടിപോലും ജീവനോടെ ഉണ്ടായിരിക്കയി ല്ലെന്നു് ഓമ്മയിരിക്കട്ടെ. രാജകുമാരികൾ തെരുവിലെ പ്പെണ്ണുങ്ങളല്ലാ. നീരാഴിയുടെ പടവുകൾ രാജദ്രോഹി കൾക്കു് രാത്രികാലങ്ങളിൽ ഉല്ലസിക്കുവാനുള്ള സ്ഥലവു മല്ലാ. ഉം; പൊയ്ക്കോളൂ."

കാസിംഖാൻ ഒരക്ഷരംപോലും ശബ്ദിക്കാതെ ജഹാന റയെ തൊഴുതു കുമ്പിട്ടു് രാജകല്പനയും കൊണ്ടു അവിടെനിന്നു പോയി. ചക്രവത്തിയുടെ നീരാട്ടിന്നു വേണ്ടുന്നതെല്ലാമൊരു ക്കുവാൻ ജഹാനറയും പുറപ്പെട്ടു.

# ഇരുപത്തിമൂന്നാം അദ്ധ്യായം.

കോലം നോക്കി കുലം നിൎണ്ണയിക്കാതിരിക്കുന്ന പക്ഷം, മനുഷ്യകോലത്തിൽ കാണുന്നവരിൽ മനുഷ്യരെന്ന പേരിന്നു അൎഹതയുള്ളവർ നന്നെ ചുരുക്കമാണെന്നു കാണാം. ശീലം നോക്കി തരംതിരിക്കുന്നതായാൽ മനുഷ്യരും മൃഗങ്ങളും മാത്രമല്ലാ രക്ഷോഗണങ്ങളും ക്രിമികീടാദികളുംകൂടെ മൎത്ത്യശരീരികളിൽ ഉൾപ്പെട്ടിട്ടുണ്ടെന്നും മനസ്സിലാക്കാവുന്നതാണു്. ദേവഗണത്തിൽപ്പെട്ടതാകുന്നവരായി ദുൎല്ലഭം ചില മഹാത്മാക്കളെ സൃഷ്ടികൎത്താവു് സൃഷ്ടിക്കാതിരുന്നിട്ടുമില്ലാ. എന്നാൽ, മാനവകുലത്തെ ഒട്ടാകെയടക്കിപ്പറയുമ്പോൾ ആ അമാനുഷന്മാരെ നാം കൂട്ടത്തിൽ കൂട്ടാതെ ഭയഭക്തിബഹുമാനപുരസ്സരം ഒരു പ്രത്യേക സ്ഥാനം കൊടുത്തു ഇരുത്തുകതന്നെ വേണം. മാനസസരസ്സുതടത്തിലെ മാധുൎയ്യമയങ്ങളായ വില്വഫലങ്ങൾപോലെ അവർ അപൂൎവ്വസൃഷ്ടികളാണു്. ലോകത്തിന്നു നേർവഴികാട്ടിക്കൊടുക്കുവാൻ ഉദിച്ചുപൊങ്ങുന്ന ഉജ്ജ്വലതാരങ്ങളുമാണു് ആ തീൎത്ഥപാദന്മാർ. ഉലകത്തെ ഉടച്ചുവാൎക്കുന്ന ജീൎണ്ണോദ്ധാരകന്മാരും അവരല്ലാതെ മററാരുമല്ലാ. വിജ്ഞാനസ്വരൂപിണിയായ പ്രകൃതിപ്പൂമങ്കയുടെ തിരുമടിയായിരിക്കും അവരുടെ വിഹാരകേന്ദ്രം. അവർ ആനന്ദത്തിന്റെ മഹനീയകേദാരങ്ങളാകയാൽ അതിന്നുവേണ്ടി ഒരിക്കലും അലഞ്ഞുനടക്കുന്നതല്ലാ. ആത്മചൈതന്യമല്ലാതെ കായബലമോ മററുവല്ലതുമോ ആയിരിക്കയില്ലാ അവരെ വിജയശ്രീരംഗത്തിലേയ്ക്കു ആനയിക്കുന്ന ശക്തി. അവരുടെ ശരീരത്തെ മാത്രമെ വാൎദ്ധക്യം ബാധിക്കയുള്ളു. മനസ്സിനെ തീണ്ടുകപോലും ഉണ്ടാകുന്നതല്ല.

ആ പുണ്യപാദന്മാരെക്കഴിച്ചാൽപ്പിന്നെ, ആകൃതികൊണ്ടെന്നപോലെ പ്രകൃതികൊണ്ടും മനുഷ്യവൎഗ്ഗത്തിൽച്ചേൎക്കാവുന്നവരാണു് സൎവ്വപ്രകാരേണയും ആദരണീയന്മാരും ഗണനീയന്മാരുമായവർ. ആ അനൎഘനാമാക്കളിൽ കളിയാടുന്ന

സത്വരജസ്തമോഗുണങ്ങളുടേയും ബുദ്ധിശക്തിയുടേയും തോതിന്നനുസരിച്ച് അവരേയും പല വർഗ്ഗക്കാരായി വിഭാഗിക്കാം. എങ്കിലും, കാര്യമായി മൂന്നു തരക്കാരാണ് അവരിൽ ഉള്ളത്. ആ മൂന്നിൽവെച്ച് മുന്നണിയിൽക്കയറി വിജയഭേരീരവം മുഴക്കിക്കൊണ്ടു നില്ക്കുന്നതു് "ഭരിക്കാൻ ജനിച്ച വീരപുരുഷന്മാരുടെ വർഗ്ഗ"മാണ്. എന്നിരിക്കിലും, ഏറ്റവും സ്തുത്യർഹമാം വണ്ണം പ്രകാശിച്ചുകൊണ്ടു് ലാലസിക്കുന്നതു് "ലോകത്തിന്നു ഉണർവും ഉശിരും നൽകുന്ന മഹാശയന്മാരുടെ വിഭാഗ"മാണെന്നുള്ളതിന്നു രണ്ടു പക്ഷമില്ല. "ഭരിക്കപ്പെട്ടവാൻ ജനിച്ച സാധാരണന്മാരാണ് മൂന്നാമത്തെ വകുപ്പിൽപ്പെട്ടവർ.

ലോകരിൽ ഭൂരിപക്ഷവും ആ മൂന്നാം തരക്കാരാണ്. ഭിന്നപ്രകൃതികൊണ്ടു് അന്യോന്യമകന്നു ഛിന്നിച്ചിതറി നില്ക്കുന്ന അത്തരക്കാരെക്കുറിച്ചു വല്ലതും പറയുവാനൊരുങ്ങുന്നതിനെക്കാറം ഒതുങ്ങാതിരിക്കുന്നതാണ് ഉത്തമം.

അമാനുഷമായ പ്രതിഭാവിലാസം മൂലം പ്രകാശിച്ചുകൊണ്ടിരിക്കുന്ന മാനുഷമായ മനോമുകുരത്തോടുകൂടിയവരാണ് രണ്ടാമതായിപ്പറഞ്ഞ വർഗ്ഗത്തിൽപ്പെട്ടവർ. എന്നിരിക്കിലും, ഇതരവർഗ്ഗക്കാരെ നിന്ദിച്ചാട്ടിപ്പായിക്കാതെ അവരോടൊന്നിച്ചുതന്നെയായിരിക്കും ആ മഹാമനസ്സുകളുടെ അവസാനംവരെയുള്ള ജീവിതയാത്ര. ആ ചൈതന്യപവിത്രങ്ങളിൽനിന്ന് അതിശക്തിയോടെ പൊട്ടിപ്പുറപ്പെടുന്ന വാങ്മധുതരംഗിണികളുടെ ഒഴുക്കിന്നാധീന്യങ്ങളാകകൊണ്ടു്മാത്രമാണ് ഈ സമുദായങ്ങളും രാഷ്ട്രങ്ങളും ചൊടിയോടും ചുണയോടും കൂടെ മുന്നോട്ടു ഗമിക്കുന്നതു്. ലോകോപകാരാർത്ഥം എന്തും ത്യജിക്കുന്ന മഹാത്യാഗികൾ അവർ തന്നെയാണ്. അവർ തന്നെയാണ് മരിച്ചാലുംമരിക്കാത്ത മഹാപുരുഷന്മാരും.

ഇതരവിഭാഗങ്ങളിലെന്നപോലെ ഭരിക്കാൻ പിറന്ന വർഗ്ഗത്തിലും പലതരക്കാരുണ്ടു്. എങ്കിലും, അനന്യസാധാരണമായ ശേഷിയും അതിമൂർച്ചയുള്ള ശേമുഷിയും കൊണ്ടു് ഭരണാധികാരം ബലാൽ കൈവശപ്പെടുത്തി നടത്തുന്ന പ്രബലന്മാരും

ഭരണാധികാരത്തോടെ ജനിച്ച ഗർഭശ്രീമാന്മാരുമാണു് ആ വൎഗ്ഗത്തിലെ രണ്ടു പ്രധാന വിഭാഗക്കാർ. അവരിൽ കൈയൂക്കും മറവുംകൊണ്ടു് ഭരണാധികാരംനേടിവിളങ്ങുന്ന വീരശിഖാമണികൾക്കു മാത്രമെ ഇവിടെ സ്ഥാനം നൽകുവാൻ ഒരുങ്ങുന്നുള്ളു.

ആ അധികാരസ്ഥാപകന്മാരിൽ അധികംപേരും അപ്രധാനകുടുംബങ്ങളിൽ പിറന്നവരായിരിക്കും, രാജകുടുംബങ്ങളിൽ ജനിച്ചവരായി ദുർല്ലഭം ചിലരും ഇല്ലെന്നില്ലാ. ആ അസാധാരണ പുരുഷന്മാർ കുടിലിൽ പിറന്നവരായാലും കൊട്ടാരത്തിൽ പിറന്നവരായാലും വേണ്ടില്ല, പ്രസ്താവയോഗ്യമായ എന്തെങ്കിലും ഒരു പ്രത്യേകത ബാല്യത്തിൽത്തന്നെ അവരിൽ കളിയാടിക്കൊണ്ടിരിക്കുന്നതായി കാണാകുന്നതാണു്. കല്പിക്കുവാനല്ലാതെ കല്പന കേട്ടുനടക്കുവാൻ അവരുടെ അധികാരദാഹം അവരെ ചെറുപ്പത്തിൽപ്പോലും അനുവദിക്കുന്നതല്ലാ. കടുപ്പം കൂടിയ കരുക്കളെക്കൊണ്ടു സൃഷ്ടിച്ചുവിടുന്ന അത്തരം പുരുഷസിംഹങ്ങൾ യാതൊരുവിധ നിർബന്ധത്തിനും വഴിപ്പെടുന്നവരുമല്ലാ. മലതന്നെ വന്നു വീണാലും ഉടഞ്ഞു തകൎന്നുപോകാത്ത മനഃസ്ഥൈര്യവും കൎമ്മശക്തിയും അവൎക്കു നൈസൎഗ്ഗികമായിത്തന്നെ ഉണ്ടാകുന്നതാണു്. അന്തരംഗത്തിനു സ്ത്രീസഹജമായ മാർദ്ദവം വരുത്തിക്കൂട്ടുകയും തന്നിമിത്തം ജീവിതായോധനത്തിൽ ഏല്ക്കുന്ന ഖഡ്ഗപാതം സഹിക്കുവാൻ അശക്തരാക്കിത്തീർക്കുകയും ചെയ്യുന്ന ഏതുതരം വിദ്യാഭ്യാസത്തിലും അഭിരുചി അവർക്കു ലേശംപോലും ഉണ്ടായിരിക്കുകയില്ലാ. എന്നുവെച്ചു്, വിദ്യാവിഹീനരായ മൃഗപ്രായന്മാരായിരിക്കും അവർ എന്നു ആരും കരുതിപ്പോകരുതു്. ജനനാലുള്ള താഴ്ന്ന നിലയിൽനിന്നു് ക്ലേശഭൂയിഷ്ഠമായ മാൎഗ്ഗത്തിൽക്കൂടെ പടിപ്പടിയായി മേൽപ്പോട്ടു കയറുവാനും; കയറുമ്പോൾ നേരിട്ടെതിർക്കുന്ന പ്രതിബന്ധങ്ങളെ നിസ്സങ്കം ഭുജാമുസലംകൊണ്ടടിച്ചകറ്റുവാനും; കയറിക്കഴിഞ്ഞാൽ മൃത്യുവിന്റെ ദംഷ്ട്രങ്ങൾക്കിടയിൽനിന്നു് ധൈര്യസമേതം ഭരണാധികാരം പിടിച്ചു പറിച്ചെടുക്കുവാനും; പറിച്ചെടുത്താൽപ്പിന്നെ സ്വാഭാഷ്ടഭഞ്ജനം പര

രാഷ്ട്രഭഞ്ജനം മുതലായ കാൎയ്യങ്ങൾ യഥോചിതം നടത്തുവാനും ആവശ്യമായ സകലവിധ പഠിപ്പുകളും ആ ഉൽക്കർഷേച്ഛുയുള്ളവൎക്കു ജന്മസിദ്ധമായിത്തന്നെ ഉണ്ടായിരിക്കുന്നതാണ്. അധികവും സ്വാനുഭവങ്ങളായിരിക്കും അവരുടെ ഗുരുനാഥന്മാർ. വാഗ്മികളായ ആ മേധാവികളുടെ തുലോം ധീരമായ നേതൃത്വത്തിൻകീഴിൽ മാത്രമെ മനഃപൂൎവ്വം ആത്മബലിക്കൊരുങ്ങിയ അനുയായികൾ ഉണ്ടായിരിക്കയുള്ളൂ. കാൎയ്യസിദ്ധിക്കായി അവർ ഉപയോഗിക്കുന്ന നയത്തിന്നു യാതൊരുവിധ വ്യവസ്ഥയും ഉണ്ടായിരിക്കയില്ലാ. ഓരോരോ അവസരത്തിൽ ഓരോന്നായിരിക്കും അവർ എടുത്തു പ്രയോഗിക്കുക. നയവും നീതിയും നിഷ്പ്രയോജനങ്ങളായിത്തീരുന്നേടത്തു കാരുണ്യമററ ഖൾഗപ്രയോഗംകൊണ്ടു കാൎയ്യം നേടുവാനും മടിക്കാത്തവരാണ് അവർ. ഉററവരും ഉടയവരും ഉടപ്പിറന്നവരും ഊഴിക്കധിപന്റെ ഉടവാളിന്നില്ലെന്നു പഴമക്കാർ പറയുന്നതു പരമാൎത്ഥമാണെന്നു തെളിയിക്കുന്നവയായിരിക്കും ആ കൎമ്മഠന്മാരുടെ പ്രവൃത്തികൾ ഓരോന്നും. ലോകത്തെ അഭിമുഖീകരിക്കുന്ന ഏററവും ആപത്കരങ്ങളായ ഏതുതരം പ്രശ്നങ്ങൾക്കും ഉടനടി നിവൃത്തിമാൎഗ്ഗം കാണുന്ന പ്രത്യുല്പന്നമതികൾ ഔറംഗസീബിനെപ്പോലെയുള്ള അത്തരം ലോകതന്ത്രജ്ഞന്മാരാണ്. അത്ര പറഞ്ഞാൽപ്പോരാ; ധീരോദാത്തന്മാരായ അത്തരം മേധാവികളിൽ തൃതീയമുഗൾരാജകുമാരൻ പ്രഥമഗണനീയനാണെന്നുതന്നെവേണം പറയുവാൻ. നിരോധം നിൎത്തിവെച്ചു ഔറംഗബാദിൽച്ചെന്നു പ്രജകളെ ദ്രോഹിക്കാതെ ഭരണംനടത്തുവാൻ ചക്രവൎത്തിയുടെ ഉഗ്രശാസനം കിട്ടിയിട്ടും കൂടെ ആ മുഗൾ രാജകുമാരൻ. പ്രവൎത്തിച്ചതെന്തെന്നു നോക്കുക!

# ഇരുപത്തിനാലാം അദ്ധ്യായം.

ഷെയിസ്തഖാനും പടയും ഗോൽക്കൊണ്ടയിൽ വന്നെത്തിയതു് സുൽത്താൻ അബ്ദുള്ളയുടെ മനോരാജ്യത്തിന്നു ഒരു അണുബോംബുപതനം തന്നെയായിത്തീൎന്നു. അതോടുകൂടെ, ഔറംഗസീബിനെ തീരെ പരാജിതനാക്കി ഗോൽക്കൊണ്ടയിൽ നിന്നു് തിരിച്ചോടിക്കുവാൻ സാഹസപ്പെട്ടു പ്രയത്നിച്ചുകൊണ്ടിരിക്കുന്ന ആ ഗോൽക്കൊണ്ടാധിപൻെറ ധൈൎയ്യവും ഉത്സാഹവും നിശ്ശേഷം നശിച്ചു. അസ്ഥിവാരം തെള്ളിക്കുഴിച്ചുകളഞ്ഞുകൻപോയാൽപ്പിന്നെ ഭവനത്തിന്നെന്തു ബലം? വല്ലാതെ കലങ്ങിക്കല്ലോലജാലങ്ങളെ ജനിപ്പിച്ചുകൊണ്ടിരിക്കുന്ന മാനസസരസ്സിൽ ആഹ്ലാദചന്ദ്രൻ അകംകുളൾക്ക് പ്രതിബിംബിക്കുന്നതുമല്ലല്ലോ! അന്തരംഗത്തിൽ ആഗ്നേയാസ്ത്രം വന്നു തറച്ചതിൽപ്പിന്നെ സുൽത്താൻ അബ്ദുള്ള മുഗൾപ്പാളയത്തിന്നുനേരെ കല്ലെറിയുവാൻപോലും തുനിയുകയുണ്ടായില്ല. അദ്ദേഹം മന്ത്രിമാരുമായി ആലോചിച്ചു് ഔറംഗസീബിന്നു കീഴടങ്ങുവാൻ തന്നെ തീൎച്ചപ്പെടുത്തി. ആ വിവരം രാജകുമാരനെ അറിയിക്കുവാൻ ഒരുദൂതനെ അപ്പോൾത്തന്നെ മുഗൾപ്പാളയത്തിലേയ്ക്കു അയയ്ക്കുകയും ചെയ്തു.

ആ സന്ദേശവാഹകൻ തൃതീയമുഗൾരാജകുമാരൻെറ ശിബിരത്തിലെത്തുന്നതിന്നു മുമ്പുതന്നെ അവിടത്തെ സ്ഥിതിഗതികൾ എങ്ങിനെയിരിക്കുന്നു എന്നു നമുക്കു അറിയുകതന്നെ വേണം.

മുഗളരുടെ പടവീടുകൾക്കിടയിലുണ്ടു് വലിയൊരു വെൺപട്ടുകൂടാരം. അതിന്നകത്തു്, വിശാലമായ ഒരു സ്ഥലത്തു് ഔറംഗസീബ് ഇരിക്കുന്നു. മനോഹരമായ ഒരു പട്ടുപ്പരവതാനി നിവിൎത്തിയിട്ടു് അതിന്മേൽ വീരാസനത്തിലാണു് ഇരിക്കുന്നതു്. നീണ്ടുരുണ്ടു വൎണ്ണംകൂടിയ ഓരോ പട്ടുതലയിണ അദ്ദേഹത്തിൻെറ ഇടത്തും വലത്തും വെച്ചിരിക്കുന്നു.

എങ്കിലും, ആ രാജകുമാരൻ അവയെ തിരിഞ്ഞു നോക്കുക പോലും ചെയ്യുന്നില്ലാ. രക്തപാനത്തിന്നു ബദ്ധപ്പെട്ടിട്ടെന്ന പോലെ ഉറയിൽനിന്നു തുള്ളിച്ചാടുവൻ ശ്രമം തുടങ്ങിയിരിക്കുന്ന ഒരു ഭയങ്കര ഖഡ്ഗം മടിയിൽക്കിടക്കുന്നുണ്ടു്. അതിനെ താലോലിച്ചു തടവി സമാധാനിപ്പിക്കുന്ന പ്രവൃത്തിയിൽ ഏർപ്പെട്ടിരിക്കുന്നു ആ സൈന്യാധിപൻെറ വലം കൈ. ഇടം കൈയിലുണ്ടു് മുഗൾ സാമ്രാജ്യപതിയുടെ ഒരു തിരുവെഴുത്തു്. കലങ്ങിമറിഞ്ഞ കണ്ണുകൊണ്ടു് ആ രാജകല്പനയെ അദ്ദേഹം കൂടെക്കൂടെ നോക്കുന്നു. ആ രാജകുമാരന്നു ഏറ്റവും വേണ്ടപ്പെട്ടവരായ പത്തുപന്ത്രണ്ടു മിത്രങ്ങളെ അദ്ദേഹത്തിന്നഭിമുഖമായി അൎദ്ധവൃത്താകൃതിയിൽ ഇരുത്തുകയും ചെയ്തിട്ടുണ്ടു്. അവരോടൊന്നിച്ചു സംസാരിച്ചുകൊണ്ടിരിക്കയാണു് അദ്ദേഹം. ആ സംഭാഷണത്തിൻെറ അവസാനഭാഗമാണു് താഴെ കൊടുക്കുന്നതു്.

ഔറംഗസീബ്:—(കൈയിലുള്ള രാജകല്പനയെ ചൂണ്ടിക്കാണിച്ചുകൊണ്ടു്) മിത്രങ്ങളെ! ഗോൽക്കൊണ്ടനിരോധം ഉടനെ നിൎത്തിവെച്ചു, ഔറംഗബാദിൽച്ചെന്നു പ്രവൃത്തി നോക്കുവാൻ ചക്രവൎത്തി നമുക്കു അയച്ചിരിക്കുന്ന അടിയന്തരകല്പനയാണു് ഇതു്.

മേർജുംല:—ഹുസ്സൂർ, വിജയം കരസ്ഥമാക്കുവാനടുത്ത ഈ ഘട്ടത്തിലാണോ ഇങ്ങിനെയൊരു കല്പന?

ഔറംഗസീബ്!—അതെ. ഗോൽക്കൊണ്ടാധിപനെ നമ്മുടെ കാൽപൊടിയിലിട്ടുരുട്ടുന്നതിന്നു മുമ്പായി തലസ്ഥാനനഗരത്തിൽനിന്നു് ഇത്തരത്തിലുള്ള ഒരു ഉഗ്രശാസനം പുറപ്പെടുമെന്നു നമുക്കു അറിവുകിട്ടിയിട്ടുണ്ടു്. അതുകൊണ്ടാണു് കഴിയുന്നതുംവേഗം അബ്ദുല്ലയെ കീഴടക്കുവാൻ ഇത്രയൊക്കെ സാഹസപ്പെട്ടു ശ്രമിച്ചതു്. എന്തു ചെയ്യാം? ചന്ദനമരത്തെ സർപ്പങ്ങളെന്നപോലെ ശുദ്ധഹൃദയനായ ചക്രവൎത്തിയെ ചില ചണ്ഡാളപ്പരിഷകൾ ചുററിപ്പററിക്കൂടിയിട്ടുണ്ടു്. അവർ നമ്മുടെ പരമശത്രുക്കളാണു താനും. ആ കുടിലമതികൾ പറയുന്നതെല്ലാം കണ്ണുംചിമ്മി വിശ്വസിക്കുവാൻമാത്രമെ ചക്രവൎത്തിക്കു

ഇപ്പോഠം തന്റെടമല്ലല്ലൊ. അവരുടെ ഇഷ്ടപ്രകാരം അദ്ദേഹം പ്രവൎത്തിക്കുകയുംകൂടെ ചെയ്യുന്നുണ്ടല്ലോ! വൈഷമ്യങ്ങഠം മുഴുവനും വരുത്തിത്തീൎക്കുന്നതു് അതാണു്. നാം നശിച്ചു കാണുവാൻ ആഗ്രഹിച്ചുകൊണ്ടിരിയ്ക്കുന്ന ആ കുസൃഷ്ടികഠം പ്രയോഗിച്ച കുതന്ത്രങ്ങളുടെ ഫലമാണു് ഈ രാജശാസനം.

ഷെയിസ്തഖാൻ:—ഇങ്ങിനെയൊരു കല്പന ഇവിടെ കിട്ടീട്ടുള്ള വിവരം അബ്ദുള്ള അറിഞ്ഞാൽ..............

ഔറംഗസീബു്:—അറിഞ്ഞാൽ ആ ധിക്കാരിക്കു അഹങ്കാരം വൎദ്ധിയ്ക്കും. നമ്മോടെതിൎക്കുകയാൽ അൎദ്ധപ്രാണനായിത്തീൎന്നിരിക്കുന്ന ആ സുൽത്താൻ കീഴടങ്ങാതെ ഇനിയും യുദ്ധത്തിന്നു പുറപ്പെടും. ആ ജീവച്ഛവം നമ്മെ ശരണം പ്രാപിക്കുവാൻ തീൎച്ചപ്പെട്ടത്തീയിരിക്കുന്നു എന്നു കേട്ടു. ഈ കല്പനയുടെ വിവരമറിഞ്ഞാൽ ആ അഹങ്കാരി തീൎച്ചയായും അതിന്നു തുനിയുന്നതല്ലാ. അതുകൊണ്ടു് ഇങ്ങിനെയൊരു കല്പന ഇവിടെ കിട്ടിയിട്ടുള്ള വിവരം ആരുംതന്നെ പുറത്തുവിടരുതെന്നു ഇതാ നാം കല്പിക്കുന്നു.

മെൎജ്ജുംല—തിരുമേനിയുടെ കല്പനപോലെ. കഷ്ടം! ഒരാഴ്ച കൂടെ കഴിഞ്ഞിട്ടാണു് ഈ കല്പന വന്നിരുന്നതു് എങ്കിൽ,

..................................................................

ഔറംഗസീബ്—(മെൎജ്ജുംലയോടു്) വിഷാദിക്കേണ്ടാ.(തന്റെ പാദം ചൂണ്ടിക്കാണിച്ചു്) അബ്ദുള്ളയെ ഈ കാല്ക്കടിപ്പണിയിച്ചല്ലാതെ ഔറംഗസീബു് ഗോൽക്കൊണ്ടയിൽനിന്നു പോകുന്നതല്ലാ. ആ സുൽത്താന്റെ ഒരു ഉററബന്ധുവായിരുന്ന ഭവാന്നു് എന്തിന്നുവേണ്ടി നമ്മെ ശരണം പ്രാപിച്ചുവോ ആ കാൎയ്യം അങ്ങയ്ക്കു സാധിപ്പിച്ചുതരുവാൻവേണ്ടുന്ന ശക്തി ഇന്നു് ഉണ്ടു് നമുക്കു്. വ്യസനിക്കേണ്ടാ. നാം ഉള്ളപ്പോഠം അങ്ങയുടെ കുടുംബവും സ്വത്തും അടക്കിവെച്ചു് ജീവിച്ചിരിക്കുവാൻ അബ്ദുള്ളക്കു്

സാധിക്കും എന്നു് സ്വപ്നത്തിൽപ്പോലും കരുതേണ്ടാ. തീൎച്ചയായും ഇന്നല്ലെങ്കിൽ നാളെ ആ സുൽത്താൻ വന്നു് നമ്മുടെ പാദത്തിൽ വീഴുന്നതാണു്. അതിന്നു ശേഷം, കാൎയ്യങ്ങളെല്ലാം നമ്മുടെ അഭീഷ്ടംപോലെ നടക്കുന്നതുമാണു്.

മേർജുംല ഔറംഗസീബിന്റെ വാക്കുകൾ കേട്ടപ്പോൾ സമാധാനഭരിതനായിച്ചമഞ്ഞു. തന്റെ നെഞ്ഞത്തു കയറിക്കൂടിയിരുന്ന ഒരു തപ്തശിലാഖണ്ഡം അവിടെനിന്നു് പെട്ടെന്നു പോയിമറഞ്ഞതുപോലെ ആ പാർസിപ്രമാണിക്കു തോന്നുകയുമുണ്ടായി. അദ്ദേഹം ഒരിക്കൽ നീണ്ടുനിശ്വസിച്ചു് ഇളകി ഇരുന്നു. ആ സന്ദർഭത്തിലാണു് സുൽത്താൻ അബ്ദുള്ളയുടെ ദൂതൻ അവിടെ എത്തിയതു്.

ദൂതൻ ഔറംഗസീബിനേയും മററുള്ളവരേയും പലതവണ വന്ദിച്ചു വിനീതനായി നിന്നുകൊണ്ടു് ഇങ്ങനെ പറയുവാൻ തുടങ്ങി.

ദൂതൻ:—(ഔറംഗസീബിനോടു്) സൎവ്വശക്തനായ മഹാപ്രഭോ! ഗോൽക്കൊണ്ടാധിപനായ സുൽത്താൻ അബ്ദുള്ള അടിയൻ മുഖേന തിരുമേനിയെ സാഷ്ടാംഗം നമസ്കരിക്കുകയും തിരുമേനി ഉത്തരോത്തരം വിജയിച്ചു വിളങ്ങുവാൻ പ്രാൎത്ഥിച്ചുകൊണ്ടു് തിരുവുള്ളമുണ്ടാകേണ്ടതിന്നു അപേക്ഷിക്കുകയും ചെയ്യുന്നു.

ഔറംഗസീബ്!—നല്ലതു്. സുൽത്താന്റെ ബുദ്ധി ഇപ്പോഴെങ്കിലും നേർവഴിക്കു തിരിഞ്ഞു കണ്ടതിൽ നാം സന്തോഷിക്കുന്നു. നമ്മുടെ തിരുവുള്ളം മാത്രമല്ലാ മൈത്രിയുംകൂടെ സുൽത്താന്നു നിഷ്പ്രയാസം ലഭിക്കുന്ന ഒരു അവസരമുണ്ടായിരുന്നു. അതു് കഴിഞ്ഞുപോയി. ഇനി അപേക്ഷിച്ചിട്ടു ഫലമെന്തു്?

ദൂതൻ:—ജഹാപന; തിരുമേനിയുടെ ആശ്രിതനായ സുൽത്താനെ തെററിദ്ധരിച്ചു് ഇവിടുന്നു കോപിക്കരുതു്. പെട്ടെന്നു ഉണ്ടായ ബഹളം കണ്ടപ്പോൾ ബുദ്ധി ഭ്രമിച്ചു്

വിവേകശൂന്യനായിത്തീന്നതുനിമിത്തം സുൽത്താൻ വല്ല അപരാധവും ചെയ്തിട്ടുണ്ടെങ്കിൽ അതെല്ലാം ക്ഷമിക്കുവാൻ തിരുവുള്ളമുണ്ടാകണം.

ഔറംഗസീബ്—"വല്ല അപരാധവും ചെയ്തിട്ടുണ്ടെങ്കിലോ"? എന്തുപറഞ്ഞു? സ്വന്തം സുഖങ്ങളെയെല്ലാം ഉപേക്ഷിച്ച് സുൽത്താൻെറ നന്മയ്ക്കുവേണ്ടി രാവും പകലുമൊരുപോലെ അദ്ധ്വാനിച്ചിരുന്ന ഒരു മാന്യനാണു (മേർജ്ജുംലയെ ചൂണ്ടിക്കൊണ്ട്) ഇദ്ദേഹമെന്നു നമുക്കറിയാം. അങ്ങിനെയുള്ള ഈ മഹാപുരുഷൻെറ കുടുംബവും സ്വത്തും യാതൊരു കാരണവുംകൂടാതെ സുൽത്താൻ അടക്കിവെച്ചു. ഇദ്ദേഹത്തെപ്പിടിച്ചു ബന്ധിച്ച് കാരാഗൃഹത്തിലിട്ടടയ്ക്കുവാനും സന്നദ്ധനായി. മുഗൾസാമ്രാജ്യപതിയുടെ ഒരു പ്രത്യേക ആശ്രിതനായ ഈ മേർജ്ജുംലയും സുൽത്താനും തമ്മിലുണ്ടായ കലഹം ശമിപ്പിക്കുവാൻ ചക്രവത്തിനമ്മോട്ട കല്പിച്ചതിന്നനുസരിച്ച് നാം മദ്ധ്യസ്ഥം സംസാരിക്കുവാൻ വന്നപ്പോൾ അബ്ദുള്ള ഓടിയൊളിച്ച് നമ്മെ അനാദരിക്കുകയും അവമാനിക്കുകയുമല്ലെ ചെയ്തതു്?

ദൂതൻ—മഹാപ്രഭോ! കഴിഞ്ഞ കാര്യങ്ങൾ ഒന്നൊന്നായെടുത്തു പറയുന്നതായാൽ തിരുമേനിയുടെ ദയയ്ക്കു സുൽത്താൻ അർഹനല്ലെന്നു തെളിയുന്നതാണു്. അതുകൊണ്ട്, ആ കാര്യം ചെയ്യാതിരിക്കുവാൻ അടിയൻ ഇതാ തിരുമേനിയോട്ട വീണ്ടും വീണ്ടും അപേക്ഷിക്കുന്നു. ആശ്രിതന്മാരെ ചവിട്ടിത്തള്ളാത്ത ഉദാരമനസ്കനാണല്ലോ തിരുമേനി.

ഔറംഗസീബ്—അതുകൊണ്ട്? നമ്മെ കല്പിച്ചുകൂട്ടി അപമാനിക്കുന്ന ധിക്കാരികളുടെ താന്തോന്നിത്തം നാം കണ്ടുംകൊണ്ടിരിക്കേണമെന്നാണോ പറയുന്നതു്?

ദൂതൻ—അല്ലാ, തിരുമേനി. വിവരമില്ലായ്കയാൽ അപരാധം ചെയ്തശേഷം ചെയ്തതപരാധമായിപ്പോയെന്നുള്ള ബോധത്തോടെ തപിച്ചുകൊണ്ട് തിരുമേനിയോട്ട മാപ്പു ചോദിക്കുകയും ഈ തൃപ്പാദങ്ങളിൽ ശരണംപ്രാപിക്കുകയും

ചെയ്യുന്ന സുൽത്താനെ ഒരു മിത്രമായി സ്വീകരിക്കുവാൻ തിരുവുള്ളമുണ്ടാകേണമെന്നാണ് അടിയൻ ഉണർത്തിക്കുന്നതു്.

ഔറംഗസീബ്:—ആ കാര്യത്തിൽ ഈ ഇരിക്കുന്ന എല്ലാവരുടേയും പ്രത്യേകിച്ചു മേർജുംലയുടേയും അഭിപ്രായങ്ങൾ അറിഞ്ഞതിന്നുശേഷം മാത്രമെ ഒരു മറുപടി പറയുവാൻ നമുക്കു തരമുള്ളൂ.

ദൂതൻ:—തിരുവുള്ളംപോലെ.

ഔറംഗസീബ്:—(സദസ്യരോടു്) ദൂതൻ ഉണർത്തിച്ചതെല്ലാം കേട്ടില്ലേ? നിങ്ങൾ അഭിപ്രായപ്പെടുന്നതുപോലെ പ്രവൃത്തിക്കുവാനാണ് നാം തീർച്ചപ്പെടുത്തിയിരിക്കുന്നതു്.

ഷെയിസ്തഖാൻ:—ആശ്രിതന്മാരെ രക്ഷിക്കുവാൻ മഹാരാജാക്കന്മാർ എപ്പോഴും സന്നദ്ധരായിരിക്കേണ്ടതാണ്. സുൽത്താൻ കളങ്കമററ പശ്ചാത്താപത്തോടുകൂടെയാണ് ഈ അപേക്ഷ ചെയ്യുന്നതെങ്കിൽ നാം തീർച്ചയായും അദ്ദേഹത്തെ ഒരു മിത്രമായി സ്വീകരിക്കുകതന്നെ വേണം.

മേർജുംല:–സുൽത്താൻ ചെയ്ത അപരാധത്തിന്നു അദ്ദേഹത്തെ കുറച്ചൊന്നു ശിക്ഷിച്ചശേഷം മാത്രമേ മിത്രമായി സ്വീകരിക്കാവൂ എന്നാണ് അടിയന്റെ അഭിപ്രായം. ഈ വക ഘട്ടങ്ങളിൽ സുൽത്താന്നു ഉചിതമായ ഒരു ശിക്ഷ വിധിക്കുവാൻ പ്രാപ്തി തിരുമേനിയ്ക്കല്ലാതെ മററാക്കും തന്നെയില്ല.

ഔറംഗസീബ്:—ശരി. (ദൂതനോടു്) നമ്മുടേയും നമ്മുടെ ഈ മിത്രങ്ങളുടേയും ഒരു ബന്ധുവാകുവാൻ സുൽത്താൻ കാംക്ഷിക്കുന്നുണ്ടെങ്കിൽ അദ്ദേഹം ചിലകാര്യങ്ങൾ ചെയ്തു ഞങ്ങൾ എല്ലാവരേയും തൃപ്തിപ്പെടുത്തേണ്ടതുണ്ടു്.

ദൂതൻ:—പ്രഭോ! തിരുമേനി കല്പിക്കുമ്പോലെ പ്രവൎത്തിക്കുവാൻ സുൽത്താൻ തയ്യാറാണല്ലോ!

ഔറംഗസീബ്:—എന്നാൽ, ഒന്നാമതായി അബ്ദുള്ള അദ്ദേഹത്തിന്റെ സീമന്തപുത്രിയെ നമ്മുടെ ഈ സീമന്തകുമാരൻ മുഹമ്മദിന്നു കല്യാണം കഴിച്ചു കൊടുക്കണം. എന്നുമാത്രമല്ലാ, സുൽത്താന്റെ അഭാവത്തിൽ നമ്മുടെ ഈ പുത്രന്നു ഗോൽക്കൊണ്ഡാധിപത്യം കൊടുക്കാമെന്നു വാക്കുതരികയും അതിന്നനുസരിച്ചു രാജകീയ ചടങ്ങുകൾ സുൽത്താൻ ഇപ്പോൾത്തന്നെ നടത്തുകയും വേണം. അതിന്നുംപുറമെ, ഭീമനഗരകോട്ടയും അതിന്നു ചുററുമുള്ള പ്രദേശങ്ങളുമായിരിക്കണം ഈ മുഹമ്മദിന്നു സുൽത്താൻ കൊടുക്കുന്ന സ്ത്രീധനം. രണ്ടാമതായി, മുഗൾചക്രവത്തിയുടെ ചെങ്കോലിൻ കീഴിലിരിക്കുന്ന ഒരു സാമന്തരാജാവാണു് താൻ എന്നു് അബ്ദുള്ള ബഹുജനസമക്ഷം സമ്മതിക്കുകതന്നെ വേണം. മുഗൾ സാമ്രാജ്യപതിയുടെ രാജകീയമുദ്രാങ്കിതങ്ങളായിരിക്കണം ഗോൽക്കൊണ്ഡ മന്നൻ മേലാൽ ഈ രാജ്യത്തു നടപ്പിൽ വരുത്തുന്നതു്. ആ കാര്യത്തെ സംബന്ധിച്ചു അത്രമാത്രം ചെയ്താൽമതി. സുൽത്താൻ അടക്കിവെച്ചിരുന്ന ഈ മേർജ്ജുംലയുടെ കുടുംബവും സ്വത്തും പടയും പടക്കോപ്പുകളും യാതൊരു കോട്ടവും കുറവും കൂടാതെ ഇദ്ദേഹത്തിന്നുതന്നെ വിട്ടുകൊടുക്കുകയാണു് സുൽത്താൻ ചെയ്യേണ്ടുന്ന മൂന്നാമത്തെ കാര്യം. ആത്രമാത്രം കൊണ്ടായില്ല. ഒരു കാര്യംകൂടെ സുൽത്താൻ ചെയ്യേണ്ടതായിട്ടുണ്ടു്. സമാധാനപാലനത്തിന്നു വന്ന നമ്മെ അപമാനിച്ചതുകൊണ്ടാണു് നാം ഗോൽക്കൊണ്ഡ നിരോധം തുടങ്ങിയതു്. അതുകൊണ്ടു്, അതിന്നുവേണ്ടി വന്നിട്ടുള്ള ചിലവു മുഴുവനും സുൽത്താൻതന്നെ വഹിക്കുകയും ആ സംഖ്യ നമ്മുടെ കൈയിൽ റൊക്കം തരികയുംവേണം. ഇപ്രകാരമെല്ലാം സുൽത്താൻ പ്രവത്തിക്കുന്നതായാൽ അദ്ദേഹത്തെ നാം മിത്രമായി സ്വീകരിക്കുന്നതാണു്. അല്ലാത്തപക്ഷം, നാം ഗോൽക്കൊണ്ഡക്കോട്ട തട്ടിത്തകത്തു് നിലത്തോടൊപ്പം നിരത്തുകതന്നെ ചെയ്യും. അതിന്നുംപുറമെ, സുൽത്താനെ കുടുംബസമേതം ചങ്ങലകൊണ്ടു ബന്ധിച്ചു

തെരുവീഥികളിൽക്കൂടെ നടത്തിച്ചുകൊണ്ടുചെന്നു് ഗോള
കോട്ടയിലെ കാരാഗൃഹത്തിലിട്ടടയ്ക്കുകയും ചെയ്യും. ഈ
ക്കുന്ന മേർജ്ജുംലയെ നാം ഗോൽക്കൊണ്ടാധിപനാക
മാണു്. ഓർമ്മയിരിക്കട്ടെ.

ദൂതൻ:—ജഹാപന, തിരുമേനിയുടെ അഭീഷ്ടംപോലെ
സുൽത്താൻ ഉടൻതന്നെ പ്രവർത്തിക്കുന്നതാണു്.

ഔറംഗസീബ്:—ശരി. വേഗംചെന്നു് നമ്മുടെ
അബ്ദുള്ളയെ അറിയിക്ക. ആ സുൽത്താനെക്കൊ
അതുപ്രകാരമെല്ലാം പ്രവർത്തിപ്പിക്കുകയും ചെയ്യു.

ദൂതൻ:—കല്പനപോലെ.

ഔറംഗസീബ്:—അങ്ങിനെയാകട്ടെ.

ദൂതൻ ഔറംഗസീബിനേയും മററുള്ളവരേയും വന്ദിച്ചു് അനുജ്ഞവാങ്ങിയശേഷം അവിടെനിന്നുപോയി.

സുൽത്താൻമുഹമ്മദിൻെറ വിവാഹം മുഗൾരാജകുടുംബത്തിന്നു യോജിച്ച ആഘോഷത്തോടുകൂടെത്തന്നെ ഗോൽക്കൊണ്ടാധിപൻ നടത്തിച്ചു.

165373
36301
O32:3N15:11
J1

ശുഭം.

UNIVERSITY LIBRARY
- 8 MA
MADR
MUL
165373

PRINTED AT THE E. S. D PRINTING HOUSE, PALGHAT.

18 JUN 1950